# വെളിച്ചം തേടി



ഡോ. മൈക്കിൾ കാരിമറ്റം

atma
book with a soul



# വെളിച്ചംതേടി

## ഡോ. മൈക്കിൾ കാരിമറ്റം

"പീലിപ്പോസ് അവന്റെയടുക്കൽ ഓടിയെത്തി. അവൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട് ചോദിച്ചു: വായിക്കുന്നത് നിനക്ക് മനസ്സിലാകുന്നുണ്ടോ? ആരെങ്കിലും വ്യാഖ്യാനിച്ചു തരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക?" (അപ്പ 8:30-31)

പീലിപ്പോസിന്റെ ചോദ്യവും എത്യോപ്യാക്കാരൻ രാജസേവകന്റെ മറുപടിയും ഇന്നും ഏറെ പ്രസക്തമാണ്. ബൈബിളിൽ വളരെ ലളിതവും എളുപ്പം മനസ്സിലാക്കാൻ കഴിയുന്നതുമായ വിവരണങ്ങളും പ്രബോധനങ്ങളും അനുശാസനങ്ങളുമുണ്ട്. എന്നാൽ അതേസമയം സങ്കീർണ്ണമായ പ്രബോധനരീതികളുമുണ്ട്. പ്രായേണ സങ്കീർണ്ണവും മനസ്സിലാക്കാൻ പ്രയാസമുള്ളതും, അതിനാൽത്തന്നെ തെറ്റായ ധാരണകൾക്കും വ്യാഖ്യാനങ്ങൾക്കും ഇടയാകാവുന്നതുമായ 22 പ്രമേയങ്ങൾ ഇവിടെ വിശകലനം ചെയ്യുന്നു. കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളും ബൈബിൾ വിജ്ഞാനീയത്തിന്റെ പ്രാഥമികപാഠങ്ങളും അനുസരിച്ചാണ് ഈ പഠനങ്ങൾ നടത്തുന്നത്. ദുർവ്യാഖ്യാനങ്ങൾക്കും അബദ്ധവിശ്വാസങ്ങൾക്കും പലപ്പോഴും ഇരയായിട്ടുള്ള ഈ പ്രമേയങ്ങളിലേക്ക് വിശ്വാസത്തിന്റെയും അറിവിന്റെയും വെളിച്ചം പകരാൻ ഈ വിശകലനങ്ങൾ സഹായകമാകും.


**atma books**
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

ISBN: 978-81-19443-87-1

₹ 240

Also available at: amazon.in & atmabooks.com

Scripture

# വെളിച്ചംതേടി

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി 20 വർഷം സേവനം അനുഷ്ഠിച്ചതിനുശേഷം ഇപ്പോൾ രൂപതയുടെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

## ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലൊരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും
18. സഹായകൻ
19. തിരുനാളുകൾ
20. അബ്ബാ – യേശു പഠിപ്പിച്ച പ്രാർത്ഥന
21. കാൽവരിക്കപ്പുറം
22. World of Spirits
23. A Guide to Bible Study
24. Prophet Like Moses
25. The Helper
26. Change the Track
27. Who is Your God
28. Abba - The Prayer Jesus Taught
29. Social Justice in the Bible

# വെളിച്ചംതേടി

**ഡോ. മൈക്കിൾ കാരിമറ്റം**

atma
book with a soul

atmabooks@gmail.com

Malayalam
Velichamthedi
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: November 2023
ISBN: 978-81-19443-87-1

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 07 |
| 1. | ഏക കർത്താവ്? | 09 |
| 2. | ബൈബിളിലെ സംഖ്യകൾ | 21 |
| 3. | പൂർവ്വികരുടെ പ്രായം | 25 |
| 4. | യേശുവിന്റെ ജനനം - ബാല്യം | 30 |
| 5. | പിറവിത്തിരുനാൾ: ക്രിസ്മസ് - ഡിസംബർ 25 | 43 |
| 6. | ഓശാന - ഹോസാന | 54 |
| 7. | പെസഹാ | 58 |
| 8. | ദുഃഖവെള്ളി - നല്ലവെള്ളി | 62 |
| 9. | മൂന്നാം ദിവസം | 69 |
| 10. | ഉയിർപ്പ് | 73 |
| 11. | സ്വർഗ്ഗാരോഹണം | 77 |
| 12. | വലത്ത് | 86 |
| 13. | പന്തക്കുസ്താ | 91 |
| 14. | ഈശോമിശിഹായും യേശുക്രിസ്തുവും | 94 |
| 15. | ആത്മാവിലും സത്യത്തിലും ആരാധന | 100 |
| 16. | എല്ലാ നാമങ്ങൾക്കും ഉപരി | 108 |
| 17. | യേശുവിന്റെ സഹോദരർ | 121 |
| 18. | സ്ത്രീ | 125 |
| 19. | സ്രഷ്ടാവിന്റെ മാതാവ് | 130 |
| 20. | നന്മനിറഞ്ഞ മറിയം | 135 |
| 21. | നായ്ക്കൾ പുറത്ത് | 145 |
| 22. | വെളിപാടിലെ സ്ത്രീ | 153 |

# ആമുഖം

*"പീലിപ്പോസ് അവന്റെയടുക്കൽ ഓടിയെത്തി. അവൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട് ചോദിച്ചു: വായിക്കുന്നതു നിനക്കു മനസ്സിലാകുന്നുണ്ടോ? അവൻ പ്രതിവചിച്ചു: ആരെങ്കിലും വ്യാഖ്യാനിച്ചു തരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക?"* (അപ്പ 8,30-31).

ജറുസലെമിലേക്കു തീർത്ഥാടകനായി വന്ന ഏതോപ്യക്കാരൻ രാജസേവകൻ മടക്കയാത്രയിൽ രഥത്തിലിരുന്ന് പ്രവാചകഗ്രന്ഥം ഉറക്കെ വായിക്കുകയായിരുന്നു. അയാളുടെ അടുക്കലേക്കാണ് പരിശുദ്ധാത്മാവ് ഡീക്കൻ ഫിലിപ്പിനെ പറഞ്ഞയയ്ക്കുന്നത്. ഫിലിപ്പിന്റെ ചോദ്യവും രാജസേവകന്റെ മറുചോദ്യവും എന്നും പ്രസക്തമാണ്. വായിക്കുന്ന ദൈവവചനത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയുന്നുണ്ടോ? സഹനദാസനെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനമായിരുന്നു (ഏശ 53,7-8) അയാൾ വായിച്ചത്, ഏറെ ധ്വനികളുള്ള ഒരു പ്രവചനം.

ഏതോപ്യാക്കാരനു സംഭവിച്ചത് ഇന്നും സംഭവിക്കുന്നുണ്ട്. വായിക്കുന്ന ദൈവവചനത്തിന്റെ ശരിയായ അർത്ഥം മനസിലാക്കാതെ, തോന്നുന്നവിധത്തിൽ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ വിരളമല്ല. അതിനാൽത്തന്നെ ജീവന്റെ ഉറവിടമാകേണ്ട ദൈവവചനം പലർക്കും വീഴ്ചയ്ക്കും ഇടർച്ചയ്ക്കും കാരണമായിത്തീരുന്നു, സഭയിൽ പിളർപ്പുകൾക്കു വഴി തെളിക്കുന്നു.

ഈ സാഹചര്യത്തിൽ കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനം വഴികാട്ടിയാകണം. നമ്മുടേതിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു ഭാഷയിൽ, രണ്ടായിരത്തിൽപരം വർഷങ്ങൾക്കപ്പുറം രചിക്കപ്പെട്ട ബൈബിൾ നൽകുന്ന സന്ദേശം ഗ്രഹിക്കാൻ ആന്തരിക പ്രചോദനം മാത്രം പോരാ, ആധികാരികമായ പഠനവും ആവശ്യമാണ്. ബൈബിൾ ഉപയോഗിക്കുന്ന ഭാഷയുടെ സവിശേഷതകൾ, സാഹിത്യരൂപങ്ങൾ, അന്നു നിലവിലിരുന്ന പ്രപഞ്ചവീക്ഷണം, ചിന്താരീതികൾ, ആചാരാനുഷ്ഠാനങ്ങൾ മുതലായവ മനസിലാക്കാതെ ദൈവവചനം നല്കുന്ന സന്ദേശം ഗ്രഹിക്കാൻ കഴിയില്ല.

ബൈബിളിൽ വളരെ ലളിതവും എളുപ്പം മനസിലാക്കാൻ കഴിയുന്നതുമായ വിവരണങ്ങളും പ്രബോധനങ്ങളും അനുശാസനങ്ങളുമുണ്ട്. എന്നാൽ അതേ സമയം സങ്കീർണ്ണമായ പ്രബോധനരീതികളുമുണ്ട്. പ്രായേണ സങ്കീർണ്ണവും മനസിലാക്കാൻ പ്രയാസമുള്ളതും, അതിനാൽത്തന്നെ തെറ്റായധാരണകൾക്കും വ്യാഖ്യാനങ്ങൾക്കും ഇടയാകാവുന്നതുമായ 22 പ്രമേയങ്ങൾ ഇവിടെ വിശകലനം ചെയ്യുന്നു. കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളും ബൈബിൾ വിജ്ഞാനീയത്തിന്റെ പ്രാഥമികപാഠങ്ങളും അനുസരിച്ചായിരിക്കും ഈ പഠനങ്ങൾ നടത്തുന്നത്. ദുർവ്യാഖ്യാനങ്ങൾക്കും അബദ്ധവിശ്വാസങ്ങൾക്കും പലപ്പോഴും ഇരയായിട്ടുള്ള ഈ പ്രമേയങ്ങളിലേക്ക് വിശ്വാസത്തിന്റെയും അറിവിന്റെയും അല്പമെങ്കിലും വെളിച്ചം പകരാൻ ഈ വിശകലനങ്ങൾ സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.

# 1

## ഏകകർത്താവ്

*"ഇതാണ് ഒന്നാമത്തെ കല്പന: ഇസ്രായേലേ കേൾക്കുക: നമ്മുടെ ദൈവമായ കർത്താവാണ് ഏകകർത്താവ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഇവയേക്കാൾ വലിയ കല്പനയൊന്നുമില്ല"* (മർക്കോ 12, 29-31).

ഐഹിക ജീവിതത്തിന്റെ അവസാനത്തെ ആഴ്ചയിൽ, ജറുസലെമിൽവച്ച് യേശുവിനെ വാക്കിൽ കുടുക്കാൻ ശ്രമിച്ച്, വിവാദങ്ങളും ചോദ്യങ്ങളുമായി വന്ന യഹൂദമതനേതാക്കളിൽ ഒരാൾ ഉന്നയിച്ച അവസാനത്തെ ചോദ്യം ഏറ്റം പ്രധാനപ്പെട്ട കല്പനയെക്കുറിച്ചായിരുന്നു. ഇവിടെ വാക്കിൽ കുടുക്കുക എന്നതിലുപരി, യേശുവിന്റെ അറിവു പരിശോധിക്കുക എന്നൊരു ലക്ഷ്യവും ചോദ്യകർത്താവിനുണ്ടായിരുന്നു. യേശുവിന്റെ മറുപടി അയാൾക്കു തൃപ്തികരമായി. യേശുവിനെ അയാൾ പ്രശംസിച്ചു, യേശു അയാളെയും. അതോടെ വിവാദങ്ങൾ അവസാനിച്ചു.

ഇവിടെ യേശു നൽകുന്ന ഉത്തരത്തിന്റെ ആദ്യഭാഗം ഒരു പ്രസ്താവനയും രണ്ടാമത്തേത് ഒരു കല്പനയുമാണ്. "*നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്*" എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്? ഏകദൈവവിശ്വാസം എന്നു പൊതുവേ പറയാറുണ്ട്. എന്നാൽ "*ഏകകർത്താവ്*" എന്തെന്നു

മനസിലാകുന്നില്ല. എന്താണ് കർത്താവും ദൈവവും തമ്മിലുള്ള ബന്ധം? രണ്ടും ഒന്നോ അതോ രണ്ടോ?

## ഉദ്ധരണി

യഹൂദനിയമപണ്ഡിതന്മാർ തമ്മിൽ നടത്തിയിരുന്ന തർക്കങ്ങളിൽ പതിവായി ഉപയോഗിച്ചിരുന്ന ഒരു ശൈലിയാണ് യേശുവും സ്വീകരിക്കുന്നത്, ചോദ്യത്തിന് ഉത്തരം നല്കാൻ ദൈവവചനം ഉദ്ധരിക്കുക. ഇസ്രായേൽക്കാർ ഏറ്റം പവിത്രവും സുപ്രധാനവും, ജീവിതത്തിന് അടിസ്ഥാനവുമായി കരുതിയിരുന്ന പ്രമാണമാണ് യേശു ഉദ്ധരിക്കുന്നത്. ദിവസത്തിൽ അനേകം തവണ അവർ ഈ വാക്കുകൾ ഉരുവിടും. ഏതു പ്രതിസന്ധിയിലും അവരുടെ നാവിൽ ഈ വാക്കുകൾ ഉണ്ടായിരിക്കും. ഇതൊരു വിശ്വാസപ്രഖ്യാപനവും അതേസമയം ഒരു പ്രാർത്ഥനയുമാണ്. "*ഷ്മാ പ്രാർത്ഥന*" എന്ന് ഇതറിയപ്പെടുന്നു. ദൈവം തന്നെയാണ് ഇത് അവരെ പഠിപ്പിച്ചത് (നിയ 6,1-9).

മറുപടിയുടെ ആദ്യഭാഗമായ പ്രസ്താവനയാണ് ചോദ്യവിഷയം. "*ഇസ്രായേലേ കേൾക്കുക. നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്*"എന്നു മർക്കോസ്. നിയമാവർത്തന പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണിയാണിത്. അവിടെ "*നമ്മുടെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ്*" (നിയ 6,4) എന്നാണു കാണുന്നത്. രണ്ടും തമ്മിൽ കാര്യമായ വ്യത്യാസമുണ്ടെന്നു പറയാനാവില്ല. എന്നാൽ എന്താണിതിനർത്ഥം?

പ്രത്യക്ഷത്തിൽ വളരെ ലളിതമാണുത്തരം കർത്താവ് ഒരുവൻ മാത്രമേയുള്ളൂ, പല കർത്താക്കളില്ല. അതേസമയം കർത്താവ് നമ്മുടെദൈവമാണ്. എന്താണ് ഈ പ്രസ്താവനയുടെ പ്രത്യേകത എന്നു ചോദിക്കാം. അതോടൊപ്പം ആരാണ് കർത്താവ്, എന്താണ് കർത്താവ് എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ന ചോദ്യങ്ങളും പ്രസക്തമാണ്. ഉത്തരം കിട്ടാൻ മൂലഭാഷയിലേക്കു പോകണം.

## ഹീബ്രുവിൽ

പഴയനിയമം എഴുതപ്പെട്ടതു ഹീബ്രുഭാഷയിലാണ്. ചർച്ചാവിഷയമായ പ്രസ്താവന മൂലഭാഷയിൽ ആറു വാക്കുകൾ ഉൾക്കൊള്ളുന്നു. "*ഷ്മാ ഇസ്രായേൽ യഹ്‌വേ എലോഹേനു*

*യാഹ്വേ ഏഹാദ്.*" ഇതാണ് ഹീബ്രുമൂലം. ഇതിന്റെ അക്ഷ രാർത്ഥത്തിലുള്ള വിവർത്തനം. "*കേൾക്കുക ഇസ്രായേൽ യാഹ്വേ നമ്മുടെ ദൈവം യാഹ്വേ ഒരുവൻ.*"

"യാഹ്വേ" എന്ന വാക്ക് രണ്ടുതവണ വരുന്നുണ്ട്. ഈ വാക്കു തന്നെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഹീബ്രുഭാഷയിൽ സ്വരാക്ഷരങ്ങൾ എഴുതാറില്ല, വ്യഞ്ജനങ്ങൾ മാത്രമേ എഴുതാറുള്ളൂ. ഓരോ വാക്കും എങ്ങനെ ഉച്ചരിക്കണം എന്ന് അറിഞ്ഞിരിക്കണം. വിശ്വാസപ്രഖ്യാപനത്തിൽ രണ്ടുതവണ ഏറ്റുപറയുന്ന വാക്ക് "യാഹ്വേ" (YHWH) എന്ന നാലക്ഷരങ്ങളാണ്. ഇത് വെറും ഒരു വാക്കല്ല, ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ ദൈവത്തിന്റെ പേരാണ് (പുറ. 3,14-15). എന്നാൽ ഇത് എങ്ങനെ ഉച്ചരിക്കണം എന്ന കാര്യത്തിൽ അവ്യക്തതയുണ്ട്.

ദൈവത്തോടുള്ള വലിയ ഭക്തിയും ആദരവും മൂലം ഇസ്രായേൽക്കാർ ഈ പേര് ഉച്ചരിക്കില്ല. പകരം "*അദോനായ്*" എന്നു പറയും. "*എന്റെ കർത്താവ്*" എന്നാണ് ഈ വാക്കിനർത്ഥം അതിനാൽ മേലുദ്ധരിച്ച പ്രാർത്ഥന അവർ ഉരുവിടുന്നത് "*ഷ്മാ ഇസ്രായേൽ, അദോനായ് എലോഹേനൂ അദോനായ് ഏഹാദ്*" എന്നായിരിക്കും. ഇതിന്റെ വിവർത്തനമാണ് ഇന്നു ബൈബിളിൽ കാണുന്നത്.

കാലക്രമത്തിൽ ആദോനായ് എന്ന വാക്കിന്റെ ആ-ഓ-ആ എന്ന സ്വരാക്ഷരങ്ങൾ ദൈവത്തിന്റെ പേരിനോടും ചേർത്തപ്പോൾ "*യഹോവാ*" എന്നു ഉച്ചാരണം കിട്ടി. എന്നാൽ ഇതല്ല, ശരിയായ ഉച്ചാരണം "യാഹ്വേ" എന്നായിരിക്കണം എന്നു ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഉച്ചാരണം ഏതായാലും അർത്ഥത്തിൽ മാറ്റം വരുന്നില്ല. ഇവിടെ *അദോനായ്, യാഹ്വേ* എന്ന രണ്ടു വാക്കുകളും അടുത്തു പരിശോധിക്കേണ്ടതുണ്ട്.

**അദോനായ്**

വിശ്വാസപ്രഖ്യാപനത്തിലെ "കർത്താവ്" എന്ന വാക്ക് ഹീബ്രുവലെ "അദോനായ്" എന്ന വാക്കിന്റെ വിവർത്തനമാണെന്നു കണ്ടു. ഉറപ്പിക്കുക, ബലപ്പെടുത്തുക, നിർണ്ണയിക്കുക, ഭരിക്കുക എന്നൊക്കെ അർത്ഥമുള്ള "ആദാൻ" എന്ന ക്രിയാധാ

തുവിൽ നിന്നു രൂപം കൊണ്ട നാമമാണ് "*ആദോൻ*". മാനുഷികാധികാരികളെയും ദൈവത്തെയും സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കാറുണ്ട്. ഭരണകർത്താവ്, ആധിപത്യമുള്ളവൻ, അധികാരി എന്നെല്ലാം ഇതിനെ വിവർത്തനം ചെയ്യാം.

മനുഷ്യനെക്കുറിച്ചാകുമ്പോൾ "എന്റെ" എന്നർത്ഥമുള്ള "ഇ" പ്രത്യയം ചേർത്ത് "*അദോനി*" എന്നു പറയും. ദൈവത്തെക്കുറിച്ചാകുമ്പോൾ "*അദോനായ്*" എന്നാണു പറയുക. ഇതിനും "*എന്റെ കർത്താവ്*" എന്നുതന്നെ അർത്ഥം. "*നമ്മുടെ കർത്താവ്*" എന്നും വിവർത്തനം ചെയ്യാം. സംരക്ഷണം, മാർഗ്ഗനിർദ്ദേശം, നിയന്ത്രണം, ഭരണം മുതലായ ധ്വനികളാണ് ഈ പദത്തിനുള്ളത്. ഇതാണ് "എന്റെ കർത്താവ്" എന്നു പറയുമ്പോൾ അർത്ഥമാക്കുക. എന്നാൽ പഠനവിഷയമായ വിശ്വാസപ്രഖ്യാപനത്തിന്റെ ആദിരൂപം "അദോനായ്" എന്നല്ല "യാഹ്‌വേ" എന്നായിരുന്നു എന്നതു പ്രത്യേകം ശ്രദ്ധിക്കണം. ഇതിന്റെ അർത്ഥം തേടിപ്പോകുമ്പോൾ ഇതൊരു പേരാണെന്ന കാര്യം ആദ്യമേ ശ്രദ്ധയിൽപ്പെടും.

## യാഹ്‌വേ-ദൈവത്തിന്റെ പേര്

ഹോറെബു മലയിൽ, എരിയുന്ന മുൾപ്പടർപ്പിൽ നിന്നു തന്നെ വിളിച്ച്, ഈജിപ്തിൽ അടിമകളായി കഴിയുന്ന ഇസ്രായേൽ ജനത്തെ മോചിപ്പിക്കുക എന്ന ദൗത്യം ഏല്പിച്ചപ്പോൾ മോശ ചോദിച്ചു: "*അവിടുത്തെ പേരെന്തെന്ന് അവർ ചോദിച്ചാൽ ഞാൻ എന്തു പറയണം?*" (പുറ 3,13-14). അതിനുള്ള ഉത്തരമായാണ് ദൈവം തന്റെ പേരു വെളിപ്പെടുത്തിയത്: "***ഞാൻ ഞാൻ തന്നെ***" (പുറ 3,15). എന്താണിതിനർത്ഥം? ഈ പ്രഖ്യാപനമാണ് "***യഹവഹ***" എന്ന നാലക്ഷരങ്ങളിൽ രേഖപ്പെടുത്തുന്നത്. "*ഞാനാകുന്നവൻ*" എന്നു ഇതിനെ തുടർന്നു വിശദീകരിക്കുന്നു. "*ഇതാണ് എന്നേക്കും എന്റെ നാമധേയം. പുരുഷാന്തരങ്ങളിലൂടെ ഈ നാമധേയത്തിൽ ഞാൻ അറിയപ്പെടണം*" (പുറ. 3,15).

തികച്ചും വിചിത്രവും അവിശ്വസനീയവുമായി തോന്നാം ഈ ഉത്തരം. "**ഞാൻ**" എന്നത് എങ്ങനെ പേരാകും? എന്നാൽ ഇതല്ലാതെ മറ്റെന്തു പേരാണ് ദൈവത്തിന് അനുയോജ്യമാവുക? പേര് ഒരു നിർവ്വചനമാണ്; വ്യക്തിയുടെ, വസ്തുവിന്റെ, സ്ഥലത്തിന്റെ ഒക്കെ നിർവ്വചനം. ഇപ്പറഞ്ഞതെല്ലാം മറ്റ് ആരെങ്കിലുമോ

എന്തെങ്കിലുമോ ആയി ബന്ധിപ്പിച്ചാണ് നിർവ്വചിക്കുന്നതും വിശദീകരിക്കുന്നതും. എന്നാൽ എങ്ങനെയാണ് ദൈവത്തെ നിർവ്വചിക്കാനാവുക? അതിനാലല്ലേ അനന്തം, അജ്ഞാതം, അവർണ്ണനീയം എന്നൊക്കെ ദൈവത്തെ വിശേഷിപ്പിക്കുന്നത്? എങ്കിൽ പിന്നെ "ഞാൻ" എന്ന പേര് എങ്ങനെ മനസിലാക്കണം എന്ന ചോദ്യം അവശേഷിക്കുന്നു.

ദൈവത്തെക്കുറിച്ച് ബുദ്ധിയും യുക്തിയും ഉപയോഗിച്ചു മെനഞ്ഞെടുത്ത ഒരു നിർവ്വചനമല്ല "*യാഹ്‌വേ*" അഥവാ "*ഞാൻ*" എന്ന പേര്. ഇതിന്റെ അർത്ഥം എന്തെന്നറിയണമെങ്കിൽ ദൈവം ആരെന്നറിയണം. അതിന് ദൈവത്തിന്റെ പ്രവൃത്തികൾ നിരീക്ഷിക്കണം, അനുഭവിച്ചറിയണം, ദൈവത്തിന്റെ വാക്കു കേൾക്കണം, അനുസരിക്കണം, അനുഗമിക്കണം. പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നവനാണ് "**ഞാൻ**" എന്ന ദൈവം. ഇസ്രായേൽജനത്തിന്റെ ജീവിതാനുഭവങ്ങളിലൂടെ സ്വയം വെളിപ്പെടുത്തുന്നവനാണ് കത്തിജ്വലിച്ചിട്ടും, എരിഞ്ഞു ചാമ്പലാകാത്ത മുൾപ്പടർപ്പിൽ മോശയ്ക്കു പ്രത്യക്ഷപ്പെട്ട ദൈവം.

ജനത്തിന്റെ മോചനം എന്ന ദൗത്യം മോശയെ ഏല്പിക്കുമ്പോൾ ദൈവം തന്നെ ഈ പേരിന്റെ അർത്ഥം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. "*ഞാൻ യാഹ്‌വേയാണ്. ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി ഞാൻ നിങ്ങളെ മോചിപ്പിക്കും..... നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈവമായ യാഹ്‌വേ എന്നു നിങ്ങൾ അറിയും*" (പുറ 6,6-7).

പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം. അതാണ് യാഹ്‌വേ. ആ പ്രവൃത്തിയാകട്ടെ, മുഖ്യമായും, അടിമകൾക്കു നൽകുന്ന മോചനവും. ഈ സത്യം ഊന്നിപ്പറയുന്നതാണ് ഉടമ്പടിയുടെ നിബന്ധനകളായ പത്തുപ്രമാണങ്ങളിൽ ആദ്യത്തേതും മറ്റെല്ലാ പ്രമാണങ്ങളുടെയും അടിസ്ഥാനവുമായ ഒന്നാം പ്രമാണം. "*അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ യാഹ്‌വേ*" (പുറ 20,2).

പേരിന്റെ അർത്ഥത്തെ സംബന്ധിച്ച് സംശയം അവശേഷിപ്പിക്കാത്തതാണ് ഈ നിർവ്വചനം. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, മരുഭൂമിയിലൂടെ നയിച്ച്, സീനായ് മലയിൽ

വച്ച് ഉടമ്പടിയിലൂടെ സ്വന്തം ജനമായി സ്വീകരിച്ചു പരിപാലിക്കുന്ന ദൈവമാണു യാഹ്‌വേ. കേട്ടുകേൾവിയോ ഭാവനാനിർമ്മിതമായ കഥകളോ അല്ല, സ്വന്തം ജീവിതാനുഭവങ്ങളാണ് ഇസ്രായേൽ ജനത്തെ ഈ അറിവിലേക്കു നയിച്ചത്. ഈ അനുഭവവും അറിവുമാണ് "**ഷ്മാ**" വിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗം.

## നമ്മുടെ ദൈവം - എലോഹേനൂ

"ഏലോഹേ" എന്ന ഏകവചനവും "ഏലോഹിം" എന്ന ബഹുവചനവും "ദൈവം" എന്നു വിവർത്തനം ചെയ്യുന്നു. ബൈബിൾ തുടങ്ങുന്നതുതന്നെ ഈ വാക്കുകൊണ്ടാണ്. "*ദൈവം ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു*" (ഉൽപ 1,1). "എലോഹിം" എന്ന ബഹുവചനമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതെങ്കിലും ഇതിനെ "ദൈവങ്ങൾ" എന്നല്ല "ദൈവം" എന്നുതന്നെ വിവർത്തനം ചെയ്യണം. ആദരവു സൂചിപ്പിക്കുന്ന പൂജകബഹുവചനമായി ഇതിനെ കാണണം.

എല്ലാ മതങ്ങളുടെയും അടിസ്ഥാനമായി നില്ക്കുന്ന യാഥാർത്ഥ്യമാണ് ദൈവം. എന്നാൽ ദൈവത്തെ സംബന്ധിച്ച കാഴ്ചപ്പാടുകളിൽ ഏറെ വൈവിധ്യങ്ങളുണ്ട്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇങ്ങനെ ആകാശഗോളങ്ങളെ ദൈവങ്ങളായി കാണുന്ന പുരാതന കാഴ്ചപ്പാടുണ്ട്. മൃഗങ്ങളെയും പക്ഷികളെയും വൃക്ഷങ്ങളെയും ദൈവങ്ങളായി കാണുന്നവരുണ്ട്. മലയും പുഴയും കടലും എല്ലാം ദൈവങ്ങളായി കണ്ട് ആരാധിക്കുന്നവരുണ്ട്. അതുപോലെ തന്നെ, മനുഷ്യന്റെ ഓരോ പ്രവൃത്തിയെയും ഭാഗധേയത്തെയും നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവങ്ങളിലും ജനതകൾ വിശ്വസിച്ചിരുന്നു. ഫലപുഷ്ടിയുടെ ദൈവം, മരണത്തിന്റെ ദൈവം, രോഗങ്ങൾ വരുത്തുന്ന ദൈവങ്ങൾ, ആരോഗ്യം നല്കുന്ന ദൈവങ്ങൾ എന്നിങ്ങനെ അനേകം ദൈവസങ്കല്പങ്ങൾ, ഇന്നും പല ജനതകൾക്കിടയിലും നിലനിൽക്കുന്നു.

ഇവയ്ക്കു പുറമെ, ഓരോ ജനതയ്ക്കും, ഓരോ ദൈവം എന്ന വിശ്വാസവും നിലനിന്നു, കാനാൻകാരുടെ ദൈവം ബാൽ, ഈജിപ്തുകാരുടെ ദൈവം റേ, അസീറിയായുടെ ദൈവം അഷൂർ, ബാബിലോണിന്റെ ദൈവം മർദൂക്, ദേവത തിയാമത്, പേർഷ്യക്കാരുടെ ദൈവം മിത്ര, അഹുരമസ്ദ, ഇങ്ങനെ ആയിരക്കണെ

ക്കിനു ദൈവസങ്കല്പങ്ങൾ നിലവിലിരുന്ന സാഹചര്യത്തിലാണ് "*നിങ്ങളുടെ ദൈവം*" എന്ന വിശേഷണവുമായി യാഹ്‌വേ പ്രത്യക്ഷപ്പെടുന്നത്.

നിന്റെ ദൈവം, നിങ്ങളുടെ ദൈവം, നമ്മുടെ ദൈവം എന്നിങ്ങനെയുള്ള വിശേഷണങ്ങളെല്ലാം ഒരു പ്രത്യേക തിരഞ്ഞെടുപ്പിലേക്കും തീരുമാനത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ഓരോ ജനതകൾക്കും അവരവരുടേതായ ദൈവങ്ങളുണ്ടാകാം. എന്നാൽ ഇസ്രായേൽ ജനത്തിന്റെ ദൈവം യാഹ്‌വേയാണ്. വിശ്വാസപ്രഖ്യാപനത്തിന്റെ ആദ്യഭാഗമായ "*യാഹ്‌വേ എലോഹേനൂ*" എന്ന രണ്ടു വാക്കുകളുടെ അർത്ഥം വ്യക്തമായി. എന്നാൽ എന്താണ് ഈ രണ്ടു വാക്കുകൾ തമ്മിലുള്ള ബന്ധം?

*യാഹ്‌വേ-എലോഹേനൂ* എന്ന രണ്ടു വാക്കുകൾ തമ്മിൽ ബന്ധിപ്പിക്കാൻ മൂലഭാഷയിൽ ഒരുവാക്കും ഉപയോഗിച്ചിട്ടില്ല. എന്നാൽ അർത്ഥം വ്യക്തമാക്കാൻവേണ്ടി 'ആകുന്നു' അഥവാ 'ആണ്' എന്നു വിവർത്തനങ്ങളിൽ കൂട്ടിച്ചേർക്കാറുണ്ട്. പക്ഷേ ഈ ക്രിയാപദം അർത്ഥശങ്കയ്ക്കു കാരണമാകാം. "*കർത്താവാണ് നമ്മുടെ ദൈവം*", "*നമ്മുടെ ദൈവം കർത്താവാണ്*", "*കർത്താവു നമ്മുടെ ദൈവമാണ്*" എന്നൊക്കെ വ്യത്യസ്ത ധ്വനികളുള്ള വിവർത്തനങ്ങൾ സാധ്യമാണ്. ഇവിടെ വ്യക്തത പകരുന്നതാണ് വിശ്വാസപ്രഖ്യാപനത്തിന്റെ രണ്ടാംഭാഗം

## യാഹ്‌വേ എഹാദ്

യാഹ്‌വേ എന്ന വാക്കിന്റെ അർത്ഥംവിശദമായി കണ്ടുകഴിഞ്ഞു. ഇനി വിശ്വാസ പ്രഖ്യാപനത്തിൽ അവശേഷിക്കുന്ന വാക്കാണ് '*എഹാദ്*'. സംഖ്യയെ സൂചിപ്പിക്കുന്ന ഒരു പദമാണിത്. "ഒന്ന്" എന്നർത്ഥം. നമുക്കു പരിചിതമായ "ഏകം" എന്ന പദത്തിന് ഹീബ്രുവിലെ ഏഹാദ് എന്ന വാക്കുമായുള്ള സാമ്യം കാണാതെ പോകരുത് "ഏകം" എന്നാൽ "ഒന്ന്" എന്നു മാത്രമല്ല, "മാത്രം" എന്നും അർത്ഥസൂചനയുണ്ടല്ലോ. "അവരുടെ ചോദ്യങ്ങൾക്കുത്തരം പറയാൻ ഞാൻ ഏകനേ ഉണ്ടായിരുന്നുള്ളൂ" എന്നു പറയുമ്പോൾ ഈ അർത്ഥസൂചനയാണ് ലഭിക്കുക. ഇതുതന്നെയാണ് ഹീബ്രുവിലെ 'ഏഹാദ്' എന്ന പദത്തിന്റെയും സ്ഥിതി.

*എഹാദ്* എന്ന പദം "*മാത്രം*" എന്നു വിവർത്തനം ചെയ്താൽ വിശ്വാസ പ്രഖ്യാപനത്തിന്റെ അർത്ഥം വ്യക്തമാകും. "*ഇസ്രാ യേലേ കേൾക്കുക: യാഹ്വേയാണു നമ്മുടെ ദൈവം. യാഹ്വേ മാത്രം.*" ഇവിടെ ഏക ദൈവവിശ്വാസമോ കർത്താവിന്റെ സ്വഭാ വസവിശേഷതയോ ഒന്നുമല്ല ശ്രദ്ധാകേന്ദ്രം. മറിച്ച്, ആരാണ് നമ്മുടെ ദൈവം, ആരെയാണ് നാം ദൈവമായി വിശ്വസിച്ച് ഏറ്റു പറയുകയും അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് എന്നതത്രേ. ഇതരജനതകൾ അവരവരുടെ ദൈവങ്ങളെ അനു സരിക്കുന്നു, ആരാധിക്കുന്നു. എന്നാൽ ഇസ്രായേൽജനം വിശ്വ സിക്കുകയും, ആരാധിക്കുകയും ചെയ്യുന്ന ദൈവം യാഹ്വേ മാത്ര മാണ്.

പല പാശ്ചാത്യഭാഷകളിലും ഈ വിവർത്തനം സ്വീകരിച്ചി രിക്കുന്നതും ശ്രദ്ധേയമാണ് ഇംഗ്ലീഷിൽ ഏറ്റം അധികം പ്രചാര മുള്ള വിവർത്തനമാണ് RSV (Revised Standard Version). 1946 -ൽ പ്രസിദ്ധീകരിച്ച ഈ വിവർത്തനത്തിൽ "The Lord our God is One" എന്നായിരുന്നു. ഇതാണ് POC മലയാളം ബൈബിളിലും കാണുന്നത്. എന്നാൽ 1989-ൽ പ്രസിദ്ധീകരിച്ച പുതിയ പതി പ്പിൽ (NRSV) "The Lord is our God, the Lord alone" എന്നു തിരുത്തിയിരിക്കുന്നു. 1970-ൽ പ്രസിദ്ധീകരിച്ച NAB (New American Bible) ലും ഇതുതന്നെയാണ് ചെയ്തിരിക്കുന്നത്. (The Lord is our God, the Lord alone). മിക്ക ഇംഗ്ലീഷ് വിവർത്തന ങ്ങളും യാഹ്വേ എന്ന വാക്ക് "The Lord" എന്നാണ് എഴുതുക. അതുപോലെതന്നെ മലയാളത്തിൽ "കർത്താവ്" എന്നെഴുതുന്നു. എന്നാൽ ബൈബിളിൽ കാണുന്ന ദൈവിക വെളിപ്പെടുത്തലിന്റെ അർത്ഥം ഗ്രഹിക്കാൻ യാഹ്വേ എന്ന പേര് അതേപടി എഴുതു കയായിരിക്കും കൂടുതൽ സഹായകം. അതാണ് JB (Jerusalem Bible) എന്ന ഇംഗ്ലീഷ് വിവർത്തനത്തിൽ ചെയ്തിരിക്കുന്നത്.

### കർത്താവു മാത്രം

ആരംഭത്തിൽ ഉന്നയിച്ച ചോദ്യത്തിലേക്കു മടങ്ങിവരാം. കർത്താവ് ഒന്നോ രണ്ടോ അതിലേറെയോ എന്നതല്ല വിശ്വാസ വിഷയം. ആരാണ് കർത്താവ് എന്നതുമല്ല. മറിച്ച്, ആരാണ് നമ്മുടെ ദൈവം എന്നതാണ് ശ്രദ്ധാകേന്ദ്രം. *യാഹ്വേയാണ് നമ്മുടെ ദൈവം, യാഹ്വേ മാത്രം.* ഇവിടെ ദൈവത്തിന്റെ ഏക

ത്വവുമല്ല വിശ്വാസത്തിന്റെ കേന്ദ്രമായി നില്ക്കുന്നത്. എത്ര ദൈവങ്ങൾ ഉണ്ട്, എത്ര കർത്താക്കൾ ഉണ്ട് എന്നതൊന്നും ഇവിടെ ചർച്ചാവിഷയമാകുന്നില്ല. ഓരോ ജനതയ്ക്കും അവരവരുടേതായ ദൈവങ്ങൾ ഉണ്ടാകാം. എന്നാൽ ഇസ്രായേൽജനത്തിന് ഒരേയൊരു ദൈവമേയുള്ളൂ. യാഹ്‌വേ മാത്രമാണ് അവരുടെ ദൈവം.

## ഏകദൈവവിശ്വാസത്തിലേക്ക്

ദൈവത്തെക്കുറിച്ചുള്ള അറിവിന്റെ വെളിപ്പെടുത്തലിൽ ബൈബിളിൽത്തന്നെ പടിപടിയായ ഒരു വളർച്ച കാണാം. മോശയുടെ വിളിയും ഇസ്രയേലിന്റെ മോചനവുമായി ബന്ധപ്പെടുത്തി ദൈവം "*യാഹ്‌വേ*" എന്ന തന്റെ പേരു വെളിപ്പെടുത്തുന്നു. യാഹ്‌വേയാണ് ഇസ്രായേൽക്കാരുടെ ദൈവം, ഇസ്രായേൽ യാഹ്‌വേയുടെ സ്വന്തം ജനവും.

ഈജിപ്തിനും കാനാനും മറ്റു ജനതകൾക്കും അവരവരുടേതായ ദൈവങ്ങൾ ഉണ്ടാകാം. എന്നാൽ അവരേക്കാൾ എല്ലാം ശക്തനാണ് ഇസ്രായേൽക്കാരുടെ ദൈവമായ യാഹ്‌വേ. ഈജിപ്തിൽനിന്നുള്ള പുറപ്പാടും വാഗ്ദത്തഭൂമി കീഴടക്കലുമായി ബന്ധപ്പെട്ടു നടന്ന യുദ്ധങ്ങളിലെല്ലാം ഈ വിശ്വാസം പ്രകടമാണ്. യാഹ്‌വേ മറ്റെല്ലാ ദൈവങ്ങളെയുംകാൾ ശക്തനാണ്.

കാലക്രമത്തിൽ കുറച്ചുകൂടി വ്യക്തമായ ഒരു വിശ്വാസം കടന്നുവന്നു. "*യാഹ്‌വേ മാത്രമാണ് ദൈവം.*" ഇതരജനതകൾ ആരാധിക്കുന്നതൊന്നും ദൈവമല്ല. അവ മനുഷ്യനിർമ്മിതങ്ങളായ വിഗ്രഹങ്ങൾ മാത്രം, അഥവാ, തിന്മയുടെ മൂർത്തഭാവങ്ങളായ പിശാചുക്കളാണ്. ഇതായിരുന്നു വിശ്വാസവളർച്ചയിലെ രണ്ടാം ഘട്ടം. പ്രവാചകന്മാർ അധികപങ്കും ഈ വിശ്വാസമാണ് പ്രഘോഷിച്ചത്. യാഹ്‌വേ മാത്രം ദൈവം, ഇസ്രായേൽ യാഹ്‌വേയുടെ ജനം. മറ്റു ജനതകൾ നാശത്തിനായി ഉഴിഞ്ഞിടപ്പെട്ടിരിക്കുന്ന വിഗ്രഹാരാധകർ, പിശാചുക്കളെ ആരാധിക്കുന്നവർ.

ബാസിലോൺ പ്രവാസകാലമായപ്പോൾ (ബി.സി 587-538) കൂടുതൽ വ്യക്തമായൊരു വിശ്വാസം കടന്നുവന്നു. "*ദൈവം ഒരുവൻ മാത്രം.*" യാഹ്‌വേ മാത്രമാണ് ദൈവം. ഇസ്രായേൽ മാത്രമല്ല, എല്ലാ ജനതകളും യാഹ്‌വേയ്ക്കു പ്രിയപ്പെട്ടവർ. ആരും

അന്യരല്ല; പിശാചിന്റെ സന്തതികളോ ദാസരാകാൻ വിധിക്കപ്പെട്ടവരോ അല്ല. ഇസ്രായേൽക്കാരെപ്പോലെ എല്ലാ ജനതകളും ഏകസത്യദൈവമായ യാഹ്‌വേയെ അറിയണം, വിശ്വസിക്കണം, അനുസരിക്കണം. എല്ലാ ജനതകളെയും ഈ വിശ്വാസത്തിലേക്കും യാഹ്‌വേയുടെ ജനം എന്ന പദവിയിലേക്കും നയിക്കാൻ വേണ്ടിയാണ് യാഹ്‌വേ ഇസ്രായേൽ ജനത്തെ പ്രത്യേകം തിരഞ്ഞെടുത്തു നിയോഗിച്ചത്. *"ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ജനതയ്ക്കുകൾക്കുപ്രകാശവുമായി നല്കിയിരിക്കുന്നു"* (ഏശ 42,7). രണ്ടാം ഏശയ്യാ (ഏശ 40-55) എന്നറിയപ്പെടുന്ന ബൈബിൾ ഭാഗത്താണ് ഈ സത്യം ഏറ്റം പ്രകടമാകുന്നത്.

## യാഹ്‌വേ - ത്രിയേകദൈവം

ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ ബാബിലോൺ പ്രവാസംകൊണ്ട് പൂർത്തിയായില്ല. പഴയ നിയമത്തിൽ പൊതുവേ ഏകദൈവവിശ്വാസത്തിനാണ് ഊന്നൽ നൽകുന്നത്. ദൈവം ഒരുവൻ മാത്രം. കർത്താവ് (യാഹ്‌വേ) എന്നാണ് ദൈവത്തിന്റെ പേര്. യാഹ്‌വേ ഇസ്രായേൽക്കാരുടെ മാത്രമല്ല, സകല ജനതകളുടെയും ദൈവമാണ്. പ്രപഞ്ചസ്രഷ്ടാവും ലോകനിയന്താവും, വിമോചകനും നിയമദാതാവുമാണ് ദൈവം. ഇസ്രായേൽ ജനം ഏകസത്യദൈവത്തിന്റെ സാക്ഷികളായിരിക്കണം. ഈ വിശ്വാസം അതിന്റെ പൂർണ്ണതയിൽ എത്തുന്നത് പുതിയ നിയമത്തിലാണ്.

എന്നും ദൈവത്തോടൊന്നിച്ച്, ദൈവമായിരുന്ന, വചനം മാംസം ധരിച്ച്, മനുഷ്യനായി അവതരിച്ച്, നസ്രത്തിൽ തച്ചനായി ജീവിച്ച്, ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ച്, അവസാനം കുരിശിൽ മരിച്ച്, ഉയിർത്തെഴുന്നേറ്റ്, മഹത്വത്തിലേക്കു പ്രവേശിച്ച യേശുക്രിസ്തുവിൽ ദൈവത്തിന്റെ ചിത്രം കൂടുതൽ വ്യക്തതയാർജ്ജിക്കുന്നു. ദൈവത്തോടു തുല്യത അവകാശപ്പെടുന്നതായിരുന്നു യേശുവിന്റെ ജീവിതവും പ്രവൃത്തികളും. യഹൂദരുടെ സമുന്നത കോടതിയായ സാൻഹദ്രിൻ സംഘം യേശുവിനു വധശിക്ഷ വിധിക്കാൻ കാരണവും അതുതന്നെ ആയിരുന്നു (യോഹ 10,33; മത്താ 26,63-66). യാഹ്‌വേ മാത്രമാണു ദൈവം എന്നു നിരന്തരം ഉദ്ഘോഷിച്ചിരുന്ന ഇസ്രായേൽജനത്തിന് സ്വീകരിക്കാൻ എളുപ്പമായിരുന്നില്ല യേശുവിന്റെ ഈ സ്വയം വെളിപ്പെടുത്തൽ-ദൈവത്തോടുള്ള തുല്യത. കർത്താവെന്ന ഏക

ദൈവതത്തിൽ ഒരു ബഹുത്വമോ? എന്നാൽ, ഇതുമല്ല ദൈവിക വെളിപാടിന്റെ അവസാനം.

തനിക്കുശേഷം വരാനിരിക്കുന്ന ഒരു സഹായകനെക്കുറിച്ച് യേശു പലതവണ ശിഷ്യന്മാരോടു പറഞ്ഞിരുന്നു. ദൈവപുത്രന്റെ മനുഷ്യവതാരത്തിന്റെ തുടക്കം മുതൽ മറ്റൊരു ദൈവികവ്യക്തിയെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ കാണാം. മറിയത്തിന്റെ ചോദ്യത്തിനു വിശദീകരണം നല്കുന്ന ദൂതന്റെ മറുപടി ഇവിടെ ശ്രദ്ധേയമാകുന്നു, "*പരിശുദ്ധാത്മാവു നിന്റെമേൽ ആവസിക്കും, ആകയാൽ നിന്നിൽനിന്നു ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും*" (ലൂക്കാ 1,35).

മരിച്ച് ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗാരോഹണം ചെയ്യുകയും അതേസമയം ശിഷ്യന്മാരോടുകൂടെ എന്നും വസിക്കുകയും ചെയ്യുന്ന ദൈവപുത്രനും, ആ ദൈവപുത്രന്റെ എല്ലാ പ്രവർത്തനങ്ങളിലും നിർണ്ണായക പങ്കുവഹിക്കുകയും, യേശുവിന്റെ മഹത്വീകരണത്തിനുശേഷം ശിഷ്യന്മാരിൽ ആവസിച്ച് അവരെ നിരന്തരം നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവും ദൈവമാണെന്നു പുതിയ നിയമം പഠിപ്പിക്കുന്നു. "യാഹ്വേ മാത്രം ദൈവം" എന്നു വിശ്വാസപ്രഖ്യാപനത്തിന്റെ പുതിയൊരുമാനം ഇവിടെ വെളിപ്പെടുന്നു.

ഏകദൈവമായ യാഹ്വേ, അഥവാ കർത്താവ്, പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന മൂന്നാളുകളുടെ കൂട്ടായ്മയാണ്. ഒരു ദൈവം, മൂന്നാളുകൾ. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്കു സ്വീകരിക്കാൻ പ്രയാസമുള്ളതുമായ ഒരു വിശ്വാസം –ഇതാണ് ദൈവത്തെ സംബന്ധിച്ച് ബൈബിളിലൂടെ ലഭിക്കുന്ന ആത്യന്തികമായ വെളിപ്പെടുത്തൽ.

യാഹ്വേ എന്ന പേരിൽ മോശയ്ക്കു സ്വയം വെളിപ്പെടുത്തിയ ദൈവം എല്ലാറ്റിന്റെയും സ്രഷ്ടാവായ പിതാവാണ്; രക്ഷകനായ പുത്രനാണ്; സകലതും നവീകരിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവാണ്. ത്രിയേകദൈവം എന്ന ദൈവിക രഹസ്യവും വിശ്വാസസത്യവും പടിപടിയായി വെളിപ്പെടുത്തപ്പെടുന്നതിന്റെ ആദ്യത്തെ പടിയാണ് സീനായ് (ഹോറെബ്) മലയിൽ വച്ചു മോശയ്ക്കു ലഭിച്ച വെളിപാട്.

ആ വിശ്വാസസത്യത്തിന്റെ ആഴവും വ്യാപ്തിയും അറി

യാതെ, ദൈവജനമായ ഇസ്രായേൽ നൂറ്റാണ്ടുകളായി ഉരുവിടുന്നു: "*ഷ്മാ ഇസ്രായേൽ യാഹ്വേ എലോഹേനൂ യാഹ്വേ ഏഹാദ്*". നമുക്കും വിശ്വസിച്ച് ഏറ്റുപറയാം. "*കേൾക്കുക: യാഹ്വേയാണു നമ്മുടെ ദൈവം യാഹ്വേ മാത്രം*" ഇത് അല്പംകൂടി വിശദീകരിച്ച്, സ്വയം സ്വാംശീകരിച്ചാൽ ഇപ്രകാരമായിരിക്കും നമ്മുടെ വിശ്വാസപ്രഖ്യാപനം: "*കേൾക്കുക, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ കർത്താവു മാത്രമാണ് നമ്മുടെ ദൈവം.*"

ദൈവം ഒരുവൻ മാത്രമേ ഉള്ളൂ. ഓരോ ജനതയ്ക്കും ഓരോ ദൈവമില്ല. പ്രപഞ്ചശക്തികൾ ഒന്നും ദൈവമല്ല. ഏകദൈവം നമ്മുടെ ദൈവമാണ്. എല്ലാ ജനതകളും ഉൾപ്പെടുന്നതാണ് "നമ്മൾ". സത്യം പൂർണ്ണമായി അറിയാതെ വിവിധ മതവിശ്വാസികൾ വ്യത്യസ്ത പേരുകളിൽ വിളിക്കുകയും വൈവിധ്യമാർന്ന സ്വഭാവസവിശേഷതകൾ ആരോപിച്ച് ആരാധിക്കുകയും ചെയ്യുന്നതെല്ലാം ഒരേയൊരു ദൈവത്തെയാണ്.

അരെയോപ്പഗസിൽവച്ച് ആഥൻസു നിവാസികളോട് പൗലോസ് പറഞ്ഞത് ഇവിടെ പ്രസക്തമാകുന്നു: "*നിങ്ങൾ ആരാധിക്കുന്ന ആ അജ്ഞാതനെക്കുറിച്ചാണ് ഞാൻ നിങ്ങളോട് പ്രസംഗിക്കുന്നത്*" (അപ്പ 17,23). എല്ലാ മതവിശ്വാസികളും അറിഞ്ഞോ അറിയാതെയോ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് ഒരേ ദൈവത്തെയാണ്. കാരണം ദൈവം ഒരുവൻ മാത്രമേയുള്ളൂ. രക്ഷാചരിത്രത്തിലൂടെ പടിപടിയായി സ്വയം വെളിപ്പെടുത്തിയ ഏകദൈവമാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ കർത്താവ്. ***കർത്താവാണു ദൈവം. കർത്താവുമാത്രം.***

# 2

## ബൈബിളിലെ സംഖ്യകൾ

ബൈബിളിൽ ചില സംഖ്യകൾക്കു പ്രത്യേക പ്രാധാന്യം നൽകുന്നതായി തോന്നും. "*ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ കണക്കുകൂട്ടട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയാണ്. ആ സംഖ്യ അറുനൂറ്റിയറുപത്താറ്*" (വെളി 13,18). ഇതൊരു ഉദാഹരണം മാത്രം. ഇങ്ങനെ അനേകം സംഖ്യകൾ ബൈബിളിൽ, പ്രത്യേകിച്ചും വെളിപാടുപുസ്തകത്തിൽ കാണാം. എന്താണീ സംഖ്യകളുടെ പ്രത്യേകത? എങ്ങനെയാണ് ഒരു സംഖ്യ മൃഗത്തിന്റെയും മനുഷ്യന്റെയും സംഖ്യയാവുക? എന്താണിതിനർത്ഥം?

സംഖ്യകൾ പൊതുവേ രണ്ടുതരത്തിൽ ഉപയോഗിക്കാറുണ്ട്. അക്ഷരാർത്ഥത്തിൽ ഉപയോഗിക്കുന്നത് കണിശമായ എണ്ണം സൂചിപ്പിക്കാനാണ്. എന്നാൽ ഇതിനുപുറമേ ഒരു ഏകദേശരൂപം നൽകാനും സംഖ്യ ഉപയോഗിക്കാറുണ്ട്. രണ്ടുമൂന്നുപേർ, പത്തുനൂറാളുകൾ എന്നൊക്കെ പറയുന്നത് ഒരു ഏകദേശരൂപം മാത്രമാണല്ലോ നല്കുക. എന്നാൽ ഇതും അക്ഷരാർത്ഥം തന്നെയാണവതരിപ്പിക്കുന്നത്.

ഇതിൽനിന്ന് വ്യത്യസ്തമായി ബൈബിളിൽ പലപ്പോഴും സംഖ്യകളെ പ്രതീകാത്മകമായ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. 3,4,7,10,12,666,1000,144000 ഉദാഹരണങ്ങൾ. ഈ സംഖ്യകളുടെ അർത്ഥം മനസിലാക്കാൻ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. ഹെബ്രായഭാഷയിൽ സംഖ്യയെ സൂചിപ്പിക്കാൻ അക്കങ്ങളില്ല, പകരം അക്ഷരങ്ങളാണുപയോഗിക്കുക. അക്ഷരമാലയിലെ ഒരോ അക്ഷരങ്ങൾ ഓരോ അക്കമായി അവതരിപ്പിക്കുന്നു. ഉദാ:- അ=1; ബ=2; ഗ=3; ദ=4. ഇതിൻപ്രകാരം സംഖ്യകൾ അക്ഷരങ്ങളായി

എഴുതുമ്പോൾ രണ്ടു സാധ്യതകൾ ഉടലെടുക്കുന്നു. അക്ഷരങ്ങളെ അക്കങ്ങളായികണ്ട് സംഖ്യ നിശ്ചയിക്കാം. അല്ലെങ്കിൽ അക്ഷര ങ്ങൾ കൂട്ടി വായിച്ച് ഒരു വാക്കായി വ്യാഖ്യാനിക്കാം. ഇതാണ് 666 എന്ന സംഖ്യയുടെ പിന്നിൽ നില്ക്കുന്ന അർത്ഥസൂചന. 666 എന്ന സംഖ്യ മൂന്നു തവണ ആറ് എന്ന സംഖ്യ എഴുതിയാകാം; അല്ലെങ്കിൽ 666 എന്ന സംഖ്യ ലഭിക്കാൻ പാകത്തിൽ പല അക്ഷ രങ്ങൾ ചേർത്ത് എഴുതിയുമാകാം. അതിനാൽ എന്താണ് ഇതി ലൂടെ പറയാൻ ആഗ്രഹിക്കുന്ന പേര് എന്ന കാര്യത്തിൽ അവ്യ ക്തത നിലനിൽക്കുന്നു. അതിനാൽത്തന്നെ അഭിപ്രായവ്യത്യാ സങ്ങളുമുണ്ട്.

ഇതിനേക്കാൾ പ്രാധാന്യമുള്ളതാണ് ചില സംഖ്യകൾക്കു നൽകുന്ന പ്രതീകാത്മക വ്യാഖ്യാനം. ഇവിടെ ചില സംഖ്യകളെ പൂർണ്ണതയുടെയും അതിനാൽത്തന്നെ നന്മയുടെയും പ്രതീക ങ്ങളായി പരിഗണിക്കുന്നു. ആകാശം, ഭൂമി, പാതാളം എന്നു പ്രപ ഞ്ചത്തെ സംബന്ധിച്ച ത്രിമാനസങ്കല്പത്തിൽ മൂന്ന് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാണ്. ഭൂമി പലകപോലെ പരന്നപ്രതല മായി സങ്കല്പിച്ച് നാലുവശങ്ങളും നാലു കോണുകളും എന്നു പറയുമ്പോൾ നാലും പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയായി മാറുന്നു. ഈ രണ്ടു സംഖ്യകൾ ചേർന്നുണ്ടാകുന്ന ഏഴും പൂർണ്ണ തയുടെ സൂചന നൽകുന്നു. ഇതുതന്നെയാണ് 12 എന്ന സംഖ്യയും സൂചിപ്പിക്കുന്നത്. പൂർണ്ണസംഖ്യകളായ 3X4 ന്റെ ഗുണിതമാണ് 12. അതിനാൽത്തന്നെ പൂർണ്ണതയുടെ സൂചനയും നല്കുന്നു.

1000 ഒരു വലിയ സംഖ്യയാണ്, അതേസമയം പരിമിതവും. അതിനാൽ ആയിരം വർഷം എന്നു പറഞ്ഞാൽ സുദീർഘവും എന്നാൽ പരിമിതവുമായ ഒരു കാലഘട്ടത്തെയാവും സൂചിപ്പി ക്കുക. 12X12X1000= 144,000 – ഇത് വലുതും അതേസമയം പൂർണ്ണ വുമായ സംഖ്യയാണ്. സംരക്ഷണമുദ്രപതിക്കപ്പെട്ട പന്തീരായിരം പേർ വീതമുള്ള പന്ത്രണ്ടു ഗണങ്ങൾ (വെളി 7,4–8) തിരഞ്ഞെടു ക്കപ്പെട്ടവരുടെ സംഖ്യയെ സൂചിപ്പിക്കുന്നു. ഇതേ പ്രതീകം വെളി 14,1–ൽ യേശുവിനോടു വിശ്വസ്തത പുലർത്തി, നിത്യജീവനിൽ പങ്കുചേർന്നവരെ സൂചിപ്പിക്കുന്നു.

സ്വർണ്ണനിർമ്മിതമായ ഏഴു ദീപ പീഠങ്ങളും മനുഷ്യപുത്രൻ

വലതുകയ്യിൽ വഹിക്കുന്ന ഏഴു നക്ഷത്രങ്ങളും (1,16) സഭയുടെയും സഭാനേതാക്കളുടെയും പ്രതീകങ്ങളാണ് (വെളി 1,23). ഏഷ്യയിലെ ഏഴു സഭകൾ (വെളി 2-3) ആഗോള സഭയുടെ പ്രതിനിധികളും പ്രതീകങ്ങളുമായി നിലകൊള്ളുന്നു. സഭയുടെ യഥാർത്ഥ അവസ്ഥ ചിത്രീകരിക്കുന്ന വിവിധ വശങ്ങൾ ഓരോ സഭയുടെയും വിവരണത്തിൽ പ്രത്യക്ഷമാകുന്നു.

ദൈവജനത്തെ മുഴുവനായും പ്രതിനിധാനം ചെയ്യുന്ന സംഖ്യയാണ് 12. ഇസ്രായേലിലെ 12 ഗോത്രങ്ങൾ, അതിനു സമാനമായി യേശു തിരഞ്ഞെടുത്ത 12 അപ്പസ്തോലന്മാർ-ഇതു രണ്ടും കൂടുന്നതാണ് ദൈവജനത്തിന്റെ പൂർണ്ണത. പുതിയ ജറുസലെമിന്റെ വിവരണത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നതാണ് 12 കവാടങ്ങളിൽ ഇസ്രായേൽ ഗോത്രങ്ങളുടെയും മതിലിന്റെ 12 അടിസ്ഥാനങ്ങളിൽ 12 അപ്പസ്തോലന്മാരുടെയും പേരുകൾ ആലേഖനം ചെയ്തിരിക്കുന്നത് (വെളി 21,12-14).

പൂർണ്ണസംഖ്യയിൽനിന്ന് ഒന്നു കുറഞ്ഞതോ പൂർണ്ണസംഖ്യയുടെ അംശമോ ആയ സംഖ്യകൾ, പൂർണ്ണതയ്ക്കു ഭംഗം വന്നതിനാൽ അപൂർണ്ണതയുടെയും തിന്മയുടെയും പ്രതീകങ്ങളായി ഉപയോഗിക്കുന്നു. ഈ കാഴ്ചപ്പാടിലാണ് 666 എന്ന സംഖ്യ ശ്രദ്ധേയമാകുന്നത്. മൃഗത്തിന്റെ സംഖ്യ, മനുഷ്യന്റെ സംഖ്യ എന്നു വിശേഷിപ്പിക്കുമ്പോൾ (വെളി 13,18) ക്രിസ്തുവിന്റെ സഭയെ പീഡിപ്പിച്ച ഏതെങ്കിലും ഒരു ഭരണാധികാരിയെ ആണ് ഇതു സൂചിപ്പിക്കുന്നതു എ നിഗമനം സാധ്യമാണ്. ഈ കാഴ്ചപ്പാടിൽ നീറോ മുതൽ അനേകം മതപീഡകരുടെ പേരുകളായി ഇതിനെ വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ ചരിത്രത്തിലൂടെ കടന്നുപോയ ഏതെങ്കിലും ഒരു വ്യക്തിയെ എന്നതിലുപരി തിന്മയുടെ മൂർത്തഭാവത്തെത്തന്നെയാണ് ഈ സംഖ്യ സൂചിപ്പിക്കുന്നത് എന്ന വ്യാഖ്യാനം കൂടുതൽ സ്വീകാര്യമാണ്.

പൂർണ്ണതയുടെ പ്രതീകമായ 7 ൽ നിന്ന് 1 കുറയുമ്പോൾ 6 ആകുന്നു. അതിനാൽ 6 അപൂർണ്ണതയുടെ പ്രതീകമായി കരുതണം. അതേസമയം ഈ സംഖ്യ മൂന്നു തവണ ആവർത്തിക്കുന്നതിനാൽ 666 അപൂർണ്ണതയുടെ പൂർണ്ണത, അഥവാ തിന്മയുടെ വിശ്വരൂപം എന്ന അർത്ഥമാണ് വെളിപാട് 13,18-ൽ നൽകുന്നത്. സാത്താൻ, പിശാച്, പുരാതനസർപ്പം എന്നീ പേരുകളിൽ അറി

യപ്പെടുന്ന (വെളി 12,9) തിന്മയുടെ ശക്തിയെയാണ് 666 എന്ന സംഖ്യയുടെ പിന്നിൽ ഒളിപ്പിച്ചിരിക്കുന്നത്.

പൂർണ്ണസംഖ്യയായ 7-ന്റെ പകുതിയാണ് 31/2. അതിനാൽത്തന്നെ അപൂർണ്ണതയെ സൂചിപ്പിക്കുന്ന ഒരു സംഖ്യയായിത്തീരുന്നു 31/2. ഇതിനെ 31/2 ദിവസം (വെളി 11,9), 31/2 വർഷം, 42 മാസം (വെളി 13,5), 1260 ദിവസം (വെളി 12,6) സമയവും സമയങ്ങളും സമയത്തിന്റെ പകുതിയും (വെളി 12,14) (= 1+2+1/2=31/2) എന്നിങ്ങനെയെല്ലാം അവതരിപ്പിക്കാറുണ്ട്. ക്ലേശങ്ങളുടെ സുദീർഘവും എന്നാൽ പരിമിതവുമായ ഒരു കാലയളവിനെയാണ് ഈ സംഖ്യകൾ സൂചിപ്പിക്കുന്നത്. ഏലിയായുടെ കാലത്ത് ഇസ്രായേലിൽ 31/2 വർഷം ദീർഘിച്ച വരൾച്ചയെക്കുറിച്ചുള്ള സൂചന (ലൂക്കാ 4,25) ഈ കാഴ്ചപ്പാടിന്റെ ഒരു വിശദീകരണവും ഉറവിടവുമായി കരുതാനാവും.

1000 വർഷം ദീർഘവും എന്നാൽ പരിമിതവുമായ ഒരു കാലയളവിനെ സൂചിപ്പിക്കുന്നു. (വെളി 20,1-10). ഇതിനെയും അക്ഷരാർത്ഥത്തിൽ എടുക്കാനാവില്ല. യേശുവിന്റെ സ്വർഗ്ഗാരോഹണം മുതൽ വിധിയാളനായി മടങ്ങി വരുന്നതുവരെയുള്ള സുദീർഘമായ കാലഘട്ടത്തെയാണിതു സൂചിപ്പിക്കുക. സഭ പീഡനത്തിനിരയാവും, എന്നാൽ കർത്താവിന്റെ സംരക്ഷണം എന്നും ഉണ്ടായിരിക്കും. അതിനാൽ ഭയം വേണ്ടാ, എന്ന് ഈ അപൂർണ്ണ സംഖ്യകളുടെ ഉപയോഗത്തിലൂടെ പഠിപ്പിക്കുന്നു.

പ്രതീകാത്മക സംഖ്യകളെ പ്രതീകങ്ങളായിത്തന്നെ കരുതണം. എങ്കിലേ അവയിലൂടെ ബൈബിൾ നൽകുന്ന സന്ദേശം ഗ്രഹിക്കാൻ കഴിയൂ. അക്ഷരാർത്ഥത്തിൽ എടുത്താൽ ഏറെ തെറ്റിധാരണകൾക്ക് ഇടയായിത്തീരും. അതേസമയം പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകൾ, ഏഴു കൂദാശകൾ, പന്ത്രണ്ടപ്പസ്തോലന്മാർ തുടങ്ങിയ സംഖ്യകൾ അക്ഷരാർത്ഥത്തിലും പ്രസക്തമാണെന്നതും മറക്കാതിരിക്കാം.

# 3

## പൂർവ്വികരുടെ പ്രായം

ബൈബിളിലെ വിവരണങ്ങളനുസരിച്ച് ചിലവ്യക്തികൾ ദീർഘകാലം ജീവിച്ചിരുന്നതായി കാണുന്നു. ആദ്യമനുഷ്യനായ ആദം 930, മെത്തുശെലാഹ് 969, നോഹ 950 വർഷം. ഇത് അക്ഷ രാർത്ഥത്തിൽ ആണോ മനസിലാക്കേണ്ടത്? കാലം കഴിയു ന്തോറും മനുഷ്യരുടെ ആയുർദൈർഘ്യം വർദ്ധിക്കുന്നതായി ചരി ത്രവും ശാസ്ത്രവും പഠിപ്പിക്കുന്നു. ഉദാ:- 1947-ൽ ഇന്ത്യക്കാ രുടെ ശരാശരി ആയുർദൈർഘ്യം 32 ആയിരുന്നത് 2023-ൽ 70 വർഷമായി വളർന്നിരിക്കുന്നു.

'ആദിചരിത്രം' എന്നറിയപ്പെടുന്ന ഉൽപ്പത്തി പുസ്തക ത്തിന്റെ ആദ്യത്തെ 11 അധ്യായങ്ങളിലാണ് ചോദ്യ വിഷയമായ ആയുർദൈർഘ്യം പ്രതിപാദിക്കപ്പെടുന്നത്. കൃത്യമായ ചരിത്രം എന്നതിനേക്കാൾ ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഒരവ തരണമാണ് ഈ അധ്യായങ്ങളിൽ കാണുന്നത്. ഇവിടെ ഉപ യോഗിച്ചിരിക്കുന്ന ഭാഷ മുഖ്യമായും പ്രതീകാത്മകമാണ്. അതി നാൽ ഇവിടെ കാണുന്ന വിവരണങ്ങളും സംഖ്യകളും അക്ഷരാർത്ഥ ത്തിൽ എന്നതിനേക്കാളാൾ പ്രതീകങ്ങളായി മനസിലാക്കണം.

ആദിചരിത്രത്തെ രണ്ടു ഘട്ടമായി തിരിച്ച് ഇവിടെ അവത രിപ്പിക്കുന്നു. പ്രപഞ്ചസൃഷ്ടിമുതൽ പ്രളയം വരെയാണ് ആദ്യ ഘട്ടം; പ്രളയത്തിന്റെ അവസാനം മുതൽ അബ്രാഹത്തിന്റെ വിളി വരെ രണ്ടാംഘട്ടം. ഈ രണ്ടുഘട്ടങ്ങളിലും പത്തുപിതാക്കന്മാ രുടെ വീതം ഓരോ പട്ടിക അവതരിപ്പിച്ചിരിക്കുന്നു. ആദ്യമനു ഷ്യനായ ആദം മുതൽ പ്രളയത്തെ അതിജീവിച്ച നോഹ വരെ യാണ് ആദ്യത്തെ പട്ടിക. ഇവിടെ പേരുപറയുന്ന പിതാക്കന്മാ രിൽ രണ്ടുപേരൊഴികെ ബാക്കി എട്ടുപേരും 900 വർഷത്തില

ധികം ജീവിച്ചു. ദൈവത്തിനു പ്രീതികരനായി ജീവിച്ച ഹെനോക്കിനെ 365-ാം വയസ്സിൽ ദൈവം എടുത്തു. ലാമെക്ക് 777 വർഷം ജീവിച്ചു. ഒരു വർഷത്തിന് 365 ദിവസങ്ങൾ എന്ന കണക്കിൽ 365 വർഷം പൂർണ്ണതയുടെ പ്രതീകമായി കരുതപ്പെടുന്നു. അതുപോലെ പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയായ 7 മൂന്നുതവണ ആവർത്തിക്കുമ്പോൾ ലഭിക്കുന്ന 777-ഉം പൂർണ്ണതയുടെ സൂചന തന്നെ. അതിനാൽ ഇരുവരുടെയും ജീവിതം പൂർണ്ണമായി എന്നാണു സൂചന. പ്രപഞ്ചസൃഷ്ടി മുതൽ ആദ്യസൃഷ്ടിയുടെ അന്ത്യം കുറിക്കുന്ന പ്രളയം വരെയുള്ള കാലഘട്ടത്തിൽ പിതാക്കന്മാർ പ്രായേണ ദീർഘകാലം ജീവിച്ചു എന്ന പ്രതീതി ലഭിക്കുന്നു. ഇതിൽനിന്നു വ്യത്യസ്തമാണ് പ്രളയാനന്തര ചരിത്രത്തിന്റെ അവസ്ഥ.

നോഹയുടെ മകനായ ഷേം മുതൽ അബ്രാഹം വരെയുള്ള 10 പിതാക്കന്മാരുടെ ആയുർദൈർഘ്യം 600-നും 200-നും മധ്യേ ആണ്. നോഹയുടെ മകനായ ഷേം 600 വർഷം ജീവിച്ചു; അബ്രാഹം 175 വർഷവും. അബ്രാഹത്തിന്റെ പിതാമഹനായ നാഹോർ 143 വർഷമേ ജീവിച്ചുള്ളൂ. ഈ അവതരണത്തിൽനിന്നു ലഭിക്കുന്ന ഏറ്റം ലളിതമായ ഉൾക്കാഴ്ച ഇതാണ്. കാലം കഴിയുന്തോറും മനുഷ്യരുടെ ആയുർദൈർഘ്യം കുറയുന്നു. എന്താണിതിനു കാരണം, അഥവാ എന്താണ് ഈ അവതരണത്തിലൂടെ ബൈബിൾ നൽകുന്ന സന്ദേശം?

ബൈബിൾ തന്നെ വ്യക്തമായൊരു ഉത്തരം നൽകുന്നുണ്ട്. സർവ്വ ജീവജാലങ്ങളെയും വെള്ളത്തിൽ മുക്കി കൊല്ലുന്ന മഹാപ്രളയം അയയ്ക്കുന്നതിനുമുമ്പേ ദൈവത്തിന്റെ ഒരു അവലോകനവും ആത്മഗതവുമായി അവതരിപ്പിച്ചിരിക്കുന്ന വാക്യം ശ്രദ്ധിക്കണം. "*അപ്പോൾ ദൈവമായ കർത്താവു പറഞ്ഞു, എന്റെ ചൈതന്യം മനുഷ്യനിൽ എന്നേക്കും നിലനിൽക്കുകയില്ല. അവൻ ജഡമാണ്. അവന്റെ ആയുസ് 120 വർഷമായിരിക്കും*" (ഉൽപ 6,3). തിന്മയുടെ പാരമ്യമായി അവതരിപ്പിക്കുന്ന ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും തമ്മിലുള്ള നിഷിദ്ധവിവാഹവും തദ്ഫലമായുണ്ടായ അതികായന്മാരുടെ ജനനവും (ഉൽപ 6,1-4) വിവരിക്കുന്നതിനിടയിലാണ് മനുഷ്യായുസ് പരിമിതപ്പെടുത്തുന്നതിന്റെ സൂചന.

ഇതിലൂടെ നൽകുന്ന സന്ദേശം വ്യക്തമാണ്. ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ ദൈവത്തിൽനിന്ന് അകന്നുപോകുന്നു. ജീവന്റെ ഉറവിടമായ ദൈവത്തിൽ നിന്ന് അകലുന്തോറും ആയുസ് കുറയുന്നു. ആദം മുതൽ നോഹ വരെയുള്ള ആദ്യഘട്ടത്തിലെ മനുഷ്യർ പാപം മൂലം അകന്നുപോയിരുന്നെങ്കിലും ദൈവം അവർക്ക് മനസു തിരിയാനും തിരിച്ചു വരാനും അവസരം നൽകിയിരുന്നു എന്ന സൂചനയാണ് അവരുടെ ദീർഘായുസിലൂടെ ലഭിക്കുന്നത്. എന്നാൽ മനുഷ്യൻ അവസരങ്ങൾ പാഴാക്കി. തിന്മയിൽ താഴ്ന്നിറങ്ങി. പാപത്തിലേക്കുള്ള സ്വാഭാവികമായ ആകർഷണത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ദൈവം മനുഷ്യനെ ജീവിക്കാൻ അനുവദിക്കുന്നു; എന്നാൽ ആ ജീവിതം പരിമിതമായിരിക്കും. ആ പരിമിതിയാണ് 120 വർഷം.

പ്രളയത്തിനുശേഷം ഷേം മുതൽ അബ്രാഹം വരെയുള്ള പത്തുപേരുടെ ആയുർദൈർഘ്യം വളരെ കുറഞ്ഞതായി ചിത്രീകരിക്കുന്നതിലൂടെ ഈ സത്യം ഊന്നിപ്പറയുന്നു. അതിനാൽ പ്രളയത്തിനു മുമ്പും പിമ്പുമുള്ള രണ്ടു പട്ടികകളിൽ കാണുന്ന പൂർവ്വികരുടെ പ്രായം അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടത് എന്നു ബൈബിൾ തന്നെ പഠിപ്പിക്കുന്നു. ഒരു പടികൂടി മുമ്പോട്ടു പോകുമ്പോൾ ആയുർദൈർഘ്യത്തെക്കുറിച്ച് തികച്ചും ചരിത്രപരവും അക്ഷരാർത്ഥത്തിലുള്ളതുമായ ഒരു അവലോകനം ബൈബിളിൽ കാണാം. *"ഞങ്ങളുടെ ആയുഷ്കാലം എഴുപതു വർഷമാണ്; ഏറിയാൽ എൺപത്. എന്നിട്ടും അക്കാലമത്രയും അധ്വാനവും ദുരിതവുമാണ്. അവ പെട്ടെന്നു തീർന്ന്, ഞങ്ങൾ കടന്നുപോകും"* (സങ്കീ 90,10). ദൈവത്തിനു പ്രീതികരമായ ജീവിതം നയിച്ച ദാവീദ് 70 വർഷം മാത്രമാണു ജീവിച്ചത്, അതിൽ 40 വർഷം രാജാവായി ഭരിച്ചു (2 സാമു 5,4-5).

## ആയുർദൈർഘ്യം ഇതര സംസ്കാരങ്ങളിൽ

ബൈബിളിലെ ആദിചരിത്രം അവതരിപ്പിക്കുന്ന പിതാക്കന്മാരുടെ പ്രായം വളരെ ദീർഘമായി തോന്നാം. എന്നാൽ പല പുരാതന മതങ്ങളിലും സംസ്കാരങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന പൂർവ്വികരുടെ പ്രായവുമായി താരതമ്യം ചെയ്താൽ ഇതു വളരെ ഹ്രസ്വമായിരുന്നു എന്നു കാണാൻ കഴിയും.

സുമേറിയാക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന പുരാണ കഥകൾ അനുസരിച്ച്, സുമേറിയായുടെ ആദ്യത്തെ രാജാവായ എരിദുഗ് (Eridug) സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന് ഭൂമിയിൽ 28,800 വർഷം ജീവിച്ചു, ഭരിച്ചു. പ്രപഞ്ചസൃഷ്ടി മുതൽ മഹാപ്രളയം വരെ സുമേറിയായിൽ 8 രാജാക്കന്മാർ ഭരിച്ചു, മൊത്തം 241,200 വർഷം! ബൈബിളിലെ വിവരണമനുസരിച്ച പ്രപഞ്ചസൃഷ്ടി മുതൽ മഹാപ്രളയം വരെ വെറും 1656 വർഷം മാത്രം!

ആയുസിനു പരിമിതിയില്ലാത്ത എട്ടു ചിരംജീവികളെക്കുറിച്ചുള്ള പൗരാണിക കാഴ്ചപ്പാട് നമ്മുടെ ഭാരതത്തിൽ നിലനിൽക്കുന്നു. വ്യാസൻ മുതൽ മാർക്കണ്ഡേയൻ വരെയുള്ള എട്ടു പേർ. അതിനുപുറമേ 60,000 വർഷം ജീവിച്ച ദശരഥനും 360,000 വർഷം തപസനുഷ്ഠിച്ച് ഗംഗാദേവിയെ ഭൂമിയിലേക്കു കൊണ്ടുവന്ന ഭഗീരഥനും മറ്റുമായി താതരമ്യം ചെയ്താൽ 969 വർഷം ജീവിച്ച മെത്തുശെലാഹിന് എന്തു പ്രാധാന്യം എന്നു തോന്നാം.

ഇതിനെല്ലാം ഉപരിയാണ് ജൈനമതത്തിൽ നിലനിൽക്കുന്ന തീർത്ഥങ്കരന്മാരെക്കുറിച്ചുള്ള വിശ്വാസം ആത്മജ്ഞാനവും ആത്മസാക്ഷാൽക്കാരവും വഴി പ്രപഞ്ചത്തെ കീഴടക്കിയ 24 തീർത്ഥങ്കരന്മാരിൽ ഏറ്റം അവസാനത്തെ ആളായ മഹാവീരൻ 70 വർഷമാണ് ജീവിച്ചത്. എന്നാൽ അതിനുമുമ്പുള്ളവർ അനേക ലക്ഷം വർഷങ്ങൾ ജീവിച്ചിരുന്നു എന്നും കാലം കഴിയുന്തോറും ആയുർദൈർഘ്യം കുറഞ്ഞുവന്നു എന്നും ജൈനവിശ്വാസത്തിൽ കാണാം. ഇതെല്ലാം ഒരു സത്യം അഥവാ യാഥാർത്ഥ്യം അവതരിപ്പിക്കാൻ വേണ്ടി ഉപയോഗിക്കുന്ന പ്രതീകങ്ങളാണെന്നതിൽ സംശയമില്ല. പ്രായത്തിന്റെ ഈ കണക്കുകൾ ഒന്നും അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടത് എന്നു വ്യക്തം.

### ചുരുക്കത്തിൽ

പൂർവ്വികരുടെ ദീർഘായുസിനെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ അക്ഷരാർത്ഥത്തിലല്ല. പ്രതീകാർത്ഥത്തിലാണ് മനസിലാക്കേണ്ടത്. ദൈവത്തോട് അടുക്കുന്തോറും ആയുസ് വർദ്ധിക്കും; ദൈവത്തിൽ നിന്നകലുംതോറും കുറയും.

ജീവന്റെ ഉറവിടമായ ദൈവത്തോടൊന്നിച്ചായിരിക്കുന്നവർ എന്നേക്കും ജീവിക്കും. ദീർഘായുസ് നിത്യജീവന്റെ ഒരു പ്രതീ

കമായി കാണണം. ദൈവകല്പന ലംഘിച്ച്, വിലക്കപ്പെട്ട കനി ഭക്ഷിച്ച്, പറുദീസായ്ക്കു പുറത്തായതുതന്നെ ആയുസിന്റെ പ്രതീകാത്മകതയിലേക്കു സൂചന നൽകുന്നു. പാപം മൂലം കടന്നുവന്ന മരണത്തിൽ നിന്ന് മോചനം നല്കാനാണ് ദൈവം തന്നെ മനുഷ്യനായി അവതരിച്ച്, മരണം വഴി മരണത്തെ കീഴടക്കിയതും നിത്യജീവൻ നൽകിയതും.

പൂർവ്വികരുടെ ദീർഘായുസിനെക്കുറിച്ചു പ്രതിപാദിക്കുന്ന ബൈബിൾ ഭാഗങ്ങൾ യേശുക്രിസ്തുവിലൂടെ ലഭിക്കാനിരുന്ന നിത്യായുസിനെക്കുറിച്ചുള്ള ഒരു സൂചനയായും കാണാൻ കഴിയും. എല്ലാ പുരാതന മതങ്ങളും വച്ചു പുലർത്തുന്നതാണ് മരണത്തെ മറി കടക്കുന്ന നിത്യജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ. അനേകം പ്രതീകങ്ങളിലൂടെ ലോകമതങ്ങൾ കാത്തുസൂക്ഷിക്കുന്ന ഈ പ്രത്യാശ യേശു നൽകുന്ന നിത്യജീവനിൽ പൂർത്തിയാകുന്നു.

# 4

## യേശുവിന്റെ ജനനം – ബാല്യം

യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും പ്രബോധനങ്ങളും വിവരിക്കുന്ന നാലു സുവിശേഷങ്ങളിൽ മർക്കോസും യോഹന്നാനും യേശുവിന്റെ ജനനത്തെയും ബാല്യകാലത്തെയുംകുറിച്ചു പറയുന്നില്ല. ഇവയെക്കുറിച്ചു പ്രതിപാദിക്കുന്ന മറ്റു രണ്ടു സുവിശേഷങ്ങളിലാകട്ടെ വിവരിക്കുന്ന കാര്യങ്ങളിൽ ഏറെ വ്യത്യാസങ്ങളും കാണുന്നു. ഈ രണ്ടുവിവരണങ്ങളും ഒരാളെക്കുറിച്ചു തന്നെയോ എന്നു സംശയിക്കത്തക്കവിധം വ്യത്യസ്തങ്ങളാണ് അവതരണങ്ങൾ.

മത്തായി എഴുതിയ സുവിശേഷം മാത്രം വായിച്ചാൽ യേശുവിന്റെ മാതാപിതാക്കൾ ബേത്ലെഹെം നിവാസികളായിരുന്നു; ഹേറോദേസിനെ ഭയന്ന് ഈജിപ്തിലേക്കു പലായനം ചെയ്യുകയും പിന്നീട് നസ്രത്തിൽ വന്നു വാസമുറപ്പിക്കുകയും ചെയ്തു എന്ന പ്രതീതിയാണ് ലഭിക്കുക. എന്നാൽ ലൂക്കായുടെ സുവിശേഷത്തിലെ വിവരണങ്ങളിലാകട്ടെ യേശുവിന്റെ മാതാപിതാക്കൾ നസ്രത്തിൽ വസിക്കുന്നവരാണ്. റോമൻ ചക്രവർത്തിയുടെ കല്പനപ്രകാരം ജനസംഖ്യാ കണക്കെടുപ്പിനു വേണ്ടിയാണ് അവർ ബേത്ലെഹെമിലേക്കു പോയത്. ആ സമയത്താണ് ശിശു ജനിച്ചത്. അതു കഴിഞ്ഞ് അവർ നസ്രത്തിലേക്കു തിരിച്ചു പോരുകയും ചെയ്തു. എന്താണ് ഈ വ്യത്യാസങ്ങൾക്കു കാരണം?

യേശുവിന്റെ ജനനത്തെയും ബാല്യത്തെയും കുറിച്ച് മത്തായി– ലൂക്കാ സുവിശേഷകന്മാർ വിവരിക്കുന്നുണ്ട്. എന്നാൽ ഈ വിവരണങ്ങൾ തമ്മിൽ ഏറെ വ്യത്യാസങ്ങളുമുണ്ട്. വ്യത്യാ

സങ്ങൾക്ക് മുഖ്യകാരണം ഓരോ സുവിശേഷകനും ഊന്നൽ നൽകുന്ന പ്രമേയങ്ങളാണ്. യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത, പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയിച്ചിരുന്ന രക്ഷകനായ ക്രിസ്തുവാണ് യേശു എന്ന പ്രമേയത്തിന് മത്തായി ഊന്നൽ നൽകുന്നു. ലൂക്കായാകട്ടെ, ദരിദ്രരോട് താദാത്മ്യം പ്രാപിച്ച്, അവഗണിക്കപ്പെട്ടവർക്കും പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും സദ്വാർത്തയായ, ദരിദ്രരെ സുവിശേഷം അറിയിക്കുന്ന, രക്ഷകനാണ് യേശു എന്ന പ്രമേയത്തിന് ഊന്നൽ നൽകുന്നു. ഈ ഊന്നലുകൾ തന്നെയാണ് അവർ തിരഞ്ഞെടുത്ത വിഷയങ്ങളിലും അവതരിപ്പിക്കുന്ന രീതിയിലുമുള്ള വ്യത്യാസങ്ങൾക്കു കാരണം.

വ്യത്യാസങ്ങൾ ഏറെ ഉണ്ടെങ്കിലും കേന്ദ്രവത്തായ കാര്യങ്ങളിൽ രണ്ടുപേരും യോജിക്കുന്നു. 1. ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനംവഴി കന്യകയായ മറിയത്തിൽനിന്നാണ് യേശുവിന്റെ ജനനം. 2. മറിയത്തിന്റെ ഭർത്താവ് യൂദാഗോത്രത്തിലും ദാവീദിന്റെ വംശത്തിലും പെട്ടവനായിരുന്നു. 3. ബേത്‌ലെഹെമിലാണ് യേശു ജനിച്ചത്. മറ്റു വിശദാംശങ്ങൾ ഓരോ സുവിശേഷവും ഊന്നൽ നൽകുന്ന വിഷയങ്ങൾ അവതരിപ്പിക്കുന്നു.

## മത്തായി 1–2

അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനത്തിന്റെ (ഉത്പ 12:1–3; 15;4–21) പൂർത്തീകരണമാണ് യേശു എന്ന രക്ഷകൻ. ഇത് എടുത്തുകാട്ടുന്നതാണ് സുവിശേഷത്തിന്റെ തുടക്കത്തിൽത്തന്നെ അവതരിപ്പിച്ചിരിക്കുന്ന വംശാവലി. "*അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം*" (മത്താ 1:1) എന്നാണ് മത്തായി സുവിശേഷത്തെ വിശേഷിപ്പിക്കുന്നത്. അബ്രാഹത്തിനു നൽകിയ വാഗ്ദാനം സാർവത്രിക രക്ഷയെ സൂചിപ്പിക്കുമ്പോൾ ദാവീദിനെക്കുറിച്ചുള്ള പരാമർശം യേശുവിനെ രക്ഷകനും രാജാവുമായി ചിത്രീകരിക്കുന്നു (2 സാമു 7:12–16). ഈ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് ദാവീദുവംശജനായ ജോസഫിന്റെ മകനായി അറിയപ്പെട്ടിരുന്ന യേശു. ജോസഫ് യേശുവിന്റെ ശാരീരിക പിതാവല്ല; അതേസ

മയം യേശുവിന്റെ അമ്മയായ മറിയത്തിന്റെ നിയമാനുസൃത ഭർത്താവാകയാൽ അവളിൽ നിന്നു ജനിക്കുന്ന ശിശു നിയമത്തിന്റെ മുമ്പിൽ, ജോസഫിന്റെ മകനാണ്. ഈ സത്യത്തിനാണ് ജോസഫിന്റെ ഉത്കണ്ഠകളും സ്വപ്നത്തിൽ ലഭിക്കുന്ന ദൈവിക അരുളപ്പാടുകളും ഊന്നൽ നൽകുന്നത്.

യഹൂദർ പ്രതീക്ഷിച്ചിരുന്നവനെങ്കിലും അവന്റെ ജനന വാർത്ത അറിയുമ്പോൾ രാജാവും ജനങ്ങളും അസ്വസ്ഥരാകുന്നു; രാജശിശുവിനെ വധിക്കാൻ ഗൂഡാലോചനകൾ നടത്തുന്നു. പിന്നീട് യഹൂദനേതൃത്വം ഒന്നടങ്കം യേശുവിനോടു സ്വീകരിച്ച നിലപാടിന്റെ ഒരു മുൻസൂചനയാണിത്. എന്നാൽ വിജാതീയർ ദൈവത്തിൽനിന്നു ലഭിച്ച അടയാളത്തെ അനുഗമിച്ച് രക്ഷകനെ തേടി ബേത്‌ലെഹെമിൽ എത്തുന്നു; അവനെ ആരാധിക്കുന്നു; സംതൃപ്തരായി തിരിച്ചുപോകുന്നു. യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത രക്ഷകൻ.

ഈജിപ്തിലേക്കുള്ള പലായനവും തിരിച്ചുവരവും ദൈവ ശാസ്ത്രപരമായൊരു പ്രമേയം അവതരിപ്പിക്കുന്നു. ദൈവം ഇസ്രായേൽജനത്തെ സ്വന്തം ആദ്യജാതനായി സ്വീകരിച്ച്, ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, വാഗ്ദത്ത ഭൂമിയിലേക്കു നയിച്ചതിന്റെ അനുസ്മരണവും പുനരാവർത്തനവുമാണ് യേശുവിന്റെ ഈജിപ്തിൽനിന്നുള്ള മടങ്ങിവരവ്. "*ഈജിപ്തിൽ നിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു എന്നു പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തതു പൂർത്തിയാകാനാണിതു സംഭവിച്ചത്*" (മത്താ 2,15) എന്നു രേഖപ്പെടുത്തുന്നതിലൂടെ സുവിശേഷകൻ തന്നെ ഇക്കാര്യം അനുസ്മരിപ്പിക്കുന്നു.

നസ്രത്തിലാണ് യേശു ജീവിച്ചതും വളർന്നതും എന്ന് മത്തായിയും സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതും ഒരു പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു (മത്താ 2,23). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കന്യകാമറിയത്തിൽനിന്നു ജനിച്ച്, ബേത്‌ലെഹെമിൽ പിറന്ന്, മരപ്പണിക്കാരനായ ജോസഫിന്റെ മകനായി നസ്രത്തിൽ വളർന്ന ദൈവപുത്രനും രക്ഷകനുമാണ് യേശുക്രിസ്തു. ഇതാണ് ബാല്യകാല സുവിശേഷത്തിൽ മത്തായി അവതരിപ്പിക്കുന്ന ചിത്രം.

**ലൂക്കാ 1–2**

സുപ്രധാന കാര്യങ്ങളിൽ ഐക്യമുണ്ടെങ്കിലും ലൂക്കാ അവതരിപ്പിക്കുന്ന യേശുവിന്റെ ജനന-ബാല്യകാല ചിത്രം മത്തായിയുടേതിൽനിന്ന് ഏറെ വ്യത്യസ്തമാണ്. മത്തായി ജോസഫിനു പ്രാധാന്യം നൽകുമ്പോൾ ലൂക്കായുടെ വിവരണത്തിൽ മറിയത്തിനാണ് മുഖ്യസ്ഥാനം. യേശു ജനിച്ചത് കന്യകയിൽ നിന്നാണെന്നും അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലവും പ്രവചനങ്ങളുടെ പൂർത്തീകരണവുമാണെന്നും ദൈവദൂതൻവഴി നൽകുന്ന ദൈവിക അരുളപ്പാടായി ലൂക്കാ ചിത്രീകരിക്കുന്നു.

ലൂക്കായുടെ വിവരണമനുസരിച്ച് ജോസഫും മറിയവും നസ്രത്തിലാണ് വസിച്ചിരുന്നത്. രാജകല്പന പ്രകാരം ജനസംഖ്യ കണക്കെടുപ്പിനുവേണ്ടിയാണ് ജോസഫ് തന്റെ പൂർവപിതാവ് ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിലേക്കു വരുന്നത്. പിറക്കാൻ ഇടം കിട്ടാത്തതിനാൽ കന്നുകാലികൾ രാപാർക്കുന്ന ഗുഹയിൽ പ്രസവം. തണുത്ത് മരവിക്കാതിരിക്കാൻ കുഞ്ഞിനെ പിള്ളക്കച്ചകൊണ്ടുപൊതിഞ്ഞ് ഗുഹയിൽ അല്പം ചൂടുള്ള ഇടമായ പുൽത്തൊട്ടിയിൽ കിടത്തൽ, പട്ടണത്തിനപുറത്ത് രാത്രി ആടുകൾക്ക് കാവലിരിക്കുന്ന ഇടയന്മാർക്ക് ലഭിക്കുന്ന ദൈവദൂതദർശനം, സന്ദേശം, ഇടയന്മാരുടെ സന്ദർശനം, സുവിശേഷപ്രഘോഷണം തുടങ്ങിയവയെല്ലാം ലൂക്കാ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളാണ്. ഇവയെല്ലാംതന്നെ 'ദരിദ്രർക്ക് സദ്വാർത്ത' എന്ന മുഖ്യപ്രമേയത്തിന് ഊന്നൽ നൽകുന്നു.

ശിശുവിനെ ദൈവാലയത്തിൽ സമർപ്പിക്കുമ്പോൾ നൽകുന്ന ദരിദ്രരുടെ കാണിക്കയും ശിമയോന്റെ പ്രവചനവും ഹന്നായുടെ കീർത്തനവും എല്ലാം ലൂക്കാ നൽകുന്ന ദൈവശാസ്ത്രപരമായ ഊന്നലുകളുടെ ഭാഗമാണ്. ചരിത്രത്തിൽ ചുവടുറപ്പിച്ച്, സംഭവങ്ങൾ വിവരിക്കുമ്പോൾ അവയിലൂടെ ദൈവം നൽകുന്ന സന്ദേശം എന്തെന്ന് വ്യക്തമാക്കാൻ സുവിശേഷകൻ ശ്രമിക്കുന്നു. അപ്പോൾ ചരിത്രസംഭവങ്ങൾ യഥാതഥം, നാൾവഴി ക്രമത്തിൽ അവതരിപ്പിച്ചെന്നുവരില്ല. അതാണ് സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ടാകാൻ ഒരു കാരണം.

## നസ്രത്ത്-ബേത്‌ലെഹെം-ഈജിപ്ത്

ലൂക്കായുടെ വിവരണമനുസരിച്ച് യേശുവിന്റെ മാതാപിതാക്കളായ ജോസഫും മറിയവും നസ്രത്തിലാണ് താമസിച്ചിരുന്നത്. ഗലീലിയിലെ അറിയപ്പെടാത്ത ഒരു ചെറിയ ഗ്രാമമായിരുന്നു നസ്രത്ത്. അവിടെ നിന്ന് ബേത്‌ലെഹെമിലേക്ക് 144 കിലോമീറ്റർ ദൂരമുണ്ട്. സാധാരണ ഗതിയിൽ ഏകദേശം ഒരാഴ്ചവേണ്ടിവരും ഈ ദൂരം യാത്രചെയ്യാൻ.

ദാവീദിന്റെ നഗരം എന്നാണ് ബേത്‌ലെഹെം അറിയപ്പെടുന്നത്. ദാവീദിന്റെ പുത്രനായ രക്ഷകൻ ജനിക്കുന്നത് ആ പട്ടണത്തിലായിരിക്കും എന്ന പ്രവചനം (മിക്കാ 5:2) പൂർത്തിയാക്കുന്നതാണ് യേശുവിന്റെ ജനനം. ബേത്‌ലെഹെമും ജറുസലെമും തമ്മിൽ ഏഴുകിലോമീറ്റർ ദൂരമുണ്ട്. 40-ാം ദിവസം ശിശുവിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നതുവരെ മാതാപിതാക്കൾ ബേത്‌ലെഹെമിൽ താമസിച്ചു എന്ന പ്രതീതിയാണ് ലൂക്കായുടെ വിവരണങ്ങൾ നൽകുന്നത്. അതിനുശേഷം അവർ സ്വന്തം നാടായ നസ്രത്തിലേക്കു മടങ്ങിപ്പോവുകയും ചെയ്തു. വളരെ ലളിതവും സ്വാഭാവികവുമായ വിവരണമാണ് ലൂക്കായുടേത്. എന്നാൽ ഇതിൽ നിന്ന് ഏറെ വ്യത്യസ്തമാണ് മത്തായി നൽകുന്ന വിവരണം.

മത്തായി എഴുതിയ സുവിശേഷം മാത്രം വായിച്ചാൽ യേശുവിന്റെ മാതാപിതാക്കൾ ബേത്‌ലെഹെമിലാണ് വസിച്ചിരുന്നത് എന്നുതോന്നും. സ്വപ്നത്തിൽ കിട്ടിയ സന്ദേശമനുസരിച്ച് രാത്രിയിൽ എണീറ്റ് അവർ ഈജിപ്തിലേക്ക് പലായനം ചെയ്തു. ഇവിടെ എന്താണ് ഈജിപ്തിന്റെ പ്രാധാന്യം, ബേത്‌ലെഹെമിൽനിന്ന് ഈജിപ്തിലേക്ക് എത്ര ദൂരമുണ്ട് എന്ന ചോദ്യങ്ങൾ ഉയരും.

ഈജിപ്ത് ഒരു രാജ്യമാണ്. ഹേറോദേസ് രാജാവിന്റെ ഭരണാതിർത്തിക്കു പുറത്തും അതേസമയം റോമൻ ആധിപത്യത്തിൽ കീഴിലുമായിരുന്നു. ഈജിപ്ത്. അതിനാൽ ഹേറോദേസിൽനിന്ന് രക്ഷപെടാൻ ഈജിപ്തിലേക്കു പോയതു മനസ്സിലാക്കാൻ കഴിയും. എന്നാൽ ഈജിപ്തിൽ എവിടെ എന്ന ചോദ്യത്തിന് ഉത്തരംകിട്ടുക എളുപ്പമല്ല.

ബി.സി. 332-ൽ അലക്സാണ്ടർ ചക്രവർത്തി ഇസ്രായേലും ഈജിപ്തും കീഴടക്കി ഒരേ ഭരണത്തിൻ കീഴിലാക്കിയതോടെ അനേകം ഇസ്രായേൽക്കാർ ഈജിപ്തിന്റെ പല ഭാഗങ്ങളിലേക്കു കുടിയേറി പാർത്തിരുന്നു. ഈജിപ്തിലെ പ്രധാന തുറമുഖനഗരമായ അലക്സാണ്ട്രിയാ (Alexandria) യിൽ യഹൂദരുടെ വലിയൊരു കോളനി ഉണ്ടായിരുന്നു. അതിനാൽ മരപ്പണിക്കാരനായ ജോസഫ് അങ്ങോട്ടാണ് പലായനം ചെയ്തത് എന്നു കരുതുന്നവരുണ്ട്. ബേത്ലെഹെമിൽനിന്ന് അലക്സാണ്ട്രിയായിലേക്ക് കരവഴി 480 കിലോമീറ്റർ ദൂരമുണ്ട്. ഏതാണ്ട് രണ്ടാഴ്ചകൊണ്ട് ചെന്നെത്താൻ കഴിയുന്ന ദൂരം. മറ്റൊരു സാധ്യത കടൽവഴിയാണ്. ബേത്ലെഹെമിൽനിന്ന് 60 കി.മീ. വടക്കുപടിഞ്ഞാറുള്ള യാഫാ തുറമുഖത്തേക്ക് കാൽനടയായി യാത്ര ചെയ്യുക. തുടർന്ന് രണ്ടു ദിവസത്തെ കപ്പൽയാത്ര. 280 കി.മീ അകലെയുള്ള അലക്സാണ്ട്രിയായിലെത്താം. അവിടെ ജോലികിട്ടാൻ കൂടുതൽ സാധ്യതയുണ്ട്. ജ്ഞാനികൾ നൽകിയ സമ്മാനം കൈവശമുണ്ടായിരുന്നതിനാൽ യാത്രാക്കൂലി പ്രശ്നമായിരുന്നില്ല. ഇതാണ് ഒരു സാധ്യത.

കാൽനടയായിത്തന്നെ അവർ യാത്ര ചെയ്തുവെന്നും ഈജിപ്തിലെ പല സ്ഥലങ്ങളിലും ദിവസങ്ങളോ മാസങ്ങളോ ചിലവഴിച്ചു എന്നും കരുതുന്നവരാണ് കൂടുതൽ പേരും. ഇരുപത്താറു കേന്ദ്രങ്ങളിൽ അവർ താമസിച്ചിരുന്നതായി കരുതപ്പെടുന്നു. അവിടെയെല്ലാം പിൽക്കാലത്ത് ദൈവാലയങ്ങൾ നിർമ്മിച്ചിരുന്നു.

ഇതെല്ലാംതന്നെ മൂന്നും നാലും നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട അപ്രാമാണിക സുവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നിഗമനങ്ങളാണ്. അതിനാൽ എത്രമാത്രം വിശ്വസനീയമാണീ വിവരങ്ങൾ എന്ന കാര്യത്തിൽ തർക്കമുണ്ട്. രക്ഷകനെ സംബന്ധിച്ച പ്രവചനങ്ങളെല്ലാം യേശുവിൽ പൂർത്തിയായി എന്ന് സ്ഥാപിക്കുകയാണ് മത്തായി ഈ വിവരണങ്ങൾവഴി ലക്ഷ്യം വയ്ക്കുന്നത്, ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിക്കലല്ല. ഇതുതന്നെയാണ് ശിശുവധത്തെക്കുറിച്ചും പറയാനുള്ളത്.

**ജ്ഞാനികളുടെ സന്ദർശനം**

"*ഹേറോദേസ് രാജാവിന്റെ ഭരണകാലത്ത് യൂദയായിലെ ബേത്‌ലെഹെമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തുനിന്ന് ജ്ഞാനികൾ ജറുസലെമിലെത്തി*" (മത്താ 2:1). അവർ എത്രപേരുണ്ടായിരുന്നു, ഏതു നാട്ടുകാരായിരുന്നു എന്നൊന്നും സുവിശേഷകൻ പറയുന്നില്ല. കിഴക്കുനിന്നുവന്നവരാണവർ. അവരെ വഴി നയിച്ചത് കിഴക്കുദിച്ച നക്ഷത്രമാണ്. നക്ഷത്രം കിഴക്കുനിന്ന് പടിഞ്ഞാറോട്ട് അവരെ നയിച്ചു. ജറുസലെമിൽ വന്നപ്പോൾ അവർക്കു വഴിതെറ്റി. രാജശിശുവിനെ തേടി, സ്വാഭാവികമായും അവർ രാജകൊട്ടാരത്തിലെത്തി. പിന്നീട് നക്ഷത്രംതന്നെ അവരെ വഴിനയിച്ച് ബേത്‌ലെഹെമിൽ, രക്ഷക ശിശുവിന്റെ സവിധത്തിൽ എത്തിച്ചു.

മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്ന മൂന്ന് രാജാക്കന്മാരായിരുന്നു അവരെന്നതും അവരുടെ കുടുംബങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളുമെല്ലാം പിൽക്കാല പാരമ്പര്യത്തിന്റെ സൃഷ്ടിയാണ്. അവർ പിന്നീട് ക്രിസ്തുവിശ്വാസികളും രക്തസാക്ഷികളുമായെന്നും പാരമ്പര്യങ്ങൾ സാക്ഷിക്കുന്നു. അവരുടേതെന്നു വിശ്വസിക്കുന്ന ശവകുടീരങ്ങൾ ജർമനിയിൽ കൊളോണിലെ കത്തീഡ്രൽ ദൈവാലയത്തിൽ കാണാം.

ഈ വിവരണംവഴി മത്തായി സുവിശേഷകൻ എടുത്തുകാട്ടാൻ ആഗ്രഹിക്കുന്ന കാര്യം വ്യക്തമാണ്. വിജാതീയ പ്രവാചകനായ ബാലാമിന്റെ പ്രവചനങ്ങൾ (സംഖ്യ 23-24) യേശുവിൽ പൂർത്തിയായി. പ്രത്യേകിച്ചും "*ഞാൻ അവനെ കാണുന്നു, എന്നാൽ ഇപ്പോഴല്ല; ഞാൻ അവനെ ദർശിക്കുന്നു, എന്നാൽ അടുത്തല്ല. യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും. അത് മൊവാബിന്റെ നെറ്റിത്തടം തകർക്കും. ഷേത്തിന്റെ പുത്രന്മാരെ സംഹരിക്കുകയും ചെയ്യും*" (സംഖ്യ 24:17) എന്ന പ്രവചനം. സമാന്തരമായി ഉപയോഗിച്ചിരിക്കുന്ന നക്ഷത്രവും ചെങ്കോലും രാജത്വത്തിന്റെ അടയാളങ്ങളാണ്; മൊവാബും ഷേത്തും ദൈവജനത്തിന്റെ ശത്രുക്കളുടെ, അഥവാ തിന്മയുടെ പ്രതീകങ്ങളും.

പ്രകൃതിയിലെ ചില പ്രതിഭാസങ്ങളിലൂടെ ദൈവം നൽകിയ അടയാളങ്ങൾ സത്യാന്വേഷികളായ വിജാതീയ ജ്ഞാനികളെ രക്ഷകന്റെ അടുക്കലെത്തിച്ചു. എന്നാൽ നൂറ്റാണ്ടുകളായി ദൈവ ജനമെന്നറിയപ്പെടുകയും അനേകം പ്രവചനങ്ങൾ സ്വീകരിക്കു കയും ചെയ്ത ഇസ്രായേൽ ജനം രക്ഷകനെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. മാത്രമല്ല, പ്രവചനങ്ങളുടെ പൂർത്തീകരണമായി വന്നവനെ വധിക്കാൻ ശ്രമിക്കുകയും ചെയ്തു. യേശുവിനെ മര ണത്തിനു വിധിച്ച് വിജാതീയർക്ക് ഏൽപ്പിച്ചുകൊടുക്കുകയും, കല്ലറയ്ക്കു മുദ്രവച്ചു കാവൽനിൽക്കുകയും, കല്ലറ തുറന്നപ്പോൾ കൈക്കൂലി കൊടുത്ത് കാവൽക്കാരെകൊണ്ടു നുണപറയിക്കു കയും ചെയ്യുന്നതുവരെ എത്തിനിൽക്കുന്ന പരാജയം.

## ശിശുഹത്യ

ദൈവിക വാഗ്ദാനങ്ങളെ അടിസ്ഥാനമാക്കി, നൂറ്റാണ്ടുക ളായി ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നതാണ് ദാവീദിന്റെ പുത്രനായി ജനിക്കാൻ പോകുന്ന, ഇസ്രായേലിന്റെ രാജാവും ലോകരക്ഷകനുമായ ക്രിസ്തുവിനെ. എന്നാൽ അവൻ ജനിച്ചി രിക്കുന്നു എന്ന വാർത്ത ഹേറോദേസ് രാജാവിനെയും ജന ത്തെയും അസ്വസ്ഥരാക്കി. മിക്കാ 5:2 ന്റെ വെളിച്ചത്തിൽ ബേത്‌ലെ ഹെമിലാണ് രക്ഷകൻ ജനിക്കുക എന്ന് മനസ്സിലാക്കിയ ഹേറോ ദേസ് രാജാവ്, ജ്ഞാനികൾ വഴി ദിവ്യശിശുവിനെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ, "*ബേത്‌ലെഹെമിലെയും സമീപപ്രദേ ശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിച്ചു*" (മത്താ 2:16).

ഇപ്രകാരം ഒരു സംഭവത്തിനു ചരിത്രരേഖകൾ ഒന്നും അടി സ്ഥാനമായില്ല. എന്നാലും ഹേറോദേസിന്റെ സ്വഭാവവും പ്രവർത്തനശൈലിയും പരിഗണിക്കുമ്പോൾ ഇത് സാധ്യമായി രുന്നു എന്നു കാണാം. തനിക്ക് അർഹതയില്ലാത്ത സിംഹാസന ത്തിലാണ് താൻ ഇരിക്കുന്നതെന്നും ഏതുസമയത്തും അത് നഷ്ട പ്പെട്ടേക്കാമെന്നും ഹേറോദേസ് ഭയന്നിരുന്നു. അതിനാൽ തന്റെ സ്ഥാനം പിടിച്ചെടുക്കാൻ സാധ്യതയുണ്ടെന്ന് കരുതിയ സകല രെയും വധിക്കാൻ അയാൾ മടിച്ചില്ല. സ്വന്തം ഭാര്യയും ഭാര്യാസ

ഹോദരനും, സ്വന്തം മക്കൾപോലും ഇപ്രകാരം കൊല്ലപ്പെട്ടവരുടെ ഗണത്തിൽപെടും. മരിക്കുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പാണ് തന്റെ ആദ്യജാതനും കിരീടാവകാശിയുമായ അന്തിപ്പാത്തറിനെ ഹേറോദേസ് വധിച്ചത്. അതിനാൽ സുവിശേഷകൻ വിവരിക്കുന്ന ശിശുവധം വെറും ഒരു കെട്ടുകഥയായി തള്ളിക്കളയാനാവില്ല.

ഈ സംഭവത്തിലും ഒരു പ്രവചന പൂർത്തീകരണം സുവിശേഷത്തിൽ കാണുന്നുണ്ട്. "*ഇങ്ങനെ ജറെമിയാ പ്രവാചകൻവഴി അരുളിച്ചെയ്യപ്പെട്ടതു പൂർത്തിയായി. റാമായിൽ ഒരു സ്വരം, വലിയ കരച്ചിലും മുറവിളിയും, റാഹേൽ സ്വസന്താനങ്ങളെക്കുറിച്ച് കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ അവൾക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു*" (മത്താ 2:17-18).

യാത്രാമധ്യേ മരിച്ച റാഹേലിനെ അടക്കിയ സ്ഥലമാണ് 'ബേത്‌ലെഹെം എന്നറിയപ്പെടുന്ന എഫ്രാത്ത' (ഉത്പ 35:19,48:7). ബി.സി 8-ാം നൂറ്റാണ്ടിൽ അസീറിയാ വടക്കൻരാജ്യമായ ഇസ്രായേലിനെയും 6-ാം നൂറ്റാണ്ടിൽ ബാബിലോൺ തെക്കൻരാജ്യമായ യൂദായെയും കീഴടക്കി നശിപ്പിച്ച്, അനേകരെ പ്രവാസികളായി പിടിച്ചുകൊണ്ടുപോയതിന്റെ ഓർമയാണ് റാഹേലിന്റെ വിലാപത്തിൽ പ്രതിധ്വനിക്കുന്നത്. ഇസ്രായേൽ ചരിത്രത്തിൽ ഊന്നിയ ജറെമിയായുടെ ഈ വാക്കുകൾ യേശുവിന്റെ ജനനത്തോടനുബന്ധിച്ചു പൂർത്തിയായ ഒരു പ്രവചനമായി മത്തായി വ്യാഖ്യാനിക്കുന്നു.

### കന്യകാജനനം

പുരുഷസംസർഗം കൂടാതെ കന്യകയിൽ നിന്നാണ് യേശു ജനിച്ചതെന്ന് മത്തായിയും ലൂക്കായും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കത്തോലിക്കാ സഭയുടെ ഔദ്യോഗികമായ വിശ്വാസപ്രമാണത്തിന്റെ ഒരു ഭാഗമാണിത്. ഇതും ദൈവം മുൻകൂട്ടി അറിയിച്ചിരുന്ന ഒരു പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു എന്നു മത്തായി എടുത്തുപറയുന്നു.

ആസന്നമായിരിക്കുന്ന യുദ്ധത്തിൽ ദൈവം തന്നെ സംര

ക്ഷിക്കും എന്ന വാഗ്ദാനം വിശ്വസിക്കാൻ മടിച്ച ആഹാസ് രാജാവിന് ഏശയ്യാ പ്രവാചകൻവഴി ദൈവം നൽകിയ ഒരു അടയാളമാണ് ഈ പ്രവചനം: "*കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിചെയ്തതു പൂർത്തിയാകാൻ വേണ്ടിയാണിതു സംഭവിച്ചത്*" (ഏശ 7,14; മത്താ 1:22-23).

## ഹേറോദേസ്

ആരാണീ ഹേറോദേസ്? ശിശുവായ യേശുവിനെ വധിക്കാൻ ശ്രമിച്ച യൂദാരാജാവായ ഹേറോദേസിനെകുറിച്ച് മത്താ 2:1-18-ൽ പലതവണ പ്രതിപാദിക്കുന്നുണ്ട്. ഗലീലിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന യേശുവിനെ വധിക്കാൻ ഹേറോദേസ് രാജാവ് ആലോചിക്കുന്നുവെന്ന് ഫരിസേയർ യേശുവിനോടു പറഞ്ഞതായി ലൂക്കാ 13:31-ൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നാപകയോഹന്നാനെ തടവിലാക്കുകയും പിന്നീട് തലവെട്ടി കൊല്ലുകയും ചെയ്ത ഒരു ഹേറോദേസ് രാജാവിനെക്കുറിച്ച് സമാന്തര സുവിശേഷങ്ങൾ പ്രതിപാദിക്കുന്നുണ്ട് (മത്താ 14:1-12; മർക്കോ 6:14-29; ലൂക്കാ 3:19-20; 9:7-9). യാക്കോബിനെ വധിക്കുകയും പത്രോസിനെ തടവിലാക്കുകയും സഭയെ പീഡിപ്പിക്കുകയും ചെയ്ത ഒരു ഹേറോദേസ് രാജാവ് അപ്പ 12:1-5ൽ പ്രതിപാദ്യവിഷയമാകുന്നു. ഇതെല്ലാം ഒരാൾ തന്നെയോ എന്ന ചോദ്യം ന്യായമായും ഉന്നയിക്കപ്പെടാം. ഒന്നല്ല, പലരാണിവർ എന്നതത്രെ ഉത്തരം. പത്തു ഭാര്യമാരും അവരിൽനിന്നെല്ലാം മക്കളും ഉണ്ടായിരുന്ന ഇസ്രായേലിലെ ഭരണാധിപനായിരുന്നു ഹേറോദേസ് മഹാരാജാവ് (ബി.സി 72-4). ഇദുമെയാക്കാരനായ അന്തിപ്പാത്തർ ആയിരുന്നു അയാളുടെ പിതാവ്; നബത്തേയൻ രാജവംശജയായ ഒരറബി, സിപ്രോസ് (cypros) ആയിരുന്നു മാതാവ്. പിൽക്കാലത്ത് മാതാപിതാക്കൾ യഹൂദമതം സ്വീകരിച്ചെങ്കിലും യഥാർഥ യഹൂദർക്ക് ഹെറോദേസ് വെറുക്കപ്പെട്ട ഒരു വിജാതീയൻ തന്നെയായിരുന്നു.

ബി.സി 47-ൽ റോമൻ ഭരണാധികാരി ജൂലിയസ് സീസർ

അന്തിപ്പാത്തറിനെ യൂദയായുടെ മുഴുവൻ പ്രദേശിക ഭരണാധി കാരിയായി നിയമിച്ചു. അപ്പോൾ അന്തിപ്പാത്തർ 25 വയസ് മാത്രം പ്രായമുള്ള മകൻ ഹേറോദേസിനെ ഗലീലിയുടെ ഗവർണറായി നിയമിച്ചു. ഏറെ താമസിയാതെ ഉണ്ടായ ആഭ്യന്തര കലാപത്തിൽ അന്തിപ്പാത്തർ കൊല്ലപ്പെട്ടു. ബി.സി. 40-ൽ പാർത്തിയൻ സൈന്യം യൂദയാ കീഴടക്കി. ഹെറോദേസ് റോമിലേക്ക് ഒളിച്ചോടി. അവിടെവച്ച് റോമൻ സെനറ്റ് അയാളെ പാലസ്തീനാമുഴുവ ന്റെയും രാജാവായി നിയമിച്ചു; രാജ്യം പിടിച്ചെടുക്കാൻ ആവ ശ്യമായ സൈന്യസഹായവും നൽകി. റോമിന്റെ സഹായ ത്തോടെ ബി.സി. 37-ൽ ഹേറോദേസ് ജറുസലെം കീഴടക്കി, പാല സ്തീനായുടെ അനിഷേധ്യ നേതാവും രാജാവുമായി. മക്കൾ പലരും ഹേറോദേസ് എന്ന പേരിൽ അറിയപ്പെടുന്ന രാജാക്ക ന്മാരായതിനാൽ ഇയാളെ വലിയ ഹെറോദേസ് (Herod the Great) എന്നു വിശേഷിപ്പിക്കുന്നു. മൽത്താക്കെ (Malthace) എന്ന ഭാര്യയിൽ ഹേറോദേസിന് ജനിച്ച മക്കളാണ് അർക്കെലാവോസും അന്തിപ്പാസും. രണ്ടാമത്തെയാൾ ഹേറോദേസ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ബി.സി. 4ൽ ഹേറോദേസ് മരിച്ചപ്പോൾ അർക്കെ ലാവോസ് യൂദയാ, ഇദുമെയാ, സമറിയാ എന്നീ പ്രവിശ്യകളുടെ ഭരണമേറ്റു; അന്തിപ്പാസ് ഗലീലിയുടെയും. ഹസ്മൊണേയ വംശത്തിലെ രാജകുമാരിയായ മറിയാംനെ എന്ന ഭാര്യ യിൽനിന്നു ഹേറോദേസിനു ജനിച്ച അരിസ്റ്റോബൂളൂസ് എന്ന മകന്റെ മകനാണ് ഹേറോദേസ് അഗ്രിപ്പാ ഒന്നാമൻ. അയാളാണ് യാക്കോബിനെ വധിച്ചതും പത്രോസിനെ തടവിലാക്കിയതും. അയാളുടെ മകനാണ് ഹേറോദേസ് അഗ്രിപ്പാ രണ്ടാമൻ. അയാ ളുടെ മുമ്പിലാണ് പൗലോസ് കേസറിയായിൽവച്ച് തന്റെ ന്യായ വാദങ്ങൾ അവതരിപ്പിച്ചത് (അപ്പ 25:26).

**ചുരുക്കത്തിൽ:** ഇതുവരെ കണ്ട കാര്യങ്ങൾ ഇപ്രകാരം സമാ ഹരിക്കാം.

1. യേശുവിന്റെ ജനനത്തെയും ബാല്യകാലത്തെയും കുറിച്ച് മത്തായിയും ലൂക്കായും വിവരിക്കുന്നുണ്ട്. അവരുടെ വിവരണ ങ്ങളുടെ വിശദാംശങ്ങൾ തമ്മിൽ ഏറെ വ്യത്യാസങ്ങൾ ഉണ്ടെ ങ്കിലും അടിസ്ഥാനപരമായ കാര്യങ്ങളിൽ ഐക്യമുണ്ട്. ദൈവാ

ത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ മറിയം എന്ന കന്യക യിൽ നിന്നാണ് യേശു ജനിച്ചത്. ദാവീദിന്റെ വംശത്തിൽ പിറന്ന ജോസഫ് ആയിരുന്നു മറിയത്തിന്റെ ഭർത്താവും നിയമത്തിനുമു മ്പിൽ യേശുവിന്റെ പിതാവും. യേശു ജനിച്ചത് ദാവീദിന്റെ പട്ട ണമായ ബേത്‌ലെഹെമിലാണ്, വളർന്നത് ഗലീലിയിലെ നസ്രത്തിലും. ഇത്രയും കാര്യങ്ങളിൽ രണ്ടു സുവിശേഷകരും യോജി ക്കുന്നു.

2. രണ്ടു സുവിശേഷങ്ങളിലെയും വിവരണങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഓരോ സുവിശേഷകനും ഊന്നൽ നൽകുന്ന ദൈവശാസ്ത്ര വിഷയങ്ങളെ ആശ്രയിച്ചിരിക്കുന്നു. ദൈവം പ്രവാചകന്മാർ വഴി മുൻകൂട്ടി നൽകിയിരുന്ന വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് യേശുവിന്റെ കന്യാജനനവും ഇതരപ്ര വർത്തനങ്ങളും എന്ന് രണ്ട് സുവിശേഷങ്ങളും എടുത്തുകാട്ടുന്നു. എന്നാൽ പ്രവചനങ്ങളുടെ പൂർത്തീകരണത്തിന് മത്തായി കൂടു തൽ ഊന്നൽ നൽകുന്നുണ്ട്. യഹൂദർ തിരസ്കരിച്ചതും വിജാ തീയർ സ്വീകരിച്ചതുമായ രക്ഷകനും മിശിഹാരാജാവുമാണ് യേശു എന്ന പ്രമേയത്തിന് മത്തായി ഊന്നൽ നൽകുന്നു. ലൂക്കായാ കട്ടെ, ദരിദ്രരോട് താദാത്മ്യപ്പെടുകയും ദരിദ്രരെ സുവിശേഷം അറിയിക്കുകയും ചെയ്ത രക്ഷകനും യുഗാന്തപ്രവാചകനുമായ ദൈവപുത്രനാണ് യേശു എന്ന് എടുത്തുപറയുന്നു. രണ്ടും പര സ്പരവിരുദ്ധങ്ങളല്ല, പരസ്പര പൂരകങ്ങളായി കാണണം.

3. കിഴക്കുനിന്നുവന്ന ജ്ഞാനികളുടെ സന്ദർശനവും ഹേറോ ദേസിനെ ഭയന്ന് ഈജിപ്തിലേക്ക് നടത്തിയ പലായനവും ഭൂമി ശാസ്തപരമായ വിവരണങ്ങൾ നൽകി കണിശമായി വിശദീക രിക്കുക എളുപ്പമല്ല. ആ കാരണംകൊണ്ട് മാത്രം ഈ സംഭവങ്ങ ളുടെ ചരിത്രയാഥാർഥ്യം നിഷേധിക്കാനുമാവില്ല. ഇസ്രായേ ലിന്റെ ചരിത്രം യേശുവിൽ പുനരാവിഷ്കരിക്കപ്പെടുന്നു. അതേ സമയം ലോകത്തിനു പ്രകാശമാകാൻ വിളിക്കപ്പെട്ട ഇസ്രാ യേൽജനം പരാജയപ്പെട്ടിടത്ത് യേശു വിജയിച്ചു എന്ന് വിജാ തീയരുടെ സന്ദർശനവും വിശ്വാസവും വഴി മത്തായി വ്യക്തമാ ക്കുന്നു.

4. രക്ഷയാണ് മുഖ്യപ്രമേയം, പാപത്തിൽ നിന്നും മരണത്തിൽനിന്നുമുള്ള നിത്യരക്ഷ. അതു നൽകാൻ വേണ്ടിയാണ് ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചത്. ആ മനുഷ്യവതാരത്തിന്റെ ഓർമ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന, ക്രിസ്തുമസ് എന്ന പേരിൽ അറിയപ്പെടുന്ന പിറവിത്തിരുനാൾ നക്ഷത്രം ജ്ഞാനികളെയും ദൈവദൂതന്മാർ ഇടയന്മാരെയും ദിവ്യശിശുവിന്റെ അടുക്കലേക്കു നയിച്ചതുപോലെ നമ്മെയും ക്ഷണിക്കുന്നു. "*ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു.*"

അവരോടൊപ്പം നമുക്കും പോകാം, മുൻവിധികൾ മാറ്റിവച്ച് അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ ഇന്നും അവനെ കണ്ടെത്താൻ സാധിക്കും. ബേത്ലെഹെമും കാലിത്തൊഴുത്തും പുൽത്തൊട്ടിയും എല്ലാം ഇന്നും നമുക്ക് ചുറ്റിലുമുണ്ട്. കണ്ടു തിരിച്ചറിയാൻ നാഥൻ തന്നെ ഉൾക്കണ്ണുകൾ തുറക്കട്ടെ. "*അതു ഞാനായിരുന്നു*" (മത്താ 25:40) എന്ന നാഥന്റെ വാക്കുകൾ വഴികാട്ടിയാകട്ടെ.

# 5

# പിറവിത്തിരുനാൾ
# ക്രിസ്മസ് – ഡിസംബർ 25

ആഗോളതലത്തിൽ യേശുക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്നത് ഡിസംബർ 25 നാണല്ലോ. എന്നാൽ ഈ ദിവസമാണ് യേശു ജനിച്ചത് എന്നതിന് എന്തെങ്കിലും ചരിത്രപരമായ തെളിവുണ്ടോ? എന്നു മുതലാണ് യേശുവിന്റെ ജനനമായ ക്രിസ്മസ് ആഘോഷം ആരംഭിച്ചത്? ക്രിസ്മസ് എന്ന വാക്കിന്റെ അർഥമെന്ത്?

യേശുക്രിസ്തുവിനെ ദൈവപുത്രനായി വിശ്വസിച്ച് ആരാധിക്കുന്നവരും അല്ലാത്തവരും ഇന്ന് പൊതുവേ ആഘോഷിക്കുന്ന ഒരു തിരുനാളാണ് ക്രിസ്മസ്. ആ വാക്കിൽനിന്നുതന്നെ തുടങ്ങാം.

### ക്രിസ്മസ്

ക്രൈസ്റ്റ്-മാസ് (Christ-Mass) എന്ന രണ്ട് ഇംഗ്ലീഷ് വാക്കുകൾ ലോപിച്ചുണ്ടായതാണ് ക്രിസ്മസ് എന്ന വാക്ക്. മാസ് (Mass) എന്നാൽ ദൈവാലയങ്ങളിൽ അർപ്പിക്കുന്ന വിശുദ്ധ കുർബാന എന്നാണർഥം. കുർബാന സ്വീകരണത്തെയും ആഘോഷത്തെയും സൂചിപ്പിക്കാനും ഈ പദം ഉപയോഗിച്ചിരുന്നു. ക്രിസ്തുവിന്റെ തിരുനാൾ ആഘോഷമെന്നേ ഈ പദത്തിന് അർഥമുള്ളൂ. യേശുക്രിസ്തുവിന്റെ ജനനത്തിരുനാളിനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. യേശുവിന്റെ ജന്മദിനത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുകയും വിശുദ്ധകുർബാന സ്വീകരിക്കുകയും ചെയ്യുന്നു എന്നും ഈ പദം സൂചിപ്പിക്കുന്നു. തന്നെയുമല്ല, ദൈവപുത്ര

നായ യേശുക്രിസ്തുവിനെ നമുക്ക് രക്ഷകനായി ലഭിച്ചതിന്റെ ഓർമ്മ ആചരിക്കുകയും അതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന ഒരു തിരുനാളാണ് ക്രിസ്മസ്.

### ഡിസംബർ 25

യേശുക്രിസ്തു എന്നാണ് ജനിച്ചത് എന്നു കണിശമായി നിശ്ചയിക്കാൻ സുവിശേഷങ്ങളിലോ മറ്റു സമകാലിക ലിഖിതങ്ങളിലോ ഒരു രേഖയുമില്ല. എന്നാൽ, ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി ആചരിക്കുന്നതിന്റെ അനേകം സാക്ഷ്യങ്ങൾ മൂന്നാം നൂറ്റാണ്ടുമുതൽ ലഭ്യമാണ്. അതേസമയം, യേശുവിന്റെ ജ്ഞാനസ്നാനത്തിനും പീഡാനുഭവ മരണ ഉത്ഥാന ഓർമ ആചരിക്കുന്ന പെസഹാത്തിരുനാളിനും നൽകുന്നത്ര പ്രാധാന്യം ആരാധനക്രമ വത്സരത്തിൽ യേശുവിന്റെ ജനനത്തിനു നൽകിയിരുന്നില്ല.

### പിറവിത്തിരുനാളിന്റെ ഉത്ഭവം

ഡിസംബർ 25 യേശുവിന്റെ പിറവിത്തിരുനാളായി ആഘോഷിക്കുന്നതിന്റെ തുടക്കത്തെക്കുറിച്ച് വിവിധങ്ങളായ അഭിപ്രായങ്ങൾ നിലവിലുണ്ട്. സൂര്യാരാധനയുമായി ബന്ധപ്പെട്ട ചില പേഗൻ ആചാരങ്ങളിൽ ഇതിന്റെ തുടക്കം കാണുന്നവരുണ്ട്. യഹൂദരുടെ ചില തിരുനാളുകളുമായി ബന്ധപ്പെടുത്തി വിശദീകരിക്കുന്നവരുമുണ്ട്. അതോടൊപ്പം സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പും അതിന് യഹൂദരുടെ ഒരു തിരുനാളുമായുള്ള ബന്ധവും അടിസ്ഥാനമാക്കി നൽകുന്ന വ്യാഖ്യാനമുണ്ട്. യേശുവിന്റെ മരണവും മനുഷ്യവതാരവുമായി ബന്ധപ്പെടുത്തി നൽകുന്ന വ്യാഖ്യാനങ്ങളുമുണ്ട്. ആദ്യത്തെ വ്യാഖ്യാനം വിജാതിയരുടെ ഇടയിൽ നിലവിലിരുന്ന ആഘോഷങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ, തുടർന്നുള്ളവയെല്ലാം യഹൂദരുടെ തിരുനാളാഘോഷവുമായി ബന്ധപ്പെടുത്തുന്നു. ഓരോന്നും വിശദമായി പരിശോധിക്കാം.

### a. അജയ്യസൂര്യന്റെ ജന്മദിനം

രാത്രിയുടെയും പകലിന്റെയും ദൈർഘ്യം കൂടുകയും കുറയുകയും ചെയ്യുന്ന പ്രതിഭാസം വർഷംതോറും ആവർത്തിക്ക

പ്പെടുന്നു. ആണ്ടിൽ രണ്ടുതവണ സൂര്യൻ ഭൂമധ്യരേഖയ്ക്കു മുക ളിൽവരും. അതിനെ തുല്യരാത്രി എന്നർഥമുള്ള എക്വിനോക്സ് (equinox) എന്നു വിളിക്കുന്നു. മാർച്ച് 21, സെപ്തംബർ 21 എന്നീ ദിനങ്ങളാണ് ഈ ദിവസങ്ങൾ. ഇതിനെ 'വിഷു' എന്ന് മലയാള ത്തിൽ വിളിക്കുന്നു.

സെപ്തംബർ 21-നുശേഷം സൂര്യൻ തെക്കോട്ട് യാത്ര നട ത്തുന്നു. ഇതിനെ ദക്ഷിണായനം എന്ന് വിളിക്കുന്നു. ഈ കാല ഘട്ടത്തിൽ ഭൂമധ്യരേഖയ്ക്കു വടക്ക് രാത്രിയുടെ ദൈർഘ്യം വർധിച്ചുകൊണ്ടേയിരിക്കും. ഡിസംബർ 21 ഏറ്റം ദീർഘമായ രാത്രിയായിരിക്കും. തുടർന്ന് സൂര്യൻ തന്റെ ഉത്തരായനം ആരം ഭിക്കുന്നു; ക്രമേണ രാത്രിയുടെ ദൈർഘ്യം കുറയുകയും പകൽ കൂടുകയും ചെയ്യും. ഉത്തരായനം അതിന്റെ മൂർധന്യത്തിൽ എത്തുന്ന ജൂൺ 21 ഭൂമധ്യരേഖയ്ക്കു വടക്ക് ഏറ്റം ദീർഘമായ പകൽ ആയിരിക്കും; തെക്ക് ഏറ്റം ദീർഘമായ രാത്രിയും.

ഈ പ്രതിഭാസത്തിന് പുരാതന മനുഷ്യർ മതാത്മകമായ വ്യാഖ്യാനം നൽകി; വിശദീകരിക്കാൻ ഭാവനയിൽ കഥകൾ മെന ഞ്ഞെടുത്തു. രാവും പകലും മാറി മാറിവരുന്നതിനെ ഇരുട്ടും വെളിച്ചവും തമ്മിൽ, സൂര്യനും അന്ധകാരവും തമ്മിൽ നടക്കുന്ന യുദ്ധമായി ചിത്രീകരിച്ചു. അന്ധകാരത്തിന്റെ ലോകത്തെ പ്രകാ ശത്തിന്റെ ഉറവിടമായ സൂര്യദേവൻ കടന്നാക്രമിക്കുന്നതായി കുറ ഞ്ഞുവരുന്ന പകലിനെയും ഏറിവരുന്ന രാത്രിയെയും ചിത്രീക രിച്ചു. ഈ യുദ്ധം അതിന്റെ ഉച്ചകോടിയിൽ എത്തുന്ന ഡിസം ബർ 21 സൂര്യന്റെ മരണമായി കരുതി. എന്നാൽ പിന്നേറ്റ് സൂര്യൻ ശക്തിയാർജിച്ചു തിരിച്ചുവരുന്നതിനെ സൂര്യന്റെ ഉയിർപ്പുദിന മായി, ആചരിച്ച് ആഘോഷിക്കാൻ തുടങ്ങി. ഇതിനെ സോൾ ഇൻവിക്തൂസ് (Sol invictus) എന്ന് അവർ വിളിച്ചു. അജയ്യ സൂര്യൻ എന്നർഥം. ആണ്ടുതോറും ആവർത്തിക്കുന്ന സൂര്യദേവന്റെ പുനർജന്മമായി ഇത് പരിഗണിക്കപ്പെട്ടു.

പേർഷ്യക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഈ വിശ്വാസവും ആചാരവും റോമാക്കാർ കടമെടുത്തു. ഏറ്റം ദീർഘ മായ രാത്രിയെ winter solstice - 'ദക്ഷിണായനാവസാനം' എന്ന് അവർ വിളിച്ചു. ഡിസംബർ 25-ആണ് ഇതിനായി നിശ്ചയിച്ചിരു ന്നത്. ഇതുമായി ബന്ധപ്പെടുത്തി എട്ടു ദിവസത്തെ ആഘോഷ

ങ്ങൾ റോമാക്കാർക്കു പതിവായിരുന്നു. സത്തുർണാലിയാ (Saturnalia) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ആഘോഷ ങ്ങൾ സമ്മാനങ്ങൾ കൈമാറുന്നതിനും തിന്നുകുടിച്ച് ഉല്ലസി ക്കുന്നതിനുമായി മാറ്റിവയ്ക്കപ്പെട്ടിരുന്ന ഉത്സവദിനങ്ങളായിരുന്നു. ഇവിടെ ധാർമിക നിയമങ്ങൾ ഒന്നും തന്നെ ബാധകമായിരു ന്നില്ല. ധാരാളം ദീപങ്ങൾ തെളിക്കുക ഉത്സവാഘോഷത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. പ്രകാശത്തിന്റെ ആഘോഷമാണിത്. ഈ ആഘോഷങ്ങളെ ഒരു ദേശീയോത്സവമായി പ്രഖ്യാപിച്ചത് ഔറേലിയൻ ചക്രവർത്തിയാണ് (Aurelian 214-275; ചക്രവർത്തി 270-275). ഇതോടെ ഡിസംബർ 25 റോമാസാമ്രാജ്യത്തിന്റെ ഒരു ഔദ്യോഗിക ഉത്സവദിനമായി.

കോൺസ്റ്റന്റൈൻ ചക്രവർത്തി (Emperor Constantine 272-337 ചക്രവർത്തി 306-337) 313-ൽ മിലാൻ വിളംബരം വഴി ക്രിസ്തു മതത്തെ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാ പിച്ചു. അതോടെ മതമർദ്ദനം അവസാനിച്ചു; ക്രിസ്തുമതത്തിന്റെ ഒരു പുതിയയുഗം ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ റോമാ സാമ്രാജ്യത്തിന്റെ ഏറ്റം വലിയ ആഘോഷദിനമായിരുന്ന ഡിസം ബർ 25-ന് പുതിയൊരു വ്യാഖ്യാനം നൽകി, ക്രിസ്ത്യാനികളും ആചരിക്കാൻ തുടങ്ങി. റോമാക്കാർ സൂര്യന്റെ ജന്മദിനമായി കരുതി ആഘോഷിച്ചിരുന്ന ദിവസത്തെ "*ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു*" എന്നു സ്വയം വിശേഷിപ്പിച്ച യേശുവിന്റെ ജന്മ ദിനമായി ക്രിസ്ത്യാനികൾ വ്യാഖ്യാനിച്ചു; ആചരിച്ചു, ആഘോ ഷിച്ചു.

ഏറെനാൾ പ്രചാരത്തിലിരുന്ന ഈ വ്യാഖ്യാനം ഇന്ന് അത്ര തന്നെ സ്വീകാര്യമായി കരുതപ്പെടുന്നില്ല. രണ്ടുകാരണങ്ങളാണ് എതിർക്കുന്നവർ എടുത്തുകാട്ടുന്നത്. 1. ഒരു വിജാതീയ ദേവ നായി കരുതപ്പെട്ടിരുന്ന സൂര്യനെ യേശുവിന്റെ പ്രതീകമായി കരുതുന്നത് വിഗ്രഹാരാധനയ്ക്കു തുല്യമായിത്തീരും. 2. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ വിളംബരത്തിനു നൂറുവർഷ ങ്ങൾക്ക് മുമ്പേ ക്രിസ്ത്യാനികൾ ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി ആചരിച്ചിരുന്നതിനു തെളിവുകളുണ്ട്.

യേശുവിന്റെ പിറവിത്തിരുനാൾ ആഘോഷത്തെ സൂര്യാരാ ധനയുമായി ബന്ധപ്പെടുത്തരുത് എന്ന് പറയുമ്പോൾ വിജാതീയ

മതങ്ങളിൽ നിലവിലിരുന്നതും ഇന്നും നിലനിൽക്കുന്നതുമായ പല ആചാരങ്ങളും വിശ്വാസങ്ങളും കൂടുതൽ ആഴമേറിയ പ്രതീകാത്മകമായ അർഥതലങ്ങൾ ഉൾക്കൊള്ളുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. ആഥൻസിലെ അരെയോപ്പഗസിൽവച്ച് പൗലോസ് നടത്തിയ പ്രസംഗങ്ങളിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. ആരെന്നറിയാതെ ആഥൻസുകാർ ആരാധിച്ചിരുന്ന അജ്ഞാത ദേവനായി യേശുക്രിസ്തുവിനെ അവതരിപ്പിക്കുമ്പോൾ ഈ നിലപാടു വ്യക്തമാകുന്നു.

ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി ആചരിക്കുമ്പോൾ ഗർഭധാരണവുമായി ഇതിനെ ബന്ധിപ്പിച്ച് ഒമ്പതുമാസം പിറകോട്ടു കണക്കുകൂട്ടി, മാർച്ച് 25 ഗർഭധാരണ ദിവസമായി ആചരിക്കുന്നു. ഇതിനും സൂര്യന്റെ അയനവുമായി ബന്ധമുണ്ട്. വെർണൽ എക്വിനോക്സ് (vernal equinox) എന്നറിയപ്പെടുന്ന മാർച്ച് 25 (21) ഇവിടെ പ്രസക്തമാകുന്നു. രാപകൽ തുല്യമാകുന്ന ഈ ദിവസവും പുരാതനമതങ്ങളിൽ പ്രാധാന്യമുള്ള ഉത്സവദിനമായിരുന്നു.

## b. യഹൂദരുടെ തിരുനാളുകൾ

യഹൂദരുടെ ഇടയിൽ നിലവിലിരുന്ന തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെടുത്തി യേശുവിന്റെ ജനനത്തിയതി നിശ്ചയിക്കുന്ന പല വിശദീകരണങ്ങളും നിലവിലുണ്ട്. യേശു ജനിച്ചത് എന്നാണെന്ന കാര്യത്തിൽ വ്യക്തമായ രേഖകൾ ഒന്നും ഇല്ലെങ്കിലും യേശു മരിച്ചത് പെസഹാക്കാലത്തായിരുന്നു എന്നതിന് അനേകം സാക്ഷ്യങ്ങളുണ്ട്. അതേസമയം മനുഷ്യവതാരം ചെയ്ത ദൈവവചനം ഗർഭത്തിൽ ഉരുവായ അതേ ദിവസമാണ് 33 വർഷങ്ങൾക്കുശേഷം യേശു കുരിശിൽ തൂങ്ങി മരിച്ചത് എന്നൊരു വിശ്വാസം പുരാതനകാലം മുതൽ ക്രൈസ്തവരുടെ ഇടയിൽ നിലവിലിരുന്നു. അതുപോലെ യഹൂദർ ആചരിച്ചിരുന്ന മറ്റു പല തിരുനാളുകളുമായി ബന്ധപ്പെടുത്തിയും യേശുവിന്റെ ജനനത്തിയതി ഡിസംബർ 25 ആണെന്നു സ്ഥാപിക്കുന്ന വാദങ്ങളുണ്ട്.

- **പെസഹായും ക്രിസ്മസും**

പ്രത്യക്ഷത്തിൽ പരസ്പരബന്ധമില്ലാത്ത രണ്ടു തിരുനാളു

കളായി തോന്നാം പെസഹായും ക്രിസ്മസും. പെസഹാ യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും അനുസ്മരിക്കുമ്പോൾ ക്രിസ്മസ് യേശുവിന്റെ ജനനത്തെയാണല്ലോ അനുസ്മരിക്കുന്നത്. എന്നാൽ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന (വഹിക്കുന്ന) ദൈവത്തിന്റെ കുഞ്ഞാടായി യേശുവിനെ സ്നാപകൻ വിശേഷിപ്പിക്കുമ്പോൾ (യോഹ 1:29) ഇസ്രായേൽക്കാരുടെ വിമോചനത്തിനു വഴിയൊരുക്കിയ പെസഹാക്കുഞ്ഞാടിന്റെ നിഴൽ യേശുവിൽ പതിയുന്നതുകാണാം.

ഈജിപ്തുകാരുടെ ആദ്യജാതന്മാരെ കൊന്നൊടുക്കിയ സംഹാരദൂതൻ ഇസ്രായേൽ ഭവനങ്ങളെ തൊടാതെ കടന്നുപോയി. കാരണം, അവരുടെ ഭവനങ്ങളുടെ കട്ടിളക്കാലുകളിലും മേൽപ്പടിയിലും കുഞ്ഞാടിന്റെ രക്തം പുരട്ടിയിരുന്നു (പുറ 12-7; 13-14). തങ്ങളുടെ ആദ്യജാതന്മാർ കൊല്ലപ്പെടാതിരിക്കാനും തങ്ങൾക്ക് ഈജിപ്തുകാരുടെ അടിമത്തത്തിൽ നിന്ന് മോചനം ലഭിക്കാനും കാരണമായ പെസഹാക്കുഞ്ഞാടിനെ ഇസ്രായേൽക്കാർ ആണ്ടുതോറും അനുസ്മരിക്കും. യഹൂദപഞ്ചാംഗം അനുസരിച്ച് നീസാൻമാസം 14-ാം തിയതിയാണ് പെസഹാ ആഘോഷിക്കുന്നത്. അന്ന് പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കും; അതിന്റെ മാംസം ഭക്ഷിക്കും.

യഹൂദർ പെസഹാക്കുഞ്ഞാടിനെ ബലികഴിക്കുന്ന ദിവസമാണ് യേശു മരണത്തിന് വിധിക്കപ്പെട്ടതും കുരിശിൽ മരിച്ചതും എന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്, പ്രത്യേകിച്ചും യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ. "*അശുദ്ധരാകാതെ പെസഹാഭക്ഷിക്കേണ്ടിയിരുന്നതിനാൽ അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല*" (യോഹ 18:28) എന്ന പ്രസ്താവനയിൽ ഈ കാലസൂചന വ്യക്തമാണ്. പീലാത്തോസ് യേശുവിനെ മരണത്തിന് വിധിച്ചത് യഹൂദർ പെസഹാക്കുഞ്ഞാടിനെ കൊല്ലുന്ന സമയത്തായിരുന്നു എന്ന് യോഹന്നാൻ കൃത്യമായി പറയുന്നു. "*അന്ന് പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാംമണിക്കൂറായിരുന്നു*" (യോഹ 19:14).

യേശുവിന്റെ നാട്ടിൽ നിലവിലിരുന്ന കാലഗണനപ്രകാരം സൂര്യാസ്തമനത്തോടെയാണ് ദിവസം ആരംഭിക്കുന്നത്. "*സന്ധ്യ*

*യായി, പ്രഭാതമായി, ഒന്നാം ദിവസം*" (ഉത്പ 1:5) എന്ന പ്രസ്താവന ഈ കാലഗണനയ്ക്കു തെളിവാണ്. ഇന്നും പൗരസ്ത്യ ആരാധനക്രമത്തിൽ ഈ സമയഗണന നിലനിൽക്കുന്നു. അതുകൊണ്ടാണല്ലോ ഞായറാഴ്ചത്തെ സായാഹ്നപ്രാർത്ഥന ശനിയാഴ്ച വൈകുന്നേരം ചൊല്ലുന്നത്. നീസാൻമാസം 14-ാം തീയതിയാണ് പെസഹാ ആഘോഷിക്കുക. അന്ന് സൂര്യാസ്തമനത്തിനുമുമ്പായി പെസഹാക്കുഞ്ഞാടിനെ കൊല്ലും. സൂര്യാസ്തമയത്തോടെ പെസഹാ ആരംഭിക്കും. അപ്പോൾ പെസഹാക്കുഞ്ഞാടിനെ കൊല്ലുന്നത് ഒരുക്കത്തിന്റെ ദിവസമായിരിക്കും. ഇതാണ് യേശുവിന്റെ മരണത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ "*അത് ഒരുക്കത്തിന്റെ ദിവസമായിരുന്നു*" (യോഹ 19:14) എന്നു പറയുന്നതിലൂടെ സൂചിപ്പിക്കുന്നത്.

യേശു മരിച്ച നീസാൻമാസം 14-ാം തിയതി റോമൻ കാലഗണനപ്രകാരം മാർച്ച് 25-ാം തിയതിയാണ്. അതിനാൽ മാർച്ച് 25-ാം തീയതിയാമ് ദൈവവചനം മറിയത്തിന്റെ ഉദരത്തിൽ മനുഷ്യനായി അവതരിച്ചത് എന്നു കരുതപ്പെട്ടു. ഇതിന്റെ വെളിച്ചത്തിൽ ആ ദിവസം മംഗലവാർത്താദിനമായി ആചരിക്കുന്നു. ഇവിടെ നിന്നു മുന്നോട്ട് ഒൻപതുമാസം കണക്കുകൂട്ടുമ്പോൾ ഡിസംബർ 25 യേശുവിന്റെ ജനനത്തിയതിയാകുന്നു. ഇതാണ് ഒരു വ്യാഖ്യാനം.

## 2. യോംകിപ്പൂർ - പാപപരിഹാരദിനം

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുമായി ബന്ധപ്പെട്ടതാണ് ഡിസംബർ 25-ന്റെ മറ്റൊരു വിശദീകരണം. പുരോഹിതൻ സഖറിയായ്ക്ക് ധൂപാർപ്പണസമയത്ത് ദൈവദൂതദർശനമുണ്ടാവുകയും തുടർന്ന് ഭാര്യ എലിസബത്ത് ഗർഭം ധരിക്കുകയും ചെയ്തതിനുശേഷം ആറാംമാസത്തിലാണ് ഗബ്രിയേൽ ദൂതൻ മംഗലവാർത്തയുമായി മറിയത്തെ സമീപിക്കുന്നതും മറിയം ഗർഭിണിയാകുന്നതും (ലൂക്കാ 1:26).

ദൈവാലയത്തിൽ ധൂപാർച്ചന നടത്താൻ സഖറിയായ്ക്ക് അവസരം ലഭിച്ചത് ഇസ്രായേൽ ജനത്തിന്റെ ഒരു സുപ്രധാന തിരുനാളായ, *യോംകിപ്പൂർ* എന്നറിയപ്പെടുന്ന, പാപപരിഹാരദിനത്തിലായിരുന്നു എന്നു കരുതപ്പെടുന്നു. യഹൂദപഞ്ചാംഗം അനുസരിച്ച് ഏഴാം മാസമായ തിഷ്റി മാസത്തിലായിരുന്നു പാപപ

രിഹാരദിനം ആചരിച്ചിരുന്നത്. അത് സെപ്തംബർ 25 ആയിരുന്നു എന്ന ധാരണയിൽ മംഗലവാർത്തയും മറിയത്തിന്റെ ഗർഭധാരണവും സംഭവിച്ചത്, ആറുമാസത്തിനുശേഷം മാർച്ച് 25-ന് ആയിരുന്നു എന്നു കരുതുന്നവരുണ്ട്. തുടർന്ന് 9 മാസങ്ങൾക്കു ശേഷം ഡിസംബർ 25-ന് യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്നു.

### 3. ഹനൂക്കാ - പ്രതിഷ്ഠാ തിരുനാൾ

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ മറ്റൊരു വ്യാഖ്യാനം യേശുവിന്റെ ജനനദിവസത്തെ യഹൂദർ ആചരിച്ചിരുന്ന, '*ഹനൂക്കാ*' എന്ന പേരിൽ അറിയപ്പെടുന്ന, പ്രതിഷ്ഠാതിരുനാളുമായി ബന്ധിപ്പിക്കുന്നു. സിറിയൻ രാജാവായ, ദൃശ്യനായ ദൈവം എന്നർഥമുള്ള *എപ്പിഫാനസ്* എന്ന പേര് സ്വയം നൽകിയ, അന്തിയോക്കസ് നാലാമൻ (ബി.സി. 175-164) സീയൂസ് ദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ചും പന്നിമാംസം ബലിയർപ്പിച്ചും ജറുസലെം ദൈവാലയം അശുദ്ധമാക്കി. യൂദാസ് മക്കബേയൂസിന്റെ നേതൃത്വത്തിൽ സിറിയാക്കാരെ തോൽപ്പിച്ചതിനുശേഷം ബി.സി 165-ൽ ജറുസലെം ദൈവാലയം ശുദ്ധീകരിച്ചു; ദൈവാരാധനയ്ക്കായി പുനഃപ്രതിഷ്ഠിച്ചു. ഇതിന്റെ ഓർമ വർഷംതോറും ആചരിക്കണം എന്നു നിശ്ചയിച്ചതിനെക്കുറിച്ച് ബൈബിളിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

"*ആണ്ടുതോറും കിസ്‌ലേവ് മാസത്തിന്റെ 25-ാം ദിവസംമുതൽ എട്ടു ദിവസത്തേക്ക് ആനന്ദത്തോടും ആഹ്ലാദത്തോടും കൂടെ ബലിപീഠ പ്രതിഷ്ഠയുടെ ഓർമയാചരിക്കണമെന്ന് യൂദായും സഹോദരന്മാരും ഇസ്രായേൽസമൂഹവും കൂടി തീരുമാനിച്ചു*" (1മക്ക 4:59).

യഹൂദപഞ്ചാംഗം അനുസരിച്ച് ഒമ്പതാം മാസമായ കിസ്‌ലേവ് മാസം (നവംബർ - ഡിസംബർ) 25-ാം തിയതി ആരംഭിച്ച് പത്താംമാസമായ തേബെത് മാസം (ഡിസംബർ-ജനുവരി) 2-ാം തിയതി അവസാനിക്കുന്ന, എട്ടു ദിവസം ദീർഘിക്കുന്ന ഉത്സവാഘോഷം '*ഹനുക്കാ*' എന്ന പേരിൽ അറിയപ്പെടുന്നു. പ്രതിഷ്ഠ എന്നാണ് ഈ ഹീബ്രു വാക്കിന്റെ അർഥം.

യഹൂദപഞ്ചാംഗവും ഇന്ന് പൊതുവേ നിലവിലിരിക്കുന്ന

ഗ്രിഗോറിയൻ പഞ്ചാംഗവും തമ്മിൽ, കാലഗണനയിൽ വ്യത്യാസങ്ങൾ ഉള്ളതിനാൽ തിരുനാളാഘോഷത്തിന്റെ ദിവസം നിശ്ചയിക്കുന്നതിൽ വ്യത്യാസങ്ങളുണ്ടാകാം. ഇക്കഴിഞ്ഞവർഷം 2022-ൽ ഹനുക്കാ ആഘോഷങ്ങൾ നടന്നത് ഡിസംബർ 19-26 തിയതികളിലായിരുന്നു. ഡിസംബർ 25-ാം തിയതി ഉത്സവാഘോഷം തുടങ്ങുന്ന വർഷങ്ങളുമുണ്ട്.

കിസ്‌ലേവ് മാസം 25-ാം തിയതി ആരംഭിക്കുന്ന 'ഹനുക്കാ' പ്രകാശത്തിന്റെ ഉത്സവമായി അറിയപ്പെടുന്നു. ഒമ്പതുശാഖകളുള്ള ഹനുക്കാ എന്നും മെനോറ എന്നും അറിയപ്പെടുന്ന ദീപപീഠത്തിലെ തിരികൾ തെളിക്കുന്നത് ഈ തിരുനാളിന്റെ ഒരു സവിശേഷതയാണ്. നടുവിലുള്ള തിരി കത്തിച്ചുകൊണ്ട് ആരംഭിക്കുന്നു. തുടർന്ന് ഓരോ ദിവസവും ഓരോ തിരി കത്തിക്കുന്നു. അതോടൊപ്പം പ്രാർഥനാലയവും വീടുകളും ദീപങ്ങൾകൊണ്ട് അലങ്കരിക്കുന്നു. സമ്മാനങ്ങൾ കൈമാറുന്നതും, പാട്ടുപാടിയും നൃത്തംചെയ്തും ആഹ്ലാദിച്ചുല്ലസിക്കുന്നതും ഈ ഉത്സവത്തിന്റെ സവിശേഷതകളാണ്.

ഈ തിരുനാളിനെ ക്രൈസ്തവർ തങ്ങളുടേതായ വ്യാഖ്യാനം നൽകി ആചരിക്കാൻ തുടങ്ങിയതാണ് ക്രിസ്മസ് ആഘോഷങ്ങളുടെ തുടക്കം എന്നു കരുതുന്നവരുണ്ട്. അത്യന്തം സന്തോഷപ്രദമായ ഒരു തിരുനാളാണിത്. അതിനാൽത്തന്നെ ദീപാലങ്കാരങ്ങളും സമ്മാനകൈമാറ്റങ്ങളും കരോൾ ഗാനങ്ങളും നൃത്തോല്ലാസങ്ങളുമെല്ലാം ആഘോഷങ്ങളുടെ പട്ടികയിൽപ്പെടുന്നു. ദൈവാലയ വിശുദ്ധീകരണവും പുനഃപ്രതിഷ്ഠയുമാണ് യഹൂദർ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതെങ്കിൽ ദൈവം തന്നെ ദൈവാലയമായി മാറുന്ന, അഥവാ മനുഷ്യശരീരത്തെ ദൈവാലയമാക്കി മാറ്റുന്ന, വചനത്തിന്റെ മനുഷ്യാവതാരമാണ് ക്രിസ്മസ് ദിനത്തിൽ അനുസ്മരിക്കുന്നതും ആഹ്ലാദത്തോടെ ആഘോഷിക്കുന്നതും.

യേശുവിന്റെ ശരീരമാണ് യഥാർഥ ദൈവാലയം. "*വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു*" (യോഹ 1:14); "*അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്*" (യോഹ 2:21) എന്നീ വ്യാഖ്യാനങ്ങൾ യേശുവും ദൈവാലയവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു. അതിനാൽ ദൈവാലയപ്രതിഷ്ഠ

യുടെ ഓർമ്മ ആഘോഷിച്ചിരുന്ന ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി ആഘോഷിക്കുന്നത് ഉചിതംതന്നെ.

### ചുരുക്കത്തിൽ

ദേശീയോത്സവംപോലെ ഇന്ന് ലോകമാസകലം ആഘോഷിക്കപ്പെടുന്ന ഒരു ദിവസമാണ് ക്രിസ്മസ്. യേശുവിനെ ദൈവപുത്രനായി അംഗീകരിക്കാത്തവരും ക്രിസ്മസ് ആഘോഷിക്കുന്നു. ക്രിസ്മസ് കേക്കും ക്രിസ്മസ് കാർഡും ക്രിസ്മസ് ട്രീയും എല്ലാം ഇന്ന് വ്യാപകമാണ്.

ഡിസംബർ 25-ാം തിയതി യേശുവിന്റെ ജന്മദിനമായി ആഘോഷിക്കുന്നതിന്റെ പിന്നിൽ വ്യത്യസ്തങ്ങളായ കാരണങ്ങൾ കാണാനാവും. സൂര്യന്റെ വൃദ്ധിക്ഷയങ്ങളുമായി ബന്ധപ്പെടുത്തുന്നതാണ് ഒരു വ്യാഖ്യാനം. പേർഷ്യക്കാരും പിന്നീട് റോമാക്കാരും ആചരിച്ചിരുന്ന അജയ്യസൂര്യന്റെ പുനർജനനവുമായി ബന്ധപ്പെടുത്തിയ ആഘോഷങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ രൂപഭാവങ്ങൾ നൽകി പുനരവതരിപ്പിച്ചതാണ് ക്രിസ്മസ് എന്നു കരുതുന്നവരുണ്ട്. യഹൂദരുടെ ഇടയിൽ നിലവിലിരുന്ന തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെടുത്തി ക്രിസ്മസ് ആഘോഷങ്ങളുടെ തുടക്കത്തെ വ്യാഖ്യാനിക്കുന്നവരുമുണ്ട്.

യേശു എന്നു ജനിച്ചു എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു രേഖയും ലഭ്യമല്ല. എന്നാൽ യേശുവിന്റെ മരണം പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിലായിരുന്നു എന്നതിനു വ്യക്തമായ രേഖകൾ ലഭ്യമാണ്. അതോടൊപ്പം യേശു മരിച്ചത് 33 വർഷം മുമ്പ് താൻ മാതൃഗർഭത്തിൽ ഉരുവായ ദിവസംതന്നെ ആയിരുന്നു എന്ന വിശ്വാസത്തെ ആസ്പദമാക്കി, ജനനത്തിയതി നിശ്ചയിക്കുന്നവരുണ്ട്. ഗർഭധാരണം നടന്നത് മാർച്ച് 25-ാം തിയതിയും അതിനാൽ ജനിച്ചത് ഡിസംബർ 25-ാം തിയതിയും ആണെന്ന് ഒരു കൂട്ടർ വാദിക്കുന്നു.

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് സഖറിയായ്ക്കു കിട്ടിയതും സ്നാപകൻ ഗർഭത്തിൽ ഉരുവായതും യഹൂദരുടെ ഒരു സുപ്രധാന തിരുനാളായ പാപപരിഹാരദിനത്തിലാണെന്ന ധാരണയിൽ മറിയത്തിന്റെ ഗർഭധാരണത്തിന്റെ തിയതി നിശ്ചയിക്കുന്നവരുണ്ട്. പാപപരിഹാരദിനം സെപ്തംബർ

25-ാം തിയതിയും അതിനാൽ മറിയത്തിന്റെ ഗർഭധാരണം മാർച്ച് 25-ാം തിയതിയും ആയി കരുതപ്പെടുന്നു. ഇതും യേശുവിന്റ ജനനത്തിയതി ഡിസംബർ 25 എന്നും സ്ഥിരീകരിക്കുന്നു. അവസാനമായി, ദൈവാലയ പ്രതിഷ്ഠാത്തിരുനാളുമായി ബന്ധിപ്പിച്ചും യേശുവിന്റെ ജനനം ഡിസംബർ 25-ാം തിയതി ആയിരുന്നു എന്ന് വാദിക്കുന്നവരുമുണ്ട്.

ഈ വിശദീകരണങ്ങളിൽ ഒന്നിനും വ്യക്തമായ ചരിത്രരേഖകളുടെ പിൻബലമില്ല; ഇതൊന്നും കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രബോധനത്തിന്റെ ഭാഗവുമല്ല. എന്നാൽ ദൈവവചനം മാംസംധരിച്ച്, മനുഷ്യനായി ജനിച്ചു, നമ്മുടെ ഇടയിൽ വസിച്ചു. സുവിശേഷം പ്രസംഗിച്ചു. പെഹസാത്തിരുനാളിന്റെ സാഹചര്യത്തിന്റെ ജറുസലെമിൽവച്ച്, കുരിശിൽ മരിച്ചു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. മനുഷ്യാവതാരവേളയിൽ മാറ്റിവച്ച തന്റെ ദൈവികമഹത്വത്തിലേക്ക് വീണ്ടും പ്രവേശിച്ചു. ഇന്ന് അദൃശ്യനായി നമ്മുടെ മധ്യേ വസിക്കുന്നു. ലോകാവസാനംവരെ അവൻ നമ്മോടുകൂടെ ഉണ്ടായിരിക്കും. ഇതാണ് കത്തോലിക്കാ സഭയുടെ പ്രബോധനം ഇതുമാത്രമാണ് പ്രസക്തം.

ഡിസംബർ 25 യേശുവിന്റെ ജനനം അനുസ്മരിക്കാനും ആഘോഷിക്കാനുമുള്ള അവസരമായി കരുതുക. അതിന്റെ ചരിത്രപരതയെക്കുറിച്ചുള്ള അന്വേഷണം എങ്ങും എത്തിച്ചില്ലെങ്കിലും യേശുവിനെ ഏകരക്ഷകനും കർത്താവുമായി ഏറ്റുപറയുന്നതിന് അത് തടസ്സമാവുകയില്ല; തടസ്സമാകരുത്.

# 6

## ഓശാന – ഹോസാന

കുർബാനമധ്യേ "ഓശാന" എന്ന് ആവർത്തിച്ചുപറയുന്നുണ്ട്. ചിലപ്പോൾ "ഹോസാന" എന്നും കേൾക്കാം. ഇതിനു പുറമേ "ഓശാന ഞായർ" സഭയിൽ ആഘോഷിക്കുന്നുണ്ട്. എന്താണ് ഈ ഓശാന? അത് "ഓശാന"യോ അഥവാ "ഹോസാന"യോ?

ആദ്യമേ വാക്കിൽ തുടങ്ങാം. "*ഹോഷെയാ നാ*" എന്ന രണ്ടു ഹീബ്രു വാക്കുകൾ ചേർന്നതാണ് ഓശാന എന്നും ഹോസാന എന്നും മലയാളത്തിൽ പറയുന്നത്. ഇംഗ്ലീഷിൽ ഹോസാന എന്നാണ് എഴുതുക. രക്ഷിക്കുക എന്നർത്ഥമുള്ള "*യാഷാ*" എന്ന ക്രിയാധാതുവിൽ നിന്നു രൂപാന്തരപ്പെട്ട ഒരു യാചനയാണ് "*ഹോഷെയാ*". രക്ഷിക്കൂ! എന്നർത്ഥം. അതിനെ വിനീതമായൊരു യാചനയായി അവതരിപ്പിക്കാൻ "നാ" എന്ന വാക്കു കൂടിച്ചേർക്കുന്നു. പച്ചമലയാളത്തിൽ "ണേ" എന്നാണിതിനർത്ഥം. ഹീബ്രുവിലെ "നാ"യും മലയാളത്തിലെ "ണേ"യും ഒരേ അർത്ഥമുള്ള യാചനാ രൂപമാണ്. ഇങ്ങനെ ഒന്ന് ഇംഗ്ലീഷിൽ ഇല്ലാത്തതിനാൽ "we begging you" "ഞങ്ങൾ യാചിക്കുന്നു" എന്ന ഒരു വാചകമായി ഇതിനെ വിവർത്തനം ചെയ്യുന്നു. അതിനാൽ "*ഹോഷെയാനാ*" എന്ന മൂലപദത്തിൽ "*രക്ഷിക്കണേ*" എന്നാണർത്ഥം. ഹെബ്രായ ഭാശയിലെ "ഷ" എന്ന അക്ഷരം "ശ", "ഷ", "സ" എന്നിങ്ങനെ വ്യത്യസ്ത രൂപങ്ങളിൽ ഉച്ചരിക്കാറുണ്ട്. അതിനാലാണ് ഓശാന യും ഹോസാന യും ഉണ്ടായത്. രണ്ടിന്റെയും അർത്ഥം ഒന്നുതന്നെ. രക്ഷിക്കണേ!

ആയിരങ്ങളുടെ അകമ്പടിയോടെ യേശു കഴുതപ്പുറത്തു കയറി വലിയ ആഘോഷത്തിന്റെയും ആർപ്പുവിളികളുടെയും

മധ്യേ ജറുസലെമിലേക്കു പ്രവേശിക്കുമ്പോൾ ജനക്കൂട്ടം ആർത്തു വിളിക്കാൻ ഉപയോഗിച്ച പദമാണിത്. മത്തായി മൂന്നുതവണയും (21,8.15) മർക്കോസ് രണ്ടു തവണയും (11,9.10) യോഹന്നാൻ ഒരു തവണയും (12,13) ഈ വാക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. സെമിറ്റിക് ഭാഷയിലുള്ള ഈ വാക്ക് തന്റെ വായനക്കാർക്കു മനസിലാവില്ലാത്തതിനാലാവാം, ലൂക്കാ ഇതുപയോഗിച്ചിട്ടില്ല. യേശുവിനെ രാജകീയമായി ജറുസലെമിൽ സ്വീകരിച്ച ജനം "*കർത്താവേ രക്ഷിക്കണേ*" എന്നു നിലവിളിക്കുന്നത് മനസിലാക്കാൻ പ്രയാസമുണ്ടാകാം.

"ഓശാന" എന്നത് ആരംഭത്തിൽ മിശിഹായെ അയച്ചു രക്ഷിക്കണേ എന്ന യാചനയായിരുന്നു. കർത്താവു നല്കിയ വിജയത്തിനു നന്ദി പറയുന്ന 118-ാം സങ്കീർത്തനങ്ങളിലെ ഒരു ഉദ്ഘോഷണവും അതേസമയം യാചനയുമായി പ്രത്യക്ഷപ്പെടുന്ന വാക്കുകളാണ് ഇപ്പോൾ യേശുവിനെ എതിരേൽക്കുന്ന ജനം വിളിച്ചു പറയുന്നത്.

"*കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു, ഞങ്ങളെ രക്ഷിക്കണേ, കർത്താവേ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങൾക്കു വിജയം തരണമേ*" (സങ്കീ 118,25). "*അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു, തരണേ*" എന്ന് ഇംഗ്ലീഷിന്റെ ചുവടുപിടിച്ച്, മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നത് "*ഹോഷെയാ നാ*" എന്ന ഹീബ്രു വാക്കുകളാണ്. ഇതുതന്നെയാണ് യേശുവിനെ രാജാവായി സ്വീകരിക്കുന്ന ജനം വിളിച്ചു പറഞ്ഞത്. അങ്ങനെ യാചന ജയ് വിളിയായി.

ഇന്നു വിശുദ്ധ കുർബ്ബാന മധ്യേ ഓശാന ഗാനം ആലപിക്കുന്നതിലൂടെ യേശു ജറുസലെം നഗരത്തിലേക്കു രാജകീയമായി പ്രവേശിച്ചതിന്റെയും, ജനം അവനെ രാജാവായി ഏറ്റുപറഞ്ഞ് സന്തോഷിച്ചതിന്റെയും ഓർമ്മ ആചരിക്കുന്നു. തിന്മയുടെ സകലശക്തികളെയും പരാജയപ്പെടുത്തി, ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിനായി വരുന്ന യേശുവിനെ ഇന്നു നാം രക്ഷകനും രാജാവുമായി ആഹ്ലാദപൂർവ്വം ഏറ്റുപറയുന്നു; സ്വീകരിക്കുന്നു. എന്നാൽ തിന്മ ഇനിയും ഈ ഭൂമിയിൽ നിന്ന് പൂർണ്ണമായി തുടച്ചുമാറ്റപ്പെട്ടിട്ടില്ല; മാത്രമല്ല കൂടുതൽ ശക്തിയാർജ്ജിച്ച് സർവ്വസംഹാരിയായി വളരുന്ന പ്രതീതി നിലനിൽക്കുന്നു. ഈ

സാഹചര്യത്തിൽ "ഓശാന"യുടെ രണ്ടാമത്തെ അർത്ഥം "രക്ഷിക്കണേ" എന്ന യാചന പ്രസക്തമാകുന്നു. ഒരേസമയം വിജയാഘോഷവും വിജയം പൂർണ്ണമാക്കണേ, അതിൽ എനിക്കും ഞങ്ങൾക്കും പങ്കുതരണേ എന്ന യാചനയും ഉൾക്കൊള്ളുന്നതാണ് ഓശാന എന്ന ഉദ്ഘോഷണം.

ഓശാന ഞായറാഴ്ചയെക്കുറിച്ചുകൂടി ഒരു വാക്ക്. നോമ്പുകാലത്തിന്റെ അവസാനത്തെ ആഴ്ച വലിയ അഴ്ച, ആരംഭിക്കുന്നത് ഓശാന ഞായറാഴ്ചയാണ്. അവസാനിക്കുന്നത് യേശുവിന്റെ ഉത്ഥാനം ആഘോഷിക്കുന്ന ഉയിർപ്പ് ഞായറിലും. ജറുസലെമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തോടെ രക്ഷാകർമ്മത്തിന്റെ പൂർത്തീകരണത്തിലേക്കു പ്രവേശിക്കുന്നു. താൻ ക്രിസ്തുവാണെന്നത് ആരോടും പറയരുത് എന്ന് വീണ്ടും വീണ്ടും വിലക്കിയിരുന്ന യേശു തന്നെ മുൻകൈ എടുത്താണ് ഈ രാജകീയ പ്രവേശനം ഒരുക്കിയത്. താൻ ആരെന്ന് എല്ലാവർക്കും അറിയാൻ കഴിയുന്ന വിധം പരസ്യമായൊരു പ്രഘോഷണമായിരുന്നു അത്. രാജാവിനെ അയച്ചു രക്ഷിക്കണേ എന്ന സങ്കീർത്തകന്റെ യാചനയ്ക്കു മറുപടിയും കഴുതപ്പുറത്ത് എഴുന്നള്ളുന്ന രാജാവിനെക്കുറിച്ചുള്ള സഖറിയായുടെ പ്രവചനത്തിന്റെ (9,9) പൂർത്തീകരണവും ഇവിടെ കാണാം.

ജനക്കൂട്ടം വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചും മരച്ചില്ലകൾ നിരത്തിയും രാജാവിനു പരവതാനി ഒരുക്കിയത് സങ്കീ 118,27 നല്കുന്ന നിർദ്ദേശത്തെ അനുസ്മരിപ്പിക്കുന്നു. ഈന്തപ്പനക്കൈകൾ വഹിച്ച് ഘോഷയാത്ര നടത്തിയത് (യോഹ 12,11) മക്കബായ രാജാവായ ശിമയോന്റെ നേതൃത്വത്തിൽ വിജാതീയരെ തുരത്തി, ജറുസലെം മോചിപ്പിക്കുകയും അവർ അശുദ്ധമാക്കിയ ദേവാലയം ശുദ്ധീകരിക്കുകയും ചെയ്തതിന്റെ (1 മക്ക 13,51) ഓർമ്മ പുതുക്കുന്നു. ആഘോഷപൂർവ്വം ജറുസലെമിലേക്കു പ്രവേശിച്ച യേശു ആദ്യമേ ചെയ്തത് ദേവാലയത്തിൽ കച്ചവടം ചെയ്തിരുന്നവരെ പുറത്താക്കി, ദേവാലയം ശുദ്ധീകരിക്കുകയായിരുന്നു എന്നതും ശ്രദ്ധേയമത്രെ.

മതനേതാക്കൾ തന്നെ കവർച്ചക്കാരുടെ ഗുഹയാക്കി മാറ്റിയ ദേവാലയം ശുദ്ധീകരിച്ചുകൊണ്ടാണ് യേശു വലിയ ആഴ്ച ആരംഭിച്ചത്. അതു യേശുവിന്റെ മരണത്തിലേക്കും തുടർന്ന്

ഉത്ഥാനത്തിലേക്കും നയിച്ചു. "ഓശാന" പാടുമ്പോൾ ഇക്കാര്യ ങ്ങളെല്ലാം ഓർമ്മിക്കണം. യേശുവിനെ രാജാവായി ഏറ്റുപറയു കയെന്നാൽ,അവിടുന്ന് ജീവിച്ചതും പ്രഘോഷിച്ചതുമായ മൂല്യ ങ്ങൾ സ്വീകരിച്ച് ജീവിതത്തിൽ പകർത്തുക എന്നും അർത്ഥ മുണ്ട്. ശരീരമാകുന്ന ദൈവാലയത്തെ ശുദ്ധമായി കാത്തുസൂ ക്ഷിക്കുക, വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിൽ നീതി, കാരുണ്യം, വിശ്വസ്തത (മത്താ 23,23) മുതലായ ദൈവരാജ്യ മൂല്യങ്ങൾ പ്രാവർത്തികമാക്കുക, അതുവഴി പരിശുദ്ധാത്മാവി ലുള്ള സന്തോഷം (റോമാ 14,17) അനുഭവിക്കുക- ഇതിനെല്ലാ മുള്ള ഒരു ആഹ്വാനവും "ഓശാന" നമ്മിൽ ഉണർത്തുന്നുണ്ട്. ഓശാന പാടുകയും ഓശാന ഞായർ ആഘോഷിക്കുകയും ചെയ്യുമ്പോൾ ഇക്കാര്യങ്ങളും അനുസ്മരിക്കണം.

# 7

## പെസഹാ

സീറോ മലഹാർ കുർബ്ബാന ആരംഭിക്കുന്നത് "*അന്നാ പെസ ഹാത്തിരുനാളിൽ കർത്താവരുളിയ കല്പനപോൽ തിരുനാമ ത്തിൽ ചേർന്നീടാം ഒരുമയോടീബലി അർപ്പിക്കാം*" എന്ന കാർമ്മി കന്റെ ആഹ്വാനത്തോടെയാണ്. എന്താണീ പെസഹാത്തിരുനാ ളിന്റെ പ്രത്യേകത? ഓരോ വിശുദ്ധ കുർബ്ബാനയിലൂടെ നാം പെസഹാ ആഘോഷിക്കുകയാണോ? വലിയ നോമ്പിന്റെ അവ സാനത്തെ ആഴ്ചയിലെ വ്യാഴാഴ്ച പൊതുവേ "പെസഹാ വ്യാഴം" എന്നും അറിയപ്പെടുന്നത്. എന്താണിതിന്റെ കാരണം?

ഇസ്രായേൽ ജനം, തങ്ങൾ അനുഭവിച്ച പ്രത്യേക ദൈവിക സംരക്ഷണത്തിലെ ചില മുഹൂർത്തങ്ങൾ തിരുനാളുകളായി ആണ്ടുതോറും ആഘോഷിച്ചിരുന്നു, ഇന്നും ആഘോഷിക്കുന്നു. അവയിൽ ഏറ്റം പ്രധാനപ്പെട്ട തിരുനാളാണ് പെസഹാ. കടന്നു പോവുക എന്നർത്ഥമുള്ള "*പാസാഹ്*" എന്ന ക്രിയയിൽ നിന്നും രൂപം കൊണ്ട നാമമാണ് "*പെസഹാ*". കടന്നുപോകൽ എന്നർത്ഥം. പ്രധാനമായും രണ്ടു കടന്നുപോകലാണ് ഈ തിരു നാളിൽ അവർ വർഷം തോറും അനുസ്മരിക്കുന്നതും ആഘോ ഷിക്കുന്നതും. രണ്ടും ഈജിപ്തിലെ അടിമത്തത്തിൽ നിന്നു ലഭിച്ച മോചനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

മോശ വഴി ദൈവം നല്കിയ നിരന്തരമായ ആഹ്വാന ത്തെയും ഒന്നിനൊന്നു ശക്തിയാർജ്ജിക്കുന്ന മഹാമാരിയെയും അവഗണിച്ച്, ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ വിസമ്മതിച്ച ഈജിപ്തുകാരുടെ മേൽദൈവം അയച്ച പത്താമത്തേതും ഏറ്റം കഠിനവുമായ ശിക്ഷാവിധിയായിരുന്നു ഏകജാതന്മാരുടെ വധം.

രാജാവു മുതൽ ഏറ്റം എളിയ അടിമവരെയുള്ളവരുടെ ആദ്യജാതന്മാരെ വധിച്ച ദൈവദൂതൻ, ഇസ്രായേൽക്കാരുടെ വീടുകളുടെ കട്ടിളപ്പടികളിൽ കുഞ്ഞാടിന്റെ രക്തം കണ്ടതിനാൽ, ആ വീടുകളെ തൊടാതെ കടന്നുപോയി. ഇസ്രായേൽക്കാരുടെ ആദ്യജാതന്മാർ വധിക്കപ്പെട്ടില്ല. സംഹാരദൂതന്റെ ഈ കടന്നുപോകലാണ് പെസഹാത്തിരുനാളിൽ അനുസ്മരിക്കുന്ന ഒരു കാര്യം.

ആദ്യജാതന്മാർ നഷ്ടപ്പെട്ട ജനത്തിന്റെ വിലാപം നാടിനെ മുഴുവൻ ദുഃഖത്തിലാഴ്ത്തിയപ്പോൾ ഇസ്രായേൽക്കാരെ സ്വതന്ത്രരായി വിടാൻ ഫറവോ തീരുമാനിച്ചു. എന്നാൽ അവർ പോയിക്കഴിഞ്ഞപ്പോൾ വീണ്ടുവിചാരമുണ്ടായി. അടിമകൾ പോകുന്നത് വലിയ നഷ്ടമായി കരുതിയ ഫറവോ സൈന്യസമേതം അവരെ പിന്തുടർന്നു. ചെങ്കടൽതീരത്തു പാളയമടിച്ചിരുന്ന ഇസ്രായേൽ ജനം ഈജിപ്തുസൈന്യത്തെ കണ്ടു ഭയന്നു നിലവിളിച്ചു. ദൈവം കല്പിച്ചതനുസരിച്ച് മോശ കടലിനുനേരേ വടി നീട്ടി. കടൽ ജലം പിളർന്നു, നടുവിൽ വഴി തെളിഞ്ഞു. വരണ്ട ഭൂമിയിലൂടെ ജനം കടൽ കടന്നു. പിന്തുടർന്ന ഈജിപ്തുസൈന്യം കടലിൽ മുങ്ങിച്ചത്തു. ഈജിപ്തിലെ അടിമത്തത്തിൽനിന്നു വാഗ്ദത്ത ഭൂമിയിലേക്കുള്ള ഈ കടന്നുപോകലും പെസഹാത്തിരുനാളിൽ അനുസ്മരിക്കുന്നു, ആഘോഷിക്കുന്നു.

ആണ്ടുതോറും ആഘോഷിച്ചിരുന്ന പെസഹായുടെ പശ്ചാത്തലത്തിലാണ് യേശു ശിഷ്യന്മാരോടൊപ്പം അന്ത്യ അത്താഴം ഭക്ഷിച്ചതും വിശുദ്ധ കുർബ്ബാന സ്ഥാപിച്ചതും. അത്താഴമധ്യേ മുറിക്കപ്പെടുന്ന തന്റെ ശരീരമായി അപ്പവും ചിന്തപ്പെടുന്ന രക്തമായി വീഞ്ഞും നല്കിക്കൊണ്ട് യേശു പെസഹാത്തിരുനാളിന് ഒരു പുതിയ അർത്ഥം നല്കി. ഇസ്രായേൽക്കാരുടെ ആദ്യജാതനെ സംഹാരദൂതനിൽനിന്നു രക്ഷിച്ച പെസഹാക്കുഞ്ഞാടിന്റെ പ്രതീകം തന്റെ ജീവൻ ബലിയർപ്പിച്ചുകൊണ്ട് യഥാർത്ഥ പെസഹാക്കുഞ്ഞാടായ യേശുവിൽ പൂർത്തിയാകുന്നു. അന്ന് അത്താഴവേളയിൽ പ്രതീകങ്ങളിലൂടെ അർപ്പിച്ച ബലി പിറ്റേന്ന് കുരിശിൽ യാഥാർത്ഥ്യമായി; അതോടെ പെസഹാത്തിരുനാളിനു പുതിയ അർത്ഥവും മാനവും കൈവന്നു.

ഈ ലോകം വിട്ട് പിതാവിന്റെ അടുക്കലേക്കു പോയതാണ് യേശുവിന്റെ പെസഹാ (യോഹ 13,1). അന്ത്യഅത്താഴവും പീഡാ

സഹനവും മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും എല്ലാം കൂടി ഉൾക്കൊള്ളുന്നതാണു യേശുവിന്റെ പെസഹാ. ഇനി ഒരു കുഞ്ഞാടിനെയും ബലിയർപ്പിക്കേണ്ടതില്ല. വരാനിരുന്ന മഹാ ബലിയുടെ പ്രതീകമായിരുന്ന ആ ബലികൾ എല്ലാം യേശു തന്റെ മരണത്തിലൂടെ പിതാവിനർപ്പിച്ച ഏക ബലിയിൽ പൂർത്തിയായി. അതിന്റെ അനുസ്മരണവും പുനരാവിഷ്ക്കരണവുമാണ് ഓരോ വിശുദ്ധ കുർബ്ബാനയിലും സംഭവിക്കുന്നത്. ആവർത്തനമല്ല, കാല ത്തിനതീതമായ യേശുവിന്റെ ബലിയിൽ ഇന്നു നാം പങ്കുചേ രുന്നു. അതാണല്ലോ പുനരാവിഷ്കരണം.

വലിയ ആഴ്ചയിലെ വ്യാഴാഴ്ച ദിവസം യേശു വിശുദ്ധ കുർബ്ബാന സ്ഥാപിച്ചതിന്റെ ഓർമ്മയാചരിച്ചുകൊണ്ട്, യേശു വിന്റെ കടന്നുപോകൽ അനുസ്മരിക്കുന്നു. എന്നാൽ അതോ ടൊപ്പം മറ്റൊന്നുകൂടിയുണ്ട്. യേശു ഈ ലോകം വിട്ട് പിതാ വിന്റെ അടുക്കലേക്കു പോയതുപോലെ യേശുവിൽ വിശ്വസി ക്കുകയും യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറയുകയും ചെയ്യുന്നവർക്കും ഒരു കടന്നുപോകലുണ്ട്. അവർക്ക് മരണം ജീവി തത്തിന്റെ അവസാനമല്ല, ശൂന്യതയിലേക്കു കൂപ്പുകുത്തലുമല്ലാ. മറിച്ച്, തന്നെ സ്നേഹിക്കുന്ന, കാത്തിരിക്കുന്ന, പിതാവിന്റെ ഭവ നത്തിലേക്ക്, അഥവാ ഹൃദയത്തിലേക്ക് കടന്നുപോകലാണ്. ഓരോ പെസഹാത്തിരുനാൾ ആഘോഷിക്കുമ്പോഴും ഓരോ വിശുദ്ധ ബലിയിൽ പങ്കുചേരുമ്പോഴും നാം ഓർക്കണം, നമുക്കും ഒരു പെസഹാ ഉണ്ട് എന്ന കാര്യം.

ഈ പെസഹാ ജീവിതാന്ത്യത്തിൽ സംഭവിക്കുന്നതു മാത്ര മല്ല. യേശുവിലുള്ള വിശ്വാസവും മാമ്മോദീസായും വഴി ദൈവിക ജീവനിലേക്കു നാം പ്രവേശിക്കുന്നതു തന്നെ ഒരു പെസഹാ ആണ്. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് കടന്നുപോന്നവരാണ് നാം എന്ന കാര്യം മറക്കാതിരിക്കാൻ, ഉപേക്ഷിച്ചുപോന്ന അടിമത്തത്തിലേക്ക്-അത് ഏതു വിധത്തിലുള്ളതുമാകട്ടെ, മടങ്ങിപ്പോകാതിരിക്കാൻ ശ്രമി ക്കണം. അതിനു പെസഹാത്തിരുനാൾ ആഹ്വാനം ചെയ്യുന്നു. ഒപ്പം നിത്യജീവിതത്തെ മുന്നിൽകണ്ട്, അതിനു യോഗ്യമായവിധം ജീവിതം നയിക്കാനും പെസഹാത്തിരുനാൾ ഓർമ്മിപ്പിക്കുന്നു.

പെസഹാത്തിരുനാളിൽ യേശു നല്കിയ കല്പനയും

പ്രത്യേകം അനുസ്മരിക്കണം, അനുസരിക്കണം. ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു - മേലങ്കിമാറ്റി, അടിമയുടെ കച്ച അരയിൽ ചുറ്റി, ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി, കാലുകഴുകി നല്കിയ മാതൃക (യോഹ 13, 14–15). അതോടൊപ്പം ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ (യോഹ 13,34) എന്ന കല്പനയും ഹൃദയത്തിൽ സൂക്ഷിച്ച്, ജീവിതത്തിൽ പകർത്താൻ പെസഹാത്തിരുനാൾ ആഹ്വാനം ചെയ്യുന്നു.

# 8

## ദുഃഖവെള്ളി – നല്ലവെള്ളി

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പീഡാനുഭവവും മരണവും അനുസ്മരിക്കുന്ന ദിവസത്തെ "ദുഃഖവെള്ളി" എന്നാണല്ലോ നാം സാധാരണ വിളിക്കുന്നത്. എന്നാൽ ഇംഗ്ലീഷിൽ ഇതിനെ "നല്ല വെള്ളി" എന്നർത്ഥമുള്ള ഗുഡ്ഫ്രൈഡെ (Good Friday) എന്നു വിളിക്കുന്നു. എന്താണീ വ്യത്യാസത്തിനു കാരണം? യഥാർത്ഥത്തിൽ നാം അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതും ദുഃഖവെള്ളിയാണോ അതോ സന്തോഷത്തിന്റെ ഉറവിടമായ "നല്ല വെള്ളി"യോ?

ബൈബിളിൽ ഈ രണ്ടു വിശേഷണങ്ങളും ഇല്ല എന്നതാണ് ആദ്യമേ ശ്രദ്ധയിൽപെടുന്ന കാലം. "*അതു സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു*" (യോഹ 19,31) എന്ന യോഹന്നാന്റെ വിവരണത്തിൽ നിന്ന് യേശു മരിച്ചത് ഒരു വെള്ളിയാഴ്ചയായിരുന്നു എന്നു വ്യക്തമാകുന്നു, യഹൂദർ പെസഹാ ആഘോഷിക്കുന്നതിന്റെ തലേദിവസം. സൂര്യാസ്തമയത്തോടെ ദിവസം ആരംഭിക്കുന്നതായി അവർ കണക്കുകൂട്ടിയിരുന്നു. പെസഹാകുഞ്ഞാടിനെ കൊല്ലുന്ന, അഥവാ ബലികഴിക്കുന്ന സമയത്താണല്ലോ യേശുവിനെ കുരിശിൽ തറച്ചതും യേശു മരിച്ചതും. അങ്ങനെ യേശു സ്വയം പെസഹാ കുഞ്ഞാടായി മാറുന്നു; പെസഹായ്ക്കു തന്നെ പുതിയ അർത്ഥവും മാനവും നല്കുന്നു.

യേശുവിന്റെ മരണം മനുഷ്യവർഗ്ഗത്തിനു മുഴുവൻ രക്ഷ നല്കുന്ന, എല്ലാ പാപങ്ങൾക്കും പരിഹാരമായ, ദൈവത്തിനു സ്വീകാര്യമായ ബലിയായിരുന്നു. യേശുവിന്റെ മരണത്തിലൂടെ

മനുഷ്യവർഗ്ഗത്തിനു മുഴുവൻ പാപമോചനവും നിത്യജീവനും ലഭ്യമായി എന്നത് വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ്. പാപം മൂലം തകർന്നുപോയ ദൈവ-മനുഷ്യ ബന്ധത്തെ വിളക്കിച്ചേർക്കുന്ന, മനുഷ്യരെ ദൈവമക്കളുടെ സ്ഥാനത്തേക്കുയർത്തുന്ന, യേശുവിന്റെ പീഡാനുഭവവും മരണവും തീർച്ചയായും വലിയ സന്തോഷത്തിന്റേയും നന്ദിയുടെയും അവസരമാണ്. അതിനാലായിരിക്കണം ഇംഗ്ലീഷിൽ യേശു മരിച്ച ദിവസത്തെ "നല്ല വെള്ളി" എന്നു വിശേഷിപ്പിക്കുന്നത്. പിന്നെ എന്തേ നാം ആ ദിവസത്തെ ദുഃഖവെള്ളി എന്നു വിളിക്കുന്നു?

ഒരേ സംഭവത്തിനു തന്നെ പല വശങ്ങളുണ്ടാകാം. പല വീക്ഷണകോണുകളിൽ നിന്ന് ഒരേ സംഭവത്തെ നോക്കിക്കാണുകയും വ്യാഖ്യാനിക്കുകയും ചെയ്യും. "*ദുഃഖവെള്ളി*" എന്നു വിളിക്കുന്നത് ഈ സംഭവത്തിന്റെ മറ്റൊരു മാനം വ്യക്തമാക്കുന്നു. "*കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ ഒരു സമൂഹവും യേശുവിന്റെ പിന്നാലെ പോയിരുന്നു*" (ലൂക്കാ 23,27). കുരിശിന്റെ വഴിയിൽ കണ്ണീരുമായി യേശുവിനെ അനുഗമിച്ചവർ അവൻ മരിച്ചതറിഞ്ഞപ്പോൾ "*മാറത്തടിച്ചുകൊണ്ട് തിരിച്ചുപോയി*" (ലൂക്കാ 23,48). യേശുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും മുന്നിൽ ശിഷ്യസമൂഹത്തിന്റെ പ്രതികരണമാണിത്. മാറത്തടിക്കുന്നതും കരയുന്നതും നിലവിളിക്കുന്നതും എല്ലാം അഗാധമായ ദുഃഖത്തിന്റെ പ്രകടനങ്ങളാണല്ലോ. ഈ അർത്ഥത്തിലാണ് നാം "*ദുഃഖവെള്ളി*" എന്നു പറയുന്നത്. എന്നാൽ യേശുവിന്റെ അതികഠിനമായ സഹനം കാണികളിൽ ഉണർത്തിയ ദുഃഖം എന്ന വികാരം മാത്രമല്ല "ദുഃഖവെള്ളി" എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത്. അതിന്റെ ആഴങ്ങളിലേക്ക് കടക്കുമ്പോൾ യേശുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും വ്യത്യസ്ത അർത്ഥതലങ്ങൾ വ്യക്തമാകും. പ്രധാനമായും നാലു തലങ്ങളിൽ ഈ സംഭവം കാണേണ്ടതുണ്ട്.

### 1. യേശുവിന്റെ എതിരാളികളുടെ വീക്ഷണം

യേശുവിനു മരണശിക്ഷ വിധിച്ച സാൻഹദ്രിൻ സംഘം തങ്ങൾ ദൈവത്തിന് ഏറെ പ്രീതികരമായൊരു പ്രവൃത്തിയാണ് ചെയ്യുന്നതെന്ന് വിശ്വസിച്ചു. കാരണം കേവലം ഒരു മനുഷ്യനായ ആ നസ്രത്തിലെ തച്ചൻ സ്വയം ദൈവതുല്യനായി പ്രഖ്യാ

പിച്ച് ദൈവദൂഷണം പറയുക മാത്രമല്ല, അനേകരെ വിശ്വാസ ത്തിൽ നിന്നു വഴി തെറ്റിക്കുകയും ചെയ്യുന്നു. അതിനാൽ ജനം മുഴുവൻ നശിക്കാതിരിക്കാൻ അവൻ മരിക്കണം എന്ന് അവർ തീരുമാനിച്ചു (യോഹ 11, 50). വിചാരണ മധ്യേ താൻ ദൈവതു ല്യനായ ദൈവപുത്രനാണെന്ന് സംശയത്തിനു പഴുതടച്ച് യേശു പ്രഖ്യാപിച്ചപ്പോൾ അതു ദൈവദൂഷണവും മരണശിക്ഷയർഹി ക്കുന്ന കുറ്റവുമാണെന്ന് സാൻഹദ്രിൻ സംഘം ഒന്നടങ്കം വിളിച്ചു പറഞ്ഞു (മർക്കോ 14,60-65).

യേശുവിന് വധശിക്ഷ വിധിച്ച് കുരിശിൽ തറച്ച റോമൻ അധികാരിയും യേശുവിനെ ഒരു കലാപകാരിയായാണ് കണ്ടതും വിധി എഴുതിയതും. ഇവനിൽ ഞാൻ കുറ്റമൊന്നും കാണുന്നില്ല, വിട്ടയക്കും എന്ന് ആവർത്തിച്ചു പറഞ്ഞ വിധിയാളൻ പീലാ ത്തോസ് തന്നെയാണ് വധശിക്ഷയുടെ വിധി വാചകം എഴുതി യത്, റോമൻ ശൈലിയിൽ ഏറ്റം ചുരുക്കം വാക്കുകളിൽ: (Jesus Nazarenus Rex Iudeorum - Jesus of Nazereth King of the Jesus - നസ്രായൻ യേശു യഹൂദരുടെ രാജാവ്). സ്വയം രാജാവായി പ്രഖ്യാപിച്ചുകൊണ്ട് റോമിനെതിരേ കലാപത്തിനു മുതിർന്നു എന്നതാണ് റോമൻ കോടതിയുടെ വിധി (യോഹ 18,28-19,22).

പ്രത്യക്ഷത്തിൽ പീലാത്തോസിന് അതേ വിധിക്കാൻ കഴി യുമായിരുന്നുള്ളൂ. സീസറിനു നികുതി നിഷേധിച്ചു, സ്വയം രാജാ വായി പ്രഖ്യാപിച്ചു, പതിനായിരങ്ങളുടെ അകമ്പടിയോടെ ജറു സലെമിലേക്ക്, യുദ്ധം ജയിച്ചുവരുന്ന രാജാവിനെപ്പോലെ, പ്രവേ ശിച്ചു. ഇതെല്ലാം മതിയായ തെളിവുകളാണ്. അതിനാൽ എതി രാളികളുടെ കാഴ്ചപ്പാടിൽ യേശു ദൈവദൂഷകനും വ്യാജപ്രവാ ചകനും കലാപകാരിയുമാണ്, അവനു വിധിച്ച വധശിക്ഷ തികച്ചും നിയമാനുസൃതവും.

## 2. ശിഷ്യഗണത്തിന്റെ വീക്ഷണം

യേശുവിനെ അനുഗമിച്ച ശിഷ്യഗണത്തിന് അവന്റെ പീഡാ സഹനവും മരണവും വലിയൊരു പരാജയമായേ കാണാൻ കഴി ഞ്ഞുള്ളൂ; ഒരു നിരപരാധനെതിരേ മത-രാഷ്ട്രീയ നേതൃത്വം ഒരുമിച്ചു നടത്തിയ അതിക്രൂരമായ ശിക്ഷാനടപടി. അവർക്ക് യേശുവിന്റെ മരണദിവസം തീർച്ചയായും ദുഃഖവെള്ളിയാണ്. തങ്ങളുടെ ഗുരുവും നാഥനുമായ യേശു നിഷ്കരുണം വധിക്ക

പ്പെട്ടതിലുള്ള ദുഃഖം ചിറപൊട്ടി ഒഴുകിയ ദിവസം. അവന്റെ മരണത്തിനു സാക്ഷിയായവർ മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു പോയത് ഈ ദുഃഖത്തിന്റെ പ്രകടനമാണ്.

### 3. യേശുവിന്റെ വീക്ഷണം

തന്റെ പീഡാസഹനവും മരണവും യേശു കണ്ടത് പിതാവിന്റെ തിരുഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങുന്ന സമ്പൂർണ്ണമായ അനുസരണമായിട്ടാണ്, അഥവാ ദൈവത്തിനു സ്വീകാര്യമായ ബലിയായി മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപവും സ്വന്തം ചുമലിലേറ്റി, വധശിക്ഷയേറ്റു വാങ്ങുകയാണ് കുരിശുമരണത്തിലൂടെ. സ്നേഹിതനു വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമല്ല (യോഹ 15, 13) എന്നു പഠിപ്പിച്ചവൻ, തന്റെ മരണത്തിലൂടെ, സ്നേഹത്തിന്റെ അർത്ഥവും ആഴവും വെളിപ്പെടുത്തി. യേശുവിന്റെ ഏകബലിയിലൂടെ അതുവരെ അർപ്പിക്കപ്പെട്ട സകല ബലികളും ലക്ഷ്യം വച്ചതും ലഭിക്കാതെപോയതുമായ പാപമോചനവും ദൈവത്തോടുള്ള അനുരഞ്ജനവും സാധ്യമായി.

കഴിയുമെങ്കിൽ ഈ പാനപാത്രം മാറ്റിത്തരണമേ എന്നു പ്രാർത്ഥിച്ചവൻ, അതേ ശ്വാസത്തിൽ തുടർന്നു "*എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ*" (ലൂക്കാ 22,47). പിതാവു തന്നെ ഏല്പിച്ച ദൗത്യം പൂർണ്ണമായും നിറവേറ്റി എന്ന സംതൃപ്തിയോടെയാണ് (യോഹ 19,20) യേശു മരിക്കുന്നത്. "*പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു*" (ലൂക്കാ 23,46). അങ്ങനെ, യേശുവിന്റെ കാഴ്ചപ്പാടിൽ കുരിശുമരണം ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പണമായിരുന്നു. അപ്പോൾ ഇത്ര ക്രൂരനാണോ പിതാവ് എന്നു ചോദിക്കാം. ഏകജാതൻ രക്തം വിയർത്ത് കേണപേക്ഷിച്ചിട്ടും, കുരിശിൽപ്പിടഞ്ഞ് നിലവിളിച്ചിട്ടും, മരണശിക്ഷ ഒഴിവാക്കാതെ, നിശ്ശബ്ദത പാലിച്ച പിതാവായ ദൈവത്തെ എങ്ങനെ കാണണം? ഏകജാതന്റെ മരണം കൊണ്ടു മാത്രമേ തൃപ്തിയാകൂ എന്നു ശാഠ്യം പിടിക്കുന്ന അത്ര ക്രൂരനാണോ ദൈവം? ഇവിടെയാണ് ദുഃഖവെള്ളിയുടെ നാലാമത്തെ തലം പ്രസക്തമാകുന്നത്.

## 4. പിതാവിന്റെ വീക്ഷണം

കുരിശിൽ പിടഞ്ഞു നിലവിളിക്കുന്ന ഏകജാതന്റെ രക്തം വലിച്ചുകുടിച്ച് തൃപ്തിയടയുന്ന ഒരു കിരാതമൂർത്തിയല്ല ദൈവം, പ്രത്യക്ഷത്തിൽ അങ്ങനെ തോന്നിയേക്കാമെങ്കിലും. വെറും സാധാരണ മനുഷ്യന്റെ ഭാഷയിൽ ചിന്തിച്ചാലും, ഞാൻ പ്രാണനുതുല്യം സ്നേഹിക്കുന്ന ഒരാൾ സഹിക്കുന്നതു കണ്ടുനില്ക്കുന്നതിനേക്കാൾ ആ സഹനം ഏറ്റെടുക്കാനായിരിക്കും ഞാൻ ഇഷ്ടപ്പെടുക. താൻ നൊന്തുപെറ്റ പൊന്നോമനയുടെ വേദന കഴിയുമെങ്കിൽ, സ്വയം ഏറ്റെടുത്ത്, കുഞ്ഞിന്റെ വേദന ഒഴിവാക്കാൻ ഏതമ്മയും ശ്രമിക്കും.

ഈ കാഴ്ചപ്പാടിൽനിന്ന് ദൈവപിതാവിന്റെ മനോഭാവത്തെ മനസിലാക്കാൻ ശ്രമിക്കുക. കുരിശിൽ കിടന്നു നിലവിളിക്കുന്ന മകനാണോ, ആ മകനെ കുരിശിൽ നിന്നും ഇറക്കിവിടാൻ കഴിയുമായിരുന്നിട്ടും അതു ചെയ്യാതെ, മരിക്കാൻ അനുവദിക്കുന്ന പിതാവാണോ കൂടുതൽ സഹിക്കുക? ഈ ചോദ്യത്തിനുത്തരം രാത്രിയിൽ തന്റെയടുക്കൽ വന്ന യഹൂദനേതാവായ നിക്കോദേമോസുമായുള്ള സംഭാഷണമധ്യേ, യേശു തന്നെ തരുന്നുണ്ട്: "*അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ മാത്രം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു*" (യോഹ 3,16). മകൻ മരിച്ചേ ക്ഷമിക്കൂ എന്നു ശാഠ്യം പിടിക്കുന്ന ക്രൂരനല്ല, മറിച്ച് ഏകജാതന്റെ മരണത്തിലൂടെ തന്റെ സ്നേഹത്തിന്റെ ആഴം പ്രകടമാകുന്ന പിതാവാണു ദൈവം.

ഈ ഒരു കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ യേശുവിന്റെ മരണത്തിൽ ഏറ്റം അധികം സഹിച്ചത് അനുയായികളല്ല, യേശുവുമല്ല, മറിച്ച് പിതാവായ ദൈവമാണ്. സ്നേഹത്തിന്റെ അളവുകോൽ സഹനമാണെന്ന് യേശു പഠിപ്പിച്ചു. ആ പാഠത്തിന്റെ ഏറ്റം വ്യക്തമായ ഉദാഹരണമാണ് ഏകജാതനെ മരണത്തിനേല്പിക്കുന്ന പിതാവ്.

യേശുവിന്റെ മരണത്തെ ദൈവത്തിന് സ്വീകാര്യവും പാപമോചനത്തിനു പര്യാപ്തവുമായ ബലിയായി ബൈബിൾ അവതരിപ്പിക്കുന്നുണ്ട്; നാം വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ ഈ കാഴ്ചപ്പാടിൽ അവഗണിക്കപ്പെടുകയോ കാണാതെ പോവു

കയോ ചെയ്യുന്ന ഒന്നുണ്ട്. പിതാവിന്റെ നിലപാട്. യേശു തന്റെ ജീവൻ പിതാവിന്റെ കൈകളിൽ ഏല്പിക്കുന്നതാണ് യേശുവിന്റെ ബലി. എന്നാൽ പിതാവ് എന്താണു ചെയ്തത്? തന്റെ ഏകജാതനെ നമുക്ക് ഏല്പിച്ചുതന്നു, തന്റെ ആഴമളക്കാനാവാത്ത, അനന്തസ്നേഹത്തിന്റെ അടയാളമായി. "*സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏല്പിച്ചുതന്നവൻ*" (റോമാ 8,32) എന്ന അപ്പസ്തോലന്റെ വിശദീകരണം ദുഃഖവെള്ളിയിലെ ബലിയർപ്പണത്തിന്റെ ആഴങ്ങൾ അനാവരണം ചെയ്യുന്നു; അതോടൊപ്പം ബലിയെ സംബന്ധിച്ച പുതിയൊരുൾക്കാഴ്ചയും നല്കുന്നു.

ദൈവം തന്റെ ഏകജാതനെ മനുഷ്യന്റെ കൈകളിൽ ഏല്പിച്ചു, തന്റെ അനന്തസ്നേഹത്തിന്റെ അടയാളമായി. പക്ഷേ, മനുഷ്യൻ എന്തു ചെയ്തു? ആ സ്നേഹം തിരസ്ക്കരിച്ചു. ജീവൻ നല്കാൻ വന്നവനെ വധിച്ചു. ദൈവം എതിർത്തില്ല. അങ്ങനെ തന്റെ സ്നേഹം എത്ര വലുതെന്ന് ഓരോ മനുഷ്യനും ഗ്രഹിക്കാൻ അവസരം നല്കി. അതോടൊപ്പം മരണത്തെയും മറികടക്കുന്നതാണ് ദൈവത്തിന്റെ സ്നേഹം എന്ന് യേശുവിന്റെ പുനരുത്ഥാനത്തിലൂടെ തെളിയിച്ചു.

ഈ പശ്ചാത്തലത്തിൽ യേശു മരിച്ച ദിവസത്തെ നാം എങ്ങനെ വിളിക്കും? "നല്ല ദിവസം" എന്ന ഇംഗ്ലീഷ് വിശേഷണം ശരിയാണ്. ദൈവത്തിന്റെ അനന്തസ്നേഹം വെളിപ്പെടുകയും നമുക്കു ദൈവികജീവൻ ലഭ്യമാവുകയും ചെയ്യുന്നതിനാൽ അതു "**നല്ല വെള്ളി**"യാഴ്ചയാണ്. അതേസമയം ദൈവസ്നേഹത്തെ തിരസ്തരിക്കുകയും ദൈവപുത്രനെ വധിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ സ്വന്തം പാപത്തെയും ലോകത്തിന്റെ പാപത്തെയും ഓർത്തു പശ്ചാത്തപിക്കാനും ദുഃഖിക്കാനും പ്രേരിപ്പിക്കുന്നതിനാൽ അതു "**ദുഃഖവെള്ളി**"യുമാണ്.

ജർമ്മൻ ഭാഷയിൽ ഇതിനെ *കാർ ഫ്രൈടാഗ്* (Karfreitag) എന്നാണു വിളിക്കുക. കരയുക, ദുഃഖിക്കുക, വിലപിക്കുക എന്നർത്ഥമുള്ള "*കാരാ*" എന്ന പഴയ ജർമ്മൻ ഭാഷയിലെ ഒരു വാക്കിനോട് വെള്ളിയാഴ്ചയെ സൂചിപ്പിക്കുന്ന ഫ്രൈടാഗ് ചേർത്തതാണു കാർ ഫ്രൈടാഗ്. *കണ്ണീരിന്റെ* അഥവാ *ദുഃഖത്തിന്റെ വെള്ളിയാഴ്ച* എന്നർത്ഥം. മലയാളത്തിൽ നാം കാണുന്ന

അതേ കാഴ്ചപ്പാടാണ് ഈ ജർമ്മൻ വാക്കിലും ഉള്ളത്. എന്നാൽ ഇറ്റാലിയൻ, ഫ്രഞ്ച് ഭാഷകളിൽ വിശുദ്ധവെള്ളി-*വെനെർദി സാന്തോ* (Venerdi Santo) എന്ന് ഇറ്റാലിയനിലും വാൻദ്റ്ദി സാന്റ് (Vendredi Saint) എന്ന് ഫ്രഞ്ച് ഭാഷയിലും പറയും. ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടതാണ് വിശുദ്ധം. ദൈവത്തിനായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടതും ദൈവത്തിന്റെ വിശുദ്ധി ഏറ്റം അധികം പ്രകടമായതും എന്ന അർത്ഥത്തിൽ *വിശുദ്ധവെള്ളി* എന്നു വിളിക്കുന്നു.

ഹ്രസ്വമായ ഈ അപഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ എത്തിച്ചേരുന്ന നിഗമനം ഇതാണ്. യേശുവിന്റെ പീഡാനുഭവവും മരണവും അനുസ്മരിക്കുന്ന ദിവസത്തിന്റെ ആഴമേറിയ അർത്ഥം പ്രകടമാക്കാൻ ഒരു വാക്കു പോരാ. പല വാക്കുകളും വിശേഷണങ്ങളും പല മാനങ്ങളും തലങ്ങളും അനാവരണം ചെയ്യുന്നു. അതിനാൽ *ദുഃഖവെള്ളി*യും *നല്ല വെള്ളി*യും *വിശുദ്ധ വെള്ളി*യും എല്ലാം സ്വീകാര്യമായ പദപ്രയോഗങ്ങൾ തന്നെ. യേശുവിന്റെ ബലി അനുസ്മരിക്കുമ്പോൾ ആ സ്നേഹത്തെപ്രതി ബലിയാകാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും എന്ന കാര്യം മറക്കാതിരിക്കാൻ ശ്രദ്ധിക്കണം.

# 9

## മൂന്നാം ദിവസം

ദൈവപുത്രനായ യേശുക്രിസ്തു മരിച്ച് മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്നുണ്ട്. എന്താണ് ഈ മൂന്നാംദിവസത്തിന്റെ പ്രത്യേകത? സുവിശേഷങ്ങളിലെ വിവരണങ്ങൾ അനുസരിച്ച് യേശു മരിച്ചത് വെള്ളിയാഴ്ച ഉച്ച കഴിഞ്ഞാണ്. ഞായറാഴ്ച അതിരാവിലെ കബറിടം ശൂന്യമായി കാണപ്പെട്ടു. കൃത്യമായി കണക്കുകൂട്ടിയാൽ മരണവും ഉത്ഥാനവും തമ്മിൽ 36 മണിക്കൂറിന്റെ അകലമേയുള്ളൂ. മൂന്നുദിവസമില്ല, ഒന്നര ദിവസം മാത്രം! അപ്പോൾ മൂന്നാം ദിവസം എന്നതു ശരിയാണോ?

ചോദ്യകർത്താവു തന്നെ സമ്മതിക്കുന്നതുപോലെ, പൊതുവായ ഉപയോഗം അനുസരിച്ച്, യേശു മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു എന്ന പ്രസ്താവന ശരിയാണ്. കാരണം വെള്ളി, ശനി, ഞായർ എന്നീ മൂന്നു ദിവസങ്ങളുടെ ഇടവേളയുണ്ട്. എന്നാൽ "*മൂന്നാം ദിവസം*" എന്ന പദപ്രയോഗം ബൈബിളിൽ കൃത്യമായൊരു കാലഗണനയ്ക്കുപരി മറ്റു ചിലത് സൂചിപ്പിക്കുന്നുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. *മൂന്നാം ദിവസം* എന്ന പദപ്രയോഗം പ്രത്യക്ഷപ്പെടുന്ന മറ്റു ബൈബിൾ ഭാഗങ്ങളിൽ ഇക്കാര്യം വ്യക്തമാക്കും.

ഗലീലിയുടെ ദേശാധിപതിയായ ഹേറോദേസ് അന്തിപ്പാസ് കൊല്ലാൻ ആലോചിക്കുന്നു, അതിനാൽ വേഗം നാടുവിട്ടു പോകണം എന്ന നിർദ്ദേശവുമായി തന്നെ സമീപിച്ച ഫരിസേയർക്ക് യേശു നല്കുന്ന മറുപടിയിൽ മൂന്നാംദിവസം എന്ന

പ്രയോഗം ശ്രദ്ധേയമാണ്. "*നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ. ഞാൻ ഇന്നും നാളെയും പിശാചുക്കളെ പറത്താക്കുകയും രോഗശാന്തി നല്കുകയും ചെയ്യും. മൂന്നാംദിവസം എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കും*" (ലൂക്കാ 13,32). ആദ്യവായനയിൽ മൂന്നാംദിവസം എന്നത് കണിശമായൊരു കാലഗണനയെ സൂചിപ്പിക്കുന്നതായി തോന്നാം. എന്നാൽ തുടർന്നുവരുന്ന വിശദീകരണം മറ്റൊരു സൂചന നല്കുന്നു. "*എങ്കിലും ഇന്നും നാളെയും മറ്റെന്നാളും ഞാൻ എന്റെ യാത്ര തുടരേണ്ടിയിരിക്കുന്നു. എന്തെന്നാൽ ജറുസലെമിനു പുറത്തു വച്ച് പ്രവാചകൻ വധിക്കപ്പെടുക സാധ്യമല്ല*" (ലൂക്കാ 13,32).

*മൂന്നാം ദിവസം, മറ്റന്നാൾ* എന്ന രണ്ടു പ്രയോഗങ്ങൾ ഒരേ അർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത് എന്ന് വ്യക്തം. മറ്റന്നാൾ എന്നത് കണിശമായ കാലസൂചനയാണ്. എന്നാൽ മൂന്നാംനാൾ എന്നത് ദൈവശാസ്ത്രപരമായൊരു പദപ്രയോഗമാണ്. ദൈവം നിശ്ചയിക്കുന്ന സമയം, ദൈവം പ്രത്യേകവിധത്തിൽ ചരിത്രത്തിൽ ഇടപെടുന്ന നിമിഷം എന്നാണ് "മൂന്നാംദിവസം" എന്ന പദപ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത് യേശു എവിടെ പ്രവർത്തിക്കണം, എത്രനാൾ പ്രവർത്തിക്കണം, എവിടെ, എപ്പോൾ എങ്ങനെ മരിക്കണം എന്നൊക്കെ ഹേറോദേസോ മറ്റേതെങ്കിലും മനുഷ്യവ്യക്തിയോ അല്ല, പിതാവായ ദൈവമാണ് നിശ്ചയിക്കുന്നത്. പിതാവ് നിശ്ചയിച്ച ദിവസമാണ് മൂന്നാം ദിവസം.

പഴയ നിയമത്തിലെ ചില പ്രയോഗങ്ങളും ഈ അർത്ഥം ഉൾക്കൊള്ളുന്നതായി കാണാം. വടക്കൻരാജ്യമായ ഇസ്രായേലിലേക്ക് അവസാനമായി അയയ്ക്കപ്പെട്ട പ്രവാചകനാണ് ഹോസിയാ. ബി.സി. 722-ൽ അസീറിയായുടെ ആക്രമണത്താൽ രാജ്യം നശിപ്പിക്കപ്പെടുന്നതിനു തൊട്ടുമുമ്പാണ് ഹോസിയാ പ്രവാചകദൗത്യം നിറവേറ്റിയത്. ഒന്നിനുപുറകേ ഒന്നായി ആഞ്ഞടിക്കുന്ന ദുരന്തങ്ങൾക്കുമുമ്പിൽ പകച്ചുനിൽക്കുന്ന ജനം തങ്ങളുടെ തെറ്റുകൾ ഏറ്റുപറയുന്നു, മാനസാന്തരപ്പെടുന്നു; അതിനാൽ ദൈവം തങ്ങളെ മരണത്തിൽനിന്നും മോചിപ്പിക്കും എന്നു വിശ്വസിക്കുന്നു. ഈ വിശ്വാസ പ്രകടനത്തിലാണ് മൂന്നാംദിവസം എന്ന പദപ്രയോഗം കാണുന്നത്: "*വരുവിൻ, നമുക്കു കർത്താവിലേക്കു*

*മടങ്ങിപ്പോകാം... അവിടുന്നു നമ്മെ പ്രഹരിച്ചു. അവിടുന്നു തന്നെ മുറിവുകൾ വച്ചുകെട്ടും. രണ്ടു ദിവസത്തിനുശേഷം അവിടുന്ന് നമുക്കു ജീവൻ തിരിച്ചുതരും. മൂന്നാംദിവസം അവിടുന്നു നമ്മെ ഉയിർപ്പിക്കും*" (ഹോസി 6,1-2).

ഇവിടെ മൂന്നാംദിവസം എന്ന പദപ്രയോഗം കൃത്യമായൊരു കാലഗണനയല്ല അവതരിപ്പിക്കുന്നത് എന്നു വ്യക്തം. ദൈവം തന്നെ ശിക്ഷ പിൻവലിച്ച്, മോചനം നല്കും. അതു താമസി യാതെ ഉണ്ടാകും. ദൈവം നിശ്ചയിക്കുന്ന സമയമാണ് മൂന്നാം ദിവസം. അതു ദൈവം തന്റെ ശക്തിയും കരുണയും പ്രകടമാക്കുന്ന, രക്ഷയുടെ ദിവസമായിരിക്കും. ഹോസിയായിലൂടെ നല്കപ്പെടുന്ന ഈ പ്രവചനത്തിൽ യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു വ്യംഗ്യമായൊരു സൂചനയും കാണാം.

സീനായ് ഉടമ്പടിയുമായി ബന്ധപ്പെട്ട് *മൂന്നാം ദിവസം* എന്ന പദപ്രയോഗം പ്രത്യേകശ്രദ്ധ അർഹിക്കുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നു ദൈവം മോചിപ്പിച്ച ജനം ചെങ്കടൽകടന്ന്, മരുഭൂമിയിലൂടെ യാത്രചെയ്ത്, സീനായ്മലയുടെ അടിവാരത്തിൽ പാളയമടിച്ചു. അവിടെവച്ചാണ് ഒരു ഉടമ്പടിയിലൂടെ ദൈവം അവരെ സ്വന്തം ജനമായി സ്ഥാപിച്ചത്. ഉടമ്പടി ഉറപ്പിക്കാൻ വേണ്ടി ഇറങ്ങിവരുന്ന ദൈവികസാന്നിധ്യത്തിൽ നിൽക്കാൻ വേണ്ടി ജനം തങ്ങളെത്തന്നെ ഒരുക്കണം എന്ന് മോശവഴി ദൈവം നല്കുന്ന നിർദ്ദേശത്തിൽ "*മൂന്നാം ദിവസം*" എന്ന പദപ്രയോഗം രണ്ടു തവണ പ്രത്യക്ഷപ്പെടുന്നു.

"*അപ്പോൾ കർത്താവു മോശയോടു പറഞ്ഞു: നീ ജനത്തിന്റെ അടുത്തേക്കു പോയി ഇന്നും നാളെയും അവരെ ശുദ്ധീകരിക്കുക. മൂന്നാംദിവസം അവർ തയ്യാറായിരിക്കണം. എന്തെന്നാൽ മൂന്നാം ദിവസം ജനം മുഴുവൻ കാൺകെ കർത്താവു സീനായ്മലയിൽ ഇറങ്ങിവരും*" (പുറ 19,10-11). ദൈവം ഇറങ്ങിവരുന്ന, അഥവാ ദൈവത്തിന്റെ ശക്തമായ സാന്നിധ്യം അനുഭവവേദ്യമാകുന്ന, സമയമാണ് മൂന്നാം ദിവസം.

ദൈവം ചരിത്രത്തിൽ ഏറ്റം ശക്തവും നിർണ്ണായകവുമാം വിധം ഇടപെട്ട അവസരമാണ് മൂന്നാംദിവസം. അതാണ് യേശു

വിന്റെ പുനരുത്ഥാനം, ഒരു പുതിയ സൃഷ്ടിയുടെ തുടക്കം. ദൈവം എല്ലാം നവീകരിക്കുന്നതിന്റെ തുടക്കമാണ് യേശുവിന്റെ പുനരുത്ഥാനം. ഈ അർത്ഥത്തിൽ "*മൂന്നാം ദിവസം*" എന്ന പ്രയോഗം, എന്നും പ്രസക്തമാണ്. ഈ ലോകത്തിൽ, ഓരോ വ്യക്തിയുടെയും ജീവിതത്തിൽ, ദൈവം നിർണ്ണായകമായി ഇട പെടും, മൂന്നാംദിവസം. അതിനാൽ നിരാശവേണ്ടാ. എനിക്കും ഒരു മൂന്നാംദിവസമുണ്ടാകും എന്ന് യേശുവിന്റെ മൂന്നാം ദിവസം അനുസ്മരിപ്പിക്കുന്നു, ഉറപ്പുനല്കുന്നു.

# 10

## ഉയിർപ്പ്

യേശുക്രിസ്തു മരിച്ച്, മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു എന്നാണ് നാം വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത്. എന്നാൽ ദൈവം യേശുവിനെ ഉയിർപ്പിച്ചു, യേശു മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു എന്നിങ്ങനെ ബൈബിളിൽ കാണുന്നു. ഇതിൽ ഏതാണ് ശരി? ഏതാണ് നാം വിശ്വസിക്കുന്നതും വിശ്വസിക്കേണ്ടതും?

ചോദ്യകർത്താവ് ഉന്നയിക്കുന്ന വ്യത്യാസം വിശ്വാസപ്രമാണവും ബൈബിളിലെ പ്രബോധനവും തമ്മിൽ മാത്രമല്ല, ബൈബിളിൽത്തന്നെ നിലനിൽക്കുന്നുണ്ട് എന്നതാണ് ആദ്യമേ ശ്രദ്ധിക്കേണ്ട കാര്യം. യേശുവിന്റെ പുനരുത്ഥാനത്തെ ക്കുറിച്ചു പറയുമ്പോൾ ഉയിർത്തെഴുന്നേറ്റു എന്നും ഉയിർപ്പിക്കപ്പെട്ടു എന്നും ഉള്ള പ്രസ്താവനകൾ ബൈബിളിൽ കാണാം. വി. പൗലോസിന്റെ ലേഖനങ്ങളിൽ യേശു ഉയിർപ്പിക്കപ്പെട്ടു എന്നും ദൈവം യേശുവിനെ ഉയിർപ്പിച്ചു എന്നുമുള്ള പ്രസ്താവനകളാണ് കാണുന്നത്. പിതാവായ ദൈവം പുത്രനായ യേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചു. ഇതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായി അപ്പസ്തോലൻ എടുത്തുകാട്ടുന്നത്. ഇത് പ്രവാചകന്മാർ വഴി മുൻകൂട്ടി അറിയിച്ചിരുന്നതിന്റെ പൂർത്തീകരണമാണ്.

"*എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും*" (1കോറി 15-4). ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനഘടകങ്ങൾ അനുസ്മരിപ്പിക്കുമ്പോളാണ് പൗലോസ് ഇതു പറയുന്നത്. തുടർന്ന് അനേകം തവണ യേശുവിന്റെ ഉത്ഥാനത്തെ

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരവുമായി അപ്പസ്തോലൻ എടുത്തുകാട്ടുന്നുണ്ട്. "*ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം*" (1 കോറി 15,14).

പിതാവായ ദൈവം പുത്രനായ യേശുക്രിസ്തുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചു എന്നതാണ് ആദ്യമേ നിലവിൽ വന്ന വിശ്വാസം എന്നു കരുതാൻ മതിയായ ന്യായമുണ്ട്. വി. പത്രോസിന്റെ ഒന്നാം ലേഖനത്തിലും ഈ വിശ്വാസം ഏറ്റുപറയുന്നു: "*യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത ദൈവത്തിൽ അവൻ മൂലം നിങ്ങൾ വിശ്വസിക്കുന്നു*" (1 പത്രോ 1,21).

തന്റെ പീഡാനുഭവത്തെക്കുറിച്ച് ശിഷ്യന്മാരെ മുൻകൂട്ടി അറിയിക്കുമ്പോൾ യേശുവും ഇതേ രീതിയിൽ തന്റെ ഉത്ഥാനത്തെക്കുറിച്ചു പഠിപ്പിച്ചതായി മത്തായി എഴുതിയ സുവിശേഷത്തിൽ കാണാം. മുഖ്യമായും മൂന്നു പീഡാനുഭവ പ്രവചനങ്ങളാണ് സമാന്തരസുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിരിക്കുന്നത്. ഈ മൂന്നു തവണയും "മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടും" എന്നാണു മത്തായി (മത്താ 16,21; 17,23; 20,19). ലൂക്കാ എഴുതിയ സുവിശേഷത്തിൽ ആദ്യത്തെ പീഡാനുഭവ പ്രവചനത്തിലും "ഉയിർപ്പിക്കപ്പെടും" എന്നു കാണുന്നു (ലൂക്കാ 9.22).

എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി താൻ ഉയിർത്തെഴുന്നേൽക്കും എന്ന് യേശു തന്നെ പറഞ്ഞതായും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസ് എഴുതിയ സുവിശേഷത്തിലെ മൂന്നു പീഡാനുഭവപ്രവചനങ്ങളും ഇപ്രകാരമാണു കാണുന്നത്. "*മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കുശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു*" (മർക്കോ, 8,31; 9,31; 10,34). യോഹന്നാനും ഇപ്രകാരമുള്ള കർത്തരിപ്രയോഗമാണ് യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ഉപയോഗിക്കുന്നത്. "*നിങ്ങൾ ഈ ആലയം നശിപ്പിക്കുവിൻ. മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും... തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ് അവൻ പറഞ്ഞത്*" (യോഹ. 2,20-21).

യേശു തന്റെ ശരീരമാകുന്ന ആലയത്തെ പുനരുത്ഥരിക്കും എന്നു പറയുന്നത് ഉയിർത്തെഴുന്നേല്ക്കും എന്നു പറയുന്നതിനു തുല്യ മാണ്. യേശുവിന്റെ ഉത്ഥാനത്തെ വിശ്വസിക്കാൻ കഴി യാതെപോയ ശിഷ്യന്മാരുടെ പരാജയത്തെക്കുറിച്ചു പറയുമ്പോൾ ഇതേ കർത്തരി പ്രയോഗമാണ് യോഹന്നാൻ ഉപയോഗിക്കുന്നത്: "*അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ ഇതുവരെ മനസ്സിലാക്കിയിരുന്നില്ല*" (യോഹ. 20,9).

ഇതിനുപുറമെ ദൈവം യേശുവിനെ പരിശുദ്ധാത്മാവു വഴി യാണ് ഉയിർപ്പിച്ചത് എന്ന സൂചനയും ബൈബിളിൽ കാണാം. "*യേശുവിനെ മരിച്ചവരിൽനിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങ ളിൽ വസിക്കുന്നുണ്ടെങ്കിൽ, യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും*" (റോമാ 8,11). ഈ യാഥാർത്ഥ്യമാണ് "മാർത്തോമ്മാക്കുരിശ്" എന്ന പേരിൽ അറി യപ്പെടുന്ന കുരിശിനുമുകളിൽ തലകീഴായി ചിത്രീകരിച്ചിരിക്കുന്ന പ്രാവിന്റെ രൂപത്തിലൂടെ എടുത്തുപറയുന്നത്.

**ചുരുക്കത്തിൽ**

വളരെ ഹ്രസ്വമായ ഈ അപഗ്രഥനത്തിൽനിന്ന് യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചു കണ്ടെത്താൻ കഴിഞ്ഞ കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. യേശു ഉയിർപ്പിക്കപ്പെട്ടു എന്നും യേശു വിനെ ദൈവം ഉയിർപ്പിച്ചു എന്നും പറയുന്നതിന്റെ അർത്ഥം ഒന്നു തന്നെ. പിതാവായ ദൈവമാണ് യേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചത്. അതു പരിശുദ്ധാത്മാവുവഴി ആയിരുന്നു. യേശു വിന്റെ മനുഷ്യവതാരം പരിശുദ്ധാത്മാവുവഴിയാണ് സംഭവിച്ചത് എന്നു സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിനു സമാ ന്തരമാണിത്.

യേശു ഉയിർത്തെഴുന്നേറ്റു എന്നു പറയുമ്പോൾ യേശുവിന്റെ ദൈവികതയ്ക്കും ദൈവികശക്തിക്കും ഊന്നൽ നല്കുന്നു. മര ണത്തിൽ നിന്നു ഉയിർത്തെഴുന്നേൽക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ. ഇതാണു തന്റെ അധികാരത്തെ ചോദ്യം ചെയ്ത ഫരി സേയർക്ക് യേശു നൽകിയ മറുപടിയിലെ അടയാളം.

ദൈവം ഉയിർപ്പിച്ചു, യേശു ഉയിർത്തെഴുന്നേറ്റു എന്ന രണ്ടു പ്രസ്താവനകളും ശരിയാണ്. അത്യന്തികമായി രണ്ടിന്റെ അർത്ഥവും ഒന്നുതന്നെ. ആദ്യത്തെ പ്രസ്താവനയിൽ പരിശുദ്ധത്രിത്വത്തിന് പ്രാധാന്യം നല്കുമ്പോൾ രണ്ടാമത്തേതിൽ യേശുവിന്റെ ദൈവത്വത്തിന് ഊന്നൽ നല്കുന്നു. അതേസമയം ദൈവത്തിന്റെ എല്ലാ പ്രവർത്തനങ്ങളും പിതാവായ ദൈവം പുത്രനായ യേശുക്രിസ്തുവഴി, പരിശുദ്ധാത്മാവിനാൽ നിർവ്വഹിക്കുന്നു എന്ന പൊതുവായ പ്രബോധനം ഇവിടെയും പ്രസക്തമാണ്.

# 11

## സ്വർഗ്ഗാരോഹണം

മരണത്തിൽനിന്ന് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ യേശു സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി എന്നതു വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. സ്വന്തം ശക്തിയാൽ സ്വർഗ്ഗത്തിലേക്കു കയറിപ്പോയി എന്നാണല്ലോ ഇതിന്റെ ധ്വനി. എന്നാൽ യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് സ്വർഗ്ഗാരോഹണത്തെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ വിവരണങ്ങളിൽ കാണുന്നത്: "*കർത്താവായ യേശു അവരോടു സംസാരിച്ചതിനുശേഷം, സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു*" (മർക്കോ 16,19). "*അവൻ അവരിൽനിന്നു മറയുകയും സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു*" (ലൂക്കാ 24,51). ഇതിൽ ഏതാണ് നാം വിശ്വസിക്കേണ്ടത്? ഇതിനും പുറമേ എവിടെയാണ് സ്വർഗ്ഗം എന്ന ചോദ്യവും പ്രസക്തമാണ്. മുകളിൽ എവിടെയോ ആണെന്ന ധാരണയാണ് ബൈബിളിലെ വിവരണങ്ങൾ എല്ലാം നല്കുന്നത്. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ അതാണല്ലോ അർത്ഥമാക്കുന്നത്.

ഇതോടൊപ്പം മറ്റൊരു ചോദ്യവും പ്രസക്തമാകുന്നു, മാതാവിന്റെ സ്വർഗ്ഗാരോപണം. യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് വിശ്വസിക്കുന്നതെങ്കിൽ അതുതന്നെയാണല്ലോ മാതാവിന്റെ സ്വർഗ്ഗാരോപണത്തിലും സംഭവിച്ചത്? മാതാവിനെ മാലാഖാമാർ സ്വർഗ്ഗത്തിലേക്ക് ഉയർത്തിക്കൊണ്ടുപോകുന്ന ചിത്രത്തിൽ കാണുന്നതുപോലെയാണോ യേശുവിനും സംഭവിച്ചത്?

ഏറെ തെറ്റായ വ്യാഖ്യാനങ്ങൾക്കും വിശദീകരണങ്ങൾക്കും

ഇടയായിട്ടുള്ളതാണ് യേശുവിന്റെ സ്വർഗ്ഗാരോഹണത്തെയും മാതാവിന്റെ സ്വർഗ്ഗാരോപണത്തെയുംകുറിച്ചുള്ള വിശ്വാസം. അതിനാൽത്തന്നെ വ്യക്തമായ ഉത്തരം ആവശ്യമാണ്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 659-667 ഖണ്ഡികകളിൽ സ്വർഗ്ഗരോഹണത്തെയും പിതാവിന്റെ വലതു ഭാഗത്ത് ഇരിക്കുന്നതിനെയുംകുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. "*ദൈവിക മഹത്വത്തിലേക്കുള്ള തന്റെ മനുഷ്യപ്രകൃതിയുടെ തിരിച്ചുവരവില്ലാത്ത പ്രവേശനമായിരുന്നു യേശുവിന്റെ അന്തിമ പ്രത്യക്ഷപ്പെടൽ*" (CCC 659). മനുഷ്യവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വത്തിലേക്ക് യേശു പ്രവേശിച്ചു. ഇതാണ് ഏറ്റം ലളിതമായ വാക്കുകളിൽ യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന്റെയും വലതുഭാഗത്ത് ഉപവിഷ്ടനാകുന്നതിന്റെ അർത്ഥം (ഫിലി 2,6-11). ഇവിടെ ഉന്നയിക്കപ്പെട്ട ഒരു ചോദ്യം സ്വർഗ്ഗത്തെ സംബന്ധിച്ചതാണ്. എന്താണ്, എവിടെയാണ് സ്വർഗ്ഗം?

സ്വർഗ്ഗത്തെക്കുറിച്ചുള്ള ബൈബിളിന്റെ വിവരണങ്ങൾ അന്നു നിലവിലിരുന്ന പ്രപഞ്ചസങ്കല്പത്തിന്റെ സ്വാധീനത്തിൽ രൂപം കൊണ്ടതാണ്; അതേസമയം പ്രതീകാത്മകഭാഷയിലാണ് സ്വർഗ്ഗത്തെക്കുറിച്ചും പ്രതിപാദിക്കുന്നത് എന്ന കാര്യവും മനസിൽ സൂക്ഷിക്കണം. ആകാശം, ഭൂമി, പാതാളം എന്ന ത്രിമാനദർശനമാണ് അന്നു പ്രപഞ്ചത്തെക്കുറിച്ചു നിലവിലിരുന്നത്.

പലകപോലെ പരന്നഭൂമി, താഴെയുള്ള ജലത്തിന്മേൽ, തൂണുകളിൽ ഉറപ്പിച്ചിരിക്കുന്നു. ഭൂമിക്കു മുകളിൽ കൂടാരം പോലെ വിരിച്ചുനിർത്തിയിരിക്കുന്ന ആകാശം. ആകാശത്തിനു മുകളിലുള്ള ജലത്തിനും മുകളിൽ ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം (ഉല്പ 1,6-10; സങ്കീ 18,9; 104, 4 ഉദാഹരണങ്ങൾ). ഭൂമിയുടെ അടിയിലെ വെള്ളത്തിനും അടിയിലാണ് മരിച്ചവരുടെ ആത്മാക്കളും പിശാചുക്കളും വസിക്കുന്ന പാതാളം. സ്വർഗ്ഗത്തിനു തന്നെ പല തട്ടുകൾ (10 തട്ടുകൾ എന്നു ചിലർ) ഉണ്ടെന്നും അവയിൽ ഏറ്റം മുകളിലത്തെ തട്ടിലാണ് ദൈവം വസിക്കുന്നത് എന്നു കരുതപ്പെട്ടിരുന്നു. ഈ കാഴ്ചപ്പാടിലാണ് മൂന്നാം സ്വർഗ്ഗം വരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ പറയുന്നത് (2 കൊറി 12,2-3).

പ്രപഞ്ചത്തെക്കുറിച്ച് ഇന്ന് ലഭ്യമായ ശാസ്ത്രീയ അറിവിന്റെ

മുമ്പിൽ ഈ വിവരണം അർത്ഥശൂന്യവും ബാലിശവുമായി തോന്നാം. സൂര്യനുചുറ്റും കറങ്ങുന്ന ഗോളങ്ങൾ അതാണ് സൗര യൂഥം. പതിനായിരം കോടി സൗരയൂഥങ്ങൾ ഉള്ള ക്ഷീരപഥം (Milky) എന്നറിയപ്പെടുന്ന താരാപഥ (Galaxy) ത്തിന്റെ ഭാഗ മാണ് നാം അധിവസിക്കുന്ന ഭൂമി. സെക്കന്റിൽ മൂന്നുലക്ഷം കിലോമീറ്റർ സഞ്ചരിക്കുന്ന പ്രകാശകിരണം വൃത്താകൃതിയി ലുള്ള ഈ താരാപഥത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്ത് എത്താൻ ഒരുലക്ഷം വർഷം എടുക്കും. ഒരു ലക്ഷം പ്രകാശ വർഷം വ്യാസമുള്ള താരാപഥം! ഇതുപോലുള്ള ഇരുപതിനാ യിരം കോടി (200 ബില്യൺ) താരാപഥങ്ങൾ ഉൾക്കൊള്ളുന്ന താണ് പ്രപഞ്ചം. സ്ഥിരം ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന കോടാ നുകോടി പ്രകാശഗോളങ്ങൾക്കും സൗരയൂഥങ്ങൾക്കും താരാ പഥങ്ങൾക്കും ഇടയിൽ എവിടെയാണ് മുകൾ? എവിടെയാണ് സ്വർഗ്ഗം?

ശാസ്ത്രീയമായി നോക്കുമ്പോൾ സൂര്യൻ ഉദിക്കുന്നില്ല, അസ്തമിക്കുന്നുമില്ല. എന്നാൽ ശാസ്ത്രകാരന്മാരും അനുഭവി ക്കുകയും പറയുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യമാണല്ലോ രാവും പകലും, സൂര്യോദയവും അസ്തമയവും. സാധാരണ മനു ഷ്യന് മനസിലാകുന്ന, അനുഭവത്തിൽ അധിഷ്ഠിതമായ, സംസാര രീതിയാണിത്. ഈ ശൈലിയാണ് സ്വർഗ്ഗത്തെയും സ്വർഗ്ഗാരോഹണത്തെയും കുറിച്ചു പ്രതിപാദിക്കുമ്പോൾ ബൈ ബിൾ ഉപയോഗിക്കുന്നത്. ഈ പദപ്രയോഗങ്ങൾ അക്ഷരാർത്ഥ ത്തിലല്ല, പ്രതീകാത്മകമായ അർത്ഥത്തിൽ മനസിലാക്കണം എന്നു ചുരുക്കം.

ഈ കാഴ്ചപ്പാടിൽ സ്വർഗ്ഗം ഒരു സ്ഥലമല്ല, അവസ്ഥയാണ്. മരണത്തോടെ മനുഷ്യന്റെ ആത്മാവ് ശരീരത്തിൽ നിന്നു വേർ പിരിയുന്നു. അതോടെ ഭൗതികമായ സ്ഥലകാലമാനങ്ങൾക്ക് അതീതമായിത്തീരുന്നു. ഇനി മുകൾ-താഴെ എന്ന സങ്കൽപ ങ്ങൾതന്നെ അർത്ഥശൂന്യമായിത്തീരുന്നു. ഇതിനെ ആത്മീയ അവസ്ഥ എന്നു വിശേഷിപ്പിക്കാം. ഇതിൽനിന്നുവേണം മനു ഷ്യന്റെ അന്ത്യങ്ങളായ സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം എന്ന യാഥാർത്ഥ്യങ്ങൾ മനസിലാക്കാൻ.

ഈ കാഴ്ചപ്പാടിൽ സ്വർഗ്ഗം എന്നാൽ ദൈവത്തോടുകൂടെ

ആയിരിക്കുന്ന അവസ്ഥ എന്നാണർത്ഥമാക്കുക. ദൈവത്തോടുള്ള വലിയ ആദരവുമൂലം ഇസ്രായേൽക്കാർ ദൈവത്തിന്റെ പേര് പറയാറില്ല. മോശയ്ക്കു ദൈവം വെളിപ്പെടുത്തിയ "*യാഹ്‌വേ*" എന്ന വാക്കു കാണുമ്പോൾ "*അദോനായ്*" എന്നാണവർ ഉച്ചരിക്കുക. "എന്റെ കർത്താവ്" അഥവാ "നാഥൻ" എന്നർത്ഥം അതിനാലാണ് ബൈബിൾ വിവർത്തനങ്ങളിൽ "യാഹ്‌വേ" എന്ന പേര് കർത്താവ് എന്നു വിവർത്തനം ചെയ്തിരിക്കുന്നത് ഒരുപടികൂടികടന്ന്, ദൈവം എന്ന വാക്കുപോലും പറയാൻ അവർ മടിക്കും. പകരം സ്വർഗ്ഗത്തിൽ വസിക്കുന്നവൻ, അത്യുന്നതൻ, സർവ്വശക്തൻ എന്നൊക്കെയുള്ള വിശേഷണങ്ങളായിരിക്കും പൊതുവേ ഉപയോഗിക്കുക. ഈ ഒരു ശൈലി മത്തായി എഴുതിയ സുവിശേഷത്തിൽ പ്രകടമാണ്. മറ്റു സുവിശേഷങ്ങളിൽ "*ദൈവരാജ്യം*" എന്നു പറയുന്ന യാഥാർത്ഥ്യത്തെ "*സ്വർഗ്ഗരാജ്യം*" എന്നു മത്തായി വിശേഷിപ്പിക്കുന്നു. (ഉദാ. മത്താ 4,17 മർക്കോ 1,15). ഇവിടെ സ്വർഗ്ഗം എന്നത് ദൈവത്തിന്റെ തന്നെ പര്യായമായി ഉപയോഗിച്ചിരിക്കുന്നു. അപ്പോൾ ദൈവം തന്നെയാണ് സ്വർഗ്ഗം. ദൈവം എവിടെയാണോ അവിടെയാണ് സ്വർഗ്ഗം. അതിനാൽ സ്വർഗ്ഗം തേടി ഏതെങ്കിലും ഒരു ഇടത്തിലേക്കു പോകേണ്ടതില്ല. സ്വർഗ്ഗത്തിൽ പോവുക എന്നാൽ ദൈവത്തിലേക്കു പോവുക എന്നുതന്നെയാണ് അർത്ഥമാക്കുക.

ഇനി സ്വർഗ്ഗാരോഹണത്തിലേക്കു മടങ്ങിവരാം. രണ്ടു സുവിശേഷങ്ങൾ യേശുവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുന്നില്ല എന്നതാണു ആദ്യമേ ശ്രദ്ധയിൽപ്പെടേണ്ടത്. "*യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും*" (മത്താ 28,22). ഇതാണ് മത്തായി എഴുതിയ സുവിശേഷത്തിലെ അവസാന വാക്യം. യേശു എന്നും കൂടെ വസിക്കും, വിട്ടുപോകില്ല. യോഹന്നാനും യേശുവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു പറയുന്നില്ല. എന്നാൽ ആ ആശയം വ്യക്തമാക്കുന്ന ഒരു വാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. "*ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു*" (യോഹ. 13,1). പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ ഉൾക്കൊള്ളുന്നതാണ് യേശുവിന്റെ പെസഹാ. അത് പിതാവിന്റെ അടുക്കലേക്കുള്ള കടന്നുപോകലായിരുന്നു.

ഈ ലോകം വിട്ട് പിതാവിന്റെ അടുക്കലേക്കു പോവുക. അതാണ് സ്വർഗ്ഗാരോഹണം. ഇവിടെ സ്ഥലമല്ല, അവസ്ഥയാണു പരിഗണനാവിഷയം. ദൈവമായിരുന്ന, ദൈവത്തോടുകൂടെ ആയിരുന്ന, വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചതാണ് മനുഷ്യവതാരം (യോഹ 1,3-14). ഈ ലോകം വിട്ട് പിതാവിന്റെ അടുക്കലേക്കു തിരിച്ചുപോകുന്നതാണ് സ്വർഗ്ഗാരോഹണം. മനുഷ്യവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വം വീണ്ടും സ്വീകരിക്കുന്നതാണ് യേശുവിന്റെ സ്വർഗ്ഗാരോഹണം എന്നു വി. പൗലോസ് പഠിപ്പിക്കുന്നു. (ഫിലി 2,6-11). സ്വർഗ്ഗാരോഹണം വിവരിക്കുന്ന മർക്കോസും ലൂക്കായും ഇതേ സത്യം തന്നെയാണ് അവതരിപ്പിക്കുന്നത്. യേശു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നു പറയുന്നതിനു തൊട്ടുപിന്നാലെ ആ പ്രസ്താവനയുടെ ഒരു വിശദീകരണം പോലെ "*കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു*" (മർക്കോ 16,20) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. സ്വർഗ്ഗാരോഹണം വഴി അകന്നുപോവുകയല്ല, സ്ഥല-കാല മാനങ്ങൾക്കതീതമായി, എന്നും എല്ലായിടത്തും കൂടെ ആയിരിക്കുക - അതാണ് സ്വർഗ്ഗാരോഹണംകൊണ്ട് സംഭവിക്കുന്നത്. അതിനാൽ സ്വർഗ്ഗം മുകളിലോ താഴെയോ എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു. സ്വർഗ്ഗം സ്ഥലത്തിനതീതമാണ്. എല്ലായിടത്തും ഉണ്ട്. ദൈവം എവിടെയോ അവിടെയാണ് സ്വർഗ്ഗം. അതൊരവസ്ഥയാണ്. അനുഭവമാണ്. ദൈവം തന്നെയാണ് സ്വർഗ്ഗം. ദൈവത്തോടൊപ്പമായിരിക്കുന്നവൻ സ്വർഗ്ഗത്തിലാണ്. അത് എന്നാണല്ലോ "*ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ട്*" (ലൂക്കാ 17,20) എന്ന് യേശു പഠിപ്പിച്ചത്.

## സ്വർഗ്ഗാരോഹണം - സ്വർഗ്ഗാരോപണം

ഈ രണ്ട് അവതരണരീതികളും സുവിശേഷങ്ങളിൽ കാണാം. യേശുവിന്റെ പീഡാനുഭവപ്രവചനങ്ങൾ അവതരിപ്പിക്കുമ്പോൾ ഉത്ഥാനത്തെക്കുറിച്ചു പറയാൻ ഉപയോഗിച്ച രണ്ട് അവതരണരീതികളുംപോലെ (ഉയിർപ്പിക്കപ്പെടും, ഉയിർത്തെഴുന്നേൽക്കും) ഇവിടെയും കാണുന്നു. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ എന്നു സൂചിപ്പിക്കുന്ന അവതരണങ്ങളും കാണാം. സ്വർഗ്ഗത്തിലേക്കു വഹിക്കപ്പെടും എന്നാണ് ലൂക്കാ 24,51-ൽ കാണു

ന്നത്. അതുതന്നെ അപ്പ 1-9-ലും കാണാം "*ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ അവർ നോക്കിനിൽക്കെ, അവൻ ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ടു.*" എന്നാൽ അപ്പ 1,11 ൽ ഈ രണ്ടു പ്രയോഗങ്ങളും സമാന്തരമായി അവതരിപ്പിച്ചുകൊണ്ട് രണ്ടിന്റെയും അർത്ഥസൂചന ഒന്നുതന്നെയെന്നു പറയുന്നു: "*നിങ്ങളിൽ നിന്ന് സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ട യേശു, സ്വർഗ്ഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തിരിച്ചുവരും*".

സംവഹിക്കപ്പെട്ടു-പോയി, ഈ രണ്ടു വാക്കുകളും ഒരേ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. അതിനാൽ രണ്ടവതരണങ്ങളുടെയും അർത്ഥസൂചന ഒന്നുതന്നെ. എന്നാൽ നല്കുന്ന ഊന്നലിലും ധ്വനിയിലും വ്യത്യാസമുണ്ട്. സംവഹിക്കപ്പെട്ടു എന്ന കർമ്മണിപ്രയോഗം പരിശുദ്ധത്രിത്വത്തിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. പിതാവ് പരിശുദ്ധാത്മാവു വഴി പുത്രനെ മഹത്വത്തിലേക്കു പ്രവേശിപ്പിച്ചു എന്ന സൂചനയാണ് നല്കുന്നത്. എന്നാൽ യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു എന്നു പറയുമ്പോൾ യേശുവിന്റെ ദൈവത്വത്തിന് ഊന്നൽ നൽകുന്നതായി കാണാം. യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു പറയുമ്പോൾ ഉപയോഗിക്കുന്ന അതേ ശൈലിയാണ് ഇവിടെയും ഉപയോഗിക്കുന്നത്. അതിനാൽ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നും സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി അഥവാ കയറിപ്പോയി എന്നും പറയുന്നതും. ഫലത്തിൽ ഒരേ സത്യം തന്നെ അവതരിപ്പിക്കുന്നു.

## മാതാവിന്റെ സ്വർഗ്ഗാരോപണം

എന്നാൽ, ഇതിൽനിന്നു തികച്ചും വ്യത്യസ്തമാണ് മാതാവിന്റെ സ്വർഗ്ഗാരോപണം ഇവിടെ മാതാവു സ്വന്തം ശക്തിയാൽ സ്വർഗ്ഗത്തിലേക്കു കയറിപ്പോവുകയല്ല. മറിച്ച് ദൈവം മാതാവിനെ തന്റെ സാന്നിധ്യത്തിലേക്ക് സ്വീകരിക്കുകയാണ്. സ്വർഗ്ഗത്തെക്കുറിച്ചു കണ്ടകാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ മറിയം ദൈവികസാന്നിധ്യത്തിലേക്ക് സംവഹിക്കപ്പെട്ടു, ദൈവികജീവനിൽ പൂർണ്ണമായും പങ്കുചേർന്നു എന്നു സ്വർഗ്ഗാരോപണത്തെ വ്യാഖ്യാനിക്കാനാവും.

1950 നവംബർ 1-ാം തിയതി പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പ അത്യുദാരനായ ദൈവം (Munificentissimus Deus) എന്ന ഔദ്യോ

ഗികലിഖിതത്തിലൂടെ മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. അതിന്റെ സാരാംശം ഉൾക്കൊള്ളുന്ന പ്രഖ്യാപനം: "*അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം, തന്റെ ഇഹലോകജീവിതത്തിന്റെ അവസാനം, ആത്മശരീരങ്ങളോടെ സ്വർഗ്ഗീയമഹത്വത്തിലേക്കു സംവഹിക്കപ്പെട്ടു എന്നത് ദൈവം വെളിപ്പെടുത്തിയ വിശ്വാസസത്യമാണെന്നു നാം പ്രഖ്യാപിക്കുന്നു*" സ്വർഗ്ഗാരോപണത്തിന്റെ അർത്ഥം വ്യക്തമാക്കുന്നു.

മറിയം മരിച്ചോ ഇല്ലയോ എന്ന കാര്യത്തിൽ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ തർക്കം നിലനിന്നു. പാപത്തിന്റെ ഫലമാണു മരണം. അതിനാൽ പാപരഹിതയായി ജനിക്കുകയും ജീവിക്കുകയും ചെയ്ത മറിയം മരിച്ചില്ല എന്ന് ഒരു കൂട്ടർ വാദിച്ചു. എന്നാൽ തന്റെ പുത്രനോട് എല്ലാവിധത്തിലും താദാത്മ്യപ്പെട്ട മാതാവ് പുത്രന്റെ മരണത്തിലും പങ്കുചേർന്നു എന്നു വേറൊരു കൂട്ടർ വാദിച്ചു. ഈ തർക്കത്തിന് തീർപ്പുകല്പിക്കാതെയാണ് സ്വർഗ്ഗാരോപണം വിശ്വാസസത്യമായി മാർപ്പാപ്പ പ്രഖ്യാപിച്ചത്. "തന്റെ ഐഹിക ജീവിതത്തിന്റെ അവസാനം" എന്നതു രണ്ടു വിധത്തിലും വ്യാഖ്യാനിക്കാം.

മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു രൂപാന്തരീകരണം ഉൾക്കൊള്ളുന്നുണ്ട്. ഈ ലോകത്തിൽ ജീവിച്ച ശരീരം അതേപടി സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുകയില്ല, മറിച്ച് രൂപാന്തരപ്പെട്ട്, ദൈവസന്നിധിയിൽ എന്നേക്കും ആയിരിക്കുകയാണ് ചെയ്യുന്നത്. ഇതുതന്നെയാണ് ലോകാവസാനത്തിൽ ഓരോ വ്യക്തിക്കും സംഭവിക്കുക. ശരീരങ്ങൾ ഉയിർപ്പിക്കപ്പെടും. നന്മ ചെയ്തവർ എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കും. ദൈവത്തോടു വിശ്വസ്തരായി ജീവിച്ചു മരിക്കുന്ന ഓരോ വിശ്വാസിക്കും ലഭിക്കാനിരിക്കുന്ന മഹത്വത്തിന്റെ പ്രതീകവും മുന്നാസ്വാദനവുമാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണം.

### ഏലിയായുടെ സ്വർഗ്ഗാരോപണം

ഏലിയായെ ദൈവം ചുഴലിക്കാറ്റിലൂടെ സ്വർഗ്ഗത്തിലേക്ക് എടുത്തു എന്നു പറയുന്ന ബൈബിൾഭാഗം (2 രാജാ 2,1-12) ഈ അർത്ഥത്തിലല്ല മനസിലാക്കേണ്ടത് എന്നു മറ്റു ബൈബിൾ വാക്യങ്ങളുടെ പശ്ചാത്തലത്തിൽ കാണാൻ കഴിയും. "*സ്വർഗ്ഗത്തിൽ*

*നിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗ്ഗത്തിൽ കയറിയിട്ടില്ല*" (യോഹ. 3,13) എന്ന യേശുവിന്റെ തിരുവചനം ഇതിനുമതിയായ തെളിവാണ്. ഏലിയായുടെ സ്വർഗ്ഗാരോപണത്തെ ഒരു പ്രതീകാത്മകചിത്രീകരണമായി വേണം മനസിലാക്കാൻ. ഏലിയാ മരിച്ചില്ല, സ്വർഗ്ഗത്തിൽ ദൈവത്തോടൊത്തു വസിക്കുന്നു, ലോകാവസാനത്തിനുമുമ്പ് ജനത്തെ മാനസാന്തരത്തിനു ക്ഷണിക്കാനായി വീണ്ടും വരും എന്നിങ്ങനെയുള്ള പഠനങ്ങൾ ബൈബിളിൽ കാണാം (പ്രഭാ 48,8–10; മലാ 4,5–6). യേശുവിന്റെ രൂപാന്തരീകരണവേളയിൽ ഏലിയായും മോശയും പ്രത്യക്ഷപ്പെട്ടതും ഏലിയായുടെ സ്വർഗ്ഗാരോപണത്തെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാൻ പ്രേരിപ്പിക്കുന്നതായി തോന്നാം. എന്നാൽ ആ തോന്നൽ ശരിയല്ല.

യേശുവിന്റെ രൂപാന്തരീകരണവേളയിൽ ഏലിയായോടൊപ്പം പ്രത്യക്ഷപ്പെട്ട മോശ മരിച്ച് സംസ്ക്കരിക്കപ്പെട്ടതായിരുന്നു എന്ന് നിയ. 34,5-ൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ മരിക്കാതെ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടതല്ല ഏലിയായുടെ സ്വർഗ്ഗാരോപണം. അഗ്നിപോലെ ജ്വലിക്കുന്ന ദൈവവചനവുമായി വന്ന അഗ്നി പ്രവാചകൻ അഗ്നിയിൽത്തന്നെ അപ്രത്യക്ഷനായി. ഏല്പിച്ച ദൗത്യം പൂർത്തിയാക്കികഴിഞ്ഞപ്പോൾ ദൈവം ഏലിയായുടെ ജീവൻ സ്വീകരിച്ചു. എലീഷായെ പിൻഗാമിയായി നിശ്ചയിച്ചു.

ദൈവത്തിനു പ്രീതികരനായി 365 വർഷം ജീവിച്ച ഹെനോക്കിനെക്കുറിച്ചും ഇതുപോലൊരു പ്രസ്താവന ബൈബിളിൽ കാണാം. "*ഹെനോക്ക് ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല; ദൈവം അവനെ എടുത്തു*" (ഉൽപ 5,23–24). ഇതും ഒരു സ്വർഗ്ഗാരോപണത്തെയല്ല സൂചിപ്പിക്കുന്നത്. ദൈവത്തിനു പ്രീതികരമായി ജീവിക്കുന്നവരെ ദൈവം സ്വീകരിക്കുന്നു. ഐഹിക ജീവിതം അവസാനിക്കുമ്പോൾ അവരെ നിത്യജീവിതത്തിലേക്കു പ്രവേശിപ്പിക്കുന്നു. എന്നാൽ യേശുവിന്റെ മരണവും മഹത്വീകരണവും വഴി മാത്രമാണ് മരിച്ചവർ സ്വർഗ്ഗഭാഗ്യത്തിൽ പ്രവേശിക്കുക എന്ന് കത്തോലിക്കാസഭ, ബൈബിളിൽ അടിസ്ഥാനമാക്കി പഠിപ്പിക്കുന്നുണ്ട്.

### ചുരുക്കത്തിൽ

സ്വർഗ്ഗം ഏതെങ്കിലും ഒരു സ്ഥലം എന്നതിലുപരി ഒരവസ്ഥയായി കാണണം. ദൈവത്തോടൊന്നിച്ചായിരിക്കുക എന്നാണ് സ്വർഗ്ഗത്തിൽ ആയിരിക്കുക എന്നതിനർത്ഥം. "*നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും*" (ലൂക്കാ 23,43) എന്ന് യേശു കുരിശിൽ മരിക്കുന്ന കുറ്റവാളിയോടു പറഞ്ഞതുപോലെ. സ്വർഗ്ഗം എന്നത് ദൈവത്തിന്റെ തന്നെ പര്യായമായും കരുതാനാവും.

യേശുവിന്റെ സ്വർഗ്ഗാരോഹണം രണ്ടുവിധത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. രണ്ടും പരസ്പരപൂരകങ്ങളായ സമാന്തരപ്രസ്താവനകളായി കാണണം. യേശു സ്വർഗ്ഗത്തിലേക്കു കയറി എന്നത് യേശുവിന്റെ ദൈവികതയ്ക്ക് ഊന്നൽ നൽകുമ്പോൾ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നത് യേശുവിന്റെ മറ്റെല്ലാ പ്രവർത്തനങ്ങളിലും എന്നതുപോലെ സ്വർഗ്ഗാരോഹണത്തിലും പരിശുദ്ധത്രിത്വത്തിന്റെ പ്രവർത്തനത്തിന് ഊന്നൽ നല്കുന്നു.

മറിയത്തിന്റെ സ്വർഗ്ഗാരോപണം ഇതിൽ നിന്നു വ്യത്യസ്തമാണ്. ലോകാവസാനത്തിൽ എല്ലാ വിശ്വസ്തർക്കും ലഭിക്കാനിരിക്കുന്ന പുനരുത്ഥാനം മറിയത്തിനു മുൻകൂറായി ലഭിച്ചു. അതു ദൈവത്തിന്റെ പ്രത്യേകകൃപയുടെ പ്രകടനമാണ്. എന്നാൽ ഏലിയായുടെയും ഹേനോക്കിന്റെയും തിരോധനം സ്വർഗ്ഗാരോപണമായി പരിഗണിക്കാനാവില്ല. അവരുടെ ജീവിതം അവസാനിച്ചു എന്നു മാത്രമേ അർത്ഥമാക്കുന്നുള്ളൂ.

# 12

# വലത്ത്

"*കർത്താവായ യേശു അവരോടു സംസാരിച്ചതിനുശേഷം സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി*" (മർക്കോ 16,19). എന്താണ് ഈ വലത്തുഭാഗത്തിന്റെ പ്രത്യേകത? സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തുള്ള സ്ഥാനത്തിന് ദൈവം നിങ്ങളെ അർഹരാക്കട്ടെ എന്ന് പുരോഹിതന്റെ ആശീർവാദം ആരാധനക്രമങ്ങളിലുണ്ട്. സ്വർഗ്ഗത്തിൽ വലത്തും ഇടത്തുമുണ്ടോ? ഉണ്ടെങ്കിൽ ആരാണ് ഇടത്ത്? യേശു ദൈവത്തിന്റെ വലത്തു ഭാഗത്ത് നിൽക്കുന്നതായി താൻ കാണുന്നു എന്ന് ഡീക്കൻ സ്റ്റീഫൻ തന്റെ വിചാരണവേളയിൽ പറയുകയുണ്ടായി (അപ്പ 7, 55-56). യേശു വലത്തുഭാഗത്തു നിൽക്കുകയാണോ അതോ ഇരിക്കുകയോ? എന്താണിതിന്റെയെല്ലാം അർത്ഥം?

വളരെ പ്രസക്തമാണ് രണ്ട് ചോദ്യങ്ങളും. വലത്തിന്റെ പ്രാധാന്യവും വലത്ത് നില്ക്കുകയും ഇരിക്കുകയും ചെയ്യുന്നതിന്റെ അർത്ഥവും ധ്വനികളുമാണ് ചോദ്യവിഷയം.

## വലതിന്റെ പ്രാധാന്യം

സാധാരണ എല്ലാ മനുഷ്യരും വലത്തുകയ്യാണ് കൂടുതൽ ഉപയോഗിക്കുന്നത്. അതിനാൽത്തന്നെ വലത്തു കൈയ്ക്ക് കൂടുതൽ ബലവും സ്വാധീനവുമുണ്ട്. ശരീരത്തിൽ ഇടത്തുകൈയ്ക്കും തുല്യസ്ഥാനമുണ്ടെങ്കിലും ചുരുക്കംപേർ മാത്രമേ വലതിനേക്കാൾ കൂടുതൽ ഇടത്തുകൈ ഉപയോഗിക്കാറുള്ളൂ. ഈ സ്വാഭാവിക പ്രതിഭാസത്തിൽ നിന്നാണ് വലത്ത് ഭാഗത്തിന് കൂടുതൽ പ്രാധാന്യം നൽകപ്പെടുന്നത്. അവൻ എന്റെ വലംകൈ

ആണെന്നു പറഞ്ഞാൽ എന്റെ ഉറ്റസുഹൃത്തും സഹായകനും ആണെന്നു ധ്വനി. ഇവിടെനിന്നാണ് കർത്താവ് എന്റെ വലതുഭാഗത്തുണ്ട് എന്ന പ്രയോഗം ഉണ്ടാകുന്നത്: "*കർത്താവ് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്; അവിടുന്ന് എന്റെ വലത്തു ഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങുകയില്ല*" (സങ്കീ. 16,8). കർത്താവിന്റെ നിരന്തരമായ സഹായവും സംരക്ഷണവും ലഭിക്കും എന്ന ഉറപ്പാണ് കർത്താവ് എന്റെ വലത്തുഭാഗത്തുണ്ട്, എന്റെ വലംകൈ പിടിച്ചിരിക്കുന്നു മുതലായ പ്രഖ്യാപനങ്ങൾ അർത്ഥമാക്കുന്നത്.

അതേസമയം, ദൈവത്തിന്റെ വലത്തുഭാഗത്തായിരിക്കുക എന്നാൽ ദൈവത്തിന്റെ പ്രത്യേക പരിപാലനയ്ക്കും സംരക്ഷണത്തിനും അർഹനാകുക എന്നാണർത്ഥം. രണ്ടും തമ്മിൽ കാര്യമായ വ്യത്യാസമില്ല എന്നു പറയണം. സ്വർഗ്ഗത്തിൽ ഇടത്തും വലത്തും ഉണ്ടോ എന്ന ചോദ്യവും പ്രസക്തമാണ്. ഇല്ല എന്നായിരിക്കും ശരിയായ ഉത്തരം. ആത്മാവിന് മുകൾ, താഴെ, ഇടം, വലം എന്നിങ്ങനെയുള്ള സ്ഥലമാനങ്ങൾ ഇല്ല. ഒരു ആശയം വ്യക്തമാക്കാൻ ഉപയോഗിക്കുന്ന പ്രതീകത്മങ്ങളായേ സ്വർഗ്ഗത്തെക്കുറിച്ചുള്ള ഇടം-വലം പ്രയോഗങ്ങൾ കാണാൻ കഴിയൂ.

അന്തിമവിധിയെക്കുറിച്ചുള്ള വിവരണത്തിന്റെ സ്വാധീനം ഈ പ്രയോഗത്തിൽ കാണാൻ കഴിയും. യുഗാന്തത്തിൽ, മരിച്ചവരെല്ലാം ഉയിർത്തെഴുന്നേറ്റ്, വിധിയാളനായ മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കും. നന്മചെയ്തവർ വലത്തും തിന്മ ചെയ്തവർ ഇടത്തും ആയിരിക്കും നിർത്തപ്പെടുക. ശരീരങ്ങളെക്കുറിച്ചു പറയുന്നതിനാൽ ഇടത്തും വലത്തും മനസിലാക്കാൻ എളുപ്പമുണ്ട്. എന്നാൽ ഉയിർത്തെഴുന്നേറ്റ ശരീരങ്ങളാണെന്ന കാര്യം മറക്കരുത്. അവയും സ്ഥലകാലമാനങ്ങൾക്കതീതമാണ്. എന്നാലും വലത്ത് നന്മയുടെയും ഇടത്ത് തിന്മയുടെയും പ്രതീകമായി ചിത്രീകരിക്കപ്പെടുന്നു. പിതാവിനാൽ അനുഗൃഹീതർ രാജ്യം അവകാശമാക്കുന്നു. അവർ നിത്യഭാഗ്യം അനുഭവിക്കുന്നു. അവരാണ് വലത്തുഭാഗത്തുള്ളവർ. തിന്മ ചെയ്തവരാകട്ടെ നിത്യനാശത്തിൽ പതിക്കുന്നു. ഈ കാഴ്ചപ്പാടിൽ, സ്വർഗ്ഗത്തിൽ വലതുമാത്രമേ ഉള്ളൂ എന്നു പറയേണ്ടിവരും. അത് അർത്ഥശൂന്യമാകയാൽ വലത്-ഇടത് എന്ന പ്രയോഗം നന്മ-തിന്മകളെ സൂചിപ്പിക്കുന്ന പ്രതീകമായി കാണണം.

## ഇരിക്കുന്നോ അതോ നിൽക്കുന്നോ

സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച യേശു പിതാവിന്റെ വലതു ഭാഗത്ത് ഉപവിഷ്ടനായി എന്നു ബൈബിളിന്റെ അടിസ്ഥാന ത്തിൽ നാം വിശ്വസിക്കുന്നു, ഏറ്റുപറയുന്നു. വലതുഭാഗത്ത് ഇരി ക്കുക എന്നാൽ അധികാരം സ്വീകരിക്കുക, പ്രതിനിധിയായി വർത്തിക്കുക എന്നാണ് ബൈബിളിലെ അർത്ഥം. രാജാവിനെ അഭിഷേകം ചെയ്യുന്ന അവസരത്തിൽ പുരോഹിതൻ പ്രാർത്ഥ നാരൂപത്തിൽ നടത്തുന്ന ഒരു പ്രഖ്യാപനം സങ്കീ 110, 1-ൽ രേഖ പ്പെടുത്തിയിട്ടുണ്ട്: "*കർത്താവ് എന്റെ കർത്താവിനോട് അരുളി ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക.*"

രാജാവ് ദൈവത്തിന്റെ പ്രതിനിധിയായി വാഴിക്കപ്പെടുന്നു എന്ന സൂചനയാണ് വലതുഭാഗത്തിരിക്കുക എന്നതിന്റെ അർത്ഥം. അതോടൊപ്പം ഭൂമിശാസ്ത്രപരമായ ഒരു ധ്വനിയും ഇതിൽ കാണാം. സോളമൻ ദേവാലയം പണിതു കഴിഞ്ഞപ്പോൾ രാജ കൊട്ടാരം ദേവാലയത്തിന്റെ വലതുഭാഗത്തായിരുന്നു. അതിനാൽ രാജാവ് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്ന ഒരു സൂചന ലഭിക്കുന്നു. ദിശാനിർണ്ണയത്തേക്കാൾ പ്രാതിനിധ്യ സ്വഭാ വവും അതു വഴി ലഭിക്കുന്ന അധികാരവുമാണ് പ്രധാനം. അതി നാൽ യേശു പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി എന്ന പ്രയോഗം യേശുവിന്റെ മഹത്വീകരണത്തെയാണ് സൂചിപ്പിക്കു ന്നത്. ദൈവത്തിന്റെ എല്ലാ അധികാരവും അവനു നല്കപ്പെട്ടു. മനുഷ്യാവതാരവേളയിൽ മാറ്റി വച്ച മഹത്വം അതിന്റെ പൂർണ്ണ തയിൽ ലഭിച്ചു. വലതുഭാഗത്തിരിക്കുന്ന യേശുവാണ് ഭരണാധി പനും വിധിയാളനും.

ഇതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് വലതുഭാഗത്തു നില്ക്കുന്നു എന്ന പ്രയോഗം. ഇവിടെ മറ്റൊരു പ്രതീകമാണുപ യോഗിക്കുന്നത്. ന്യായവിധിയാണ് പശ്ചാത്തലം. താഴെ യഹൂദ നേതൃത്വം സ്റ്റീഫനെ വിചാരണ ചെയ്തു കുറ്റക്കാരനായി വിധി പ്രസ്താവിക്കുന്നു. അവനുവേണ്ടി വാദിക്കാൻ ആരുമില്ല. എന്നാൽ ഈ വിചാരണ നടക്കുന്ന അതേസമയം മുകളിൽ സ്വർഗ്ഗ ത്തിലും ഒരു വിചാരണ നടക്കുന്നു. അവിടെ പിതാവായ ദൈവ മാണ് വിധിയാളൻ. കുറ്റാരോപിതന് അനുകൂലമായി വാദിക്കുന്ന

വക്കീൽ ന്യായപീഠത്തിന്റെ വലത്തും എതിരായി വാദിക്കുന്ന ആൾ ഇടത്തും നില്ക്കുന്നു എന്നാണ് സങ്കല്പം. ഈ പശ്ചാത്തലത്തിൽ യേശുക്രിസ്തു സ്റ്റീഫന് അനുകൂലമായി പിതാവിന്റെ മുമ്പിൽ വാദിക്കുന്നു എന്നാണ് വലതുഭാഗത്തു നിൽക്കുന്നതായി കാണുന്നതിലൂടെ അർത്ഥമാക്കുന്നത്.

"*മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും*" (മത്താ 10,32). ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് സ്റ്റീഫന്റെ വിചാരണവേളയിൽ സംഭവിക്കുന്നത്. ഇസ്രായേൽജനത്തിന്റെ പരമാധികാര കോടതിയായ സാൻഹദ്രിൻ കുറ്റവാളിയെന്ന് വിധിച്ചവനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ യേശു കുറ്റവിമുക്തനാക്കുന്നു; ന്യായീകരിച്ച്, സ്വന്തം എന്നു ഏറ്റുപറയുന്നു. ഇതാണ് വലത്തുഭാഗത്തുനില്ക്കുന്നെന്നു പറയുന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ചുരുക്കത്തിൽ:** ഇടത്തും വലത്തും എന്നു പ്രയോഗങ്ങൾ പ്രതീകാത്മകമായി മനസിലാക്കണം വലത്ത് നന്മയുടെയും ഇടത് തിന്മയുടെയും പ്രതീകങ്ങളാണ്. ദൈവത്തിന്റെ വലതുഭാഗത്തു നില്ക്കുന്നത് നന്മചെയ്ത് ജീവിച്ചതിന്റെ പ്രതീകമാണ്; തിന്മയ്ക്കധീനമായിപ്പോയതിന്റെ പ്രതീകമാണ് ഇടത്തു ഭാഗത്തുനില്ക്കുന്നത്. ദൈവത്തെ തന്റെ വലത്തുഭാഗത്തു കാണുന്നത് ദൈവിക സംരക്ഷണത്തിന്റെ അടയാളമാണ്.

യേശു പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു എന്നത് മഹത്വീകരണത്തിന്റെ അടയാളമാണ്. മരിച്ച്, ഉയിർത്ത്, സ്വർഗ്ഗത്തിലേക്കാരോഹണം ചെയ്ത യേശു പിതാവിന്റെ മഹത്വത്തിൽ പ്രവേശിച്ചു. പിതാവിൽനിന്ന് സർവ്വമഹത്വവും ശക്തിയും അധികാരവും സ്വീകരിച്ചു. എന്നാൽ പിതാവിന്റെ വലത്തുഭാഗത്തു നില്ക്കുന്ന ചിത്രം യേശുവിനെ മധ്യസ്ഥനും സംരക്ഷകനുമായി അവതരിപ്പിക്കുന്നു. ഈ ഭൂമിയിൽ തന്നോടു വിശ്വസ്തരായിരുന്നവരെ വിധിയുടെ അവസരത്തിൽ യേശു തന്നെ സംരക്ഷിക്കും എന്ന് വലതുഭാഗത്തുനില്ക്കുന്ന ചിത്രം സൂചിപ്പിക്കുന്നു.

വലത്-ഇടത് എന്ന പ്രയോഗങ്ങൾ പ്രതീകാത്മകമായ അർത്ഥത്തിൽ മാത്രമേ മരണാനന്തര ജീവിതത്തെക്കുറിച്ചു പറയുമ്പോൾ മനസിലാക്കാൻ കഴിയൂ. അതിനാൽ സ്വർഗ്ഗത്തിൽ

ഇടതും വലതും ഉണ്ടോ എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു. "സ്വർഗ്ഗത്തിൽ വലതുഭാഗത്തുള്ള സ്ഥാനം" എന്ന പ്രയോഗം ഒഴിവാക്കുന്നതാവും അർത്ഥം ഗ്രഹിക്കാൻ കൂടുതൽ സഹായകം. ദൈവത്തോടൊന്നിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്ന അവസ്ഥയാണ് സ്വർഗ്ഗത്തിലായിരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതിനാൽ സ്വർഗ്ഗത്തിലായാൽ മതി, ഇടതും വലതും തേടേണ്ടതില്ല.

ഇടതുപക്ഷം, വലതുപക്ഷം എന്ന രാഷ്ട്രീയ കാഴ്ചപ്പാടിന് മേൽവിവരിച്ച പ്രതീകാത്മകതയുമായി ഒരു ബന്ധവുമില്ല. നിയമസഭയിലെ സ്ഥാനവുമായി അതിനെ ബന്ധിപ്പിക്കാം. ഭരണകക്ഷി വലതുപക്ഷവും പ്രതിപക്ഷം ഇടതുപക്ഷവും ആണെന്നു കരുതാം, എന്നാൽ അത് എപ്പോഴും ശരിയാകണമെന്നില്ല. മറിച്ച്, യാഥാസ്ഥിതികമനോഭാവം പ്രകടമാക്കുന്നവരെ വലതുപക്ഷമെന്നും വിപ്ലവാത്മകമായ പുരോഗമനാശയങ്ങൾ ഉൾക്കൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നവരെ ഇടതുപക്ഷം എന്നും വിളിക്കുന്നത് കൂടുതൽ സ്വീകാര്യമായി തോന്നാം. എന്നാൽ കാലക്രമത്തിൽ ഇടത്തും വലത്തും തമ്മിലുള്ള വ്യത്യാസം നേർത്തുനേർത്ത് ഇല്ലാതാവുകയും രണ്ടും പേരുമാത്രമായി അവശേഷിക്കുകയും ചെയ്യുന്നതും കാണാനാവും. അതിനാൽ ബൈബിളിലെ വലത്ത്-ഇടത്ത് കാഴ്ചപ്പാടിൽ ആനുകാലിക രാഷ്ട്രീയത്തെ വിശദീകരിക്കാനോ വിലയിരുത്താനോ കഴിയില്ല.

# 13

## പന്തക്കുസ്താ

കത്തോലിക്കാസഭയിൽ പന്തക്കുസ്താ തിരുനാൾ ആഘോഷിക്കുന്നുണ്ട്. എന്താണ് "പന്തക്കുസ്താ" എന്ന വാക്കിന്റെ അർത്ഥം? അതേസമയം "പെന്തക്കോസ്തുകാർ" എന്നറിയപ്പെടുന്ന ക്രിസ്തീയ വിഭാഗങ്ങളുമുണ്ട്. പന്തക്കുസ്തായും പെന്തക്കോസ്തും ഒന്നുതന്നെയോ?

യേശുവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞ് പത്താം ദിവസം ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ചതിന്റെ ഓർമ്മ ആചരിക്കുന്ന ദിവസമാണ് കത്തോലിക്കർ പന്തക്കുസ്ത എന്ന പേരിൽ ആഘോഷിക്കുന്നത്. അമ്പതാമത്തേത് എന്നർത്ഥമുള്ള "*പെന്തേക്കോസ്തേ*" എന്ന ഗ്രീക്കുവാക്കിൽനിന്നു രൂപം കൊണ്ടതാണ് *പന്തക്കുസ്താ* എന്ന വാക്ക്. *പെന്തക്കോസ്തുകാർ* എന്ന വാക്കും അതുപോലെ തന്നെ. അമ്പതാം തിരുനാൾ എന്നു ഇതിനെ വിശേഷിപ്പിക്കാം.

യഹൂദർ ആചരിച്ചിരുന്ന മൂന്നു പ്രധാന തിരുനാളുകളിൽ രണ്ടാമത്തേതായിരുന്നു, പെസഹാത്തിരുനാൾ കഴിഞ്ഞ് അമ്പതാംദിവസം ആഘോഷിച്ചിരുന്ന ആഴ്ചകളുടെ തിരുനാൾ. അമ്പതാം ദിവസമായിരുന്നതിനാൽ "*പെന്തെക്കോസ്ത*" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ തിരുനാൾ തുടക്കത്തിൽ ഒരു കാർഷികോത്സവമായിരുന്നു. ധാന്യക്കൊയ്ത്താരംഭിക്കുമ്പോൾ പെസഹായും അവസാനിക്കുമ്പോൾ പന്തക്കുസ്തായും ആഘോഷിച്ചിരുന്നു. പില്ക്കാലത്ത് ഈ ആഘോഷങ്ങളെ രക്ഷാചരിത്രവുമായി ബന്ധപ്പെടുത്തിയപ്പോൾ പെസഹാ ഈജിപ്തിൽ നിന്നുള്ള വിമോചനത്തെയും പന്തക്കുസ്താ സീനായ് ഉടമ്പടിയെയും അനുസ്മരിക്കുന്ന തിരുനാളുകളായി. പെസഹാ ആഘോ

ഷത്തിനായി ഭൂരദിക്കുകളിൽ നിന്ന് തീർത്ഥാടകരായി ജറുസലേമിലേക്കു വരുന്നവർ പന്തക്കുസ്താ തിരുനാളു കഴിഞ്ഞേ സ്വദേശങ്ങളിലേക്കു മടങ്ങിപ്പോകാറുള്ളൂ.

ഈ പശ്ചാത്തലത്തിലാണ് പുതിയ നിയമത്തിൽ പന്തക്കുസ്താ തിരുനാളിനു പുതിയ അർത്ഥവും മാനങ്ങളും കൈവന്നത്. തീർത്ഥാടകർ തിരിച്ചുപോകുന്നതിനു മുമ്പ് അവസാനമായി തിരുനാളാഘോഷിക്കാൻ ഒരുമിച്ചു കൂടിയ അവസരത്തിലാണ് മാതാവിന്റെയും അപ്പസ്തോലന്മാരുടെയും നേതൃത്വത്തിൽ, യേശുവിന്റെ വാഗ്ദാനമനുസരിച്ചു പ്രതീക്ഷയോടെ പ്രാർത്ഥനാ നിരതരായി കാത്തിരുന്ന ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് കൊടുങ്കാറ്റിന്റെ ഊറ്റത്തോടെ, തീനാവുകളുടെ രൂപത്തിൽ ആവസിച്ച് അവരെ പുതിയ മനുഷ്യരാക്കി മാറ്റിയത്. അതോടെ യഹൂദർ ആചരിച്ചിരുന്ന പന്തക്കുസ്താ തിരുനാളിന് പുതിയ അർത്ഥം കൈവന്നു.

ഇനി അങ്ങോട്ട് സീനായ് ഉടമ്പടിയുടെ ഓർമ്മയല്ല, പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ സംഭവിച്ച തിരുസഭയുടെ ഉദ്ഘാടനമായിരിക്കും ഓർമ്മിക്കുന്നതും ആഘോഷിക്കുന്നതും. സീനായ് ഉടമ്പടി ഇസ്രായേൽ ജനത്തെ ദൈവജനമായി രൂപപ്പെടുത്തിയെങ്കിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തിൽ പുതിയ ദൈവജനത്തിന്റെ പരസ്യമായ ഉദ്ഘാടനമാണു സംഭവിച്ചത്. യഹൂദരുടെ പെസഹായ്ക്ക് യേശുവിന്റെ മരണോത്ഥാനങ്ങൾ പുതിയ അർത്ഥം നല്കിയതുപോലെ പരിശുദ്ധാത്മാവിന്റെ ആഗമനം പന്തക്കുസ്താ തിരുനാളിനു പുതിയ അർത്ഥം നൽകി.

അതോടെ രക്ഷാചരിത്രത്തിൽ പുതിയൊരു ഘട്ടം, മൂന്നാമത്തേതും അവസാനത്തേതുമായ കാലഘട്ടം ആരംഭിക്കുകയായി. പ്രപഞ്ചസൃഷ്ടി മുതൽ യേശുവിന്റെ ജനനംവരെയുള്ള കാലത്തെ ഒരുക്കത്തിന്റെ കാലഘട്ടമായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ആ കാലഘട്ടത്തിൽ മുഖ്യമായും പിതാവായ ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. യേശുവിന്റെ ജനനം മുതൽ മഹത്വീകരണം വരെയുള്ള കാലം പൂർത്തീകരണത്തിന്റെ കാലഘട്ടമാണ്. ഇതിനെ രക്ഷാചരിത്രത്തിന്റെ മധ്യം എന്നു വിശേഷിപ്പിക്കാം. ഇതിൽ മുഖ്യമായും പുത്രനായ ദൈവത്തിന്റെ പ്രവർത്തനങ്ങളാണ് അനുസ്മരിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ രക്ഷാചരിത്രത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ ഘട്ടം ആരംഭിക്കുന്നു. എല്ലാറ്റിന്റെയും നവീകരണമായ യുഗാന്തം വരെ ഈ കാലഘട്ടം തുടരും. ഇവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അങ്ങനെ പന്തക്കുസ്താ തിരുനാൾ ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കം കുറിക്കുന്നു. ശിഷ്യസമൂഹത്തിന്മേൽ കൊടുങ്കാറ്റിന്റെ ആരവത്തോടെ വന്നു വസിച്ച പരിശുദ്ധാത്മാവ്, സകല പ്രതിബന്ധങ്ങളെയും മറികടന്ന് മുന്നോട്ടു പോകാൻ ശിഷ്യർക്കു ശക്തി നൽകുന്നു. അവർക്കു പ്രത്യക്ഷമായ തീനാവുകൾ അവരെ ശുദ്ധീകരിക്കുകയും ദൈവവചനം പ്രഘോഷിക്കാൻ ഒരുക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു.

പന്തക്കുസ്താ തിരുനാളിൽ ശിഷ്യരുടെമേൽ വന്നു വസിച്ച പരിശുദ്ധാത്മാവ് ഇന്ന് എല്ലാ വിശ്വാസികളുടെയും മേൽ ആവസിക്കാനും എല്ലാവരെയും നവീകരിക്കാനും ശക്തിപ്പെടുത്താനും ദൈവം ആഗ്രഹിക്കുന്നു. ആത്മാവിന്റെ ആഗമനം ഒരു ദിവസത്തേക്കുമാത്രമായി ഒതുങ്ങി നില്ക്കുന്നില്ല. എല്ലാവരിലും വന്നു നിറയാൻ ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവു നൽകുന്ന ആന്തരിക പ്രചോദനങ്ങൾക്കു കാതോർക്കാനും ആത്മാവിന്റെ വരങ്ങളും ദാനങ്ങളുംകൊണ്ട് നിറഞ്ഞ്, ജീവിതങ്ങൾ ഫലസമൃദ്ധമാക്കാനും പ്രചോദനമാണ് പന്തക്കുസ്താ. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ 5,22) എന്നീ പരിശുദ്ധാത്മഫലങ്ങൾ എല്ലാവരുടെയും ജീവിതത്തെ ധന്യമാക്കട്ടെ. അപ്പോൾ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകും. മരണവും വേർപാടും, കണ്ണീരും നിലവിളിയും ഇല്ലാതാകും. എല്ലാവരിലും സന്തോഷം നിറയും. അതാണ് ആത്യന്തികമായി പന്തക്കുസ്തായുടെ ലക്ഷ്യം.

# 14

## ഈശോമിശിഹായും യേശുക്രിസ്തുവും

പി.ഒ.സി. ബൈബിളിൽ യേശു യേശുക്രിസ്തു എന്നും പ്ശീത്ത ബൈബിളിൽ ഈശോ മിശിഹാ എന്നും കാണുന്നു. ഉദാ: മർക്കോ 1,1. അതുപോലെ തന്നെ പള്ളിയിൽ ചിലപ്പോൾ യേശുക്രിസ്തു എന്നും മറ്റു ചിലപ്പോൾ ഈശോ മിശിഹായെന്നും കേൾക്കുന്നു. ഇതിനു പുറമെ ചിലർ യേശു മിശിഹായെന്നും പറയുന്നു. എന്താണ് ഈ വ്യത്യാസങ്ങൾക്കു കാരണം? ഇതെല്ലാം ഒരാളെ തന്നെയല്ലേ സൂചിപ്പിക്കുന്നത്?

ആമുഖമായി പറയട്ടെ, ഈശോ (യേശു) എന്നത് ഒരു പേരും മിശിഹാ (ക്രിസ്തു) എന്നത് ഒരു സ്ഥാനപ്പേരും (title) ആണ്. ആദ്യത്തേതു സുറിയാനി രൂപവും രണ്ടാമത്തേത് ഗ്രീക്കു രൂപവുമാണ്. സുറിയാനി ഉച്ചാരണം സ്വീകരിക്കുന്നവർ ഈശോമിശിഹാ എന്നു പറയുമ്പോൾ ഗ്രീക്ക് ഉച്ചാരണം സ്വീകരിക്കുന്നവർ യേശുക്രിസ്തു എന്നും, ഇതു രണ്ടും കൂട്ടിക്കുഴയ്ക്കുന്നവർ യേശു മിശിഹാ എന്നും പറയുന്നു. ഉച്ചാരണ രൂപങ്ങളേക്കാൾ പ്രധാനം പേരുകളുടെ അർത്ഥമാണല്ലോ.

### ഈശോ – യേശു

യാഹ്‌വേ രക്ഷിക്കുന്നു, അഥവാ യാഹ്‌വേയാണ് രക്ഷകൻ എന്ന് അർത്ഥമുള്ള രണ്ടുവാക്കുകളാണ് *യാഹ്‌വേ+ഷ. യാഹ്‌വേ* എന്നത് *യെഹോവാ* എന്നും ഉച്ചരിക്കാറുണ്ട്. അങ്ങനെ *യെഹോവാ – ഷ* എന്നതു ലോപിച്ച് *യെഹോഷ* എന്നും വീണ്ടും ലോപിച്ച് യോഷാ അഥവാ *യെഷാ* എന്നും ആയി. ഗ്രീക്ക് – ലത്തീൻ ഭാഷകളിൽ യ–ജ എന്നീ അക്ഷരങ്ങൾ തമ്മിൽ വ്യത്യാ

സമില്ല. J എന്ന അക്ഷരം ചിലപ്പോൾ യ എന്നും മറ്റു ചിലപ്പോൾ "ജ" എന്നും ഉച്ചരിക്കും. ഇതിൽ നിന്നാണ് *യോഷ്വാ* എന്നും *ജോഷ്വാ* എന്നും ഉച്ചാരണമുണ്ടായത്. *യോഷ്വാ* എന്ന ഹീബ്രു നാമം ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ *യേസൂസ്* (Jesus) എന്നായി. ഇതുതന്നെയാണ് ലത്തീനിലും (Jesus). ഇവിടെ നിന്ന് ഇംഗ്ലീഷിലേക്കു വന്നപ്പോൾ അക്ഷരങ്ങൾ മാറിയില്ലെങ്കിലും ഉച്ചാരണത്തിൽ മാറ്റമുണ്ടായി. അങ്ങനെ ഗ്രീക്കിലെ *യേസൂസ്* ഇംഗ്ലീഷിൽ *ജീസസായി.* ജോഷ്വാ എന്ന പേര് സുറിയാനിയിൽ ഈശോ എന്നു വിവർത്തനം ചെയ്തു. അങ്ങനെ ഗ്രീക്കു പാരമ്പര്യത്തിൽനിന്നു വന്ന *യേസൂസ്* മലയാളീകരിച്ചപ്പോൾ *യേശുവായി*; സുറിയാനി പാരമ്പര്യം അതേപടി നിലനിർത്തിക്കൊണ്ട് *ഈശോ* എന്ന ഉച്ചാരണവും സ്വീകരിച്ചു. ഇതാണ് *യേശു-ഈശോ* എന്നീ പേരുകളുടെ ഉത്ഭവവും വ്യത്യാസത്തിന്റെ കാരണവും.

യേശുവിന്റെ സമകാലികർ എങ്ങനെയാണ് പേരുച്ചരിച്ചിരുന്നത് എന്ന ചോദ്യവും പ്രസക്തമാണ്. യേശുവിന്റെ സംസാരഭാഷയായ അരമായയിൽ *യോഷ്വാ* എന്നും *യെഷ്വാ* എന്നും പറയുമായിരുന്നു. രണ്ടും ഒരുപോലെ ഉപയോഗത്തിലിരുന്നെങ്കിലും *യെഷ്വാ (യെശ്വാ)* എന്ന ഉച്ചാരണമായിരുന്നു കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നത്. "*യെശ്വാ ബെൻ യോസെഫ്*" എന്നായിരിക്കണം യേശു അറിയപ്പെട്ടിരുന്നത്. "*ജോസഫിന്റെ മകൻ യേശു*" എന്നർത്ഥം. മാതാവ് മകനെ വിളിച്ചിരുന്നത് *യെഷ്വാ (യെശ്വാ)* എന്നായിരുന്നിരിക്കണം. ഉച്ചാരണം ഏതു സ്വീകരിച്ചാലും അർത്ഥത്തിനു വ്യത്യാസമില്ല. കർത്താവു രക്ഷിക്കുന്നു, അഥവാ കർത്താവാണ് രക്ഷകൻ. ഇതാണ് പേരിന്റെ അർത്ഥം എന്ന് ദൈവദൂതൻ ജോസഫിന് വിശദീകരിച്ചു കൊടുത്തതായി മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്: "*നീ അവന് യേശു എന്നു പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും*" (മത്താ 1,21).

## മിശിഹാ – ക്രിസ്തു

ഇവിടെയും മൂലഭാഷയിലെ വ്യത്യാസമാണ് പേരിന്റെ വ്യത്യാസത്തിനു കാരണം. അർത്ഥം രണ്ടിനും ഒന്നുതന്നെ. അഭി

ഷേകം ചെയ്യുക എന്നർത്ഥമുള്ള "*മ്ശഹ്*" എന്ന ക്രിയാധാതു വിൽ നിന്നാണ് "*മ്ശീഹാ*" എന്ന നാമമുണ്ടായത്. *അഭിഷേകം ചെയ്യുക - അഭിഷിക്തൻ* എന്നാണ് ഈ ഹീബ്രു വാക്കുകൾക്ക് അർത്ഥം. ഈ വാക്കുകൾ ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തപ്പോൾ യഥാക്രമം "*ക്രിയോ - ക്രിറിസ്തോസ്*" എന്നായി. അഭിഷേകം ചെയ്യുക എന്നാണ് *"ക്റിയോ" (Chrio)* എന്ന ക്രിയാധാതുവിനർത്ഥം; *അഭിഷേകം ചെയ്യപ്പെട്ടവൻ* എന്ന് *ക്റിസ്തോസ്* (Christos) എന്ന നാമത്തിനും. ഗ്രീക്കിലെ ക്റിസ്തോസ് ലത്തീനിലേക്കു വന്നപ്പോൾ "*ക്രിസ്തൂസ്*" (Christus) ആയി. അത് ഇംഗ്ലീഷിൽ *ക്രൈസ്റ്റ്* (Christ) എന്നായി. ഇവിടെ നിന്നാണ് മലയാളത്തിലെ *ക്രിസ്തു* എന്ന നാമത്തിന്റെ ഉത്ഭവം.

പേരുകളുടെ രൂപത്തിൽ വ്യത്യാസമുണ്ടെങ്കിലും അർത്ഥം രണ്ടു ഭാഷയിലും ഒന്നുതന്നെ. *മിശിഹാ-ക്രിസ്തു* എന്നത് ഒരു സ്ഥാനപ്പേര്, അഥവാ പദവിയെ സൂചിപ്പിക്കുന്ന നാമമാണ്. ഏതു പദവിയെയാണ് ഈ നാമം സൂചിപ്പിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. തലയിൽ തൈലം പൂശുന്നതിനെയാണ് അഭിഷേകം ചെയ്യുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇസ്രായേൽക്കാരുടെ ഇടയിൽ രണ്ടുതരം ഔദ്യോഗിക പദവികളായിരുന്നു അഭിഷേകം വഴി നല്കപ്പെട്ടിരുന്നത്, പൗരോഹിത്യവും രാജത്വവും. അതിനാൽ അഭിഷിക്തൻ എന്ന പേര് ഈ രണ്ടു പദവിയിലുള്ളവർക്കും ഒരുപോലെ ഉപയോഗിക്കാറുണ്ട്. അഭിഷിക്തനായ പുരോഹിതനായിരുന്നു അഹറോൻ; അഭിഷിക്തനായ രാജാവായിരുന്നു ദാവീദ്.

ഈ രണ്ട് തലങ്ങളിലും അഭിഷേകം ബാഹ്യമായിത്തന്നെ നടത്തിയിരുന്നു. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി മൂന്നാമതൊരഭിഷേകത്തെക്കുറിച്ചും ബൈബിൾ ചുരുക്കമായി പ്രതിപാദിക്കുന്നുണ്ട്- പ്രവാചകാഭിഷേകം. "*ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു*" (ഏശ 61,1) എന്ന പ്രവാചക വചനം ഈ പ്രവാചകാഭിഷേകത്തെയാണ് സൂചിപ്പിക്കുന്നത്. ഇവിടെ അഭിഷേകം എന്നത് തലയിൽ തൈലം പൂശുന്ന ഒരു ഭൗതിക പ്രവൃത്തിയല്ല, മറിച്ച് ആത്മാവിനെ നല്കുന്നതു തന്നെയാണ് അഭിഷേകം. ഈ പ്രവചനം ഉദ്ധരിച്ചുകൊ

ണ്ടാണ് യേശു നസ്രത്തിൽ തന്റെ പരസ്യജീവിതം ഉദ്ഘാടനം ചെയ്തത് (ലൂക്കാ 4,18).

*അഭിഷിക്തൻ (മിശിഹാ-ക്രിസ്തു)* എന്ന പദത്തിന്റെ ഉത്ഭവത്തിൽനിന്നു പ്രയോഗത്തിലേക്കു വരുമ്പോൾ സുപ്രധാനമായ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. എല്ലാ പുരോഹിതന്മാരും രാജാക്കന്മാരും അഭിഷേകം ചെയ്യപ്പെട്ടവരായിരുന്നെങ്കിലും വരാനിരിക്കുന്ന ഒരു രക്ഷകനെക്കുറിച്ചുള്ള ഇസ്രായേൽ ജനത്തിന്റെ പ്രതീക്ഷകളിൽ ഇതിനു പ്രത്യേക സ്ഥാനമുണ്ട്. രക്ഷകനെ സംബന്ധിച്ച പ്രവചനങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതായിരുന്നു ക്രിസ്തുവിനെ അഥവാ മിശിഹായെ സംബന്ധിച്ച പ്രവചനങ്ങൾ. ദൈവത്തിനു വേണ്ടി ഒരാലയം പണിയാൻ ആഗ്രഹിച്ച ദാവീദിനോട് നാഥാൻ പ്രവാചകൻ വഴി ദൈവം അരുളി ചെയ്ത വചനങ്ങളാണ് ഈ പ്രവചനങ്ങളിൽ സുപ്രധാനമായ ഒന്ന്. "*ദിനങ്ങൾ തികഞ്ഞ് നീ പൂർവ്വികരോടു ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം ഞാൻ സുസ്ഥിരമാക്കും..... അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും.....*" (2 സാമു 7, 9-17).

നാഥാന്റെ പ്രവചനത്തിനുശേഷം അതിനു സമാനമായ മറ്റ് അനേകം പ്രവചനങ്ങളുണ്ടായി. അവ അധികപങ്കും വരാനിരിക്കുന്ന ഒരു രാജാവിനെ സംബന്ധിച്ചതായിരുന്നു. ആ രാജാവ് ദാവീദിന്റെ ഗോത്രത്തിൽ നിന്നു ജനിക്കുന്ന ദാവീദിന്റെ പുത്രനായിരിക്കും (ഉദാ: ഏശ 7,14; 9,2-7; 11,1-9; 32,1; ജറെ 23,5; ആമോ 9,11; മിക്കാ 5,2). ബി.സി. 587-ൽ ബാബിലോൺ ചക്രവർത്തി നബുക്കദ്നേസറിന്റെ സൈന്യം ജെറുസലെം നശിപ്പിക്കുകയും രാജാവിനെയും ജനത്തിൽ അനേകരെയും നാടുകടത്തുകയും ചെയ്തതോടെ ഇസ്രായേലിൽ രാജഭരണം അവസാനിച്ചു. രാജാവില്ലാതായ സാഹചര്യത്തിൽ ഭാവിരാജാവിനെക്കുറിച്ച് മുമ്പേ നല്കപ്പെട്ടിരുന്ന പ്രവചനങ്ങൾ കൂടുതൽ ശ്രദ്ധേയമായി. അങ്ങനെ ദാവീദിന്റെ വംശത്തിൽനിന്ന് ദൈവം വീണ്ടും ഒരു രാജാവിനെ അയയ്ക്കും എന്ന പ്രതീക്ഷ സജീവമായി.

യേശുവിന്റെ കാലത്ത് ജനങ്ങളുടെ ഇടയിൽ രക്ഷകനെക്കുറിച്ചു നിലവിലിരുന്ന പ്രതീക്ഷകളിൽ ഏറ്റം പ്രധാനപ്പെട്ടത് ഇതു തന്നെ ആയിരുന്നു. അതുകൊണ്ടാണല്ലോ യേശുവിന്റെ ചോദ്യ

ത്തിന് ഒരു സംശയവും കൂടാതെ അവർ മറുപടി പറഞ്ഞത്: "*ഫരിസേയർ ഒരുമിച്ചു കൂടിയപ്പോൾ യേശു അവരോടു ചോദിച്ചു: നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്? ദാവീദിന്റെ എന്നവർ പറഞ്ഞു*" (മത്താ 12, 41-42). ക്രിസ്തു എന്നാൽ പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയിച്ചിരുന്നതും ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നതുമായ ദാവീദിന്റെ ഒരു പുത്രൻ എന്നാണ് യേശുവിന്റെ സമകാലിക രായ യഹൂദർ വിശ്വസിച്ചിരുന്നത്. ദാവീദിന്റെ പുത്രൻ സ്വാഭാ വികമായും രാജാവായിരിക്കും. അവൻ ദാവീദിന്റെ സിംഹാസന ത്തിൽ ഇരിക്കും; രാജ്യം പുനഃസ്ഥാപിക്കും ഇതായിരുന്നു ക്രിസ്തുവിനെ സംബന്ധിച്ച മുഖ്യമായ പ്രതീക്ഷ.

അഹറോന്റെ വംശത്തിൽ നിന്ന് ഒരു പുരോഹിതൻ വരും, അവൻ മിശിഹായെന്നറിയപ്പെടും, അവൻ യഥാർത്ഥമായ ആരാ ധന പുനഃസ്ഥാപിക്കും, നിയമത്തിന് ആധികാരികമായ വ്യാഖ്യാനം നല്കും എന്ന പ്രതീക്ഷയും ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരുന്നു എന്ന് ഖുമ്റാൻ സന്യാസ സമൂഹത്തിന്റെ ചില ഔദ്യോഗിക രേഖകളിൽ കാണാം. എന്നാൽ രാജാവിനെ പ്പോലെ വ്യാപകമായിരുന്നില്ല വരാനിരിക്കുന്ന പുരോഹിതനെ ക്കുറിച്ചുള്ള പ്രതീക്ഷ.

വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ചുള്ള പ്രതീക്ഷകളും യഹൂദർ കാത്തു സൂക്ഷിച്ചിരുന്നു. അതു മുഖ്യമായും മോശയെ പ്പോലെ ഒരു പ്രാവചകൻ അഥവാ സ്വർഗ്ഗത്തിൽ നിന്നു മടങ്ങി വരുന്ന ഏലിയാ എന്നൊക്കെയാണ് അവർ വ്യാഖ്യാനിച്ചത്. യേശുവിന്റെ കാലത്ത് സമറിയാക്കാരുടെ ഇടയിലും ഇതിനു സമാ നമായൊരു പ്രതീക്ഷ നിലവിലിരുന്നു. "*മിശിഹാ/ക്രിസ്തു വരു മെന്ന് എനിക്കറിയാം. അവൻ വരുമ്പോൾ എല്ലാ കാര്യങ്ങളും ഞങ്ങളെ അറിയിക്കും*" (യോഹ 4,25) എന്ന സമറിയാക്കാരി യുടെ പ്രസ്താവനയിൽ ഈ പ്രതീക്ഷ വെളിവാകുന്നു. വരാനി രുന്ന രക്ഷകനെ "*താഹെബ്*" (Taheb) എന്നാണ് അവർ വിളി ച്ചിരുന്നത്. അത് മോശയെപ്പോലെ ആധികാരികതയുള്ള ഒരു പ്രവാചകനായിരിക്കും എന്നും അവർ കരുതി.

വളരെ ഹ്രസ്വമായ ഈ അപഗ്രഥനത്തിൽ നിന്ന് ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു. യേശുവും ഈശോയും ഒന്നുതന്നെ;

ക്രിസ്തുവും മിശിഹായും തമ്മിൽ വ്യത്യാസമില്ല. മൂലഭാഷയുടെ വ്യത്യാസമേയുള്ളൂ. ഒന്ന് മൂലഭാഷയായ ഹീബ്രുവിലെയും മറ്റത് ഗ്രീക്കു വിവർത്തനത്തിലെയും നാമങ്ങളാണ്. യേശു ഒരു വ്യക്തി ഗതമായ പേരും ക്രിസ്തു ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന സ്ഥാനപ്പേരുമാണ്. രണ്ടുംകൂടി ചേരുമ്പോൾ രക്ഷകനും രാജാവും എന്ന അർത്ഥം ലഭിക്കുന്നു. ദാവീദിന്റെ ഭൗതികമായ രാജ്യമല്ല, ദൈവരാജ്യമാണ് യേശു സ്ഥാപിച്ചത്.

യേശു ദാവീദിന്റെ പുത്രനായ ക്രിസ്തുവായി ജനിച്ചെങ്കിലും യഥാർത്ഥത്തിൽ അവൻ ദാവീദിന്റെയും കർത്താവായ ദൈവപു ത്രനാണ് (മത്താ 22,43-45). ഈ സത്യം അവർക്ക് മനസി ലാക്കാനോ സ്വീകരിക്കാനോ കഴിഞ്ഞില്ല. അതിനാൽ യേശു വിന്റെ ഈ വെളിപ്പെടുത്തൽ ദൈവദൂഷണമായിട്ടാണ് അവർ കണ്ടത്. അതിനുള്ള ശിക്ഷ അവർ വിധിക്കുകയും ചെയ്തു: മരണം.

യേശുക്രിസ്തു എന്നു പറഞ്ഞാലും ഈശോ മിശിഹാ എന്നു പറഞ്ഞാലും വ്യത്യാസമില്ല. പേരിന്റെ അർത്ഥമാണ് പ്രധാനം. മറിയത്തിൽനിന്നു പിറന്ന്, നസ്രത്തിൽ ജീവിച്ച്, ഗാഗുൽത്താ യിൽ മരിച്ച് മൂന്നാം ദിവസം ഉയിർത്തത് മാനവരക്ഷകനും, ദൈവ രാജ്യം സ്ഥാപിക്കുന്ന രാജാവുമായ ദൈവപുത്രനാണ്. അവനി ലൂടെ മാത്രമാണ് രക്ഷ. അവന്റെ രാജ്യം ഐഹികമല്ല. അവൻ പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സത്യം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, നീതി, കരുണ മുതലായവ ജീവിത ത്തിൽ പകർത്തിക്കൊണ്ടാണ് അവനെ ക്രിസ്തുവായി ഏറ്റു പറ യേണ്ടത്.

# 15

## ആത്മാവിലും സത്യത്തിലും ആരാധന

യാക്കോബിന്റെ കിണറ്റിൻകരയിൽ വച്ചു കണ്ടുമുട്ടിയ സമറിയാക്കാരിയോട് യേശു പറഞ്ഞു, യഥാർത്ഥ ആരാധകർ ദൈവത്തെ ആരാധിക്കേണ്ടത് ഈ മലയിലുമല്ല, ജറുസലെമിലുമല്ല, മറിച്ച് ആത്മാവിലും സത്യത്തിലുമാണ്. എന്താണ് ഈ മല? ദേവാലയത്തിൽ പോകേണ്ട ആവശ്യമില്ല, ഇഷ്ടമുള്ളിടത്ത് സ്വസ്ഥമായിരുന്ന് സ്വന്തം ആത്മാവിൽ ആരാധിച്ചാൽ മതി എന്നാണ് ഇതിനർത്ഥം എന്ന് ഒരാൾ പ്രസംഗിക്കുന്നതു കേട്ടു. ഇതു ശരിയാണോ? എന്താണ് ആത്മാവിലും സത്യത്തിലുമുള്ള ആരാധന?

യോഹന്നാൻ എഴുതിയ സുവിശേഷം നാലാം അധ്യായത്തിൽ നിറഞ്ഞു നില്ക്കുന്ന ഒരു കഥാപാത്രമാണ് സമറിയാക്കാരി. നട്ടുച്ചയ്ക്ക്, കിണറ്റുകരയിൽ വച്ച് യേശു ആ സ്ത്രീയുമായി നടത്തിയ സംഭാഷണത്തിലാണ് നാലാം സുവിശേഷത്തിൽ ആദ്യമായി താൻ മിശിഹായാണെന്ന സത്യം യേശു പരസ്യമായി വെളിപ്പെടുത്തുന്നത്. ആ വെളിപ്പെടുത്തലിലേക്കു നയിക്കുന്ന ദീർഘമായ സംഭാഷണത്തിന്റെ ഒരു വഴിത്തിരിവിലാണ് ചോദ്യവിഷയമായ വാക്യം (യോഹ 4,21-23) വരുന്നത്. എനിക്ക് കുടിക്കാൻ തരുക എന്നു പറഞ്ഞുകൊണ്ട് യേശു ആരംഭിച്ച സംഭാഷണം സമറിയാക്കാരിയുടെ വ്യക്തി ജീവിതത്തിലേക്കു കടന്നു; അവളുടെ കഴിഞ്ഞ കാലത്തെ ദുരന്തങ്ങളും ഇപ്പോൾ ചെന്നുപെട്ടിരിക്കുന്ന ദുരവസ്ഥയും യേശു അവളുടെ മുമ്പിൽ തുറന്നുവച്ചു. അഞ്ചുപേരുടെ ഭാര്യയായിരുന്ന അവൾ തന്റെ ഭർത്താവല്ലാത്ത ഒരുവന്റെ കൂടെയാണ് ഇപ്പോൾ വസിക്കുന്നത് എന്ന

വെളിപ്പെടുത്തലിനു മുമ്പിൽ സമറിയാക്കാരി പതറി, വിഷയം മാറ്റി.

വ്യക്തിഗത വീഴ്ചകളിൽനിന്ന് ദൈവാരാധനയിലേക്കു തിരിയുന്നത് ഒരു ഒളിച്ചോട്ടമായി കരുതുന്നവരുണ്ട്. അല്ല, കുത്തഴിഞ്ഞ തന്റെ ജീവിതത്തെ വീണ്ടും ദൈവവുമായുള്ള ബന്ധത്തിലൂടെ വിശുദ്ധീകരിച്ച്, ഒരു യഥാർത്ഥ ഭക്തയും ആരാധകയും ആകാനുള്ള ആഗ്രഹമാണ് ആരാധനയെ സംബന്ധിച്ച അവളുടെ ചോദ്യം പ്രകടമാക്കുന്നത് എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്. ചോദ്യകർത്താവിന്റെ ലക്ഷ്യം എന്തു തന്നെയാണെങ്കിലും യേശുവിന്റെ മറുപടിയാണ് ഇവിടെ മുഖ്യ ചർച്ചാവിഷയം. അതു മനസിലാക്കാൻ സമറിയാക്കാരുടെയും, അവരും യഹൂദരും തമ്മിലുള്ള ബന്ധത്തിന്റെയും സംഘർഷങ്ങളുടെയും പശ്ചാത്തലം ചുരുക്കമായെങ്കിലും അറിഞ്ഞിരിക്കുക ആവശ്യമാണ്.

## സമറിയാക്കാർ

സമറിയാക്കാരും യഹൂദരും തമ്മിൽ നിലനിന്ന വിവാദങ്ങളിൽ ഒരു പ്രധാനവിഷയമായിരുന്നു ആരാധനാസ്ഥലം. സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽ രാജ്യം രണ്ടായി പിളർന്നു. പത്തു ഗോത്രങ്ങൾ ജെറൊബോമാമിന്റെ കീഴിൽ വേറിട്ടൊരു രാജ്യമായി. "ഇസ്രായേൽ" എന്ന പേരിൽ സ്വയം പ്രഖ്യാപിച്ചു. യൂദാ-ബെഞ്ചമിൻ ഗോത്രങ്ങൾ ദാവീദിന്റെ രാജകുടുംബത്തോടു ചേർന്നുനിന്നു. അങ്ങനെ വടക്ക് *ഇസ്രായേൽ* എന്നും തെക്ക് *യൂദാ* എന്നും പേരിൽ രണ്ടു രാജ്യങ്ങൾ നിലവിൽവന്നു. വടക്കൻ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു സമറിയാ പട്ടണം.

ബി.സി. 721-ൽ അസീറിയാക്കാർ ഇസ്രായേലിനെ കീഴടക്കി, ജനങ്ങളെ നാടുകടത്തി. അതോടെ വടക്കൻ രാജ്യമായ ഇസ്രായേൽ ചരിത്രത്തിൽ നിന്നും ഭൂപടത്തിൽ നിന്നും അപ്രത്യക്ഷമായി; യൂദാ അവശേഷിച്ചു. ഇസ്രായേൽക്കാരെ നാടുകടത്തിയതിനുശേഷം അസീറിയാക്കാർ മറ്റു രാജ്യക്കാരെ ഇസ്രായേൽ അധിവസിച്ചിരുന്ന ഭൂമിയിലേക്കയച്ചു. അവർ തദ്ദേശവാസികളായിരുന്ന ഇസ്രായേലിൽ അവശേഷിച്ചിരുന്നവരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു. അങ്ങനെ ഒരു സങ്കരവർഗ്ഗം സംജാതമായി. തലസ്ഥാന നഗരിയായിരുന്ന സമറിയായുടെ പേരിൽ അവർ "*സമറിയാക്കാർ*" എന്നറിയപ്പെട്ടു.

ബി.സി. 587-ൽ ബാബിലോൺ സാമ്രാജ്യം യൂദായെ കീഴടക്കി ജറുസലെം നശിപ്പിക്കുകയും അനേകരെ നാടുകടത്തുകയും ചെയ്തെങ്കിലും ബാബിലോണിനെ കീഴടക്കിയ പേർഷ്യൻ രാജാവായ സൈറസ് ബി.സി. 538-ൽ പ്രവാസികൾക്കു സ്വാതന്ത്ര്യം നല്കി. അവർ മടങ്ങിവന്ന് ജെറുസലെം പട്ടണവും ദേവാലയവും പുതുക്കിപണിതു. ദേവാലയ നിർമ്മാണത്തിൽ തങ്ങളും സഹകരിക്കാം എന്നു സമറിയാക്കാർ പറഞ്ഞെങ്കിലും യഹൂദർ അതു സമ്മതിച്ചില്ല. രക്തശുദ്ധി നഷ്ടപ്പെടുത്തിയ സങ്കരവർഗ്ഗക്കാരോടു കൂട്ടുചേരുന്നത് തെറ്റായി യഹൂദർ കരുതി. പിന്നീടങ്ങോട്ട് യഹൂദരും സമറിയാക്കാരും തമ്മിൽ ശത്രുത ശക്തിപ്പെട്ടു. സമറിയാക്കാർ തങ്ങൾക്കായി തനതായി ഒരു ദേവാലയം നിർമ്മിച്ചു.

### ആരാധനയുടെ സ്ഥലം

ഗെരിസിം മലയാണ് ദേവാലയ നിർമ്മിതിക്കായി അവർ തിരഞ്ഞെടുത്തത്. പഴയ സമറിയാ പട്ടണത്തിൽ നിന്നും ഏകദേശം അഞ്ചു കിലോമീറ്റർ അകലെയാണ് ഗെരിസിം. യാക്കോബിന്റെ കിണർ ആ മലയുടെ അടിവാരത്തിലായിരുന്നു. ഗെരിസിം തിരഞ്ഞെടുക്കാൻ പല കാരണങ്ങളുണ്ടായിരുന്നു. ഇസഹാക്കിനെ ബലിയർപ്പിക്കാനായി അബ്രാഹത്തിനു കർത്താവു കാണിച്ചുകൊടുത്ത മലയാണിത് (ഉൽപ 22, 2-9) എന്നു സമറിയാക്കാർ വിശ്വസിച്ചിരുന്നു.

വിളി ലഭിച്ച് ഹാരാനിൽ നിന്നു പുറപ്പെട്ട അബ്രാഹം ആദ്യമായി കർത്താവിനു ബലിയർപ്പിച്ചതും (ഉൽപ 12,6-8) ഇവിടെ ആയിരുന്നു. വാഗ്ദത്തഭൂമി കീഴടക്കിയതിനുശേഷം, കർത്താവിന്റെ കല്പനയനുസരിച്ച് അനുഗ്രഹവും ശാപവും ഉച്ചരിക്കാനായി ജോഷ്വായുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടിയ ജനത്തിൽ, അനുഗ്രഹങ്ങൾ വിളിച്ചു പറയേണ്ടവർ സമ്മേളിച്ചതും ഈ ഗെരിസിം മലയിലാണ്; അതിനു തൊട്ടുമുമ്പിലായുള്ള ഏബാൽ മലയിൽ ശാപവാക്കുകൾ വിളിച്ചു പറയുന്നവരും (നിയ 11,29;27,12; ജോഷ 8,33) നിന്നു. ഇപ്രകാരം രക്ഷാചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ടതായിരുന്നു ഗെരിസിം മല. അതിനാൽ അവിടെയാണ് സത്യമായും ആരാധനയർപ്പിക്കേണ്ടത് എന്നു സമറിയാക്കാർ കരുതി. അതാണ് സമറിയാക്കാരി സൂചിപ്പിക്കുന്ന “ഈ മല”.

ഇതുമായി താരതമ്യം ചെയ്യുമ്പോൾ ജറുസലെമിന് അത്ര തന്നെ പ്രാധാന്യമില്ല എന്നു സമറിയാക്കാർ കരുതി. ദാവീദു രാജാവാണ് ജബുസ്യരുടെ കൈയ്യിൽ നിന്ന് ജറുസലെം പിടിച്ചെടുത്ത് ഇസ്രായേലിന്റെ തലസ്ഥാനമാക്കിയത്. സോളമൻ അവിടെ ദേവാലയം പണി കഴിച്ചതോടെ ജറുസലെമിന്റെ പ്രാധാന്യം വർദ്ധിച്ചു. എന്നാലും ഇസ്രായേലിന്റെ വിഭജനത്തിനു മുമ്പും അതിനുശേഷവും മറ്റനേകം ആരാധനാലയങ്ങൾ ഇരു രാജ്യങ്ങളിലും നിലനിന്നു. ജോസിയാ രാജാവിന്റെ (ബി.സി. 640-609) മതനവീകരണത്തിന്റെ ഭാഗമായിട്ടാണ് ബലിയർപ്പണവും ആരാധനയും ജറുസലെമിൽ മാത്രമേ പാടുള്ളൂ എന്ന നിയമമുണ്ടായത് (നിയ 12,1-14). ജറുസലെമിന്റെ പ്രാധാന്യം എടുത്തുകാട്ടാനായി അവിടെയാണ് അബ്രാഹം ഇസഹാക്കിനെ ബലി കഴിക്കാൻ ഒരുങ്ങിയത് എന്നും യഹൂദർ വിശ്വസിച്ചു.

യേശുവിന്റെ കാലമായപ്പോഴേക്കും യഹൂദരും സമറിയാക്കാരും തമ്മിലുള്ള ശത്രുത വളരെ ശക്തമായിരുന്നു. യൂദയായിൽ നിന്നു ഗലീലിയിലേക്കു പോകാൻ എളുപ്പവഴി സമറിയായിലൂടെ ആയിരുന്നെങ്കിലും യഹൂദർ പൊതുവേ സമറിയാ ഒഴിവാക്കി, വളഞ്ഞ വഴിയാണ് ഉപയോഗിച്ചിരുന്നത്. അതിനാൽത്തന്നെ യഹൂദനായ യേശു സമറിയായിലൂടെ യാത്രചെയ്തതും സമറിയാക്കാരിയോടു കുടിവെള്ളം ചോദിച്ചതും അസാധാരണമായൊരു സംഭവമായിരുന്നു. സമറിയാക്കാരി തന്നെ അക്കാര്യം സൂചിപ്പിക്കുന്നുമുണ്ട് (യോഹ. 4,9).

### യഥാർത്ഥ ആരാധന

എവിടെയാണ് യഥാർത്ഥ ആരാധനയർപ്പിക്കേണ്ടത് എന്ന ചോദ്യം തന്നെ അപ്രസക്തമാക്കുന്നതാണ് യേശുവിന്റെ മറുപടി. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിനു മനുഷ്യൻ ആത്മസമർപ്പണത്തിലൂടെ നല്കുന്ന മറുപടിയാണ് ആരാധന. അതിന്റെ ബാഹ്യമായ അടയാളങ്ങൾ മാത്രമാണ് ബലിയർപ്പണം. മൃഗബലിയോ ധാന്യബലിയോ പാനീയബലിയോ എന്തുമാകട്ടെ, അവയെല്ലാം പ്രതീകങ്ങളാണ്. പ്രതീകങ്ങളുടെ അർത്ഥമറിയാതെ അതു തന്നെയാണാരാധന എന്ന തെറ്റുധാരണ നിലനിൽക്കുന്നതുകൊണ്ടാണ് ബലിയർപ്പിക്കുന്ന ഇടങ്ങളെക്കുറിച്ചു തർക്കമുണ്ടാകുന്നത്. ദൈവം പിതാവാണ്. പിതാവിനെ ആരാധിക്കാൻ

ഏതെങ്കിലും ഒരു പ്രത്യേക സ്ഥലം പ്രധാനമല്ല. അങ്ങനെ ഉത്തരത്തിന്റെ ആദ്യപകുതി സമറിയാക്കാരി ഉന്നയിച്ച പ്രശ്നത്തിനു പരിഹാരമാകുന്നു. അപ്പോൾ എന്താണ് ആരാധന, എപ്രകാരമുള്ള ആരാധനയാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന ചോദ്യം അവശേഷിക്കുന്നു.

"*യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾ ത്തന്നെയാണ്*" (യോഹ 4,23). തങ്ങൾ അറിയാത്തതിനെയാണ് സമറിയാക്കാർ ആരാധിക്കുന്നത് എന്ന ഒരു നിരീക്ഷണത്തിനു ശേഷം യേശു നൽകുന്ന ആരാധനയുടെ ഈ വിശദീകരണത്തിന്റെ സവിശേഷതകൾ ശ്രദ്ധിക്കണം. "യഥാർത്ഥ ആരാധകർ" എന്നത് തങ്ങൾ എന്താണ് ചെയ്യുന്നത് എന്ന വ്യക്തമായ അറിവോടും അവബോധത്തോടും കൂടെ ആരാധനയർപ്പിക്കുന്നവരാണ്. അവർ അജ്ഞാതമായ ഏതോ ഒരു ശക്തിയെ അല്ല, പിതാവായ ദൈവത്തെയാണ് ആരാധിക്കുന്നത്. അഥവാ ദൈവം തങ്ങളുടെ പിതാവാണെന്നു വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നവരാണ് യഥാർത്ഥ ആരാധകർ.

അവർ അർപ്പിക്കുന്ന ആരാധനയ്ക്കു രണ്ടു സവിശേഷതകൾ നല്കിയിരിക്കുന്നു. "ആത്മാവിലും സത്യത്തിലും". ഈ രണ്ടു വാക്കുകളും ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാടിലും യോഹന്നാൻ നൽകുന്ന പ്രത്യേക ഊന്നലുകളുടെ വെളിച്ചത്തിലും മനസിലാക്കണം. ആത്മാവിൽ ആരാധിക്കുക എന്നാൽ ബാഹ്യാനുഷ്ഠാനങ്ങൾ കൂടാതെ, പ്രത്യേക സ്ഥലവുമായി ബന്ധപ്പെടാതെ, ഓരോ വ്യക്തിയും തന്റെ ആന്തരികതയിൽ ദൈവത്തിനു നൽകുന്ന ആത്മസമർപ്പണമാണ് എന്ന വിശദീകരണം പൂർണ്ണമല്ല; ഏറ്റം പ്രധാനവും അടിസ്ഥാനപരവുമായ വ്യാഖ്യാനവുമല്ല. "ആത്മാവിൽ" എന്നതുകൊണ്ട് "ദൈവാത്മാവിൽ" എന്നാണ് മുഖ്യമായും അർത്ഥമാക്കുന്നത്. വ്യക്തികളിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രേരണയനുസരിച്ചായിരിക്കണം ഓരോരുത്തരും ആരാധിക്കുന്നതും പ്രാർത്ഥിക്കുന്നതും.

ഈ ആശയം വി. പൗലോസ് കൂടുതൽ വ്യക്തമാക്കുന്നുണ്ട്: "*വേണ്ടവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നമുക്കറിഞ്ഞു*

*കൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളിലൂടെ ആത്മാവു തന്നെ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു*" (റോമാ 8,26). യേശുവിലൂടെയാണ് പരിശുദ്ധാത്മാവ് നമുക്ക് ലഭ്യമായത്. അതിനാലാണ് "സമയം വരുന്നു, അല്ല വന്നു കഴിഞ്ഞു" എന്ന് യേശു എടുത്തു പറയുന്നത്. യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴിയുള്ള മഹത്വീകരണത്തിലൂടെയാണ് വിശ്വാസികളോടൊപ്പം എന്നേക്കും വസിക്കാനായി പരിശുദ്ധാത്മാവു നല്കപ്പെട്ടത് (യോഹ 7,39;14,16; 19,34-35). പരിശുദ്ധാത്മാവിനാൽ പ്രേരിതരായി പിതാവായ ദൈവത്തിനർപ്പിക്കുന്നതാണ് യഥാർത്ഥ ആരാധന.

"സത്യത്തിൽ" എന്ന വിശേഷണം യഥാർത്ഥ ആരാധനയുടെ ഉറവിടത്തിന്റെയും സ്വഭാവത്തിന്റെയും മറ്റൊരു വശം എടുത്തു കാട്ടുന്നു. ആരാധന സത്യസന്ധമായിരിക്കണം എന്നു മാത്രമല്ല ഇതർത്ഥമാക്കുന്നത്. മറ്റുള്ളവരെ കാണിക്കാനും കേൾപ്പിക്കാനുമായി നടത്തുന്ന ഒരു പ്രകടനമാകരുത്, ഓരോ വ്യക്തിയും തന്റെ ഹൃദയം എല്ലാംകാണുന്ന ദൈവത്തിന്റെ മുമ്പിൽ തുറക്കുന്നതാണ് സത്യത്തിലുള്ള ആരാധന എന്ന വ്യാഖ്യാനവും പൂർണമായും തൃപ്തികരമല്ല. കാരണം "സത്യം" എന്ന വാക്കിന് യോഹന്നാൻ നല്കുന്ന അർത്ഥത്തിന് കൂടുതൽ ആഴമുണ്ട്. സത്യം ഒന്നേയുള്ളൂ. ദൈവം. അദൃശ്യനും അഗ്രാഹ്യനും അപരിമേയനുമായ ദൈവം സ്വയം വെളിപ്പെടുത്തിയതു വചനത്തിലൂടെയാണ്. ആ വചനം ദൈവമാണ്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് വചനം എന്നു പറയാം. ആ വചനം മാംസം ധരിച്ച്, നമ്മുടെ ഇടയിൽ വസിക്കുകയും നമുക്ക് ദൃശ്യനായി ഭവിക്കുകയും ചെയ്തത് നസ്രത്തിലെ യേശു എന്ന മനുഷ്യനിലാണ് (യോഹ 1,14).

ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് യേശു. അതിനാൽ "എന്താണു സത്യം" എന്ന പീലാത്തോസിന്റെ ചോദ്യത്തിനുള്ള ഉത്തരം യേശു നേരത്തെ നല്കിക്കഴിഞ്ഞിരുന്നതായി യോഹന്നാൻ എടുത്തുകാട്ടിയിട്ടുണ്ട്. "*വഴിയും സത്യവും ജീവനും ഞാനാണ്*" (യോഹ 14,6) എന്ന മഹാ വാക്യം ചർച്ചാവിഷയത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. യഥാർത്ഥ ആരാധകർ പിതാവിനെ ആരാധിക്കേണ്ടത് സത്യമായ യേശുവിലൂടെയാണ്. എന്നെ കാണുന്നവർ പിതാവിനെ കാണുന്നു; എന്നിലൂടെയല്ലാതെ ആരും

പിതാവിന്റെയടുക്കലേക്കു വരുന്നില്ല, ഞാനും പിതാവും ഒന്നാണ്; ഞാനാണ് വാതിൽ തുടങ്ങിയ അനേകം വെളിപ്പെടുത്തലുകൾ സത്യത്തിലുള്ള ആരാധന എന്തെന്ന് വിശദീകരിച്ചു തരുന്നു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, അവിടുത്തെ വരദാനങ്ങളാൽ പ്രചോദിതരായി, യേശുക്രിസ്തുവിലൂടെ പിതാവായ ദൈവത്തിനു നല്കുന്ന ആത്മസമർപ്പണമാണ് യഥാർത്ഥമായ ആരാധന. ഈ ആരാധനയ്ക്ക് സ്ഥലകാലങ്ങൾ പ്രസക്തമല്ല. എവിടെയും ഏതു സമയത്തും അർപ്പിക്കാവുന്ന ആരാധനയുടെ അന്തഃസത്തയാണ് "ആത്മാവിലും സത്യത്തിലും" എന്ന വിശേഷണങ്ങൾ. അതുകൊണ്ട് ബാഹ്യമായ ആരാധനാനുഷ്ഠാനങ്ങൾക്ക് അർത്ഥമില്ല എന്ന നിഗമനം ശരിയല്ല. എന്നാൽ അനുഷ്ഠാനങ്ങൾക്ക് അർത്ഥം നൽകുന്നത് ഈ അവബോധവും വിശ്വാസവുമാണ് എന്ന കാര്യം വിസ്മരിക്കരുത്.

ആരാധനയർപ്പിക്കുന്നത് വ്യക്തിപരവും സാമൂഹികവും ആയിട്ടാകാം. രണ്ടും ഒരുപോലെ അനിവാര്യമാണ്. യേശു അന്ത്യ അത്താഴത്തിൽ പ്രതീകങ്ങളിലൂടെയും കുരിശിൽ പ്രതീകങ്ങളില്ലാതെയും അർപ്പിച്ച ആത്മബലിയാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന. അത് ചരിത്രത്തിലൂടെ തുടരണം എന്ന് യേശു അനുശാസിച്ചു: "*എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ*" (ലൂക്കാ 22,19). യേശുവിന്റെ കല്പന ശിഷ്യസമൂഹം അനുസരിച്ചു. അവന്റെ ഓർമ്മയാചരിക്കാനായി അവർ ഭവനംതോറും ഒന്നിച്ചുകൂടി; അപ്പം മുറിച്ചും പാനപാത്രം പങ്കിട്ടും അവർ യേശുവിനെ അനുസ്മരിച്ചു; യഥാർത്ഥ ആരാധനയർപ്പിച്ചു (അപ്പ 2,42-46; 1 കോറി 11,23-26). മുറിയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിൽ പിതാവിനോടു പ്രാർത്ഥിക്കാൻ (മത്താ 6,6) പഠിപ്പിച്ചവൻ തന്നെയാണ് ഒരുമിച്ചു കൂടുമ്പോൾ അവന്റെ ഓർമ്മയ്ക്കായി അനുഷ്ഠിക്കാൻ കല്പിച്ചത്.

ഒരുമിച്ചുകൂടാൻ സ്ഥലം ആവശ്യമുണ്ട്. അത് ആദ്യമാദ്യം വീടുകളിലായിരുന്നു. സമൂഹം വളർന്നപ്പോൾ അതിനായി ആരാധനാലയങ്ങൾ നിർമ്മിച്ചു. ഇന്നും ആരാധന തുടരുന്നു; തുടരണം. എന്നാൽ ഇവിടെ കടന്നു കൂടാവുന്ന തെറ്റായ ധാരണകളെയും ആചാരങ്ങളെയും കുറിച്ചും ശ്രദ്ധ വേണം. സ്ഥലങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ

യഥാർത്ഥമായ ദൈവാരാധനയ്ക്കു പകരം ആരാധനാഭാസങ്ങൾ ഉടലെടുത്തു എന്നു വരാം. അപ്പോൾ ചില സ്ഥലങ്ങൾക്കും ചില ആചാരാനാഷ്ഠാനങ്ങൾക്കും കൂടുതൽ ശക്തിയുണ്ട് എന്ന ധാരണ കടന്നു വരാനിടയാകും.

ദൈവികസാന്നിധ്യം പ്രത്യേകമാംവിധം പ്രത്യക്ഷമായ സ്ഥലങ്ങൾക്കു പ്രാധാന്യമില്ലെന്നോ, അവിടേക്കു നടത്തുന്ന തീർത്ഥാടനങ്ങൾ അർത്ഥശൂന്യമാണെന്നോ വരുന്നില്ല, പരിശുദ്ധാത്മാവിനാൽ പ്രേരിതരായി യേശുവിലൂടെ പിതാവിനർപ്പിക്കുന്നതാണ് ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ ആരാധന എന്ന ഗുരുവചനമായിരിക്കണം ആരാധകന്റെ വിശ്വാസത്തെയും മനോഭാവത്തെയും നയിക്കേണ്ടത്. അതില്ലാതെ വന്നാൽ ദൈവം തന്നെ ആരാധന നിരസിക്കുമെന്നും ആരാധനാലയം തല്ലിത്തകർക്കുമെന്നുമുള്ള പ്രവാചകന്മാരുടെ താക്കീതുകൾ ഓർമ്മിക്കണം (ആമോ 9,1; മിക്ക 3,12; ജറെ 5,6). അന്തഃസത്തയില്ലാത്ത ആർഭാടങ്ങളും ആഘോഷങ്ങളുമായി ആരാധന അധഃപതിക്കാതിരിക്കാൻ ഈ ഗുരുവചനം അനുശാസിക്കുന്നു.

# 16

## എല്ലാ നാമങ്ങൾക്കും ഉപരി

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അന്ധന്മാർ ആനയെ "കണ്ട" കഥയാണ് ഓർമ്മ വരുന്നത്. ആനയെ തൊട്ടറിഞ്ഞവരിൽ ഒരാൾ പറഞ്ഞു ആന തൂണുപോലെയാണ്; മറ്റൊരാൾക്ക് ആന ചൂലുപോലെയാണ്. വേറൊരുവന് ആന കുന്തംപോലെ. ഇനിയും നാലാമന് ആന മുറംപോലെ. നാലുപേരും പറഞ്ഞത് ശരിയാണ്. കാരണം ആനയുടെ കാല് തൂണുപോലെയും വാല് ചൂലുപോലെയും കൊമ്പ് കുന്തംപോലെയും ചെവി മുറംപോലെയും ആണെന്നതു സത്യമാണല്ലോ. എന്നാൽ മേൽ പറഞ്ഞതൊന്നും ആനയല്ല. ഈ വിവരണങ്ങൾ എല്ലാം കൂട്ടിവച്ചാലും ആനയാവുകയില്ല എന്ന് ആനയെ കണ്ടിട്ടുള്ളവർക്ക് അറിയാം.

യേശുക്രിസ്തുവിനെക്കുറിച്ച് വൈവിധ്യമാർന്നതും പലപ്പോഴും പരസ്പരവിരുദ്ധമെന്നു തോന്നാവുന്നതുമായ അനേകം ചിത്രങ്ങൾ നിലവിലുണ്ട്. അവയിൽ പലതും യേശുവിനെ നേരിൽ കണ്ടവർ രേഖപ്പെടുത്തിയിട്ടുള്ളതും, കണ്ടവരുടെയും അവരെ കേട്ടവരുടെയും സാക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയുമാണ്. പുതിയ നിയമ ഗ്രന്ഥകർത്താക്കൾ തന്നെ വൈവിധ്യമാർന്ന യേശുചിത്രങ്ങളാണ് വരച്ചുകാട്ടുന്നത്. അവയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട വിശ്വാസസമൂഹങ്ങളും വ്യക്തികളും വീണ്ടും പുതിയ ചിത്രങ്ങൾ വരച്ചു. ഇന്നും വരച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഏതെങ്കിലും ഒന്നു മാത്രമാണ് യേശു എന്നു പറയാനാവില്ല; ഈ ചിത്രങ്ങൾ എല്ലാം കൂട്ടിച്ചേർത്തു വച്ചാലും യേശുവിനെ അവന്റെ പൂർണതയിൽ അവതരിപ്പി

ക്കാനോ ഗ്രഹിക്കാനോ കഴിയില്ല. എന്നാലും പുതിയ നിയമഗ്ര ന്ഥങ്ങളിൽ പ്രകടമാകുന്ന യേശുചിത്രങ്ങൾ ചുരുക്കമായി അവ തരിപ്പിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ചിത്രം പൂർണമാവില്ല എന്ന മുന്നറിവോടുകൂടെതന്നെ.

"*എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം*" യേശുവിനു ദൈവം നൽകി എന്ന് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ വി.പൗലോസ് പ്രഖ്യാപിക്കുമ്പോൾ (ഫിലി 2,9) വിരൽചൂണ്ടുന്ന ഒരു യാഥാർത്ഥ്യമുണ്ട്. സകല നിർവചനങ്ങൾക്കും അതീതനാണ് യേശു. പേര് സംക്ഷിപ്തമായ ഒരു നിർവചനമാണല്ലോ. അതു കൊണ്ടുതന്നെയാണല്ലോ ദൈവം തന്റെ പേരു വെളിപ്പെടുത്താൻ വിസമ്മതിച്ചത് (ഉൽപ 32,29; പുറ 6,3). മോശയ്ക്കു വെളിപ്പെടു ത്തിയ പേരാകട്ടെ "ഞാൻ" എന്നു മാത്രമാണ്. ഒരു നിർവചന ത്തിന്റെ ചിമിഴിൽ ഒതുങ്ങുന്നവനല്ല ദൈവം; മനുഷ്യന്റെ പരിമി തമായ ബുദ്ധികൊണ്ട് ഗ്രഹിക്കാനോ നിർവചിക്കാനോ കഴിയു ന്നവനല്ല അവിടുന്ന്. ഏതാണ്ട് അതുപോലെതന്നെയാണ് യേശു വിനെ സംബന്ധിച്ചും, എല്ലാ നിർവചനങ്ങൾക്കും അതീതൻ. എന്നാലും അപരിമേയനായവൻ പരിമിതികൾ സ്വീകരിച്ചു; പരി മിതമായ ബുദ്ധിക്കു ഗ്രഹിക്കാവുന്ന വിധത്തിൽ സ്വയം ചുരുങ്ങി. അപ്പോൾ അവന് അനേകം പേരുകൾ ലഭിച്ചു. തങ്ങൾക്കുണ്ടാ യിരുന്ന മുന്നറിവിന്റെ വെളിച്ചത്തിലാണ് ഓരോരുത്തരും യേശു വിനു പേരുകൾ നൽകുക.

ഗലീലിയിലെ ഒരു കുഗ്രാമമായ നസ്രത്തിലാണ് അവൻ ജീവി ച്ചിരുന്നത്. അയൽക്കാർക്ക് അവൻ ആശാരി ഔസേപ്പിന്റെ മകൻ ആശാരി യേശു ആയിരുന്നു (മത്താ 13,55; ലൂക്കാ 4,22). ഔസേപ്പ് നേരത്തെ മരിച്ചുപോയതിനാലാവാം, പലരും അവനെ മറിയ ത്തിന്റെ മകനായ തച്ചൻ (മർക്കോ 6,3) ആയിട്ടാണ് കണ്ടത്. എന്നാൽ ജീവിതത്തിന്റെ ഒരു പ്രത്യേക ദശാസന്ധിയിൽ അവൻ പണിശാല വിട്ടിറങ്ങി, മറ്റൊരു രീതിയിലുള്ള പ്രവർത്തനം ആരം ഭിച്ചപ്പോൾ അയൽക്കാർ വിസ്മയഭരിതരായി. "*ഇവന് ഇതെല്ലാം എവിടെനിന്ന്? ഇവനു കിട്ടിയ ഈ ജ്ഞാനം എന്ത്? എത്ര വലിയ കാര്യങ്ങളാണ് ഇവന്റെ കരങ്ങൾ വഴി സംഭവിക്കുന്നത്!*" (മർക്കോ 6,2). അയൽക്കാരുടെ വിസ്മയം കൂടുതൽ അന്വേഷണത്തി ലേക്കോ വിശ്വാസത്തിലേക്കോ അല്ല അവരെ നയിച്ചത്. മറിച്ച്

തങ്ങൾക്ക് സുപരിചിതനായവനെ ഒരു ആശാരിയുടെ ലേബലി നപ്പുറം വിലയിരുത്താൻ തയ്യാറാകാത്ത അവർ അവനെ ഗ്രാമ ത്തിൽ നിന്നു പുറത്താക്കുകയാണ് ചെയ്തത് (ലൂക്കാ 4, 29-30). “ഇവൻ ആര്” എന്ന ചോദ്യം യേശു ചെന്നിടത്തെല്ലാം ഉയർന്നു. ഓരോരുത്തരും താന്താങ്ങളുടെ അനുഭവവും മനോധർമ്മവും അനുസരിച്ച് മറുപടിയും നൽകി.

ജോർദ്ദാൻ നദി ചാവുകടലിൽ ചെന്നു ലയിക്കുന്ന യൂദാ മരുഭൂമിയുടെ ഓരങ്ങളിൽ മാനസാന്തരത്തിനുള്ള ആഹ്വാനമായി സ്നാപകവചനം മുഴങ്ങിയപ്പോൾ സ്നാനം ഏൽക്കാൻ പോയ വരുടെ കൂടെ നസ്രത്തിൽനിന്നുള്ള ആശാരിയും ഉണ്ടായിരുന്നു. സ്നാനത്തിനുശേഷം ഏറെ താമസിയാതെ യേശുവും പ്രസംഗം ആരംഭിച്ചു: പ്രതീക്ഷയുടെ സമയം, ദൈവം വാഗ്ദാനം ചെയ്തി രുന്ന രക്ഷയുടെ സമയം പൂർത്തിയായി; ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കാൻ തുടങ്ങുന്നു. ഈ സത്യം വിശ്വ സിച്ച് ദൈവഭരണത്തിനു സ്വയം വിധേയരാകാൻവേണ്ടി ഹൃദയം ഒരുക്കുവിൻ (മർക്കോ 1,15). ഇതായിരുന്നു പ്രസംഗത്തിന്റെ സംഗ്രഹം. ഏറെ താമസിയാതെ സ്നാപകന്റെ ജീവിതം ഹേറോ ദോസ് അന്തിപ്പാസിന്റെ തടവറയിൽ എരിഞ്ഞടങ്ങി; യേശുവിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമായി.

ഗലീലിയിൽ ഉടനീളം യേശുവിന്റെ ശബ്ദം പ്രതിധ്വനിച്ചു. അനേകായിരങ്ങൾ അവനിലേക്ക് ഓടിയടുത്തു. അവനിലൂടെ ദൈവത്തിന്റെ ശക്തി പ്രവഹിച്ചു. കുരുടർ കണ്ടു; ബധിരർ കേട്ടു; ഊമരുടെ നാവിന്റെ കെട്ടഴിഞ്ഞു. ശരീരം തളർന്നുപോയവർ എണീറ്റു നടന്നു; മുടന്തർ ഊന്നുവടികൾ ദൂരെയെറിഞ്ഞ് കുതി ച്ചുചാടി. കുഷ്ഠരോഗികൾ ശുദ്ധരായി. പോരാ, മരിച്ചവർ ശവമ ഞ്ചത്തിൽ എണീറ്റിരുന്നു സംസാരിച്ചു. അത്ഭുതസ്തബ്ധരായ ജനം ആർത്തുവിളിച്ചു: പ്രവാചകൻ! (ലൂക്കാ 7,16-17). വിധവ യുടെ മകന് ജീവൻ വീണ്ടുകിട്ടിയപ്പോൾ, അധാർമ്മികതയ്ക്കെ തിരേ സിംഹഗർജ്ജനം പോലെ അവന്റെ സ്വരം ഉയർന്നപ്പോൾ അനേകർ പറഞ്ഞു: ഏലിയാപ്രവാചകൻ മടങ്ങിവന്നിരിക്കുന്നു (മർക്കോ 8,28). ജനക്കൂട്ടത്തിന് യേശു പ്രവാചകനായിരുന്നു - ഗലീലിയിലെ നസ്രത്തിൽ നിന്നുള്ള പ്രവാചകൻ (മത്താ 21,11). തന്റെ ജീവിതരഹസ്യങ്ങൾ മനസ്സിലാക്കിയവനെ സമരിയാക്കാ

രിയും (യോഹ 4,19) തനിക്കു കാഴ്ച തന്നവനെ കുരുടനും (യോഹ 9,17) പ്രവാചകനായി ഏറ്റുപറഞ്ഞു. അന്നാസിന്റെ അകത്തളത്തിൽവച്ച് മുഖം മൂടിക്കെട്ടിയശേഷം അവനെ പ്രഹരിച്ചു വിനോദിച്ച പടയാളികൾക്കും അവൻ പ്രവാചകനായിരുന്നു (മർക്കോ 14,65).

വിജനപ്രദേശത്തുവച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ സംതൃപ്തരാക്കിയപ്പോൾ, അപ്പം തിന്ന് വയർ നിറഞ്ഞവർ ഉറക്കെ പ്രഖ്യാപിച്ചു: "*ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്*" (യോഹ 6,14). കാരണം തങ്ങൾ പ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവാണ് അവൻ എന്ന് അവർ കരുതി. യേശുവിനെ അളന്നു നിർവചിക്കാൻ സമകാലികർ ഉപയോഗിച്ച മറ്റൊരു നാമമാണ് "ക്രിസ്തു" അഥവാ "മിശിഹാ". അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന് അർത്ഥം. വിദേശാധിപത്യത്തിൽനിന്ന് തങ്ങളെ മോചിപ്പിക്കാൻ ഒരു രാജാവു വരും എന്ന പ്രതീക്ഷ യേശുവിന്റെ കാലത്ത് യഹൂദരുടെ ഇടയിൽ വളരെ ശക്തമായിരുന്നു. യേശുവിന്റെ വാക്കും പ്രവൃത്തിയും ഈ പ്രതീക്ഷകളുടെ പൂർത്തീകരണമായി കണ്ടവർ ആർത്തുവിളിച്ചു. "*ഹോസാനാ, കർത്താവിന്റെ നാമത്തിൽ വരുന്ന ഇസ്രായേലിന്റെ രാജാവ് വാഴ്ത്തപ്പെട്ടവൻ*" (യോഹ 12,13). പരസ്യജീവിതത്തിന്റെ അന്ത്യത്തിലാണ് ഈ രാജകീയ സ്വീകരണം. കർത്താവിന്റെ നാമത്തിൽ വരുന്നവൻ - തങ്ങളെ രക്ഷിക്കാൻ ദൈവമായ കർത്താവ് അയച്ച രാജാവ് ആണ് യേശു എന്ന് ജനം ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു.

*ദാവീദിന്റെ പുത്രൻ* എന്നാണ് അനേകർ അവനെ വിശേഷിപ്പിച്ചത്. പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതു കണ്ട ജനക്കൂട്ടം ചോദിച്ചു: "*ഇവനായിരിക്കുമോ ദാവീദിന്റെ പുത്രൻ?*" (മത്താ 12,23). പിശാചുബാധിതയായ മകളെ സുഖപ്പെടുത്തണമേ എന്നു യാചിച്ച കാനാൻകാരിക്കും യേശു ദാവീദിന്റെ പുത്രനായിരുന്നു (മത്താ 15,22). ജെറീക്കോയിലെ വഴിയോരത്തു ഭിക്ഷയ്ക്കുവേണ്ടി കാത്തിരുന്ന കുരുടൻ ബർത്തിമേയൂസ് ഹൃദയം പൊട്ടി നിലവിളിച്ചു: "*ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ*" (മർക്കോ 10,47). ആയിരങ്ങളുടെ അകമ്പടിയോടെ കഴുതപ്പുറത്ത് ജറുസലേമിലേക്കു പ്രവേശിച്ചവനെ ദാവീദിന്റെ പുത്രനായ രാജാ

വായാണ് ജനം എതിരേറ്റത്. "വരാനിരുന്നവൻ" വന്നു കഴിഞ്ഞു എന്ന് യേശുവിനെ കണ്ടവർ ഉദ്ഘോഷിച്ചു. പിതാക്കന്മാർക്കു ലഭിച്ചതും പ്രവാചകന്മാർ ആവർത്തിച്ചതുമായ സകല വാഗ്ദാനങ്ങളും നിറവേറ്റുന്നവനായി ജനക്കൂട്ടം യേശുവിനെ കണ്ടു.

ജനത്തിന്റെ പ്രതീക്ഷകളും ഗ്രഹണശക്തിയും പഴയനിയമത്തിന്റെ ചുറ്റുവട്ടത്തിൽ ഒതുങ്ങി നിന്നു; എന്നാൽ അതിനുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല യേശുവിന്റെ വ്യക്തിത്വം. തങ്ങൾക്കു പരിചിതമായ പേരുകളിൽ യേശുവിനെ വിളിച്ചവർക്കും ഈ യാഥാർത്ഥ്യം ബോധ്യമായിരുന്നു. അതിനാൽ യേശുവിന്റെ സാന്നിധ്യത്തിൽ അവർ വിസ്മയം കൂറിനിന്നു, ആരാണ് ഇവൻ എന്ന ചോദ്യവുമായി. അവന്റെ ഒറ്റവാക്കിൽ തളർവാതരോഗി എണീറ്റു നടന്നപ്പോൾ, മരിച്ചവർ ഉയിർപ്പിക്കപ്പെട്ടപ്പോൾ തങ്ങൾക്കു പരിചിതമായ മേഖലയുടെ അപ്പുറത്താണ് അവൻ നിൽക്കുന്നതെന്ന് അവർക്കു തോന്നി. "*നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു*" എന്ന വാക്ക് അവന്റെ നാവിൽനിന്നു വീണപ്പോൾ കേട്ടവർ നടുങ്ങി. ദൈവത്തിനുമാത്രം ഉച്ചരിക്കാവുന്ന ഈ വാക്കുകൾ ഉച്ചരിക്കുന്ന ഇവൻ ആര്? (മർക്കോ 2,3-12).

സമകാലികരുടെ സകല സങ്കല്പങ്ങളെയും മറികടക്കുന്നതായിരുന്നു യേശുവിന്റെ പലവാക്കും പ്രവൃത്തിയും. ഉടമ്പടിയിലൂടെ നൽകപ്പെട്ടതും പിതാക്കന്മാർ പരിപാവനമായി കരുതി കൈമാറി വന്നതുമായ നിയമങ്ങളും പാരമ്പര്യങ്ങളും അവൻ കൂസലില്ലാതെ ലംഘിക്കുന്നതു കണ്ടപ്പോൾ അവർക്ക് അവനെ മനസിലാക്കാനായില്ല. "*സാബത്തു മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനു വേണ്ടിയല്ല, മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്*" (മർക്കോ 2,27-28) എന്ന മഹാവാക്യം അമ്പരപ്പുളവാക്കുക മാത്രമല്ല, എതിർപ്പിനും കാരണമായി. ഭക്ഷണകാര്യത്തിൽ എന്നല്ല, സകല വ്യാപാരങ്ങളിലും ശരീരശുദ്ധി പാലിക്കാൻ ദത്തശ്രദ്ധരായിരുന്നവർക്ക് അവന്റെ നിലപാട് ഒരു പ്രതിഷേധവും സമൂഹത്തിനു മുഴുവൻ എതിരെയുള്ള ഒരു വെല്ലുവിളിയുമായേ കാണാൻ കഴിഞ്ഞുള്ളൂ (മർക്കോ 7,1-23).

യഹൂദനേതാക്കന്മാർക്ക് അവൻ ആരംഭംമുതലേ ഒരു നോട്ടപ്പുള്ളിയായിരുന്നു, നിയമനിഷേധിയും ജനത്തെ വഴി തെറ്റിക്കുന്ന കലാപകാരിയും. ആദ്യമാദ്യം അവർ അവനെ സൂക്ഷ്മ നിരീക്ഷ

ണത്തിനു വിധേയനാക്കി; അവന്റെ വാക്കുകളും പ്രവൃത്തികളും ജനമധ്യത്തിൽ അതുളവാക്കുന്ന പ്രത്യാഘാതങ്ങളും സശ്രദ്ധം പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ അവർ ഒരു തീരുമാന ത്തിലെത്തി: ഇവൻ ദൈവദൂഷകനാണ്, കഴിയുന്നതും വേഗം നിശബ്ദനാക്കി, ഒഴിവാക്കേണ്ട അപകടകാരി (മർക്കോ 2,7-16. 24; 3,6). ജനമധ്യത്തിൽ അവനെ തേജോവധം ചെയ്യാൻ അവർ പരമാവധി പരിശ്രമിച്ചു. അവനെതിരേ ദുഷ്പ്രചരണത്തിന്റെ ഒരു വേലിയേറ്റംതന്നെ അഴിച്ചുവിട്ടു. അവൻ നിയമനിഷേധകനാണ്, ഭോജനപ്രിയനും മദ്യപനും ചുങ്കക്കാരുടെയും പരസ്യ പാപിക ളുടെയും കൂട്ടുകാരനുമാണ് (ലൂക്കാ 7,34); അവൻ സമരിയാക്കാ രനാണ് (യോഹ 8,48); അവന് സുബോധം നഷ്ടപ്പെട്ടിരിക്കുന്നു (മർക്കോ 3,21); അവനെ പിശാചു ബാധിച്ചിരിക്കുന്നു (യോഹ 8,48); സാത്താനുമായി അവൻ സഖ്യത്തിലാണ് (മർക്കോ 3,22). പഴയനിയമത്തിൽ തഴങ്ങിയ അവരുടെ കാഴ്ചപ്പാടുകൾക്ക് യേശു വിനെ മനസിലാക്കാൻ കഴിഞ്ഞില്ല; അതിനാൽത്തന്നെ അംഗീ കരിക്കാനും സാധിച്ചില്ല. ജറുസെലേമിലേക്കു നടത്തിയ രാജ കീയ പ്രവേശനവും ദൈവാലയത്തിൽ ചുഴറ്റിയ ചാട്ടവാറും (മത്താ 21,1-12; യോഹ 2,13-16) യേശുവിനെ ഉന്മൂലനം ചെയ്യാനുള്ള അവ രുടെ തീരുമാനത്തെ അരക്കിട്ടുറപ്പിച്ചു.

രാഷ്ട്രീയാധികാരികൾക്കും അവനെ മനസിലാക്കാനായില്ല. ആട്ടക്കാരിയെ തൃപ്തിപ്പെടുത്താൻ പ്രവാചകന്റെ തലയരിഞ്ഞ ഭീരുവായ ഹേറോദേസ് യേശുവിനെ കണ്ടത് തന്നെ വേട്ടയാ ടുന്ന സ്നാപകന്റെ പ്രേതമായിട്ടാണ് (മർക്കോ 6,16). നാടുവിട്ടി ല്ലെങ്കിൽ തട്ടിക്കളയും എന്നു ഭീഷണി മുഴക്കിയ നാടുവാഴിയോട് യേശുവിന്റെ മറുപടി വിധേയത്വമുള്ള ഒരു പ്രജയുടേതായിരു ന്നില്ല. "*ആ കുറുക്കനോടു ചെന്നു പറയുവിൻ...*" (ലൂക്കാ 13:31 -33). റോമാ സിംഹാസനത്തിന്റെ മുമ്പിലും കൂസലില്ലാത്ത ഈ നിലപാടാണ് യേശു സ്വീകരിച്ചത്. നികുതി പ്രശ്നവുമായി വന്ന നിയമജ്ഞർക്ക് അവൻ കൊടുത്ത മറുപടി ആദ്യമേ ദൈവത്തിന്റെ കാര്യം അന്വേഷിക്കണം എന്നായിരുന്നു (മർക്കോ 12,13-17). സീസറും ദൈവാധികാരത്തിൻ കീഴിലാണെന്ന് റോമൻ ഗവർണ്ണ റെയും അവൻ അനുസ്മരിപ്പിച്ചു: "*ഉന്നതത്തിൽനിന്നു നൽക പ്പെട്ടില്ലായിരുന്നെങ്കിൽ എന്റെ മേൽ ഒരധികാരവും നിനക്കുണ്ടാ*

*കുമായിരുന്നില്ല*" (യോഹ 19,11). ഐഹികമല്ലാത്ത ഒരു രാജത്വം അവകാശപ്പെട്ട യേശുവിനെ കലാപകാരിയും സാമ്രാജ്യത്തിനു ഭീഷണിയുമായേ റോമൻ അധികാരിക്കു കാണാൻ കഴിഞ്ഞുള്ളൂ. ആ ബോധ്യമനുസരിച്ചുള്ള ശിക്ഷയും അയാൾ പ്രഖ്യാപിച്ചു. യഹൂദരുടെ രാജാവിനു കുരിശുമരണം (യോഹ 19,16). എന്നാലും തനിക്കജ്ഞാതമായ എന്തോ ഒന്നിന്റെ മുമ്പിലാണ് താൻ നിൽക്കുന്നതെന്ന അവബോധം പീലാത്തോസിനുണ്ടായിരുന്നു. "എന്താണ് സത്യം" എന്ന ചോദ്യം (യോഹ 18, 38) നൽകുന്ന പ്രതീതിയാണത്.

## യേശുവിനെ തിരിച്ചറിയണമെങ്കിൽ

പരസ്യജീവിതത്തിന്റെ ആരംഭം മുതലേ യേശുവിന്റെ കൂടെ ഉണ്ടായിരുന്നവരാണ് അപ്പസ്തോലന്മാർ. ഗലീലി തടാകതീരത്തു തുടങ്ങിയ ആ സൗഹൃദവും സഹവാസവും അന്ത്യ അത്താഴം വരെ നീണ്ടു. മൂന്നു വർഷത്തോളം കൂടെ നടക്കുകയും യേശുവിനെ വളരെ അടുത്തു നിരീക്ഷിക്കുകയും ചെയ്ത ശിഷ്യന്മാർക്കും പിടികിട്ടാത്ത ഒരു വ്യക്തിത്വമായിരുന്നു അവന്റേത്. "എന്നെ അനുഗമിക്കുവിൻ" എന്ന വിളികേട്ട് എല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിക്കാൻമാത്രം (മർക്കോ 1,16-20) വശ്യമായിരുന്നു ആ വ്യക്തിത്വം, ശക്തമായിരുന്നു അവന്റെ ആകർഷണം. എന്നാൽ ആരാണ് അവൻ എന്ന ചോദ്യത്തിനു മുമ്പിൽ പലപ്പോഴും അവരും പകച്ചുനിന്നു. അവന്റെ ഒറ്റവാക്കിൽ കാറ്റും കടലും അടങ്ങി നിന്നപ്പോൾ അത്ഭുതസ്തംബ്ധരായി അവർ ചോദിച്ചുപോയി "ഇവൻ ആര്" (ലൂക്കാ 8,25). അവന്റെ അത്ഭുതകരമായ ആജ്ഞാശക്തിയും വിസ്മയാവഹമായ അധികാരപ്രയോഗവും അവരുടെ സുപരിചിതമായ ആശയതലങ്ങൾക്ക് അതീതമായിരുന്നു. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന ചോദ്യത്തിന് അവർ നൽകിയ ഉത്തരം ഒരു യഹൂദനു നൽകാൻ പറ്റുന്നതു മാത്രമായിരുന്നു. "നീ ക്രിസ്തുവാണ്" (മർക്കോ 8,29). അപൂർണ്ണവും തെറ്റിദ്ധാരണയ്ക്കു വഴി നൽകുന്നതുമാകയാൽ അത് ആരോടും പറയരുതെന്ന് യേശുതന്നെ അവരെ വിലക്കുകയും ചെയ്തു. (ഉത്ഥാനത്തിനു ശേഷം ലഭിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ വിശ്വാസപ്രഖ്യാപനമാണ് മത്തായി 16,16 രേഖപ്പെടുത്തുന്നത്.)

## വ്യത്യസ്തനായ ഗുരു

കൂടെ നടന്നവർ ഭൗതിക സ്വപ്നങ്ങൾ മെനഞ്ഞിരുന്നു; അധികാരക്കസേരയിലായിരുന്നു അവരുടെ കണ്ണുകൾ (മർക്കോ 10,35 -37; ലൂക്കാ 22,24). മരണത്തിനുശേഷവും യേശുവിനെക്കുറിച്ചുള്ള ഈ പ്രതീക്ഷകൾ അവർ പൂർണമായും കൈവെടിഞ്ഞിരുന്നില്ല. ഇസ്രായേലിനെ മോചിപ്പിക്കാനിരുന്നവൻ അവനാണെന്നായിരുന്നു അവരുടെ പ്രതീക്ഷ (ലൂക്കാ 24,21). ഇസ്രായേലിന് അവൻ രാജ്യം പുനഃസ്ഥാപിച്ചുകൊടുക്കും എന്ന് അപ്പസ്തോലന്മാർ ആത്മാർത്ഥമായും വിശ്വസിച്ചിരുന്നു (അപ്പ 1,6). ഒരു ഭാഗത്തുനിന്ന് ദൈവം അയച്ച മിശിഹായാണ് എന്ന് ഏറ്റുപറയുമ്പോഴും മറുഭാഗത്തുനിന്നു നോക്കുമ്പോൾ അവന്റെ വ്യക്തിത്വം ശിഷ്യന്മാർക്ക് അളക്കാനാവാത്ത ആഴമുള്ളതായിരുന്നു. മാതാവിനെയും പിതാവിനെയുംകാൾ, എന്നല്ല സ്വന്തം ജീവനേക്കാൾ അധികമായി തന്നെ സ്നേഹിക്കാത്തവൻ, തന്നെ അനുഗമിക്കുവാൻ വേണ്ടി ജീവൻ ത്യജിക്കാൻ സന്നദ്ധനാകാത്തവൻ, തനിക്കു യോഗ്യനല്ല എന്ന യേശുവിന്റെ പ്രഖ്യാപനം അമ്പരപ്പുളവാക്കുന്നതായിരുന്നു. വിടവാങ്ങലിന്റെ ഭാഗമായി ആചരിച്ച അത്താഴവിരുന്നിൽ അവൻ ചെയ്തതും പറഞ്ഞതും അവരുടെ ബുദ്ധിക്കും യുക്തിക്കും തികച്ചും അതീതമായിരുന്നു. ഗുരു ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി പാദം കഴുകിയതും അപ്പം മുറിച്ച് അതു തന്റെ ശരീരമാണെന്നു പറഞ്ഞ് ഭക്ഷിക്കാൻ കൊടുത്തതും ഏതു കാഴ്ചപ്പാടിലൂടെയാണവർ ഗ്രഹിക്കുക! ഇതിനെല്ലാം ശേഷം കുരിശിൽ നിന്നുയർന്ന പരിത്യക്തന്റെ നിലവിളി (മർക്കോ 15,34) വീണ്ടും ദുരൂഹതയുടെ ആഴങ്ങൾ വർദ്ധിപ്പിച്ചു. അവരുടെ മുന്നറിവിന്റെ സകല സീമകളെയും ലംഘിക്കുന്നതായിരുന്നു യേശുവിന്റെ വ്യക്തിത്വം.

## പുതിയ വിശ്വാസത്തിൽ

പന്തക്കുസ്താ ദിവസമുണ്ടായ പുതിയ അനുഭവത്തിനുശേഷമാണ് ആ വ്യക്തിത്വത്തിന്റെ ഉള്ളറകളിലേക്ക് കുറച്ചൊരു വെളിച്ചം അവർക്കു ലഭിച്ചത്. ആ വെളിച്ചത്തിൽ യേശുവിനെ അവർ പുതുതായി കണ്ടു. ആ പുതിയ അറിവ് വിശ്വാസസത്യമായി അവർ പ്രഘോഷിച്ചു. യഹൂദരുടെ ദൈവസങ്കല്പത്തെ തിരുത്തിക്കുറിക്കുന്നതായിരുന്നു ആ പുതിയ അറിവും വിശ്വാ

സവും. യേശു എന്ന പേരിന്റെ അർത്ഥം കൂടുതൽ വ്യക്തമായി. "യാഹ്‌വേ രക്ഷകൻ" എന്ന നാമം ധരിച്ചവൻ മാംസം ധരിച്ചു വന്ന ദൈവം തന്നെയാണ് എന്ന് അവർ ഏറ്റുപറഞ്ഞു. രോഗവും മരണവും, അവയ്ക്കെല്ലാം അടിസ്ഥാനകാരണമായി നിൽക്കുന്ന പാപവും മാറ്റി നിത്യജീവൻ നൽകുന്ന രക്ഷകനായി യേശുവിനെ അവർ തിരിച്ചറിഞ്ഞു.

പുതിയ പുതിയ പേരുകൾ അതോടെ യേശുവിനു നൽകപ്പെട്ടു. "*ദൈവപുത്രൻ*" എന്ന് ഏറ്റുപറഞ്ഞപ്പോൾ ഇസ്രായേൽ ജനത്തിനു പൊതുവിലും രാജാവിനു പ്രത്യേകിച്ചും നൽകിയിരുന്നതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു അർത്ഥം ആ വിശ്വാസപ്രഖ്യാപനത്തിനുണ്ടായിരുന്നു. മോശയ്ക്കു വെളിപ്പെടുത്തിയ പേരാണ് "*യാഹ്‌വേ*". അതിന്റെ വിവർത്തനമാണ് "*കർത്താവ്*". ശിഷ്യന്മാർ യേശുവിനെ "കർത്താവ്" എന്നു വിളിക്കുമ്പോൾ ദൈവത്തോടുള്ള അവിടുത്തെ തുല്യത, അഥവാ ദൈവത്വം ഏറ്റുപറയുകയാണ്. ഈ ഉത്ഥാനാനന്തര വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് പുതിയനിയമ ഗ്രന്ഥങ്ങൾ എല്ലാം എഴുതപ്പെട്ടത്. അതിനാൽ സുവിശേഷങ്ങളിൽ ജീവിതകാലത്ത് യേശുവിന്റെ ദൈവത്വം ഏറ്റുപറയുന്ന ശിഷ്യന്മാരുടെ വാക്കുകളിൽ ഈ വിശ്വാസത്തിന്റെ പ്രതിധ്വനി കേൾക്കാം. "*എന്റെ കർത്താവേ, എന്റെ ദൈവമേ*" (യോഹ 20,28) എന്ന തോമാശ്ലീഹായുടെ നിലവിളി ശിഷ്യസമൂഹം രൂപപ്പെടുത്തിയ വിശ്വാസപ്രമാണത്തിന്റെ ഏറ്റം ഹ്രസ്വമായ രൂപമാണ്.

## പൂർത്തീകരിക്കപ്പെട്ട വാഗ്ദാനം

മത്തായിയും ലൂക്കായും രചിച്ച ബാല്യകാല സുവിശേഷങ്ങളിൽ ഈ വിശ്വാസം പ്രകടമാകുന്നുണ്ട്. ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന, വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ അബ്രാഹത്തിന്റെ പുത്രനും ദാവീദിന്റെ പുത്രനായ രാജാവുമാണ് യേശു (മത്താ 1,1). ജനത്തെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുന്ന രക്ഷകൻ എന്നാണ് പേരിന്റെ അർത്ഥം (മത്താ 1,21). യേശു മനുഷ്യരുടെ മധ്യേയുള്ള ദൈവികസാന്നിധ്യമാണ്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള "*എമ്മാനുവേൽ*" എന്ന് അവൻ വിളിക്കപ്പെട്ടു (മത്താ 1,23). കിഴക്കുനിന്നു വന്ന ജ്ഞാനികൾ അവനെ ദൈവമായി ആരാധിച്ചു (മത്താ 2,11). യുഗാന്തംവരെ നമ്മോ

ടൊത്തു വസിക്കുന്ന ദൈവമാണ് യേശു എന്ന വിശ്വാസപ്രഖ്യാപനത്തോടെയാണ് മത്തായി തന്റെ വിവരണം സമാപിക്കുന്നത് (മത്താ 28,20).

ലൂക്കായുടെ വിവരണങ്ങളും ഇതേ ശൈലി അവലംബിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ കന്യകയിൽ നിന്നു ജനിച്ചവൻ അത്യുന്നതന്റെ പുത്രനായിരിക്കും (ലൂക്കാ 1,35). പരിശുദ്ധൻ (ലൂക്കാ 1,35), കർത്താവ് (ലൂക്കാ 1,43; 1,76), രക്ഷകൻ (ലൂക്കാ 1,69; 2,11.31) മുതലായ, പഴയനിയമത്തിൽ ദൈവത്തിനു മാത്രം ഉപയോഗിച്ചിരുന്ന വിശേഷണങ്ങൾ യേശുവിന് നൽകുന്നതിലൂടെ തന്റെയും ശിഷ്യസമൂഹം മുഴുവന്റെയും വിശ്വാസം ഏറ്റുപറയുകയാണ് മൂന്നാം സുവിശേഷകൻ ചെയ്യുന്നത്.

## യേശുവിന്റെ വ്യക്തിത്വം

എത്ര വിശേഷണങ്ങൾ നൽകിയാലും അതൊന്നും യേശുവിന്റെ വ്യക്തിത്വത്തെ പൂർണമായും ഉൾക്കൊള്ളാനോ പ്രകാശിപ്പിക്കാനോ അപര്യാപ്തമാണ്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ തികച്ചും പുതിയ പേരുകളും വിശേഷണങ്ങളും നൽകി ആ വ്യക്തിത്വത്തിന്റെ ആഴങ്ങൾ വെളിപ്പെടുത്താൻ ശ്രമിക്കുന്നു. ആദിയിലേ ദൈവത്തോടൊന്നിച്ചുണ്ടായിരുന്നവൻ, ദൈവം തന്നെ ആയവൻ, ദൈവത്തിന്റെ സ്വയം പ്രകാശനമായ വചനം, മാംസമായി മാറിയ വചനം (യോഹ 1,1-2.14) അന്ധകാരത്തിനു ഗ്രസിക്കാൻ കഴിയാത്ത പ്രകാശം (യോഹ 1,4), ദൈവത്തോടു ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതൻ (1,18) എന്നിങ്ങനെ സുവിശേഷത്തിന്റെ ആമുഖത്തിൽ നൽകുന്ന വിശേഷണങ്ങളും സ്ഥാനപ്പേരുകളും ഉദാഹരണങ്ങളാണ്. ജീവന്റെ അപ്പം (യോഹ 6,35), ലോകത്തിന്റെ പ്രകാശം (8,12) ജീവനിലേക്കു തുറക്കുന്ന വാതിൽ (10,9), നല്ല ഇടയൻ (10,14), വഴിയും സത്യവും ജീവനും (14,6) ജീവനും പുനരുത്ഥാനവും (11,25) എന്നിങ്ങനെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന പേരുകൾ നിരവധിയാണ്. "*ഞാനും പിതാവും ഒന്നാണ്*" (10,30) തുടങ്ങിയ പ്രസ്താവനകൾ ആ വ്യക്തിത്വത്തിന്റെ നിഗൂഢതലങ്ങളിലേക്കു വെളിച്ചം വീശുന്നു.

ദൈവികതയ്ക്ക് ഊന്നൽ നൽകുമ്പോൾ മനുഷ്യത്വം മറക്കരുത് എന്ന് യേശുവിനു നിർബന്ധമുണ്ടായിരുന്നു. ശിഷ്യന്മാർ അതു മനസിലാക്കുകയും ചെയ്തിരുന്നു. അതിനാലാണ് യേശു സ്വയം വിശേഷിപ്പിക്കാൻ "*മനുഷ്യപുത്രൻ*" എന്ന പേര് സ്ഥിരമായി ഉപയോഗിച്ചിരുന്നത്. നാലു സുവിശേഷകന്മാരും ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. യേശു മാത്രമേ ഈ പേര് ഉപയോഗിക്കുന്നുള്ളൂ എന്നതും ശ്രദ്ധേയമത്രേ. അത്യുന്നതൻ താഴ്ന്നിറങ്ങി, അമർത്യൻ മർത്യനായി, ദൈവം മനുഷ്യനായി. ഒരേ സമയം ദൈവവും മനുഷ്യനുമായവന്റെ വ്യക്തിത്വത്തെ ആർക്കു നിർണയിക്കാനാവും!

## ശിഷ്യനായി മാറിയ പീഡകൻ

ഇതേ അവബോധവും വിശ്വാസവുമാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ ഉറക്കെ പ്രഖ്യാപിക്കുന്നത്. ഡമാസ്കസിലേക്കുള്ള വഴിയിൽ വച്ചു കണ്ടുമുട്ടിയ നിമിഷം മുതൽ യേശു സാവൂളിന്റെ നാഥനായി; സാവൂൾ പൗലോസായി; പീഡകൻ ശിഷ്യനായി. വ്യക്തിബന്ധത്തിലൂടെയാണ് പൗലോസ് യേശുവിനെ അറിഞ്ഞത്. ഒരു വിളിയും മറുപടിയും ഉൾക്കൊള്ളുന്നതായിരുന്നു ആ ബന്ധം. ഒരു ഗുരു ശിഷ്യബന്ധം. പൗലോസിന്റെ ജീവിതത്തെ സമൂലം തിരുത്തിക്കുറിച്ച ആ ബന്ധം യേശുവിനെ കൂടുതൽ അടുത്തും ആഴത്തിലും അറിയാൻ ഇട നൽകി. "*എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്*" (ഫിലി 1,21); "*ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്*" (ഗലാ 2,20) തുടങ്ങിയ ആത്മപ്രകാശനങ്ങൾ ആ ആഴമേറിയ അറിവിന്റെ പ്രകടനങ്ങളാണ്. യേശുവിന്റെ വ്യക്തിത്വത്തിന്റെ ഔന്നത്യത്തിലേക്കും അഗാധതലങ്ങളിലേക്കും കടക്കുമ്പോഴും (എഫേ 1,15-23; കൊളോ 1,15-20) ഈ വ്യക്തിബന്ധത്തിനും ഗാഢമായ സ്നേഹത്തിനും പൗലോസ് ഊന്നൽ നൽകുന്നു. ആ സ്നേഹത്തിൽനിന്ന് ഒന്നിനും നമ്മെ വേർപ്പെടുത്താനാവില്ല (റോമ 8,31-39); അതിന്റെ ആഴവും ഉയരവും വീതിയും നീളവും

ഊഹാതീതമത്രെ (എഫേ 3,18). അവനുവേണ്ടിയാണ് നാം ജീവിക്കുന്നത്, അവനിലേക്കാണ് നാം മരിക്കുന്നത് (റോമാ 14,8).

ജീവിതത്തിലുടനീളം കൈപിടിച്ചു നടത്തുകയും മരണത്തിനപ്പുറത്ത് സ്വഭവനത്തിലേക്കു നമ്മെ സ്വീകരിക്കുകയും ചെയ്യുന്നവനാണ് യേശു എന്ന് ശിഷ്യസമൂഹം ഗ്രഹിച്ചു, വിശ്വസിച്ചു; (യോഹ 14,1-3; ലൂക്കാ 23,43; 2 കോറി 5,8-9). സ്വർഗാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുന്ന സുവിശേഷകന്മാർ അവിടുത്തെ മഹത്വീകരണത്തിന് ഊന്നൽ നൽകുമ്പോൾ അതു വിവരിക്കാത്ത മത്തായിയും യോഹന്നാനും എന്നും നമ്മുടെ മധ്യേയുള്ള യേശുവിന്റെ സാന്നിധ്യത്തെ എടുത്തു കാട്ടുന്നു (മത്താ 28,20; യോഹ 14,18.23). നമുക്കുവേണ്ടി മരിച്ച് ഉയിർത്തവൻ എന്നും നമ്മോടൊന്നിച്ചു വസിക്കുന്നു എന്ന് അവർ ഏറ്റുപറയുകയാണ്.

യേശുവിന്റെ വ്യക്തിത്വത്തിന്റെ മഹത്വവും പ്രഭാവവും ഏറ്റം അധികം വ്യക്തമാക്കുന്ന ഗ്രന്ഥമാണ് വെളിപാടു പുസ്തകം. ലോകരക്ഷയ്ക്കുവേണ്ടി സ്വയം യാഗമായിത്തീർന്നവൻ പാപത്തെയും മരണത്തെയും ജയിച്ച് ഉയിർത്തെഴുന്നേറ്റു. കൊല്ലപ്പെട്ടതായി തോന്നുന്നതും ദൈവസിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നതുമായ കുഞ്ഞാട് (വെളി 5,6) യേശുതന്നെയാണ്. പീഡിതയായ സഭയെ കൈകളിൽ താങ്ങുകയും നിരന്തരം സഭാമധ്യേ വസിക്കുകയും ചെയ്യുന്ന മഹത്വീകൃതനായ മനുഷ്യപുത്രനാണ് യേശു (വെളി 1,12-13). അവൻ രാജാവും പുരോഹിതനും അതേസമയം ദൈവവുമാണ്. പിതാവായ ദൈവത്തോടൊന്നിച്ച് സിംഹാസനത്തിൽ ഇരിക്കുകയും സകല സൃഷ്ടികളുടെയും ആരാധന സ്വീകരിക്കുകയും ചെയ്യുന്ന അവൻ (വെളി 5:11-14) ആദിയും അന്തവുമാണ് (22,13). എല്ലാം അവനിൽ തുടങ്ങുന്നു, എല്ലാം അവനിൽ അടങ്ങുന്നു. രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനും സർവാധിപനും (വെളി 17,14; 19,16) ആയ അവനാണ് ഈ ലോകത്തിന്റെ ഭാഗധേയം നിർണയിക്കുന്നത്, ചരിത്രത്തെ നയിക്കുന്നത്; തിന്മയെ ഉന്മൂലം ചെയ്ത് നന്മയെ പൂർണ്ണവിജയത്തിലെത്തിക്കുന്നത്.

പേരുകൾക്കും വിശേഷണങ്ങൾക്കും അതീതനാണ് അവൻ. ഒരു പേരും പൂർണമല്ല; ഒരു വിശേഷണവും പര്യാപ്തമല്ല. ഓരോ പേരും ഓരോ വിശേഷണവും ആ മഹാരഹസ്യത്തിന്റെ ഓരോ

വശം വെളിപ്പെടുത്താൻ സഹായിക്കും എന്നു മാത്രം. ദൈവത്തിന്റെ നീതിയും കരുണയും, സ്നേഹവും കരുതലും മൂർത്തരൂപം ധരിച്ചതാണ് യേശു. നീതിക്കുവേണ്ടി ഗർജിക്കുന്ന പ്രവാചകനാണവൻ; അധർമ്മത്തിൽ അടിയുറച്ച സിംഹാസനങ്ങളെയും സാമ്രാജ്യങ്ങളെയും തകിടം മറിക്കുന്ന വിപ്ലവകാരിയാണവൻ. മനുഷ്യനെ അടിമയാക്കുന്ന അജ്ഞതയുടെ അന്ധകാരമകറ്റുന്ന ജഗദ്ഗുരുവാണവൻ. ലോകത്തിന്റെ പ്രകാശം, രോഗിക്കു സൗഖ്യം, പാപിക്കു മോചനം, ദുഃഖിതർക്ക് ആശ്വാസം, അശരണർക്കു പ്രത്യാശ, പുറന്തള്ളപ്പെട്ടവർക്ക് അഭയം, മരിച്ചവർക്ക് ജീവൻ. ആ ജീവൻ മരണത്തിനപ്പുറത്തേക്ക്, നിത്യതയിലേക്ക് നീളുന്നു. സ്വയം എരിഞ്ഞ് പ്രകാശമായവൻ, സ്വയം മുറിഞ്ഞ് ഭക്ഷണമായവൻ, ലോകത്തിന്റെ മുഴുവൻ ദുഃഖവും പാപവും ഏറ്റുവാങ്ങി ബലിയായവൻ. യേശു ജീവിക്കുന്നു. ഇന്നും എന്നും, എന്നിലും നിന്നിലും, സർവോപരി എന്റെ സഹായം തേടിവരുന്ന സഹോദരനിലും; ദൈവമായി, ശക്തിയായി, സാന്ത്വനമായി, ആഹ്വാനമായി, വെല്ലുവിളിയായി, ദൗത്യമായി. വിളികേട്ട് പിന്നാലെ പോകാൻ തയ്യാറാകുന്നവർക്കേ അവനെ തിരിച്ചറിയാൻ കഴിയൂ. ശിഷ്യത്വത്തിലൂടെ മാത്രമേ യേശുവിനെ അറിയാനാകൂ (യോഹ 14,21–22).

"*എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും*" (യോഹ 14,23).

# 17

## യേശുവിന്റെ സഹോദരർ

*"ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസേ, യൂദാ, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ? ഇവന്റെ സഹോദരിമാരും ഇവിടെ നമ്മുടെ കൂടെയില്ലേ?"* (മർക്കോ 6,3).

ദൈവപുത്രനായ യേശുക്രിസ്തു ജനിച്ചത് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ കന്യകയിൽ നിന്നാണെന്നും യേശുവല്ലാതെ മറിയത്തിനു വേറെ മക്കളില്ല എന്നും മറിയം നിത്യകന്യകയാണെന്നും കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിശ്വാസത്തെ നിഷേധിക്കുന്നതല്ലേ മേലുദ്ധരിച്ച ബൈബിൾ വചനം? മത്താ 13, 55 ലും ഇതേ വാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ "യോസേ" എന്നതിനു പകരം "ജോസഫ്" എന്നു കാണുന്നു. രണ്ടും ഒരേ പേരിന്റെ വ്യത്യസ്ത രൂപങ്ങളാണെന്നതിൽ സംശയത്തിനിടയില്ല. മറിയം നിത്യകന്യകയെങ്കിൽ ആരാണ് ഇവിടെ പരാമർശവിഷയമാകുന്ന സഹോദരർ?

ഉദ്ധരിച്ച ബൈബിൾ വാക്യം അക്ഷരാർത്ഥത്തിൽ എടുത്താൽ മറിയത്തിനു യേശുവിനു പുറമെ നാലു പുത്രന്മാരും രണ്ടു പുത്രിമാരും കൂടെയെങ്കിലും ഉണ്ടായിരിക്കണം. ഇതു ചരിത്രവസ്തുതയെങ്കിൽ എന്തേ ആരംഭകാലം മുതൽ യേശുശിഷ്യർ ഇക്കാര്യം മറച്ചുവച്ചു എന്നു ചോദിക്കണം. എന്നാൽ, ഈ ചോദ്യം ഉന്നയിക്കുന്നതിനുമുമ്പേ എന്താണ് സഹോദരൻ, സഹോദരി

എന്ന പദങ്ങൾകൊണ്ട് സുവിശേഷകൻ അർത്ഥമാക്കുന്നത് എന്നു ഗ്രഹിക്കണം.

സഹോദരൻ, സഹോദരി എന്ന വാക്കുകൾക്ക് ഒരേ മാതാപിതാക്കളുടെ മക്കൾ, ഒരേ ഉദരത്തിൽ നിന്നു ജനിച്ചവർ എന്നാണ് അക്ഷരാർത്ഥം എന്നതിൽ സംശയമില്ല. എന്നാൽ ഈ പദങ്ങൾ കൂടുതൽ വിശാലമായ അർത്ഥത്തിൽ നാം ഉപയോഗിക്കാറുണ്ട്. സഹോദരങ്ങളുടെ മക്കളും പരസ്പരം സഹോദരങ്ങൾ എന്ന രീതിയിൽ പരാമർശിക്കപ്പെടുന്നു. "കസിൻ" എന്ന ഇംഗ്ലീഷ് പദത്തിനു തുല്യമായി ''പിതൃവ്യപുത്രൻ'' ''മാതൃവ്യപുത്രി'' എന്നൊക്കെ മലയാളത്തിൽ പദങ്ങൾ ഉണ്ടെങ്കിലും സാധാരണ സംസാരഭാഷയിൽ ഇതത്ര ഉപയോഗിക്കാറില്ല. സഹോദരൻ, സഹോദരി, ചേട്ടൻ, ചേച്ചി എന്നൊക്കെയാണല്ലോ പറയുക.

ബൈബിളിന്റെ മൂലഭാഷയായ ഹീബ്രുവിലും യേശുവിന്റെ സംസാരഭാഷയായ അരമായയിലും ഇതുതന്നെ ആയിരുന്നു അവസ്ഥ. സഹോദരൻ എന്ന പദത്തിന് കൂടുതൽ വ്യാപകമായ അർത്ഥസൂചനകളുണ്ട്. അബ്രാഹവും ലോത്തും തമ്മിൽ വഴി പിരിയുന്ന സാഹചര്യത്തിൽ അബ്രാഹം ലോത്തിനോടു പറയുന്നത് ഇവിടെ പ്രസക്തമാണ്. "*നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം നമ്മൾ സഹോദരങ്ങളാണ്*" (ഉൽപ 13,8). ലോത്ത് അബ്രാഹത്തിന്റെ സഹോദരനല്ല, സഹോദരപുത്രനാണെന്ന് ഉൽപ 11,27-ൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സഹോദരപുത്രനെ സഹോദരൻ എന്നു വിളിക്കുമ്പോൾ "സഹോദരൻ" എന്ന വാക്കിന് കൂടുതൽ വ്യാപകമായ അർത്ഥമുണ്ടെന്നു വ്യക്തം. ഈ പശ്ചാത്തലത്തിൽ വേണം യേശുവിന്റെ സഹോദരർ ആരെന്ന് അന്വേഷിക്കാൻ.

യേശുവിന്റെ സഹോദരന്മാരായി നസ്രത്തുകാർ എടുത്തു പറയുന്ന നാലിൽ രണ്ടു പേരുകൾ കുരിശിൻ ചുവട്ടിൽ നിൽക്കുന്ന സ്ത്രീകളെക്കുറിച്ചു പറയുമ്പോൾ വീണ്ടും പരാമർശ വിഷയമാകുന്നുണ്ട്. "*മഗ്ദലേനാമറിയവും യോസെയുടെയും ചെറിയ യാക്കോബിന്റെയും അമ്മയായ മറിയവും സലോമിയും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു*" (മർക്കോ 15,40). ഈ മൂന്നു പേരെക്കുറിച്ച് മത്തായിയും (27,56) പരാമർശിക്കുന്നുണ്ട്. അവിടെ മർക്കോസിലെ യോസേയ്ക്കു പകരം ജോസഫ് എന്നാണ് പറ

യുന്നത്. അതിനാൽത്തന്നെ നസ്രത്തുകാർ സൂചിപ്പിച്ച നാലു പേരിൽപ്പെട്ടവരാണ് ഈ രണ്ടുപേർ എന്നു ന്യായമായും കരുതാനാവും. യാക്കോബിനു മർക്കോസ് നല്കിയിരിക്കുന്ന "ചെറിയ" എന്ന വിശേഷണം മത്തായിയിലില്ല. അതിന്റെ കാരണം പിന്നാലെ പരിഗണിക്കാം.

ഇവരുടെ അമ്മയും മറിയം എന്നാണ് വിളിക്കപ്പെടുന്നത്. എന്നാൽ അതു യേശുവിന്റെ അമ്മയായ മറിയമല്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അപ്പോൾ ആരാണീ മറിയം? കുരിശിൻ ചുവട്ടിൽ നിന്ന നാലു സ്ത്രീകളെക്കുറിച്ചു യോഹന്നാൻ പ്രതിപാദിക്കുന്നുണ്ട്: "*യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നില്ക്കുന്നുണ്ടായിരുന്നു*" (യോഹ 19,25). അമ്മയുടെ സഹോദരി എന്നും ക്ലോപ്പാസിന്റെ ഭാര്യ എന്നും വിശേഷിപ്പിക്കുന്നത് ഒരാളെത്തന്നെയാണെന്നു വാദിക്കുന്നവരുണ്ടെങ്കിലും വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും ഇവരെ രണ്ടായിത്തന്നെയാണ് കാണുന്നത്. അതിനാൽ പേരെടുത്തു പറയുന്ന യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയവും അപ്പൻ ക്ലോപ്പാസ് ആണെന്നു കരുതാം. ആരാണീ ക്ലോപ്പാസ്?

കത്തോലിക്കാസഭയുടെ പൊതുവായ പാരമ്പര്യമനുസരിച്ച്, യേശുവിന്റെ പിതാവായ ജോസഫിന്റെ സഹോദരനായിരുന്നു ക്ലോപ്പാസ്. അയാളാണ് ഗ്രീക്കിൽ *അൽഫായിയേസ്* എന്നും ലത്തീനിൽ *അൽഫേവൂസ്* എന്നും അരമായയിൽ *ഹൽപൈ* എന്നും അറിയപ്പെടുന്നത്. അയാളുടെ പുത്രനാണ് പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായ *ഹൽപൈയുടെ പുത്രൻ യാക്കോബ്* (മർക്കോ 3,18). സെബദിപുത്രനായ യാക്കോബിൽനിന്നു വേർതിരിച്ചറിയാൻ വേണ്ടി അയാളെ "*ചെറിയ യാക്കോബ്*" എന്നു വിശേഷിപ്പിച്ചിരിക്കുന്നു (മർക്കോ 15,40) ഇയാളാണ് പിന്നീട് ജറുസലെം സഭയുടെ മേലദ്ധ്യക്ഷനായി പ്രവർത്തിച്ച, യേശുവിന്റെ സഹോദരൻ എന്നു പൗലോസ് വിശേഷിപ്പിക്കുന്ന (ഗലാ 1,19; 2,9) യാക്കോബ്. ഈ യാക്കോബാണ് ജറുസലെം സൂനഹദോസിലെ നിർണ്ണായക പ്രഖ്യാപനം നടത്തിയത് (അപ്പ 15,13-21).

ഇത്രയും പറഞ്ഞതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. യേശുവിന്റെ സഹോദരർ എന്നു നസ്രത്തുകാർ പറഞ്ഞ

നാലുപേരിൽ ഒരാളായ യാക്കോബ് യേശുവിന്റെ അമ്മയായ മറിയത്തിന്റെ മകനല്ല, യേശുവിന്റെ പിതാവായ ജോസഫിന്റെ സഹോദരപുത്രനായിരുന്നു. യോസേ എന്നും ജോസഫ് എന്ന റിയപ്പെടുന്ന സഹോദരന്റെ കാര്യവും അതുതന്നെ. മറ്റു സഹോ ദരങ്ങളുടെ കാര്യത്തിലും ഇതുപോലൊരു വിശദീകരണം സാധ്യ മാണ്. അതിനാൽ യേശുവിനു പുറമെ മറിയത്തിനു വേറെ മക്ക ളുണ്ടായിരുന്നു എന്ന വാദത്തിനു സാധുതയില്ല.

എന്നാൽ കൂടുതൽ വ്യാപകമായ അർത്ഥത്തിൽ, യേശുവിനെ ദൈവപുത്രനും രക്ഷകനുമായി വിശ്വസിച്ച് ഏറ്റുപറയുന്നവരെല്ലാം യേശുവിന്റെ സഹോദരങ്ങളും മറിയത്തിന്റെ മക്കളുമാണ്: "*ഇതാ നിന്റെ മകൻ.... ഇതാ നിന്റെ അമ്മ*" (യോഹ 19,26-27). ഈ സത്യം അംഗീകരിക്കുക, അതനുസരിച്ച് ജീവിക്കുക. അങ്ങനെ യേശു വിന്റെ സഹോദരങ്ങളായിരിക്കുന്നതിൽ അഭിമാനിക്കുക. അതാ ണാവശ്യം.

# 18

## സ്ത്രീ

ക്രൈസ്തവവിശ്വാസത്തിൽനിന്നും മരിയൻ ഭക്തിയിൽ നിന്നും രൂപംകൊണ്ട അനേകം നാമങ്ങൾ യേശുവിന്റെ അമ്മയായ മറിയത്തിനു നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ യേശു തന്റെ അമ്മയെ പരസ്യമായി "സ്ത്രീ" എന്നാണ് അഭിസംബോധന ചെയ്തത്. കാനായിലും കാൽവരിയിലുംവെച്ച് യേശു നടത്തിയ അഭിസംബോധനയാണ് "സ്ത്രീ". "സ്ത്രീ"യെന്നു വിളിക്കുക വഴി യേശു തന്റെ അമ്മയെ തള്ളിപ്പറയുകയായിരുന്നു എന്നു ചിന്തിക്കുന്നവർ ക്രൈസ്തവരുടെ ഇടയിൽ തന്നെ ഇന്നും വിരളമല്ല. എന്നാൽ പ്രസക്തമായ സുവിശേഷഭാഗങ്ങൾ അവധാനപൂർവ്വം അപഗ്രഥിച്ചാൽ മനസ്സിലാകും യേശു മറിയത്തെ തള്ളിപ്പറയുകയല്ല, രക്ഷാചരിത്രത്തിൽ അവൾക്കുള്ള സ്ഥാനം ഊന്നിപ്പറയുകയായിരുന്നുവെന്ന്.

കാനായും കാൽവരിയും രക്ഷാകരപ്രവൃത്തിയുടെ രണ്ടു മുഹൂർത്തങ്ങളാണ്. കാനായിൽവച്ച് യേശു തന്റെ സമയമാകാതിരുന്നിട്ടും ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച്, മഹത്വത്തിലേക്കുള്ള പ്രയാണം ആരംഭിച്ചു. ആ മഹത്വം പൂർണ്ണമായി വെളിവാകുന്നതു യോഹന്നാന്റെ വീക്ഷണത്തിൽ കുരിശിലാണ്. രക്ഷാകരപ്രവൃത്തി അനാവൃതമാകുന്ന രണ്ടു മുഹൂർത്തങ്ങളിലും മറിയം യേശുവിന്റെ അടുക്കലുണ്ടായിരുന്നു; യേശു മറിയത്തെ "സ്ത്രീയേ" എന്നു വിളിക്കുകയും ചെയ്തു. മനുഷ്യവർഗ്ഗത്തെ പാപത്തിലേക്കു നയിച്ച ആദ്യസ്ത്രീയായ ഹവ്വായുടെ ബദലായി യേശു മറിയത്തെ ചൂണ്ടിക്കാണിക്കുകയായിരുന്നു എന്നനുമാനിക്കാൻ മതിയായ ന്യായമുണ്ട്. പ്രലോഭനത്തിനു വശംവദയായി

ദൈവകല്പന ലംഘിച്ച ആദ്യസ്ത്രീയുടെ സ്ഥാനത്ത്, ദൈവ ഹിതത്തിനു പൂർണ്ണമായി വഴങ്ങിയ മറിയം സ്ത്രീവർഗ്ഗത്തിന്റെ പ്രതിനിധിയായി നിലകൊള്ളുന്നു.

രക്ഷകന്റെ അമ്മയാവുക എന്ന മഹനീയ ദൗത്യത്തിനായി ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട സ്ത്രീയാണ് മറിയം. ഈ ദൗത്യം നിർവ്വഹിക്കുന്നതിനുവേണ്ടി ദൈവം അവളെ പ്രത്യേകം ഒരുക്കിയിരുന്നു. "*ദൈവകൃപനിറഞ്ഞവളേ*" (ലൂക്കാ 1,28) എന്ന അഭിസംബോധന ഈ പ്രത്യേക തിരഞ്ഞെടുപ്പിലേക്കാണ് വിരൽ ചൂണ്ടുന്നത്. ലോകരക്ഷകനായ മിശിഹായ്ക്കു വഴിയൊരുക്കാനായി വിളിക്കപ്പെട്ട ഇസ്രായേൽ ജനത്തിന്റെ മകുടവും പ്രതിനിധിയുമാണ് മറിയം. ഇസ്രായേൽ പരാജയപ്പെട്ടിടത്ത് മറിയം ജയിക്കാൻ ദൈവം കാരണമാക്കി. ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ പാപമേശാത്തവളായി ദൈവം അവളെ പരിപാലിച്ചു. '*അമലോത്ഭവം*' എന്ന വിശ്വാസസത്യത്തിലൂടെയുള്ള കത്തോലിക്കാ സഭയുടെ ആധികാരികമായ പ്രബോധനമാണിത്. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു കൈവന്ന വിമോചനത്തിന്റെ ആദ്യഫലം മറിയത്തിൽ പ്രകടമായി. പാപരഹിതമായ അവളുടെ ശരീരത്തിൽ നിന്നാണ് ദൈവവചനം മാംസം ധരിച്ചത്.

താനെന്തായിരിക്കുന്നുവോ അത് ദൈവത്തിന്റെ ദാനം മാത്രമാണെന്നു മറിയം പൂർണ്ണമായി ഗ്രഹിച്ചിരുന്നു. അവളുടെ ഹൃദയവും മനസ്സും ശരീരവും പരിശുദ്ധാത്മാവിന്റെ ആലയമായിരുന്നു. ദൈവം തനിക്കുവേണ്ടി ചെയ്തവയെക്കുറിച്ചു മാത്രമേ മറിയത്തിനു പറയാനുണ്ടായിരുന്നുള്ളൂ. തലമുറകൾ അവളെ അനുഗൃഹീതയെന്നു വിളിക്കുന്നത്, ദൈവം അവളിലൂടെ പ്രവർത്തിച്ച വലിയ കാര്യങ്ങളെക്കുറിച്ചാണ്. മാനവവിമോചനം എന്ന ഈ വലിയ കാര്യത്തിൽ തന്റെ പങ്ക് എളിയ ദാസിയുടേതു മാത്രമാണെന്നു മറിയത്തിനു ബോധ്യമായിരുന്നു. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തി അനുഭവിച്ചറിഞ്ഞ അവൾ സന്തോഷത്തോടെ അത് ഏറ്റുപറഞ്ഞു.

ദൈവഹിതത്തിനു സ്വയം പൂർണ്ണമായി സമർപ്പിച്ച ഒരു വ്യക്തിയായിരുന്നു മറിയം. "*ഇതാ കർത്താവിന്റെ ദാസി, അവിടുത്തെ വചനം എന്നിൽ നിറവേറട്ടെ*" (ലൂക്കാ 1,38) എന്ന പൂർണ്ണ

വിധേയത്വം മറിയത്തിന്റെ ജീവിതത്തിലുടനീളം പ്രതിഫലിച്ചിരുന്നു. "മംഗലവാർത്ത"യുടെ അവസരത്തിൽ ലഭിച്ച വിളിയുടെ അർത്ഥവും ആഴവും അന്ന് അവൾ പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടാവില്ല. തന്റെ അറിവിന്റെ പരിധിയ്ക്കതീതമായ പല മേഖലകളിലേക്കും അവൾ നയിക്കപ്പെട്ടു. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്കതീതവുമായ പല സാഹചര്യങ്ങളിലൂടെയും അവൾക്കു കടന്നുപോകേണ്ടിവന്നു. അപ്പോഴെല്ലാം തന്റെ ഹിതത്തെ ദൈവഹിതത്തിനു പൂർണ്ണമായി വിധേയമാക്കുകയാണ് മറിയം ചെയ്തത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു സ്വയം തുറന്നുകൊടുത്ത നിമിഷം മുതൽ മറിയത്തിനു സ്വന്തമായി ഒരു ജീവിതമില്ലായിരുന്നു. അവന്റെ വിളിക്കു കാതോർക്കുക, അവൻ നയിക്കുന്ന വഴികളിലൂടെ സഞ്ചരിക്കുക ഇതു മാത്രമാണ് മറിയം ചെയ്തത്. പ്രതിഷേധിക്കാതെ, ചോദ്യം ചെയ്യാതെ, തനിക്കജ്ഞാതമായ ദൈവിക പദ്ധതിയെക്കുറിച്ചു സംശയിക്കാതെ, ഉറച്ച കാലടികളുമായി അവൾ മുന്നേറി. തന്റെ ജീവിതത്തിന്റെ നാഥൻ ദൈവമാണെന്ന ബോധ്യം അവളെ നയിച്ചു. ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കുകയും അതിനെക്കുറിച്ചു ധ്യാനിക്കുകയും (ലൂക്കാ 1,29; 2,19.51) വചനത്തിൽ നിന്നു ശക്തിയാർജ്ജിക്കുകയും ചെയ്ത മറിയത്തിന്റെ ജീവിതം വിശ്വാസത്തിന്റെ ജീവിതമായിരുന്നു.

"*കർത്താവിനാൽ അരുളിച്ചെയ്യപ്പെട്ടവ നിറവേറും എന്നു വിശ്വസിച്ച നീ ഭാഗ്യവതി*" (ലൂക്കാ 1,43) എന്ന് എലിസബത്ത് ഉദ്ഘോഷിക്കുമ്പോൾ മറിയത്തിന്റെ യഥാർത്ഥ മഹത്വത്തിലേക്കു വിരൽ ചൂണ്ടുകയാണു ചെയ്യുന്നത്. തനിക്ക് അജ്ഞാതവും അസാധ്യവുമായ കാര്യങ്ങൾ ദൈവത്തിനു സാധ്യമാണ് എന്ന് അവൾ വിശ്വസിച്ചു. കാര്യകാരണങ്ങൾ നിരത്തി വിശദീകരിക്കാൻ പറ്റുന്ന ഒന്നല്ല ഈ വിശ്വാസം. തന്റെ ജീവിതം ദൈവത്തിന്റെ കരങ്ങളിലാണെന്ന ബോധ്യത്തിൽനിന്നു രൂപംകൊണ്ട ഒരു ജീവിതരീതിയും മനോഭാവവുമാണിത്. അതൊരു ആത്മ സമർപ്പണമാണ്; അടിയറവയ്ക്കലാണ്. തന്നെ വിളിച്ചവൻ തന്നെ സംരക്ഷിച്ചുകൊള്ളും എന്ന ബോധ്യത്തിൽനിന്നുളവാകുന്ന സ്വയം വിട്ടുകൊടുക്കലാണ്; ജീവിതനൗകയുടെ ചുക്കാൻ ദൈവകരങ്ങളിലേല്പിക്കലാണ്.

കഠിനമായ പരീക്ഷണങ്ങളുടെ ചുറ്റൊഴുക്കുകളെ തരണം ചെയ്തതാണ് മറിയത്തിന്റെ വിശ്വാസം. വിശ്വാസികളുടെ പിതാവെന്നറിയപ്പെടുന്ന അബ്രാഹത്തെപ്പോലെ, അഥവാ അതിനേക്കൂളുപരി മറിയവും പരീക്ഷിക്കപ്പെട്ടു. കാലിത്തൊഴുത്തിലെ കടുത്ത ദാരിദ്ര്യവും കാൽവരിയിലെ പരിത്യക്തതയും ഈ പരീക്ഷണങ്ങളുടെ രണ്ടു മുഹൂർത്തങ്ങൾ മാത്രമായിരുന്നു. സഹനത്തിന്റെ മൂശയിൽ മാറ്റു തെളിയിച്ചതായിരുന്നു മറിയത്തിന്റെ വിശ്വാസം. യേശുവുമായി ബന്ധപ്പെട്ടതായിരുന്നു മറിയത്തിന്റെ സഹനമത്രയും. യേശുവിന്റെ മഹത്ത്വത്തിൽ പങ്കുചേരാനായി അവൾ ഒരിക്കൽപ്പോലും പരസ്യമായി പ്രത്യക്ഷപ്പെടുന്നില്ല. മകനു ലഭിക്കുന്ന സ്വീകരണവും തിരസ്കരണവും, ബഹുമതിയും അപമാനവും അണിയറയിലിരുന്ന് മനസ്സിലാക്കുകയും തന്റെ ഹൃദയത്തിൽ അവനോടൊപ്പം സന്തോഷിക്കുകയും ദുഃഖിക്കുകയും ചെയ്ത അമ്മ, നിർണ്ണായക നിമിഷത്തിൽ പരസ്യമായി പുറത്തുവന്നു–മഹത്വത്തിൽ പങ്കുചേരാനില്ല, അപമാനത്തിൽ ഒന്നിച്ചു നില്ക്കാൻ.

എല്ലാവരാലും പരിത്യക്തനായി, അവഹേളിതനായി, കള്ളന്മാരുടെ മദ്ധ്യേ ക്രൂശിക്കപ്പെട്ടു കിടക്കുന്ന തന്റെ മകൻ മനുഷ്യരക്ഷകനാണെന്ന് അവൾ വിശ്വസിച്ചു. മതാധികാരികൾ ദൈവദൂഷകനെന്നും രാഷ്ട്രീയക്കോടതി കലാപകാരിയെന്നും കുറ്റം വിധിച്ചവൻ, മോശയുടെ നിയമപ്രകാരം ശാപമേറ്റവൻ, ദൈവപുത്രനാണെന്ന് അവൾ വിശ്വസിച്ചു. എല്ലാവരും വിട്ടുപേക്ഷിച്ചപ്പോഴും മറിയം കുരിശിൻ ചുവട്ടിൽ പതറാതെനിന്നു. ബുദ്ധിക്കു കടന്നുചെല്ലാൻ കഴിയാത്തിടത്ത് ഹൃദയംകൊണ്ട് എത്തിപ്പറ്റാൻ അവൾ ശ്രമിച്ചു. സഹനത്തിലൂടെ പക്വത പ്രാപിച്ച സ്നേഹം വിശ്വാസത്തിന്റെ മാറ്റു തെളിയിച്ചു.

മകന്റെ മരണവേദനയിൽ പങ്കുപറ്റുന്ന ആ അനർഘനിമിഷത്തിൽ സ്വർഗ്ഗത്തിൽ നിന്നെന്നപോലെ ഒരു സ്വരം അവൾ ശ്രവിച്ചു. "*സ്ത്രീയേ, ഇതാ നിന്റെ മകൻ*" (യോഹ 19,26) പെട്ടെന്ന് അവൾ അമ്മയായി – ഒരു കുഞ്ഞിന്റെയല്ല, മനുഷ്യസമൂഹത്തിന്റെ. താൻ അനുഭവിച്ചത് മരണവേദനയല്ല, പുതിയൊരു മനുഷ്യവർഗ്ഗത്തിനു ജന്മം നല്കാനുള്ള തന്റെ മകന്റെ വേദനയിലുള്ള പങ്കുചേരലായിരുന്നു എന്ന് അപ്പോൾ അവൾ ഗ്രഹിച്ചു. വിശ്വാസിക

ളുടെ പിതാവായ അബ്രാഹത്തേക്കാൾ ആയിരം മടങ്ങ് അർത്ഥ വത്തായ വിധത്തിൽ മറിയം വിശ്വാസികളുടെ മാതാവായി. തന്റെ ഏക പുത്രനെ ബലിയർപ്പിക്കാൻ തയ്യാറായ അബ്രാഹത്തിന് അവസാന നിമിഷം ആ ബലിയർപ്പണം ഒഴിവാക്കാൻ കഴിഞ്ഞു. എന്നാൽ മറിയത്തിന് ഇപ്രകാരമൊരു ആനുകൂല്യം ലഭിച്ചില്ല. പരിഹസിക്കുന്ന ശത്രുക്കൾക്കുമധ്യേ തന്റെ മകൻ ചോരവാർന്നു മരിക്കുന്നത്, അതും ഒരു കുറ്റവാളിയെപ്പോലെ വധിക്കപ്പെടുന്നത്, നിസ്സാഹയയായി കണ്ടുനിൽക്കാൻ മറിയം നിർബന്ധിതയായി. ലോകപാപത്തിന്റെ ഭാരം ഏറ്റുവാങ്ങിയ തന്റെ മകന്റെ സഹന ത്തിൽ അവസാനംവരെ അവൾ പങ്കുചേർന്നു. അങ്ങനെ അവൾ സഹരക്ഷകയായി.

കുരിശിൻചുവട്ടിൽ വച്ചു തനിക്കു ലഭിച്ച പുതിയ മക്കളെ ഒരുമിച്ചുകൂട്ടി പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി കാത്തി രിക്കുന്ന മറിയത്തിന്റെ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ വരച്ചുകാട്ടുന്നുണ്ട് (അപ്പ 1,14). ഭീരുക്കളും അവിശ്വസ്തരും തന്റെ മകനെ നിർണ്ണായക മുഹൂർത്തത്തിൽ തള്ളിപ്പറഞ്ഞവരുമാണ് അവർ എന്നറിഞ്ഞുകൊണ്ടുതന്നെ മറിയം അവരെ മക്കളായി സ്വീകരിച്ചു, യേശുവിന്റെ കുടുംബത്തിലെ അംഗങ്ങളായി അംഗീ കരിച്ചു.

അടിപതറാത്ത വിശ്വാസത്തിന്റെയും അസ്തമിക്കാത്ത പ്രത്യാശയുടെയും പ്രതീകമായ സ്ത്രീയാണു മറിയം. ഹൃദയം കൊണ്ടു കാണുകയും സ്നേഹംകൊണ്ടു ഗ്രഹിക്കുകയും ചെയ്യുന്ന, ചോദ്യം ചെയ്യാതെ സ്വീകരിക്കുന്ന, കലവറ കൂടാതെ നൽകുന്ന സ്ത്രീത്വത്തിന്റെ മകുടോദാഹരണമാണ് അവൾ. മറി യത്തിൽ സ്ത്രീത്വത്തിന്റെ പൂർണ്ണതയും മാതൃത്വത്തിന്റെ ശക്തിയും മനുഷ്യവർഗ്ഗത്തിന്റെ വിമോചനവും പ്രത്യക്ഷമാകു ന്നു. ദൈവഹിതത്തിന് പൂർണ്ണമായും സ്വയം സമർപ്പിച്ചുകൊണ്ടു മനുഷ്യവർഗ്ഗത്തിനു ശാപമോക്ഷം നല്കിയ സ്ത്രീയാണു മറിയം; ക്രിസ്തുവിലേക്കു നയിക്കുന്ന വിരൽ ചൂണ്ടിയാണ്; ഉത്തമമായ മാതൃകയും ക്രിസ്തുവിന്റെ മുമ്പിൽ മധ്യസ്ഥയുമാണ് രക്ഷകന്റെ അമ്മയായ സ്ത്രീ.

# 19

## സ്രഷ്ടാവിന്റെ മാതാവ്

ജപമാലയുടെ ഭാഗമായി ചൊല്ലുന്ന ലുത്തിനിയായിൽ മാതാവിനു നല്കുന്ന ചില വിശേഷണങ്ങൾ ഏറെ സംശയം ഉളവാക്കുന്നു. ഉദാ: "*സ്രഷ്ടാവിന്റെ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!*" അതേസമയം വിശ്വാസപ്രമാണത്തിൽ നാം വ്യക്തമായി ഏറ്റുപറയുന്ന ആദ്യത്തെ വിശ്വാസസത്യമാണ് "*സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു*" എന്നത്. ഈ വിശ്വാസസത്യത്തിന്റെ വെളിച്ചത്തിൽ "സ്രഷ്ടാവിന്റെ മാതാവേ" എന്ന അഭിസംബോധനയെ എങ്ങനെ ന്യായീകരിക്കാനാവും? സ്രഷ്ടാവായ ദൈവത്തിന് ഒരു മാതാവുണ്ടെങ്കിൽ ആരായിരിക്കും ആ മാതാവ്? സകലത്തിന്റെയും സ്രഷ്ടാവിന് മാതാവുണ്ട് എന്നു പറയുന്നത് സാമാന്യബുദ്ധിക്കുപോലും നിരക്കുന്നതല്ലല്ലോ?

തികച്ചും യുക്തിഭദ്രമാണ് ചോദ്യം. ഒന്നുകിൽ തൃപ്തികരമായ ഉത്തരം നല്കുക, അല്ലെങ്കിൽ ഈ അഭിസംബോധനാ രീതി ഒഴിവാക്കുക. നൂറ്റാണ്ടുകളായി കത്തോലിക്കാസഭയുടെ ഔദ്യോഗികമായ അംഗീകാരത്തോടെ ചൊല്ലുന്ന ഒരു പ്രാർത്ഥനയാണ് ഈ ലുത്തീനിയാ. ഇതിലെ ഓരോ വിശേഷണവും സഭ അറിഞ്ഞുകൊണ്ടുതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. അതിനാൽ വിശ്വാസവിരുദ്ധം എന്നു മുദ്രകുത്തുന്നതിനു മുമ്പേ എന്താണ് ഈ വിശേഷണത്തിലൂടെ സഭ പറയുന്നത് എന്നു മനസ്സിലാക്കാൻ ശ്രമിക്കണം.

ഇതൊരു പ്രാർത്ഥനയുടെ ഭാഗമാണ് എന്ന കാര്യം ആദ്യമേ ശ്രദ്ധിക്കണം. പ്രാർത്ഥനകൾ എല്ലാം വിശ്വാസസത്യങ്ങൾക്കനുസൃതമായിരിക്കണം, എന്നാൽ വിശ്വാസസത്യങ്ങളുടെ നിർവ്വചനമായി കരുതാനാവില്ല. പ്രാർത്ഥനയിൽ ഭക്തിപ്രകടനത്തിന് പ്രാധാന്യമുണ്ട്. ഭക്തിയിൽ മുഖ്യമായും വരുന്നത് വികാരത്തിന്റെ പ്രകടനമാണ്. ഭക്തിതീക്ഷ്ണതയിൽ ഭക്തർ പറയുന്ന കാര്യങ്ങളെല്ലാം അക്ഷരാർത്ഥത്തിൽ നിർവ്വചനങ്ങളായി കരുതേണ്ടതില്ല.

കത്തോലിക്കാ വിശ്വാസികൾ മാതാവിന്റെ മാധ്യസ്ഥ്യം തേടി ഏറ്റംകൂടുതൽ പ്രാർത്ഥിക്കുന്നതാണ് ജപമാല. അതിന്റെ അവസാനം മാതാവിന്റെ അനേകം അഭിദാനങ്ങൾ അഥവാ വിശേഷണങ്ങൾ എടുത്തുപറഞ്ഞ് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്നു യാചിക്കുന്നു. രക്ഷാചരിത്രത്തിൽ മറിയത്തിനുള്ള സ്ഥാനമാണ് ഈ അഭിദാനങ്ങളുടെയെല്ലാം അടിസ്ഥാനം; ദൈവത്തോടുള്ള ബന്ധമാണ് ഈ അഭിദാനങ്ങളിലൂടെയെല്ലാം ഏറ്റുപറയുന്നത്.

പിതാവായ ദൈവത്തെയാണ് സ്രഷ്ടാവായി വിശ്വാസപ്രമാണത്തിലൂടെ സഭ ഏറ്റുപറയുന്നത്. എന്നാൽ ദൈവം സൃഷ്ടിക്കുന്നത് വചനത്തിലൂടെയാണ് എന്ന് ബൈബിളിന്റെ ആദ്യവാക്യങ്ങളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്: "*ദൈവം അരുളിച്ചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി*" (ഉൽപ 1,3). ഇതേ സത്യം തന്നെ കൂടുതൽ വ്യക്തമായി യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "*ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു... സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല*" (യോഹ 1,1-3). വചനമാകുന്ന ദൈവത്തിലൂടെയാണ് സൃഷ്ടികർമ്മം നടന്നത് എന്നു പൗലോസും പഠിപ്പിക്കുന്നുണ്ട്. "*എല്ലാം അവനിലൂടെയും അവനുവേണ്ടിയിട്ടാണ് സൃഷ്ടിക്കപ്പെട്ടത്*" (കൊളോ1,16). ഈ വ്യാപകമായ അർത്ഥത്തിലാണ് യേശുക്രിസ്തുവിനെ സ്രഷ്ടാവ് എന്നും മറിയത്തെ സ്രഷ്ടാവിന്റെ മാതാവ് എന്നും വിശേഷിപ്പിക്കുന്നത്. അതിനാൽ "സ്രഷ്ടാവിന്റെ മാതാവേ" എന്ന അഭിസംബോധന വിശ്വാസവിരുദ്ധം എന്നു പറയാനാവില്ല.

അക്ഷരാർത്ഥത്തിൽ എടുത്താൽ വിശ്വാസവിരുദ്ധം എന്നു തോന്നാവുന്ന വേറെയും അഭിസംബോധന രൂപങ്ങൾ ലുത്തിനിയായിൽ ഉണ്ട്. "*സ്വർഗ്ഗത്തിന്റെ വാതിലേ*" എന്നു മാതാവിനെ വിളിക്കുന്നത് യേശു പഠിപ്പിച്ചതിനു വിരുദ്ധമായി തോന്നാം. "*ഞാനാണു വാതിൽ. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും*" (യോഹ 10,9). ദൈവത്തോടൊന്നിച്ചുള്ള നിത്യ ജീവിതത്തിലേക്കു പ്രവേശിക്കുന്നതിനെയാണ് ഇവിടെ വാതിലായി അവതരിപ്പിക്കുന്നത്. "*വഴിയും സത്യവും ജീവനും ഞാനാണ്*" (യോഹ 14,6) എന്ന പ്രഖ്യാപനം ഈ സത്യം വീണ്ടും ഉറപ്പിച്ചു പറയുന്നു. അപ്പോൾ മറിയത്തെ "*സ്വർഗ്ഗത്തിന്റെ വാതിലേ*" എന്നു വിളിക്കുന്നത് തെറ്റല്ലേ എന്നു സംശയം ഉദിക്കാം.

യഥാർത്ഥ വാതിലും വഴിയും ജീവനുമായ യേശുവിനു പകരമായി നിൽക്കുന്ന മറ്റൊരു വാതിലല്ല മറിയം, മറിച്ച് യേശുവിലേക്കു നയിക്കുന്ന മധ്യസ്ഥയും മാതൃകയുമാണ്. യേശുവിനെ കൂടാതെ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കാനുള്ള വഴിയും വാതിലുമായി മറിയത്തെ ആരും കരുതുന്നില്ല, വണങ്ങുന്നതുമില്ല.

"*ഒരു ദൈവമേയുള്ളൂ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ മനഷ്യനായ യേശുക്രിസ്തു*" (1 തിമോ 2,5) എന്ന പ്രബോധനത്തിനു സമാനമാണിത്. ദൈവത്തിനും മനുഷ്യനും ഇടയിൽ ഒരേസമയം ദൈവവും മനുഷ്യനുമായ യേശുക്രിസ്തു മാത്രമാണ് ഏകമധ്യസ്ഥൻ എന്നു പറയുമ്പോഴും യേശുതന്നെ മനുഷ്യരുടെ മാധ്യസ്ഥ്യം സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കാനായിലെ കല്ലാണവേളയിൽ അമ്മയുടെ മാധ്യസ്ഥ്യം സ്വീകരിച്ച് അത്ഭുതം പ്രവർത്തിച്ചതുതന്നെ ഏറ്റം വലിയ ഉദാഹരണം (യോഹ 2,1-11). യേശു എന്ന ഏകമധ്യസ്ഥന്റെ അടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്ന മറ്റു മധ്യസ്ഥർ എന്നതുപോലെ, നിത്യജീവനിലേക്കു നയിക്കുന്ന സ്വർഗ്ഗത്തിന്റെ വാതിലായ യേശുവിലേക്കു നയിക്കുന്ന വാതിലാണു മറിയം.

"*ഉഷകാല നക്ഷത്രമേ*" എന്ന അഭിസംബോധനയും സംശയം ഉളവാക്കാം. "*ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്; പ്രഭാതപൂർണ്ണനായ പ്രഭാതനക്ഷത്രം*" (വെളി 22,16). വെളിപാടു പുസ്തകത്തിന്റെ അവസാനം യേശു തനിക്കു തന്നെ

നല്കുന്ന ഒരു വിശേഷണമാണ് *പ്രഭാതനക്ഷത്രം*. രാത്രി തീരാറായി; പകൽ ഉടനെ ആരംഭിക്കും എന്നു വിളിച്ചറിയിക്കുന്നതാണ് പ്രഭാതനക്ഷത്രം. തിന്മയ്ക്കധീനമായ ഈ ഭൂമിയും ചരിത്രവും താമസിയാതെ അവസാനിക്കും, ദൈവഭരണം പൂർണ്ണമായും നടപ്പിലാകുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഒരു യാഥാർത്ഥ്യമാകും എന്നു വിളിച്ചറിയിക്കുന്ന ഉഷകാല നക്ഷത്രം യേശു തന്നെയാണ്.

"*നക്ഷത്രം*" എന്ന പ്രതീകം വരാനിരിക്കുന്ന രക്ഷക രാജാവിനെ സൂചിപ്പിക്കുന്ന ഒരു പ്രവചനമായും ബൈബിളിൽ കാണാം. "*യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും*" (സംഖ്യ 24,17). ബാലാമിന്റെ ഈ പ്രവചനത്തിൽ നക്ഷത്രവും ചെങ്കോലും ഒരേ അർത്ഥത്തിൽ, സമാന്തരമായി പ്രത്യക്ഷപ്പെടുന്നു. വരാനിരിക്കുന്ന രാജാവിനെക്കുറിച്ചുള്ള ഈ പ്രവചനം യേശുവിന്റെ ജനനത്തോടെ പൂർത്തിയായി എന്നു കിഴക്കുനിന്നു വന്ന ജ്ഞാനികളുടെ വാക്കിലൂടെ മത്തായി അവതരിപ്പിക്കുന്നുണ്ട് (മത്താ 2,1-12).

ഇവിടെയും സംശയത്തിനിടയില്ല, ഉഷകാല നക്ഷത്രം യേശു തന്നെയാണ്. അപ്പോൾ മറിയത്തിന് ഈ വിശേഷണം നല്കുന്നതു തെറ്റല്ലേ എന്നും ചോദിക്കാം. മറ്റു വിശേഷണങ്ങളെക്കുറിച്ചു പറഞ്ഞതുതന്നെയാണ് ഇവിടെയും പറയാനുള്ളത്. യേശുവാണ് ലോകത്തിന്റെ പ്രകാശം. പാപാന്ധകാരത്തിൽ കഴിയുന്ന ജനത്തിനു നിത്യരക്ഷയുടെ പ്രകാശം നൽകുന്ന നീതിസൂര്യനായ യേശു വരുന്നു എന്ന് മുൻകൂട്ടി അറിയിക്കുന്ന ഉഷകാലനക്ഷത്രമാണ് മറിയം. പുലരിനക്ഷത്രം ഉദിച്ചാൽ താമസിയാതെ സൂര്യോദയം ഉണ്ടാകും. അതുപോലെയാണ് രക്ഷകന്റെ ആഗമനത്തെ വിളംബരം ചെയ്യുന്ന രക്ഷകന്റെ അമ്മയായ മറിയം.

## ചുരുക്കത്തിൽ

ദൈവപുത്രനും ഏകരക്ഷകനായ യേശുക്രിസ്തുവിന്റെ അമ്മയായ മറിയത്തിനു ഭക്തർ പ്രാർത്ഥനകളിൽ നല്കുന്ന ചില വിശേഷണങ്ങൾ തെറ്റായി വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ ഭക്തിപ്രകടനത്തിലെ വൈകാരികാംശം മറന്ന് എല്ലാം അക്ഷരാർത്ഥത്തിൽ, വിശ്വാസനിർവ്വചനങ്ങളായി കരുതരുത്.

കത്തോലിക്കർ ബഹുദൈവവിശ്വാസികളോ വിഗ്രഹാരാധകരോ അല്ല. മറിയത്തെ ദൈവമായി കരുതി ആരാധിക്കുന്നുമില്ല. ഓരോ വാക്കും വിശേഷണവും എന്തർത്ഥത്തിലാണ് ഉപയോഗിക്കുന്നത് എന്ന് അതു പറയുന്നവരും കേൾക്കുന്നവരും വിമർശിച്ചു വിശകലനം ചെയ്യുന്നവരും മനസിലാക്കിയിരിക്കണം.

മറിയത്തെ "*ദൈവമാതാവ്*" എന്നു വിശേഷിപ്പിക്കുമ്പോൾ മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ മാതാവ് എന്നാണർത്ഥമാക്കുക. ജനിച്ചതും മരിച്ചതും ദൈവം തന്നെയായ ദൈവവചനമാണ്. അതിനാൽ മറിയത്തെ ദൈവമാതാവ് എന്നു വിളിക്കുന്നു. വചനത്തിലൂടെയാണ് സൃഷ്ടി കർമ്മം നടത്തുന്നത്. അതിനാൽ മറിയത്തെ സ്രഷ്ടാവിന്റെ മാതാവേ എന്നു വിളിക്കുന്നു. നിത്യജീവനിലേക്കു നയിക്കുന്ന വാതിലായ യേശുവിലേയ്ക്ക് നയിക്കുന്നതിനാൽ സ്വർഗ്ഗത്തിന്റെ വാതിലേ എന്നും പ്രകാശമായ യേശുവിന്റെ വരവിനെ മുൻകൂട്ടി അറിയിക്കുന്നതിനാൽ ഉഷകാല നക്ഷത്രം എന്നും വിളിക്കുന്നു. ഇതൊന്നും വിശ്വാസവിരുദ്ധമായ പാഷാണ്ഡതകളല്ല, വിശ്വാസാനുസൃതമായ ഭക്തിപ്രകടനങ്ങളാണ്. അതിനാൽ ഏറ്റുപറയുന്ന വിശ്വാസം എന്തെന്ന് വ്യക്തമായി അറിയുക, അനുസരിക്കുക. ആവശ്യപ്പെടുന്നവർക്ക് വിശദീകരണം നല്കാൻ തയ്യാറായിരിക്കുക.

# 20

## നന്മനിറഞ്ഞ മറിയം

കത്തോലിക്കർ ഏറ്റം അധികം ആവർത്തിച്ചു ചൊല്ലുന്ന പ്രാർത്ഥനയാണ് "നന്മനിറഞ്ഞമറിയം". ദൈവപുത്രന്റെ മനുഷ്യ വതാരം എന്ന മംഗലവാർത്ത അറിയിക്കാനായി അയയ്ക്കപ്പെട്ട ഗബ്രിയേൽ ദൈവദൂതൻ മറിയത്തെ അഭിസംബോധന ചെയ്ത വാക്കുകളായതിനാൽ ഇതിനു ദൈവവചനത്തിന്റെ തന്നെ പ്രാധാന്യമുണ്ട്. എന്നാൽ, സുവിശേഷത്തിൽ ഈ അഭിസംബോ ധന രേഖപ്പെടുത്തിയിരിക്കുന്നത്. "ദൈവകൃപ നിറഞ്ഞവളേ" എന്നാണ്. അപ്പോൾ "നന്മ നിറഞ്ഞവളേ" എന്ന വിശേഷണം എവിടെ നിന്നു വരുന്നു? തുടർന്നുവരുന്ന "സ്വസ്തി" എന്ന വാക്കിന് എന്താണർത്ഥം?

യേശു പഠിപ്പിച്ച ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥനയെ അനുകരിച്ച് സഭയിൽ രൂപംകൊണ്ടതാണ് "നന്മ നിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന. കർത്തൃപ്രാർത്ഥനയിൽ എന്ന പോലെ ഈ പ്രാർത്ഥനയിലും രണ്ടു ഭാഗങ്ങളുണ്ട്; ആദ്യ ഭാഗം സ്തുതിപ്പും തുടർന്ന് യാചനയും. സ്തുതിപ്പ് സുവിശേ ഷത്തിൽ നിന്നുള്ള രണ്ട് ഉദ്ധരണികളാണ്. ആദ്യത്തേത് ദൈവ ദൂതന്റെ വാക്കുകൾ: "*ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി! കർത്താവു നിന്നോടുകൂടെ!*" (ലൂക്കാ 1,28). രണ്ടാമത്തേത് എലി സബത്തിന്റെ വാക്കുകൾ. "*നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം*" (ലൂക്കാ 1,42). ഇതിൽ ആദ്യത്തെ ഉദ്ധരണിയുടെ ആദ്യഭാഗമാണ് ചർച്ചാവിഷയം.

ദൈവദൂതന്റെ വാക്കുകളിൽ ഒരു അഭിവാദനവും അഭിസം ബോധനയും ആശംസയുമുണ്ട്. ഓരോന്നും അടുത്തു പരിശോധിക്കാം.

### 1. അഭിവാദനം: "സ്വസ്തി"

വാക്കുകൾ ഉപയോഗിച്ചിരിക്കുന്ന ക്രമം തന്നെയാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുക "*സ്വസ്തി*" എന്ന അഭിവാദനത്തോടെയാണ് മൂലഭാഷയായ ഗ്രീക്കിലും മറ്റു വിവർത്തനങ്ങളിലും സംഭാഷണം ആരംഭിക്കുന്നത്. മലയാള ഭാഷയുടെ പ്രത്യേകത കാരണം ഈ വാക്ക് രണ്ടാമത്തേതായി അവതരിപ്പിച്ചിരിക്കുന്നു എന്നുമാത്രം. "*സ്വസ്തി നന്മപൂരിതേ*" എന്ന് നാം പാടാറുള്ളത് മൂലഭാഷയിലെ വാക്കുകളുടെ ക്രമത്തോടു വിശ്വസ്തത പുലർത്തുന്നു. വാക്കുകൾ ഉയോഗിക്കുന്ന ക്രമത്തേക്കാൾ അവയുടെ അർത്ഥമാണ് കൂടുതൽ പ്രധാനം. എന്താണിതിനർത്ഥം?

വ്യക്തികൾ കണ്ടുമുട്ടുമ്പോൾ സാധാരണ പറയാറുള്ള ഒരു അഭിവാദനം മാത്രമായി ഇതിനെ കാണാൻ കഴിയും. ഈ അർത്ഥത്തിലാണ് ഇംഗ്ലീഷിൽ "*ഹെയിൽ മേരി (Hail Mary)*" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. സാധാരണ സംഭാഷണത്തിൽ "*ഹലോ*" "*ഹായ്*" എന്നൊക്കെ പറയാറുള്ളതുപോലെ ഒരു അഭിവാദനം. "*അഭിവാദനം*" എന്നർത്ഥമുള്ള "*greetings*" എന്നും ഇതു വിവർത്തനം ചെയ്യാറുണ്ട്. ഈ അർത്ഥത്തിലാണ് വി. ജറോം വിവർത്തനം ചെയ്ത, വുൾഗാത്താ എന്നറിയപ്പെടുന്ന, ലത്തീൻ വിവർത്തനത്തിൽ "*ആവേ*" എന്നു കാണുന്നത്. ഇതാണ് നമുക്കു സുപരിചിതമായ "*ആവേ മരിയാ*". സാധാരണമായ ഒരു അഭിവാദനം എന്നതിൽ കവിഞ്ഞ് ഈ വാക്കിന് മറ്റു പ്രത്യേക അർത്ഥമോ ധ്വനികളോ ഉണ്ടാകണമെന്നില്ല. എന്നാൽ മൂലഭാഷയായി ഗ്രീക്കിൽ സ്ഥിതി വ്യത്യസ്തമാണ്.

"*സന്തോഷിക്കുക*" എന്നർത്ഥമുള്ള "*കയ്‌രോ*" എന്ന ക്രിയാധാതുവിന്റെ ആദേശിക (Imperative) രൂപമായ "കയ്‌രേ" എന്ന പദമാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതും ഒരു സാധാരണ അഭിവാദനമായി ഉപയോഗിക്കാറുണ്ട്. അതിനാലാണ് ലത്തീ

നിൽ "ആവേ" എന്നും ഇംഗ്ലീഷിൽ "ഹെയ്ൽ" എന്നും വിവർത്തനം ചെയ്യുന്നത്. എന്നാൽ വാക്കിന്റെ അർത്ഥം "സന്തോഷിക്കുക" എന്താണെന്നതു പ്രത്യേകം ശ്രദ്ധിക്കണം. ഇത് ഒരു അഭിവാദനമാണ്, അതേസമയം ഒരു ആഹ്വാനവും ഇതിലുണ്ട്: "*സന്തോഷിക്കൂ!*", "*സന്തോഷിച്ചാലും*" - ഇതായിരുന്നു മൂല ഭാഷയുടെ വാച്യാർത്ഥം. ത്രികാലജപത്തിന്റെ ഭാഗമായി, ഉയിർപ്പു കാലത്ത് "*സ്വർഗ്ഗലോകരാജ്ഞീ ആനന്ദിച്ചാലും*" എന്നു പ്രാർത്ഥിക്കുമ്പോൾ ഈ അർത്ഥം വ്യക്തമാകുന്നു.

സുറിയാനിയിൽ ഈ അഭിസംബോധന "*ശ്ലാം ലേക്*" എന്നാണ്. "*നിനക്കു സമാധാനം*" എന്നു വാച്യാർത്ഥം. ഹെബ്രായ ഭാഷയിൽ "*ശാലോം*" എന്നും സുറിയാനിയിൽ "*ശ്ലാമാ*" എന്നും പറയുന്നതിന്റെ ഹ്രസ്വരൂപമാണ് "*ശ്ലാം*"; "*ലേകക്*" എന്നാൽ നിനക്ക് എന്നർത്ഥം. ഇതും ഒരു അഭിവാദനമാണ്, ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്ന അഭിവാദനം. ഉത്ഥിതനായ യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുമ്പോൾ പറയുന്നത് ഈ ആശംസയാണ് (ലൂക്കാ 24,36; യോഹ 20,20.27). ദൂതൻവഴി ദൈവം മറിയത്തിനു നൽകുന്ന ആശംസയുടെ രണ്ടുഭാവങ്ങൾ അഥവാ ഘടകങ്ങൾ ആയി ഇതിനെ കാണാൻ കഴിയും. സമാധാനം നല്കുന്ന സന്തോഷം അഥവാ സന്തോഷം നല്കുന്ന സമാധാനം. എന്താണ് ഈ സന്തോഷത്തിനു നിദാനം എന്ന് തുടർന്നുവരുന്ന അഭിസംബോധന സൂചിപ്പിക്കുന്നു.

### 2. അഭിസംബോധന: "നന്മനിറഞ്ഞവളേ"

ദൂതന്റെ ഈ അഭിസംബോധനയാണ് നാം പ്രാർത്ഥനയിൽ ഉരുവിടുന്നത്. "മറിയമേ" എന്നതു പ്രാർത്ഥനയ്ക്കുവേണ്ടി കൂട്ടിച്ചേർത്തതാണ്. "*നന്മനിറഞ്ഞവൾ*" എന്നത് മറിയത്തിനു ദൈവദൂതൻ നല്കുന്ന ഒരു വിശേഷണമാണ്. എന്നാൽ ഈ രണ്ടു വാക്കുകളും സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവദൂതവചനത്തിലില്ല എന്നത് ആശ്ചര്യകരമായി തോന്നും.

"*ദൈവകൃപനിറഞ്ഞവളേ*" എന്നാണ് സുവിശേഷത്തിലെ മലയാള വിവർത്തനം. ഇവിടെ "നിറഞ്ഞവൾ" എന്ന വാക്കുണ്ട്. "നന്മ" എന്നല്ല, "കൃപ" എന്നാണു കാണുന്നത്. എന്നാൽ ഇംഗ്ലീഷ്

വിവർത്തനത്തിൽ ഈ രണ്ടു വാക്കുകളുമില്ല, പകരം "Fovoured one" എന്നാണു കാണുന്നത്. അപ്പോൾ ഇവിടെനിന്നു വന്ന നന്മയും നിറവും എന്ന ചോദ്യം പ്രസക്തമാകുന്നു.

വി. ജെറോം ലത്തീനിലേക്കു വിവർത്തനം ചെയ്തപ്പോൾ "*ഗ്രാസിയാ പ്ലേനാ*" (Gratia Plana) എന്ന വാക്കുകളാണുപയോഗിച്ചത്. അതിന്റെ വിവർത്തനമാണ് ഇംഗ്ലീഷിലെ *ഫുൾ ഓഫ് ഗ്രെയ്സ്* (Full of Grace). അതിന്റെ വിവർത്തനമാണെങ്കിൽ *കൃപ നിറഞ്ഞവൾ* എന്നായിരിക്കണം. "*കൃപ നിറഞ്ഞ മറിയമേ*" എന്ന് ഈ പ്രാർത്ഥന ചൊല്ലുന്നവരുണ്ട്, പ്രത്യേകിച്ചും മലങ്കരസഭയിൽ. "*നിറഞ്ഞവൾ*" എന്ന വിശേഷണം വുൾഗാത്തായിൽ നിന്നു വരുന്നു എന്നു പറയാം. എന്നാൽ "*നന്മ*" എന്ന വിവർത്തനമോ?

സുറിയാനിയിൽ ഈ അഭിസംബോധന "*മലിയസ് തൈബൂസാ*" എന്നാണ്. *തൈബൂസാ* എന്ന വാക്ക് *കൃപ* എന്നും നന്മ എന്നും വിവർത്തനം ചെയ്യാം. "*നന്മ*" എന്നത് കൂടുതൽ വ്യാപകമായ അർത്ഥം ഉൾക്കൊള്ളുന്ന വാക്കായതിനാലാവാം നമ്മുടെ പൂർവ്വികർ "*നന്മനിറഞ്ഞ*" എന്നു വിവർത്തനം ചെയ്തത്. എന്നാൽ നന്മ എന്ന എന്ന വാക്കിൽ "*കൃപ*" എന്ന വാക്കിന്റെ അത്ര കൃത്യമായൊരു അർത്ഥസൂചന കാണാനാവില്ല എന്നു സമ്മതിക്കണം. അപ്പോൾ നന്മ നിറഞ്ഞവൾ എന്ന വിശേഷണം ലത്തീൻ-സുറിയാനി വിവർത്തനങ്ങളിൽ നിന്നു വരുന്നു എന്നു കരുതാനാവും. എന്നാൽ സുവിശേഷത്തിന്റെ മൂലഭാഷ ലത്തീനും സുറിയാനിയുമല്ല, ഗ്രീക്കാണ്. അതിനാൽ എന്താണ് ഗ്രീക്കിൽ എന്നും എന്താണു വാക്കിനർത്ഥമെന്നും അന്വേഷിക്കണം.

ഗ്രീക്കുമൂലത്തിൽ "*കെക്കരിത്തോമെനേ*" എന്ന ഒറ്റ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. "*കൃപ*" എന്നർത്ഥമുള്ള "*കാരിസ്*" എന്ന നാമവുമായി ബന്ധപ്പെട്ട് "*കാരിത്തോഓ*" എന്ന ക്രിയാരൂപത്തിന്റെ പൂർണ്ണകാല കർമ്മിണി വിശേഷണത്തിന്റെ സ്ത്രീലിംഗമാണിത് (perfect passive participle Feminine). *കാരിത്തോഓ* എന്ന വാക്കിന് കൃപ നല്കുക എന്നാണർത്ഥം. കർമ്മിണി പ്രയോഗത്തിലാകുമ്പോൾ കൃപ ലഭിച്ചവൾ, കൃപയ്ക്കു പാത്രീഭൂതയായവൾ എന്നൊക്കെ വിവർത്തനം ചെയ്യാം. അതി

നാൽ "*നന്മ നിറഞ്ഞവൾ*" എന്ന വിവർത്തനം അക്ഷരാർത്ഥ ത്തിൽ ശരിയല്ല. ഇവിടെ പ്രത്യക്ഷത്തിൽ നന്മയോ നിറവോ ഇല്ല. അതുകൊണ്ടാണ് ഇംഗ്ലീഷിൽ Fovoured one എന്നു വിവർത്തനം ചെയ്യുന്നത്.

എന്താണ് "*കൃപ*" എന്ന ചോദ്യം ഇവിടെ പ്രസക്തമാകുന്നു. അതിവിശാലമായൊരു ആശയപ്രപഞ്ചത്തിലേക്കാണ് *കൃപ* എന്ന വാക്ക് വാതിൽ തുറക്കുന്നത്. ഗ്രീക്കിൽ *കാരിസ്* എന്നും ഇംഗ്ലീ ഷിൽ *ഗ്രെയ്സ്* എന്നും. അതിന്റെ വിശദാംശങ്ങളിലേക്കു കട ക്കാതെ, ദൈവം നൽകുന്ന എല്ലാ ദാനങ്ങളെയും സംക്ഷിപ്ത മായി അവതരിപ്പിക്കുന്ന വാക്കാണ് *കൃപ* എന്നു പറയാൻ കഴിയും. ദൈവം നൽകുന്നതെല്ലാം സൗജന്യദാനമാണ്. ദൈവം നല്കാത്തതായി നമുക്ക് ഒന്നുമില്ല. അതിനാൽ എല്ലാം കൃപാ ദാനം തന്നെ. അതോടൊപ്പം താൻ ഏല്പിക്കുന്ന ദൗത്യം നിർവ്വ ഹിക്കാനായി ദൈവം നല്കുന്നു സഹായം എന്നും കൃപയെ വിശേഷിപ്പിക്കാം. ഇതാണ് മറിയത്തെ അഭിസംബോധന ചെയ്യുന്ന വിശേഷണത്തിലൂടെ അനുസ്മരിപ്പിക്കുന്നത്.

ദൈവം നിന്നെ ഒരു പ്രത്യേകദൗത്യത്തിനുവേണ്ടി തിരഞ്ഞെ ടുത്തിരിക്കുന്നു. ആ ദൗത്യം നിറവേറ്റാൻ ആവശ്യമായ കൃപയും നിനക്കു നല്കിയിരുന്നു. ഇതാണ് "*കെക്കാരിത്തോമെനേ*" എന്ന വിശേഷണത്തിന്റെ ധ്വനി. അതേസമയം "*കൃപ നിറഞ്ഞവൾ*" എന്ന വിവർത്തനം മറ്റൊന്നുകൂടി സൂചിപ്പിക്കുന്നുണ്ട്. ഏല്പി ക്കുന്ന ദൗത്യം പൂർണ്ണമായും നിർവ്വഹിക്കാൻ ആവശ്യമായ എല്ലാ വരങ്ങളുടെയും നിറവ് മറിയത്തിനുണ്ടായിരിക്കും. ഒരു കുറവും വരില്ല. അവളുടെ ജീവിതത്തിൽ ദൈവകൃപ നിറഞ്ഞിരിക്കുന്നു. ദൈവഹിതത്തിനും പദ്ധതിക്കും വിരുദ്ധമായി ഒന്നും അവളി ലില്ല. ഈ ഒരു സൂചന വ്യംഗ്യമായി കണ്ടതിനാലാവാം *കൃപ നിറഞ്ഞവളേ* എന്നു വിവർത്തനം ചെയ്തതും. അക്ഷരാർത്ഥ ത്തിൽ ശരിയല്ലെങ്കിലും ഈ വിവർത്തനം തെറ്റാണെന്നു പറ യാനാവില്ല.

ഉത്ഭവപാപം ഇല്ലാതെ ജനിച്ചവളാണ് മറിയം എന്ന വിശ്വാ സത്തിന് ഈ അഭിസംബോധനാരൂപവും വ്യാഖ്യാനവും സഹാ യകമായിട്ടുണ്ട്. ദൈവകൃപയാൽ നിറഞ്ഞവളിൽ തിന്മയുടെ, പാപ

ത്തിന്റെ, ലാഞ്ചനപോലും ഇല്ല. ജനനം വഴി, തലമുറകളായി തുടർന്നുവരുന്ന ഉത്ഭവപാപത്തിൽപ്പെടാതെ ദൈവം മറിയത്തെ പ്രത്യേകമായി പരിപാലിച്ചു എന്ന് "*അമലോത്ഭവം*" എന്ന വിശ്വാസസത്യത്തിലൂടെ സഭ പഠിപ്പിക്കുന്നതിന് ഈ അഭിസംബോധനാരൂപം പ്രേരകമായിട്ടുണ്ട്, പ്രത്യേകിച്ചും "*നന്മനിറഞ്ഞവളേ*" എന്ന വിശേഷണം.

ദൈവം ഏല്പിക്കുന്ന ദൗത്യം പൂർത്തിയാക്കാൻ ദൈവം തന്നെ സഹായിക്കും എന്ന ഉറപ്പു നല്കുന്നതാണ് തുടർന്നുവരുന്ന ആശംസ.

## 3. ആശംസ: കർത്താവ് നിന്നോടു കൂടെ

ഇത് ഒരു ആശംസയാണ്; അതേസമയം ഒരു പ്രസ്താവനയും വാഗ്ദാനവും, ദൈവം നല്കുന്ന ഉറപ്പുമാണ്. "*സന്തോഷിക്കൂ*" എന്ന അഭിവാദനത്തിന്റെ മുഖ്യകാരണവും ഇതുതന്നെ. നിന്നെ പ്രത്യേകമായി തിരഞ്ഞെടുത്ത്, ദൗത്യം ഏല്പിക്കുന്ന ദൈവം നിന്നോടുകൂടെയുണ്ട്; എന്നും കൂടെ ഉണ്ടായിരിക്കും. ഒരിക്കലും കൈവിടാതെ നിന്നെ വഴിനടത്തും, പരിപാലിക്കും, സംരക്ഷിക്കും. ഇതാണ് ആശംസയുടെ ധ്വനികൾ.

ബൈബിൾ അവതരിപ്പിക്കുന്ന ദൈവചിത്രത്തിന്റെ ഒരു സവിശേഷതയാണ് *കൂടെ ആയിരിക്കുക* എന്നത്. ആദിമനുഷ്യൻ പറുദീസായിലായിരുന്നു; ദൈവത്തോടുകൂടെ ആയിരുന്നു. ദൈവത്തോടൊത്തു വസിച്ചു; ദൈവത്തിന്റെ കൂടെ നടന്നു. ദൈവം കൂടെ ആയിരിക്കുക, ദൈവത്തോടുകൂടെ ആയിരിക്കുക. അതാണ് പറുദീസാ (ഉൽപ 3,8-10). അതുതന്നെയാണ് സ്വർഗ്ഗം. "*നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും*" (ലൂക്കാ 23,43). "*അവിടുന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും*" (വെളി 21,3).

പറുദീസായിലും സ്വർഗ്ഗത്തിലും മാത്രമല്ല, രക്ഷാചരിത്രത്തിൽ ഉടനീളം ദൈവം കൂടെ നടക്കുന്നതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൂർവ്വപിതാക്കന്മാരായ അബ്രഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ ജീവിതത്തിൽ സന്തതസഹ

സഞ്ചാരിയായിരുന്ന ദൈവത്തെക്കുറിച്ച് ബൈബിളിൽ അനേകം പരാമർശങ്ങൾ കാണാം. പൊതുവായ ഈ സാന്നിധ്യത്തിനു പുറമേ, എന്തെങ്കിലും ഒരു പ്രത്യേകദൗത്യം ഏല്പിക്കുമ്പോൾ, അതു നിറവേറ്റാനുള്ള സഹായവുമായി ദൈവം കൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനം അനേകം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു ജനത്തെ മോചിപ്പിക്കുക എന്ന ദുഷ്കരവും അപകടകരവുമായ ദൗത്യം ഏല്പിക്കുമ്പോൾ ദൈവം മോശയ്ക്കു നൽകുന്ന ഉറപ്പും വാഗ്ദാനവുമാണ് "*ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും*" (പുറ 3,12). തുടർന്നങ്ങോട്ട് ജോഷ്വയോടും (ജോഷ്വ 1,5) ന്യായാധിപന്മാരോടും (ന്യായാ 6,16) രാജാക്കന്മാരോടും (1സാമു 10,6;16,13) കൂടെ കർത്താവുണ്ടായിരുന്നു, അവരെ നയിക്കാൻ പ്രവാചകദൗത്യം ഏല്പിക്കുമ്പോഴും അതു നിർവ്വഹിക്കാൻ കർത്താവു കൂടെ ഉണ്ടായിരിക്കും. "*നീ അവരെ ഭയപ്പെടേണ്ടാ. നിന്റെ രക്ഷയ്ക്കു നിന്നോടുകൂടെ ഞാനുണ്ട്*" (ജറെ 1,8).

നേതാക്കന്മാരുടെ കൂടെ മാത്രമല്ല ജനം മുഴുവന്റെയും കൂടെ ദൈവം ഉണ്ടായിരിക്കും. നിരാശരായി ബാബിലോൺ പ്രവാസത്തിൽ കഴിയുന്ന ജനത്തോട് ഏശയ്യാ പ്രവാചകനിലൂടെ ദൈവം പറയുന്ന ആശ്വാസവചനങ്ങൾ ഒരു ഉദാഹരണമാണ്. "*സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും... ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്*" (ഏശ 43,3-5).

വരാനിരിക്കുന്ന രക്ഷകനെ *ഇമ്മാനുവേൽ* എന്നു വിളിക്കുമ്പോൾ കൂടെ വസിക്കുന്ന ദൈവത്തിന്റെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. "*യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും*" (ഏശ 7,14). *ഇം+അനു+ഏൽ* എന്ന മൂന്നു വാക്കുകൾ ചേർന്നതാണ് *ഇമ്മാനുവേൽ* എന്ന വാക്ക് "*ദൈവം നമ്മോടുകൂടെ*" എന്നർത്ഥം. ദൈവം മനുഷ്യനായി അവതരിച്ച്, നമ്മുടെകൂടെ വസിക്കും. നമ്മുടെ കൂടെ വസിക്കുന്ന ദൈവമാണ് യേശു. സ്വർഗ്ഗാരോഹണം രേഖപ്പെടുത്താത്ത മത്തായി സുവിശേഷകൻ യേശുവിന്റെ

സ്ഥിരസാന്നിധ്യത്തിനാണ് ഊന്നൽ നൽകുന്നത്: "*യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും*" (മത്താ 28,20). അങ്ങനെ ബൈബിളിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവിക സാന്നിധ്യത്തെ, സഹവാസത്തെ അനുസ്മരിപ്പിക്കുന്നതാണ് "*കർത്താവു നിന്നോടുകൂടെ*" എന്ന ദൂതന്റെ വാക്കുകൾ.

ഇത് ഒരു ആശംസയാണ്. കർത്താവുനിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. എന്നാൽ അതിലുപരി ഒരു പ്രസ്താവനയാണ്, ഒരു യാഥാർത്ഥ്യത്തെ അനുസ്മരിപ്പിക്കുന്ന പ്രസ്താവന. ഇസ്രായേൽജനത്തിന്റെ കൂടെ, അവരുടെ നേതാക്കന്മാരുടെയും പ്രവാചകന്മാരുടെയും കൂടെ ഉണ്ടായിരുന്ന കർത്താവായ ദൈവം ഇതാ, ഇപ്പോൾ നിന്നോടുകൂടെയുണ്ട്. അതോടൊപ്പം ഇതൊരു വാഗ്ദാനവും ഉറപ്പുമാണ്. നിന്നെ ഏല്പിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ നീ തനിച്ചായിരിക്കുകയില്ല. നിന്നെ നയിക്കാൻ, ശക്തിപ്പെടുത്താൻ, സഹായിക്കാൻ കർത്താവ് എപ്പോഴും കൂടെ ഉണ്ടായിരിക്കും. ദൗത്യം ഏറെ ക്ലേശകരമായിരിക്കും. എന്നാലും ഭയപ്പെടേണ്ടാ, കർത്താവു നിന്റെ കൂടെ ഉണ്ടായിരിക്കും. ഒരിക്കലും കൈവിടില്ല.

"*നിന്നോടുകൂടെ*" എന്ന ആശംസയുടെ പിന്നിൽ *ഇമ്മാനുവേൽ* പ്രവചനത്തിലേക്ക് (ഏശ 7,14) ഒരു സൂചനയും കാണാൻ കഴിയും. ബാബിലോൺ പ്രവാസത്തിനുശേഷം, ഇസ്രായേലിൽ രാജാക്കന്മാരില്ലാതായപ്പോൾ ഭാവിരാജാവിനെക്കുറിച്ചുള്ള പ്രവചനങ്ങൾക്കു പ്രാധാന്യം വർദ്ധിച്ചു. അതിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നായിരുന്നു ഇമ്മാനുവേൽ പ്രവചനം മൂലഭാഷയായ ഹീബ്രുവിൽ "*അൽമാ*" എന്ന പദമാണുപയോഗിച്ചിരുന്നത്. *യുവതി* എന്നർത്ഥം. ഗർഭധാരണശേഷിയുള്ള ഒരു സ്ത്രീ-അവൾ കന്യകയാണോ അല്ലയോ എന്ന് ഈ വാക്കിൽനിന്നു വ്യക്തമല്ല. രണ്ടും ആകാം. എന്നാൽ *സപ്തതി* എന്നറിയപ്പെടുന്ന ഗ്രീക്കു വിവർത്തനത്തിൽ ഈ പദം സംശയത്തിനു പഴുതടച്ച് "*കന്യക*" എന്നർത്ഥമുള്ള '‘*പാർത്തെനോസ്*" (Parthenos) എന്ന പദംകൊണ്ടാണ് വിവർത്തനം ചെയ്തിരിക്കുന്നത്. ആ പ്രവചനം ഇപ്പോൾ മറിയത്തിൽ പൂർത്തിയാകാൻ പോകുന്നു എന്ന ഒരു സൂചനയും "*കർത്താവു നിന്നോടുകൂടെ*" എന്ന ആശംസയിൽ കാണാൻ

കഴിയും. ജനത്തിന്റെ കൂടെ വസിക്കുന്ന ദൈവത്തെ സ്വന്തം ഉദരത്തിൽ വഹിക്കാനുള്ള ഭാഗ്യവും ദൗത്യവുമാണ് മറിയത്തിനു നല്കപ്പെടാൻ പോകുന്നത്. അതിനുള്ള പ്രത്യേക കൃപ അവൾക്കു ദൈവം നല്കിയിരിക്കുന്നു. അതിനാൽ സന്തോഷിക്കുക. ഇതാണ് ദൂതന്റെ വാക്കുകളുടെ രത്നച്ചുരുക്കം.

**ഇന്ന്**

ഗബ്രിയേൽ ദൈവദൂതൻ മറിയത്തോട് പറഞ്ഞ വാക്കുകൾ ഇന്നു നാം പ്രാർത്ഥനയായി ഉരുവിടുമ്പോൾ എന്തു സന്ദേശമാണു നമുക്കു ലഭിക്കുന്നത്, ദൈവം ഈ വാക്കുകളിലൂടെ നമ്മോട് എന്തെങ്കിലും പറയുന്നുണ്ടോ, എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. മറിയത്തിനു സന്ദേശവും ദൗത്യവും ലഭിച്ചു; മറിയം അതു സ്വീകരിച്ചു, പൂർത്തിയാക്കി. അതിന്റേ അനുസ്മരണം മാത്രമായി ഈ വാക്കുകളെ ഒതുക്കരുത്. മറിയത്തോടു ദൂതൻ പറഞ്ഞ വാക്കുകൾ, പരിമിതമായ ഒരർത്ഥത്തിലെങ്കിലും ഇന്നു നമ്മോടും പറയുന്നതായി കാണാനാവും.

"*ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു*" എന്ന വാക്യത്തിൽ "*അവളുടെ*" എന്നതിനു പകരം "*എന്റെ*" എന്നു വായിച്ചാൽ ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ ലഭിക്കും. ദൈവം ഓരോ വ്യക്തിയെയും സ്നേഹിക്കുന്നു; മറ്റാർക്കുമില്ലാത്ത, തനതായ, ഒരു ദൗത്യം ഏല്പിക്കുന്നു. അതു നിർവ്വഹിക്കാൻ ആവശ്യമായ കൃപ നൽകുന്നു. ഒരിക്കലും കൈവിടാതെ എന്നും കൂടെ വസിക്കുന്നു, കൂടെ നടക്കുന്നു, കൈ വിടിച്ചു നയിക്കുന്നു. ഈ സത്യം എന്നും എല്ലാവരെയും സംബന്ധിച്ചു പ്രസക്തവും സുപ്രധാനവുമാണ്.

ദൈവം തന്റെ സന്ദേശം ഓരോ വ്യക്തിക്കും നൽകുന്നത് "*സന്തോഷിക്കൂ!*" എന്ന ആമുഖത്തോടെയാണ്. ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ സന്തോഷം നിറയും, നിറയണം. ഞാൻ ഏകനും അനാഥനുമല്ല, ദൈവത്തിന്റെ മുഖം വഹിക്കുന്ന, ദൈവത്തിനു പ്രിയങ്കരനായ, അവിടുന്ന് സ്വന്തം കൈകളിൽ താങ്ങുന്ന മകനാണ് / മകളാണ് എന്നു ബോധ്യം നൽകുന്നതാണ് ദൂതന്റെ വാക്കുകൾ. ഞാൻ പ്രത്യേകം തിരഞ്ഞെടുക്ക

പ്പെട്ടിരിക്കുന്നു. എന്താണ് ദൈവം എന്നെ പഠിപ്പിക്കുന്ന അനന്യമായ ദൗത്യം എന്ന് ഓരോരുത്തരും അന്വേഷിക്കണം, കണ്ടെത്തണം.

കർത്താവ് എപ്പോഴും കൂടെയുണ്ട് എന്ന ബോധ്യം എനിക്കു ശക്തിപകരും, ഹൃദയം സന്തോഷത്താൽ നിറയും. എന്റെ ഭയം അകലും. ദൈവത്തിൽ ആശ്രയിക്കാൻ എന്നെ പ്രേരിപ്പിക്കും, സഹായിക്കും. പ്രാർത്ഥന എനിക്കു ശക്തികേന്ദ്രമാകും, ജീവിത വഴിയിൽ പ്രകാശം ചൊരിയും. അപ്പോൾ "*ഇതാ കർത്താവിന്റെ ദാസി/ദാസൻ. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ*" (ലൂക്കാ 1,38) എന്നു മറിയത്തെപ്പോലെ നമുക്കു പറയാൻ കഴിയും. അതിന് ഈ പ്രാർത്ഥന സഹായകമാകട്ടെ.

# 21

## നായ്ക്കൾ പുറത്ത്

കഴിഞ്ഞ ദിവസം ഒരു ധ്യാനകേന്ദ്രത്തിൽ വച്ച്, ധ്യാനത്തിന്റെ ഭാഗമായി ഒരു കൗൺസിലറെ സമീപിക്കുകയുണ്ടായി. കൗൺസിലിംഗിനു മധ്യേ കൗൺസിലർ ചോദിച്ചു: വീട്ടിൽ പട്ടിയെ വളർത്തുന്നുണ്ടോ? കാലങ്ങളായി ഞങ്ങൾ വീട്ടിൽ സ്ഥിരം പട്ടിയെ വളർത്താറുണ്ട്. അതിനെക്കൊണ്ട് വലിയ പ്രയോജനവുമുണ്ട്. അപ്പോൾ കൗൺസിലർ പറയുന്നു: ആ പട്ടിയെ ഉടൻ ഉപേക്ഷിക്കണം എന്നു കർത്താവു പറയുന്നു. കാരണമായി കർത്താവു കാണിച്ചു തരുന്നു എന്നു പറഞ്ഞ ബൈബിൾ വാചകം (വെളി 22,15) വായിച്ചു കേൾപ്പിച്ചു. "*നായ്ക്കളും...... പുറത്ത്.*" അപ്പോൾ വീട്ടിൽ പട്ടിയെ വളർത്തുന്നത് പാപമാണോ? എന്താണ് ഈ ബൈബിൾ വാക്യത്തിന്റെ അർത്ഥം? നായ്ക്കളെക്കുറിച്ച് ബൈബിളിൽ വേറെയും പരാമർശങ്ങളുണ്ടല്ലോ?

അര വൈദ്യൻ ആളെക്കൊല്ലും എന്ന പഴഞ്ചൊല്ലിന് പറ്റിയ ഒരുദാഹരണമാണിത്. ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെടുമ്പോൾ അവിടെ പ്രവേശനം നിഷേധിക്കപ്പെടുന്നവരുടെ പട്ടികയാണ് വെളി 22,15-ൽ കാണുന്നത്. ആറു പേരടങ്ങുന്ന ആ പട്ടികയിൽ ആദ്യത്തേതാണ് നായ്ക്കൾ. പിന്നാലെ വരുന്നത് മന്ത്രവാദികൾ, വ്യഭിചാരികൾ, കൊലപാതകികൾ, വിഗ്രഹാരാധകർ, അസത്യത്തെ സ്നേഹിക്കുകയും അതു പ്രവർത്തിക്കുകയും ചെയ്യുന്നവർ എന്നിങ്ങനെ അഞ്ചുഗണം ആളുകൾ. ഈ അഞ്ചിൽ ഒന്നും മൃഗമല്ല. മറിച്ച് ദൈവകല്പനകളെ ലംഘിക്കുകയും നിഷിദ്ധമായവ സ്ഥിരം പ്രവർത്തിക്കുകയും ചെയ്യുന്ന

പാപികളാണ്. ആ പട്ടികയുടെ തലപ്പത്ത് നായ്ക്കളെ വച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അന്വേഷിക്കണം, എന്താണ് ഇതു കൊണ്ട് വി. ഗ്രന്ഥകാരൻ അർത്ഥമാക്കുന്നതെന്ന്.

ആമുഖമായി ഒരു കാര്യം പറയട്ടെ. ബൈബിളിലെ എല്ലാ വാക്കുകളും വിവരണങ്ങളും എപ്പോഴും അക്ഷരാർത്ഥത്തിൽ ആയിരിക്കുകയില്ല മനസിലാക്കേണ്ടത്. വിവിധ സാഹിത്യരൂപങ്ങൾ ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട് എന്നതു പ്രത്യേകം ശ്രദ്ധിക്കണം. ഉപമകൾ, രൂപകങ്ങൾ, ആലങ്കാരിക പ്രയോഗങ്ങൾ, എല്ലാം ഈ കൂട്ടത്തിൽപ്പെടും. വെളിപാടു പുസ്തകത്തിൽ പ്രത്യേകിച്ചും അനേകം പ്രതീകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സാത്താനെ സർപ്പമായും, ദൈവജനത്തെ വിശ്വാസത്യാഗത്തിനു പ്രേരിപ്പിക്കുകയും വിശ്വാസം ത്യജിക്കാത്തവരെ വധിക്കുകയും ചെയ്യുന്ന റോമാ സാമ്രാജ്യത്തെ വിശുദ്ധരുടെ രക്തം കുടിച്ച് ഉന്മത്തയായ വേശ്യയായും ചിത്രീകരിക്കുന്നു. ഇതൊന്നും അക്ഷരാർത്ഥത്തിലല്ലല്ലോ മനസിലാക്കേണ്ടത്.

അതിനാൽ ചോദ്യകർത്താവ് സൂചിപ്പിക്കുന്ന ബൈബിൾ വാക്യത്തിന്റെ പശ്ചാത്തലത്തിൽ നിന്നുതന്നെ ഒരു കാര്യം വ്യക്തമാകുന്നു. "നായ" എന്ന പ്രയോഗം സാധാരണമായ അക്ഷരാർത്ഥത്തിൽ മനസിലാക്കാൻ പാടില്ല. വീട്ടിൽ പട്ടിയെ വളർത്തുന്നതുമായി ഈ വാക്യത്തിന് ഒരു ബന്ധവുമില്ല. എന്നാൽ പിന്നെ എന്താണ് ഈ പ്രയോഗത്തിന്റെ അർത്ഥവും ലക്ഷ്യവും? വാക്കു പ്രത്യക്ഷപ്പെടുന്ന വചനത്തിന്റെ സാഹചര്യത്തിൽ നിന്ന് ഒരു നിഗമനം സാധ്യമാകുന്നു. ദൈവഹിതത്തിനു വിരുദ്ധമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യരാകണം അവർ. ഇതുതന്നെ അല്പം കൂടി അടുത്തു പരിശോധിക്കേണ്ടതുണ്ട്.

നായ എന്ന പദം ബൈബിളിൽ മൊത്തം 42 തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. അതിൽ നല്ലൊരു ഭാഗം അക്ഷരാർത്ഥത്തിൽ ത്തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്നതിൽ സംശയമില്ല. "*നാബോത്തിന്റെ രക്തം നായ്ക്കൾ നക്കി കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കി കുടിക്കും*" (1 രാജാ 21,19). "*നിങ്ങൾക്കെതിരേ ഒരു പട്ടിപോലും കുരയ്ക്കില്ല*" (പുറ 11,7); വന്യമൃഗങ്ങൾ കടിച്ചു കീറിയ മാംസം ബലിയർപ്പിക്കരുത്,

അതു നായ്ക്കൾക്കു കൊടുക്കണം (പുറ 22,31) മുതലായവ ഉദാഹരണങ്ങളാണ്. അതേസമയം പ്രതീകാത്മകമായ അർത്ഥത്തിലും നായ എന്ന പദം ഉപയോഗിച്ചിരിക്കുന്നതു കാണാം. പൊതുജന ദൃഷ്ടിയിൽ മാന്യതയില്ലാത്തവൻ, വിലകെട്ടവൻ എന്ന അർത്ഥത്തിൽ "പട്ടി", അഥവാ "ചത്ത പട്ടി" എന്നൊക്കെ മനുഷ്യരെ വിശേഷിപ്പിക്കുമ്പോൾ ഈ അർത്ഥമാണുള്ളത് (1 സാമു 17, 43; 24, 14; 2സാമു 9,8). "*ഞാൻ യൂദാപക്ഷത്തെ ഒരു നായാണെന്നു നീ കരുതുന്നുവോ?*" (2 സാമു 3,8) എന്ന അബ്നേറിന്റെ ചോദ്യത്തിൽ ഇപ്രകാരമൊരു സൂചന കാണാം. ഒളിച്ചോടുന്ന ദാവീദിനെ ചീത്ത വിളിച്ചുകൊണ്ട് പിറകേ നടന്ന് കല്ലെറിഞ്ഞ ഷിമെയിയെ "*ചത്ത പട്ടി*" എന്നാണ് സേനാധിപൻ അബിഷായ് വിശേഷിപ്പിച്ചത് (2 സാമു 16,9). "*നായ്ക്കൾ എന്റെ ചുറ്റും കൂടിയിരിക്കുന്നു, നായുടെ പിടിയിൽ നിന്ന് എന്നെ മോചിപ്പിക്കണമേ*" (സങ്കീ 22,16-20) എന്നിങ്ങനെയുള്ള പ്രാർത്ഥനകളിൽ ക്രൂരന്മാരായ ശത്രുക്കളുടെ പ്രതീകമാണ് നായ്ക്കൾ. എന്നാൽ ഇതു രണ്ടുമല്ല ദൈവരാജ്യത്തിൽ പ്രവേശനമില്ലാത്ത നായ്ക്കൾ.

യഹൂദരുടെ കാഴ്ചപ്പാടിൽ അശുദ്ധമായൊരു മൃഗമാണ് നായ, കാരണം ശുദ്ധാശുദ്ധ വിവേചനം കൂടാതെ കിട്ടുന്നതെല്ലാം അതു തിന്നും. ഛർദ്ദിച്ചതു ഭക്ഷിക്കുന്ന മൃഗമാണ് നായ (സുഭാ 26,11). അതുപോലെയാണ് ശുദ്ധവും അശുദ്ധവും വിവേചിക്കാതെ ഭക്ഷിക്കുന്നവർ. ഈ ഉദാഹരണം 2 പത്രോ 2,22-ൽ ഒരു വിശദീകരണത്തോടെ ആവർത്തിക്കുന്നുണ്ട്: "*നായ ഛർദ്ദിച്ചതു തന്നെ വീണ്ടും ഭക്ഷിക്കുന്നു. കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു എന്ന പഴമൊഴി അവരെ (ദൈവകല്പനകൾ അറിഞ്ഞിട്ടും ലംഘിക്കുന്നവർ) സംബന്ധിച്ചു ശരിയാണ്.*" അശുദ്ധമായവ ഭക്ഷിക്കുന്നതിനാൽ അശുദ്ധമൃഗമാണ് നായ എന്ന കാഴ്ചപ്പാടിൽ നിന്ന് പൊതു സമൂഹത്തിൽ അത്രതന്നെ സഭ്യമല്ലാത്ത ഒരു പ്രയോഗം രൂപം കൊണ്ടു, ചില മനുഷ്യരെ "നായ" എന്നു വിളിക്കുന്ന പ്രയോഗം.

ശുദ്ധാശുദ്ധ വിവേചനം കൂടാതെ കിട്ടുന്നതെല്ലാം ഭക്ഷിക്കുന്നതിനാൽ "*വിജാതീയർ*" നായ്ക്കളെപ്പോലെയാണെന്ന് യഹൂദർ പറഞ്ഞു. അങ്ങനെ അവരുടെ ഇടയിൽ "നായ" എന്ന

പദം വിജാതീയരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു പ്രതീകമായി മാറി. ഈ അർത്ഥത്തിലാണ് കാനാൻകാരി സ്ത്രീയോട് യേശു സംസാരിച്ചത് എന്നു തോന്നാം. പിശാചു ബാധിതയായി വീട്ടിൽ കിടക്കുന്ന മകളെ സുഖപ്പെടുത്തണം എന്ന യാചനയുമായി പിന്നാലെ വന്നു ശല്യപ്പെടുത്തുകയും, അതു ഫലിക്കാതെ വന്നപ്പോൾ മുമ്പിൽ കയറി വിലങ്ങടിച്ചു കിടന്ന് വഴി തടയുകയും ചെയ്ത അമ്മയോട് യേശു പറഞ്ഞു: "*മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു കൊടുക്കുന്നത് ഉചിതമല്ല*" (മത്താ 15,26). അവഗണനയല്ല, തികഞ്ഞ അവഹേളനമായി തോന്നാവുന്ന ഈ ഗുരുമൊഴിക്ക് ആ അമ്മ നൽകുന്ന പ്രത്യുത്തരം ശ്രദ്ധേയമാണ്: "*അതേ, കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷ്ണങ്ങൾ തിന്നുന്നുണ്ടല്ലോ*," സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ് എന്ന് യേശു അവളെ പ്രശംസിച്ചു; മകളെ സുഖപ്പെടുത്തി (മത്താ 15,27-28).

ഇവിടെ ശ്രദ്ധേയമായൊരു കാര്യം ''നായ'' എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കു പദമാണ്. ഗ്രീക്കുഭാഷയിൽ "നായ"യെ സൂചിപ്പിക്കാൻ രണ്ടു പദങ്ങളുണ്ട്. "*കുവോൺ*" (Kuwon) എന്നതാണ് സാധാരണ ഉപയോഗത്തിലുള്ളത്. മേൽ വിവരിച്ച ഒറ്റ സംഭവത്തിലൊഴികെ ബൈബിളിൽ മുഴുവൻ ഈ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. "*നായ*" എന്നർത്ഥം; തെരുവുനായ, അലഞ്ഞു നടക്കുന്ന "*കില്ലപ്പട്ടി*" എന്നു ധ്വനി. എന്നാൽ യേശു ഉപയോഗിക്കുന്നത് "*കുനാരിയോൺ*" (Kunarion) എന്ന പദമാണ്. ഇത് സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുന്ന ഒരു പദമാണ്. *വളർത്തുനായ, പട്ടിക്കുഞ്ഞ്* എന്നൊക്കെ വിശേഷിപ്പിക്കാം. ഈ അർത്ഥത്തിലാണ് കാനാൻകാരി ഈ പദം മനസിലാക്കിയതും പ്രതികരിച്ചതും. വളർത്തുന്ന പട്ടിക്കുഞ്ഞിന് തീറ്റികൊടുക്കാൻ വീട്ടുടമയ്ക്കു കടമയുണ്ട്; ഭക്ഷണം കിട്ടാൻ പട്ടിക്കുഞ്ഞിന് അവകാശവും. യേശു സംസാരിച്ച അരമായ ഭാഷയിൽ ഇങ്ങനെ ഒരു ധ്വനിയുണ്ടോ എന്ന ചോദ്യത്തിനു പ്രസക്തിയില്ല. കാരണം സുവിശേഷകൻ എഴുതുന്നത് ഗ്രീക്കു ഭാഷയിലാണ്. ആ ഭാഷയിൽ വായിക്കുന്നവർക്ക് ഈ ധ്വനി വ്യക്തമാകും. അതു മാത്രമാണ് സുവിശേഷകന്റെ ലക്ഷ്യം. എന്നാൽ ഇതുമല്ല വെളിപാടു

പുസ്തകത്തിലെ "*നായ*" പ്രയോഗത്തിന്റെ അർത്ഥം. അതിലേക്കു വെളിച്ചം വീശുന്ന മൂന്നു ബൈബിൾ വാക്യങ്ങളുണ്ട്- നിയ 23,18; മത്താ 7,6; ഫിലി 3,2.

"*വേശ്യയുടെ വേതനമോ നായുടെ കൂലിയോ നിന്റെ കർത്താവിന്റെ ആലയത്തിലേക്കു നേർച്ചയായി കൊണ്ടുവരരുത്*" (നിയ 23,16). ഈ വാക്യത്തിൽ പ്രതീകാത്മകമായ അർത്ഥത്തിലാണ് നായ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് എന്നതിൽ സംശയത്തിനു പഴുതില്ല. എന്നാൽ എന്തിന്റെ പ്രതീകമാണിത്? ദേവാലയ ഭണ്ഡാരത്തിൽ സ്വീകരിക്കാൻ പാടില്ലാത്ത രണ്ടു കാഴ്ചകൾ സമാന്തരമായി അവതരിപ്പിക്കുന്നതു തന്നെ ഒരു സൂചനയാണ്. "*വേശ്യയുടെ വേതന*"ത്തിനു സമാന്തരമായിട്ടാണ് "*നായുടെ കൂലി*" അവതരിപ്പിച്ചിരിക്കുന്നത്. ബാൽ ആരാധനയുമായി ബന്ധപ്പെട്ട് കാനാൻകാരുടെ ക്ഷേത്രങ്ങളിൽ വേശ്യാവൃത്തി നിലവിലിരുന്നു. ബാൽ-അഷേറാ ദേവതകളുടെ ലൈംഗികസംഗമത്തിലൂടെയാണ് മഴ പെയ്യുന്നതും ഭൂമി ഫലപുഷ്ടമാകുന്നതും എന്ന വിശ്വാസത്തിൽ നിന്നു രൂപം കൊണ്ടതാണ് "*വിശുദ്ധ വേശ്യാവൃത്തി*" (Cultic Prostitution) എന്നു വിശേഷിപ്പിക്കുന്ന ആചാരം. ദേവതകളെ പ്രീതിപ്പെടുത്താൻ അവർ സ്വർഗ്ഗത്തിൽ ചെയ്യുന്നു എന്ന് ഭക്തർ കരുതുന്ന പ്രവൃത്തി ഭൂമിയിൽ ആവർത്തിക്കുന്നു, അഥവാ അനുകരിക്കുന്നു. അങ്ങനെ ദേവപ്രീതിക്കു വേണ്ടിയുള്ളതായതിനാൽ ഈ വേശ്യാവൃത്തിക്ക് വിശുദ്ധിയുടെ പരിവേഷവും ലഭിച്ചു. ഇത് ഒരു നേർച്ചപോലെ നടത്തിയിരുന്നു.

രാത്രി കാലങ്ങളിൽ മലമുകളിലെ കാവുകളിലും ക്ഷേത്രങ്ങളിലുമാണ് കാനാൻകാർ ഉത്സവം ആഘോഷിച്ചിരുന്നത്. അതിന്റെ ഭാഗമായിരുന്നു മേൽപറഞ്ഞ പ്രത്യേകതരം ആരാധന. അതിനു നിയുക്തരായ സ്ത്രീപുരുഷന്മാർ ചെയ്യുന്ന ഈ പ്രവൃത്തി പുരോഹിത ശുശ്രൂഷയായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്രകാരമുള്ള ശുശ്രൂഷകളെ വേശ്യാവൃത്തിയായിട്ടാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. ഇസ്രായേൽക്കാരും ഇപ്രകാരമുള്ള ആചാരങ്ങളിലേക്ക് ആകൃഷ്ടരായിരുന്നു. അതിനെതിരേ

പ്രവാചകന്മാർ അതിശക്തമായി പ്രതികരിക്കുകയും ചെയ്തിരുന്നു (സംഖ്യ 25,1-2; ആമോ 2,6-8; ജറെ 2,20-21).

ഇപ്രകാരം ശുശ്രൂഷ ചെയ്തിരുന്നവർക്കു കിട്ടുന്ന പ്രതിഫലമാണ് വേശ്യയുടെ വേതനവും നായുടെ കൂലിയും. വ്യഭിചാരം ആരാധനയായി നടത്തുന്ന സ്ത്രീ പുരോഹിതരെ വേശ്യകൾ എന്നു വിളിക്കുമ്പോൾ പുരുഷ വേശ്യകൾക്കു നൽകുന്ന വിശേഷണമാണ് "*നായ*". അതിനാൽ *നായുടെ വേതനം* ഹീനവും നിഷിദ്ധവുമായ തൊഴിലിലൂടെ സമ്പാദിക്കുന്ന പണമാണ്. അത് ദേവാലയത്തിൽ സ്വീകാര്യമല്ല എന്ന പ്രമാണത്തിന് ആഴമേറിയ ധ്വനികളുണ്ട്; ആനുകാലിക പ്രസക്തിയും. അവിഹിത മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ച സ്വത്തിന്റെ ഓഹരി ദേവാലയത്തിൽ കാഴ്ച വച്ചാൽ എല്ലാം ശുദ്ധമാകും എന്ന മനോഭാവത്തെ വേരോടെ പിഴുതു കളയുന്നതാണ് ഈ പ്രമാണം.

"*വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്; മുത്തുകൾ പന്നികൾക്കിട്ടു കൊടുക്കരുത്*" (മത്താ 7,6) എന്ന ഗുരുമൊഴിയിലും നായ്ക്കൾ ഒരു പ്രതീകമാണ്. ദൈവവചനം സ്വീകരിക്കാൻ യാതൊരു താൽപര്യവും ഇല്ലാത്തവരെ സൂചിപ്പിക്കാനാണ് ഇവിടെ നായുടെയും പന്നിയുടെയും ഉദാഹരണങ്ങൾ ഉപയോഗിക്കുന്നത്. വിശുദ്ധ വസ്തു നായ്ക്കൾക്കു നൽകിയാൽ അവ അത് അശുദ്ധമാക്കും. അതുകൊണ്ട് സുവിശേഷ പ്രഘോഷണത്തിലും ദൈവഹിതാനുബന്ധിയായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിലും വിവേകം ഉണ്ടായിരിക്കണം എന്നു ഗുരുവചനം സൂചിപ്പിക്കുന്നു.

വി. പൗലോസിന്റെ ഒരു ലേഖനത്തിലും നായ്ക്കൾ എന്ന പ്രതീകം പ്രത്യക്ഷപ്പെടുന്നുണ്ട്; "*നായ്ക്കളെയും തിന്മകൾ പ്രവർത്തിക്കുന്നവരെയും പരിഛേദനവാദികളെയും സൂക്ഷിച്ചുകൊള്ളുവിൻ*" (ഫിലി 3,2). യഹൂദർ പുച്ഛത്തോടെ വിജാതീയരെ "*നായ്ക്കൾ*" എന്നു വിളിച്ചിരുന്നതായി നാം കണ്ടുകഴിഞ്ഞു. ഇപ്പോൾ അപ്പസ്തോലൻ ഈ പ്രയോഗം മറ്റൊരർത്ഥത്തിൽ എടുത്തുപയോഗിക്കുകയാണ്. അതിന്റെ വിശദീകരണമായിട്ടാണ് "*പരിഛേദനവാദികൾ*" എന്നു പറയുന്നത്. രക്ഷ പ്രാപിക്കണമെങ്കിൽ പരിഛേദനം സ്വീകരിക്കുകയും മോശയുടെ നിയമങ്ങൾ

മുഴുവൻ അനുസരിക്കുകയും ചെയ്യണം എന്നു വാദിച്ചവരാണ് പരിഛേദനവാദികൾ. യഹൂദരും യഹൂദരിൽ നിന്ന് ക്രിസ്തുവിനെ സ്വീകരിച്ച് സഭയുടെ അംഗങ്ങളായവരും ഈ ഗണത്തിൽപ്പെടും. അതിനാൽ "*നായ്ക്കൾ*" എന്ന പ്രതീകം യേശുവിന്റെ സുവിശേഷത്തിൽ മായം ചേർത്തു പ്രചരിപ്പിക്കുന്നവർക്കെല്ലാം ഉതകുന്നതായി അപ്പസ്തോലൻ കാണുന്നു.

**ചുരുക്കത്തിൽ**

ഈ പ്രതീകങ്ങളുടെ പശ്ചാത്തലത്തിൽ വെളിപാടു പുസ്തകത്തിലെ പ്രഖ്യാപനം മനസിലാക്കാൻ കഴിയും. അശുദ്ധമായ ജീവിതം നയിക്കുന്നവർ, മനസ്തപിക്കാതെ പാപജീവിതത്തിൽ തുടരുന്നവർ എന്നൊക്കെ ആ പ്രയോഗത്തെ വ്യാഖ്യാനിക്കാം. ഏതെങ്കിലും പാപം എന്നു പൊതുവേ പറയുന്നതിനേക്കാൾ മനഃപൂർവ്വം ദൈവത്തിൽ നിന്നകന്നു പോകുന്നവരും മറ്റുള്ളവരെ ദൈവത്തിൽനിന്ന് അകറ്റുന്നവരുമാണ് ഇവിടെ നായ്ക്കൾ. *അന്യരെ പാപത്തിലേക്കു നയിക്കുന്നവർ* എന്ന് ഒറ്റവാക്കിൽ ഇതിനെ വിശേഷിപ്പിക്കാൻ സാധിക്കും. അതിനാൽ നായ്ക്കളെയും പട്ടിക്കുഞ്ഞുങ്ങളെയും വെറുതെ വിടാം. അവയെ വളർത്തണമോ വേണ്ടയോ എന്ന് ആവശ്യമുള്ളവർ നിശ്ചയിക്കട്ടെ. പട്ടി വളർത്തലും ദൈവരാജ്യവുമായി ബന്ധമൊന്നുമില്ല എന്നു മാത്രം ഓർത്തിരിക്കാം.

നായ്ക്കളെ വളർത്തുന്നതു നിഷിദ്ധമല്ല എന്നു സൂചിപ്പിക്കുന്ന ബൈബിൾ വാക്യങ്ങളുമുണ്ട് എന്നതും മറക്കാതിരിക്കാം. മേദിയായിലെ റാഗസിൽ ഗബായേലിന്റെ പക്കൽ നിക്ഷേപിച്ചിരുന്ന പത്തു താലന്ത് വെള്ളി വാങ്ങാനായി പോയ തോബിയാസിനെ വഴികാട്ടിയായി നയിച്ച റഫായേൽ ദൂതന്റെ കൂടെ ഒരു നായുണ്ടായിരുന്നു എന്ന പരാമർശം ശ്രദ്ധേയമത്രെ. "*ആ യുവാവിന്റെ നായും അവരോടുകൂടെ ഉണ്ടായിരുന്നു*" (തോബി 5,16). മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ട മാലാഖയുടെ കൂടെ നായ ഉണ്ടായിരുന്നെങ്കിൽ അങ്ങനെ ഒന്നിനെ വീട്ടിൽ വളർത്തുന്നതു കുറ്റകരവും പാപവുമായി കരുതാനാകുമോ?

ദൈവരാജ്യത്തിന്റെ പൂർത്തീകരണമായ പുതിയ ആകാ

ശവും പുതിയ ഭൂമിയും സംജാതമാകുമ്പോൾ അവിടെ പ്രവേശനമില്ലാത്തവരുടെ മറ്റൊരു പട്ടിക വെളി 21,8-ൽ നല്കിയിരിക്കുന്നതും ശ്രദ്ധേയമത്രെ: "*എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, ദുർമ്മാർഗ്ഗികൾ, കൊലപാതകികൾ, വ്യഭിചാരികൾ, മന്ത്രവാദികൾ, വിഗ്രഹാരാധകർ, കാപട്യക്കാർ എന്നിവരുടെ ഓഹരി തീയും ഗന്ധകവും എരിയുന്ന അഗ്നിത്തടാകമായിരിക്കും. ഇതാണ് രണ്ടാമത്തെ മരണം.*" ഇതിനു സമാനമായിത്തന്നെ വേണം 22,15-ലെ നായ്ക്കളെയും കാണാൻ. പ്രതീകങ്ങളെയും യാഥാർത്ഥ്യങ്ങളെയും വേർതിരിച്ചു കാണാൻ ശ്രദ്ധിക്കണം.

# 22

## വെളിപാടിലെ സ്ത്രീ

വെളിപാടുപുസ്തകം 12-ാം അധ്യായത്തിൽ സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവും പന്ത്രണ്ടു നക്ഷത്രങ്ങൾ കിരീടവുമായി അണിഞ്ഞ ഒരു സ്ത്രീയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അതേ അധ്യായത്തിൽത്തന്നെ മരുഭൂമിയിൽ, സർപ്പത്തിന്റെ കോപത്തെയും ആക്രമണത്തെയും അതിജീവിക്കുന്ന സ്ത്രീയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ആരാണ് ഈ സ്ത്രീ? ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തെയാണ് ഈ സ്ത്രീ സൂചിപ്പിക്കുന്നത് എന്നു പറയുന്നതു ശരിയാണോ?

19-ാം അധ്യായത്തിൽ കുഞ്ഞാടിന്റെ മണവാട്ടിയായി അണിഞ്ഞൊരുങ്ങിയ ഒരു സ്ത്രീ പ്രതിപാദ്യവിഷയമാകുന്നുണ്ട്. വീണ്ടും 21,2-ൽ മണവാട്ടിയെപ്പോലെ അണിഞ്ഞൊരുങ്ങി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന ഒരു സ്ത്രീയെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ഇതെല്ലാം ഒരാൾതന്നെയോ അതോ പലരോ? ആരാണ് ഈ സ്ത്രീ? ഇതിനും പുറമെ 17-ാം അധ്യായത്തിൽ രക്തം കുടിച്ച് ഉന്മത്തയായ ഒരു മഹാവേശ്യയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ആരാണിവൾ? എന്താണ് ഈ സ്ത്രീ കഥാപാത്രങ്ങളുടെ അർത്ഥവും സന്ദേശവും?

ബൈബിളിലെ ഇതരഗ്രന്ഥങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു ശൈലിയിലാണ് 73-ാമത്തേതും അവസാനത്തേതുമായ വെളിപാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത്. ചരിത്രവസ്തുതകളെയും വ്യക്തികളെയും സത്യങ്ങളെയും പ്രതീകങ്ങളുടെ ഭാഷയിൽ അവതരിപ്പിക്കുന്ന ഒരു സാഹിത്യരൂപം ഈ പുസ്തകത്തിൽ ഉടനീളം ഉപയോഗിച്ചിരിക്കുന്നു. അതിനെ

"*വെളിപാടു സാഹിത്യരൂപം*" (apocalyptic) എന്നു വിശേഷിപ്പിക്കുന്നു. അതിനാൽ ഇവിടെ പ്രത്യക്ഷപ്പെടുന്ന വ്യക്തികളും വിവരിക്കുന്ന സംഭവങ്ങളും ഒന്നും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാനുള്ളവയല്ല. അടിസ്ഥാനപരമായ ഈ വസ്തുത മനസ്സിലാക്കിയില്ലെങ്കിൽ വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയാതെ പോകും (വെളിപാടു സാഹിത്യരൂപത്തെക്കുറിച്ചും വെളിപാടു പുസ്തകത്തെക്കുറിച്ചും കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ ഫാ. മൈക്കിൾ കാരിമറ്റം, "വെളിപാടു പുസ്തകം ഒരു വ്യാഖ്യാനം" വായിക്കുക).

22 അധ്യായങ്ങളിലൂടെ ചുരുൾ വിടർത്തുന്ന രക്ഷാചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്താണ് സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു സ്ത്രീ നിലയുറപ്പിച്ചിരിക്കുന്നത്. "*സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം*" (വെളി 12,1). സ്വർഗ്ഗത്തിൽ കാണപ്പെട്ട വലിയൊരടയാളമായി ഗ്രന്ഥകാരൻ ഈ ചിത്രം അവതരിപ്പിക്കുന്നു. ഈ സ്ത്രീയുടെ രണ്ടവസ്ഥകളാണ് തുടർന്നു ചിത്രീകരിക്കുന്നത്. ആദ്യത്തെ അവസ്ഥയിൽ അവൾ ഗർഭിണിയാണ്. പ്രസവക്ലേശത്താൽ ഞെരുങ്ങി, പ്രസവ വേദനയാൽ നിലവിളിക്കുന്ന ഒരു പൂർണ്ണഗർഭിണി. അവൾ പ്രസവിക്കുന്ന ശിശുവിനെ വിഴുങ്ങാനായി വാ പിളർന്നു നിൽക്കുന്ന ഉഗ്രസർപ്പം. എന്നാൽ തന്റെ ഉദ്യമത്തിൽ സർപ്പം പരാജയപ്പെടുന്നു. സ്ത്രീ പ്രസവിച്ച ശിശു ദൈവത്തിന്റെ സന്നിധിയിലേക്ക് സംവഹിക്കപ്പെട്ടു. ഇതാണ് ദർശനത്തിന്റെ ആദ്യഭാഗം.

രണ്ടാം ഭാഗത്ത് ഈ സ്ത്രീ മരുഭൂമിയിലേക്കു പലായനം ചെയ്യുന്നു. അവളുടെ പിന്നാലെ പാഞ്ഞെത്തുന്ന സർപ്പത്തിൽ നിന്ന് ദൈവത്തിന്റെ പ്രത്യേക ഇടപെടലുകൾ വഴി അവൾ സംരക്ഷിക്കപ്പെടുന്നു. എന്നാലും 1260 ദിവസം അവൾ മരുഭൂമിയിലായിരിക്കും. സർപ്പം അവളെ നിരന്തരം ഉപദ്രവിക്കാൻ ശ്രമിക്കും. എന്നാൽ ദൈവം അവൾക്കു നിരന്തരമായ സംരക്ഷണം നൽകും. ഇതാണ് സ്ത്രീയുടെ രണ്ടാമത്തെ അവസ്ഥ.

ഈ സ്ത്രീ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രതീകമാണെന്നു പൊതുവേ കരുതപ്പെടാറുണ്ട്. ചില സഭാപിതാക്കന്മാരുടെ സാക്ഷ്യവും വ്യാഖ്യാനവും ഇതിന് ഉപേദ്ബലകമായി എടു

ത്തുകാട്ടാൻ കഴിയും. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ അനേകം വിശദാംശങ്ങൾ വിശദീകരണം കിട്ടാതെ അവശേഷിക്കുന്നു. നിത്യകന്യകയായ മറിയം പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താലാണ് ദൈവപുത്രനെ ഗർഭം ധരിച്ചത്. അവൾ പ്രസവ ക്ലേശത്താൽ ഞെരുങ്ങി നിലവിളിച്ചു എന്നു പറയുമ്പോൾ വിശ്വസിക്കാൻ പ്രയാസമുണ്ട്. അതേസമയം, അവൾ പ്രസവിച്ച ആൺകുട്ടി സകല ജനതകളെയും ഇരുമ്പു ദണ്ഡുകൊണ്ട് ഭരിക്കാനുള്ളവനാണെന്ന (12,5) വിവരണത്തിനു പിന്നിൽ മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങളിലേക്കു സൂചനകൾ കാണാം (ഉദാ: സങ്കീ 2,9; ഏശ 7,14). അതിനാൽ രക്ഷകനായി ജനിച്ച യേശുക്രിസ്തുവാണ് ഈ ശിശു എന്ന് ഊഹിക്കുന്നതിൽ തെറ്റുണ്ടാവില്ല. ജീവിതത്തെക്കുറിച്ച് ഒന്നും പറയാതെ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു എന്നുമാത്രം പറയുന്നത് രക്ഷണീയദൗത്യം പൂർത്തിയാക്കിയ യേശുവിന്റെ മഹത്വീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വേണ്ടിയാവാം.

സ്ത്രീയുടെ രണ്ടാമത്തെ അവസ്ഥയിൽ കൂടുതൽ ദുരൂഹതകളുണ്ട്. അമലോത്ഭവയും ദൈവമാതാവുമായ മറിയം ആത്മ ശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു എന്നത് കത്തോലിക്കാസഭ ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിനാൽ മറിയം ഇപ്പോൾ മരുഭൂമിയിൽ പിശാചിന്റെ ആക്രമണത്തിനു വിധേയയായി കഴിയുന്നു എന്നു പറയുന്നതിൽ പൊരുത്തക്കേടുണ്ട്. 1260 ദിവസം എന്നത് വെളിപാടു ഭാഷയിൽ പ്രതീകാത്മകമായൊരു സംഖ്യയാണ്. 42 മാസം, 31/2 വർഷം, 31/2 ദിവസം എന്നിങ്ങനെയും ഈ സംഖ്യ വെളിപാടു പുസ്തകത്തിൽത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 11,2.3.11). ഇത് സുദീർഘവും എന്നാൽ പരിമിതവുമായ ഒരു കാലയളവിനെ സൂചിപ്പിക്കുന്നു.

ഏലിയാ പ്രവാചകന്റെ കാലത്ത് 31/2 വർഷം ക്ഷാമമുണ്ടായി. അന്തിയോക്കസ് നാലാമന്റെ മതമർദ്ദനം 31/2 വർഷം (ബി.സി. 167-164) ദീർഘിച്ചു. അത്രയും കാലമാണ് നീറോയുടെ മതമർദ്ദനവും (ഏ.ഡി. 64-67) ദീർഘിച്ചത്. ഈ ചരിത്രവസ്തുതകൾ പ്രതീകത്തിന്റെ പശ്ചാത്തലമായി നിൽക്കുന്നു. അതിനാൽ പിശാചിന്റെ പീഡനങ്ങൾക്കിരയാകുമ്പോഴും മരുഭൂമിയിൽ ദൈവിക

സംരക്ഷണം അനുഭവിച്ചു കഴിയുന്ന സ്ത്രീ യേശുവിന്റെ അമ്മ യായ മറിയം എന്ന വ്യക്തിയെയാണ് സൂചിപ്പിക്കുന്നത് എന്ന നിഗമനം അതേപടി അക്ഷരാർത്ഥത്തിൽ എടുക്കാനാവില്ല. പിന്നെ ആരാണ് ഈ സ്ത്രീ?

ദൈവജനം എന്ന് ഒറ്റവാക്കിൽ പറയാം. സൂര്യനെ ഉടയാട യാക്കി, ചന്ദ്രനെ പാദപീഠമാക്കുന്നത് ദൈവമഹത്വത്തിൽ പങ്കു ചേരുന്നതിനെ സൂചിപ്പിക്കുന്നു. കിരീടമാകുന്ന 12 നക്ഷത്രങ്ങൾ ഇസ്രായേലിലെ 12 ഗോത്രങ്ങളുടെയും സഭയുടെ അടിസ്ഥാന ങ്ങളായ 12 അപ്പസ്തോലന്മാരുടെയും പ്രതീകങ്ങളാണ്. ദൈവ ജനത്തിന്റെ ചരിത്രത്തിലെ രണ്ടു ഘട്ടങ്ങൾ ഈ സ്ത്രീയുടെ രണ്ട് അവസ്ഥകളായി അവതരിപ്പിച്ചിരിക്കുന്നു. രക്ഷകനെ പ്രതീ ക്ഷിച്ചു കഴിയുന്ന ദീർഘമായ കാലമാണ് ആദ്യത്തേത്. ഗർഭാരി ഷ്ടതയും പ്രസവ വേദനയും രക്ഷകനു വേണ്ടിയുള്ള ദൈവജ നത്തിന്റെ വലിയ ദാഹത്തെ ചിത്രീകരിക്കുന്നു.

രക്ഷകനായ യേശുവിന്റെ മഹത്വീകരണത്തിനു ശേഷം ഈ സ്ത്രീ സഭയുടെ, അഥവാ പുതിയ ദൈവജനത്തിന്റെ പ്രതീക മായി മാറുന്നു. സകലത്തെയും നവീകരിച്ച്, പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാനായി രക്ഷകൻ മടങ്ങിവരുന്നതു വരെ സഭ മരുഭൂമിയിലാണ്- നിരന്തരമായ പ്രലോഭനങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സഭ. ഈ ദൈവജനം തന്നെ യാണ് വെളി 19,7-9-ൽ പ്രത്യക്ഷപ്പെടുന്ന മണവാട്ടി. ദൈവജ നത്തെ വധുവായും അമ്മയായും ചിത്രീകരിക്കുന്നതിന്റെ ഉദാ ഹരണങ്ങൾ ബൈബിളിൽ സുലഭമാണ് (ഉദാ. വിലാപങ്ങൾ; 2 കോറി 11,2; എഫേ 5,27).

എന്നാൽ പ്രതീകങ്ങൾക്ക്, പ്രത്യേകിച്ചും വെളിപാടു പുസ്ത കത്തിൽ, ഒന്നിലധികം അർത്ഥതലങ്ങളുണ്ട് എന്ന കാര്യം മറ ക്കാനാവില്ല. അതിനാൽ ദൈവജനത്തെ സൂചിപ്പിക്കുന്ന പ്രതീ കമായ സ്ത്രീയുടെ പിന്നിൽ മിശിഹായുടെ മാതാവും ശിഷ്യഗ ണത്തിന് മാതാവായി യേശു തന്നെ ഏല്പിച്ചു തന്നവളുമായ മറിയവും ഉണ്ട് എന്ന് അംഗീകരിക്കണം. ദൈവത്തിന്റെ മഹത്വ ത്തിൽ പങ്കുചേർന്നവളാണ് സ്വർഗ്ഗാരോപിതയായ അമ്മ. കാൽവ രിയിൽ, യേശുവിന്റെ കുരിശിൻ ചുവട്ടിൽ വച്ചാണ് അവൾ ദൈവ ജനമാകുന്ന ശിഷ്യഗണത്തിന്റെ അമ്മയായി പ്രഖ്യാപിക്കപ്പെട്ടത്

(യോഹ 19,26–27). ദൈവപുത്രനു ശാരീരികമായി ജന്മം നല്കിയതിലുപരി ദൈവജനത്തിന്റെ മുഴുവൻ അമ്മയായ സംഭവത്തെ ഗർഭാരിഷ്ടതയും പ്രസവക്ലേശവുമായി വ്യാഖ്യാനിക്കാനാവും. അതുപോലെതന്നെ സഭ ഇന്നനുഭവിക്കുന്ന പ്രലോഭനങ്ങളിലും സഹനങ്ങളിലും പരിശുദ്ധ കന്യകാമറിയം ഒരമ്മയെപ്പോലെ പങ്കുചേരുന്നു എന്നും കരുതാം.

വെളിപാടു പുസ്തകത്തിന്റെ കേന്ദ്രത്തിൽനിൽക്കുന്ന സ്ത്രീയെ ഇതിൽ ഏതെങ്കിലും ഒന്നു മാത്രമായി ഒതുക്കേണ്ടതില്ല. ഒരേസമയം ദൈവജനത്തിന്റെയും മറിയത്തിന്റെയും പ്രതീകമായി അവളെ കാണാം; കാണണം. അതാണു വെളിപാടു ഗ്രന്ഥകാരൻ ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ കർത്താവിന്റെ ദാസിയും ദൈവമാതാവുമായ മറിയം ഓരോ ക്രിസ്തുവിശ്വാസിക്കും മാതാവും മാതൃകയുമാകുന്നു. അവൾക്കു ലഭിച്ച സ്വർഗ്ഗീയ മഹത്വം അവളുടെ മക്കളായ ഓരോ വിശ്വാസിക്കും ലഭിക്കും. അതിനായി ഒന്നേ ചെയ്യേണ്ടതുള്ളൂ: അവളെ മാതാവും മാതൃകയുമായി സ്വീകരിക്കുക. അതനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുക.

ഇതുവരെ കണ്ടതിൽനിന്ന് അല്പം വ്യത്യസ്തമാണ് 21-ാം അധ്യായത്തിൽ അവതരിപ്പിക്കുന്ന സ്ത്രീ. "*വിശുദ്ധ നഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽനിന്ന്, ഇറങ്ങിവരുന്നതു ഞാൻ കണ്ടു*" (വെളി 21,2). ഇവിടെ "മണവാട്ടി" വ്യക്തമായും ഒരു പ്രതീകമാണ്. പുതിയ ജറുസലെം, ഭൂമിയിലേക്ക് ഇറങ്ങി വരുന്ന സ്വർഗ്ഗം, ദൈവം എന്നേക്കും മനുഷ്യനോടൊത്തു വസിക്കുന്ന നഗരം എന്നെല്ലാം ഇതിനെ തുടർന്നു വിശേഷിയ്ക്കുമ്പോൾ ഈ പ്രതീകത്തിന് ആഴമേറിയതും വ്യാപകവുമായ അർത്ഥമുണ്ടെന്നു വ്യക്തമാകുന്നു.

നിത്യമായ സന്തോഷത്തിൽ മനുഷ്യൻ ദൈവത്തോടൊത്തു വസിക്കുന്ന അവസ്ഥയാണത്. "*നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല, സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് ദേവാലയം*" (വെളി 21,22) എന്ന വിശദീകരണം സ്വർഗ്ഗീയ ജറുസലെമിന്റെ അർത്ഥം വ്യക്തമാക്കുന്നു ദൈവം തന്നെ ദൈവാലയം. ദൈവത്തോടൊന്നിച്ചായിരിക്കുക, ദൈവത്തിലായിരിക്കുക, ദൈവത്തോടൊന്നാകുക-ഏറ്റം ഗാഢമായ ബന്ധത്തിന്റെ വിവരണങ്ങളാണിതെല്ലാം.

മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ വിവാഹം വഴി പ്രകടമാകുന്ന ഐക്യം ഇതിന്റെ ഒരു പ്രതീകമാണ് "*പുരുഷൻ മാതാപിതാക്കളെവിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും*" (ഉൽപ 2,24) എന്ന വിവരണം ഈ ഐക്യത്തിന്റെ ഒരു മാതൃകയും അടയാളവുമായി നിൽക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തുവിനെ മണവാളനും സഭയെ മണവാട്ടിയുമായി ചിത്രീകരിക്കുന്നത്. അതിനാൽ സ്വർഗ്ഗീയ ജറുസലെമായ മണവാട്ടി പരിശുദ്ധ കന്യകാമറിയത്തിന്റെ എന്നതിനേക്കാൾ ദൈവജനത്തിന്റെ മുഴുവൻ പ്രതീകമാണ്. സ്വർഗ്ഗഭാഗ്യത്തെ വിവാഹവിരുന്നിനോട് ഉപമിക്കുമ്പോൾ (ലൂക്കാ 14,15, മത്താ 25,1-13) ഈ സത്യത്തിലേക്കുള്ള സൂചന കാണാം.

ഇതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് 17-ാം അധ്യായത്തിൽ കാണുന്ന മഹാവേശ്യ. ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവും ദൈവജനത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന ഭീകരസർപ്പവുമായി പ്രത്യക്ഷപ്പെടുന്ന തിന്മയുടെ ശക്തിയുടെ ഉപകരണവും അതേസമയം പ്രതീകവുമാണ് ഈ സ്ത്രീ. ഇതിനെ സാത്താന്റെ സാമ്രാജ്യമെന്നും പിശാചിന്റെ ഉപകരണമെന്നും വിശേഷിപ്പിക്കാം.

വെളിപാടു പുസ്തകം എഴുതപ്പെടുന്ന ചരിത്രസാഹചര്യത്തിൽ ഈ സ്ത്രീ റോമാ സാമ്രാജ്യത്തിന്റെതന്നെ പ്രതീകമാണ്. സ്ത്രീയും അവളെ വഹിക്കുന്ന മൃഗവും അവൾ ഇരിക്കുന്ന മലയും എല്ലാം റോമാസാമ്രാജ്യത്തിലേക്കും റോമിന്റെ ചക്രവർത്തിമാരിലേക്കും ഏഴു കുന്നുകളിൽ സ്ഥാപിതമായിരുന്ന റോമാ പട്ടണത്തിലേക്കും വിരൽ ചൂണ്ടുന്നു. അതേസമയം ചരിത്രത്തിലുടനീളം ദൈവത്തിനും ദൈവജനത്തിനും എതിരായി നിൽക്കുകയും ദൈവജനത്തെ പീഡിപ്പിക്കുകയും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്ന തിന്മയുടെ ശക്തിയാണ് ഈ മഹാവേശ്യയുടെ പ്രതീകത്തിനു പിന്നിൽ നിൽക്കുന്നത്.

"*നീ കാണുന്ന ആ സ്ത്രീ ഭൂമിയിലെ രാജാക്കന്മാരുടെ മേൽ അധിയത്വമുള്ള മഹാനഗരമാണ്*" (വെളി 17,18) എന്ന് വിശദീകരണം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ലോകചരിത്രത്തിന്റെ ഏതെങ്കിലും ഒരു ദശാസന്ധിയിൽ വന്നു കടന്നുപോയ ഒരു വ്യക്തിയോ സാമ്രാജ്യമോ മാത്രമല്ല ഈ മഹാവേശ്യ. ചരിത്രത്തിലുടനീളം,

വിവിധ രൂപങ്ങളിലും ഭാവങ്ങളിലും കടന്നുവന്ന്, മനുഷ്യനെ വഴി തെറ്റിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന തിന്മയുടെ ശക്തി യുടെ മൂർത്തരൂപമാണവൾ. ഈ ശക്തിയെ തിരിച്ചറിയണം. വേശ്യയെ പ്പോലെ വശ്യതയാർന്നതാവാം ഈ ശക്തി. മനുഷ്യന്റെ ആസക്തികളെ ഉണർത്തുന്ന വശ്യതയാർന്ന ആശയങ്ങളും ജീവി തശൈലികളും മൂല്യങ്ങളും എല്ലാം ആ കൂട്ടത്തിൽപ്പെടും. "*സുഖ ലോലുപത, മദ്യാസക്തി ജീവിതവ്യഗ്രത*" (ലൂക്കാ 21,34) എന്ന ലഘുവിവരണം ഈ വശ്യതയുടെ ഒരു വശമാണ് അതോടൊപ്പം മതപീഡനവവും വംശനാശവും എല്ലാം ഇതിന്റെ ഉപകരണങ്ങ ളായിത്തീരാം. അത് നീറോയുടെ മതപീഡനമാകാം, ഹിറ്റ്ലറിന്റെ വംശനശീകരണമാകാം, നിരീശ്വര പ്രസ്ഥാനങ്ങൾ നടത്തുന്ന കൂട്ട ക്കൊലപാതകങ്ങളാകാം, മതതീവ്രവാദങ്ങൾ നടത്തുന്ന സംഹാ രതാണ്ഡവമാകാം. എല്ലായിടത്തും ആത്യന്തികമായി പിന്നിൽ നിൽക്കുന്നത് തിന്മയുടെ ശക്തിതന്നെ, ദുർവൃത്തിയുടെ വീഞ്ഞും വിശുദ്ധരുടെ രക്തവും കുടിച്ച് ഉന്മത്തയായ മഹാവേശ്യ (വെളി 17,2-6). അവൾ നൽകുന്ന വീഞ്ഞു കുടിച്ച് ഉന്മത്തരാകാതിരി ക്കാൻ, തിന്മയുടെ ശക്തി പ്രചരിപ്പിക്കുന്ന മരണസംസ്കാരം സ്വന്തമാക്കാതിരിക്കാൻ, പ്രത്യേകം ശ്രദ്ധിക്കണം എന്ന് മഹാ വേശ്യയുടെ ചിത്രം അനുസ്മരിപ്പിക്കുന്നു. മറക്കാതിരിക്കാം.